# VI. നിയമനിർമ്മാണം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, അങ്ങേയ്ക്ക് 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും അങ്ങേയ്ക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സാർ, ഞൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കണമെങ്കിൽ സംസാരിക്കാം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അമിത പലിശയ്ക്ക് പണം കടം എടുത്ത് കടക്കെണിയിലാവുകയും കടംകൊടുത്തുതീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആത്മഹത്യക്കൊരുമ്പെടുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് വളർന്നുവരികയാണ്. ഇതിനൊരു പരിഹാരം കാണേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയൊരാവശ്യമാണ്. ഇതുസംബന്ധിച്ച് നമുക്ക് അവയിലബിളായിട്ടുള്ള നിമയമെന്നുപറയുന്നത് 1958-ലെ മണി ലെൻഡേഴ്സ് ആക്ടാണ്. അതിലെ 7-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശയെക്കാൾ രണ്ട് ശതമാനത്തിലധികം പലിശ ഈടാക്കുവാൻ പാടില്ല എന്നൊരു നിബന്ധന മണി ലെൻഡേഴ്സ് ആക്ടിലുണ്ട്. പക്ഷെ ഈ മണി ലെൻഡേഴ്സ് ആക്ട് ഇന്നത്തെ മാറിയ സാഹചര്യത്തിൽ വളരെ ഇഫക്ടീവല്ല. കാരണം, മണി ലെൻഡേഴ്സ് ആക്ടിനകത്ത് കമ്പനികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പബ്ലിക് സെക്ടറുകളും വരുന്നില്ല. എന്നുമാത്രമല്ല മണി ലെൻഡേഴ്സ് ആക്ടിന്റെ ഡെഫനിഷൻ അനുസരിച്ച് രജിസ്റ്റേർഡ് മണി ലെൻഡേഴ്സ് മാത്രമേ അതിന്റെ പെർവ്യൂവിൽ വരികയുള്ളൂ. ഇപ്പോൾ നടന്നുവരുന്നത് രജിസ്റ്റർ ചെയ്യാതെ ധാരാളം ആളുകൾ മണി ലെൻഡിംഗ് ബിസിനസ് നടത്തുകയും അമിതമായ പലിശ ഈടാക്കുകയും ചെയ്യുന്നു. അവരുടെമേൽ ഇഫക്ടീവായി മണിലെൻഡേഴ്സ് ആക്ട് അനുസരിച്ച് നടപടികൾ നടത്താനായി ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് വളരെ കർശനമായ ഒരു നിയമം ഇന്നത്തെ സാഹചര്യത്തിൽകൊണ്ടുവരേണ്ടത് ആവശ്യമാണ് എന്ന് കരുതിയതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ

ദിവസപ്പലിശ, മണിക്കൂർ പലിശ, കാന്തു പലിശ, മീറ്റർ പലിശ തുടങ്ങിയ വിവിധ പേരുകളിൽ വലിയ എക്സോർബിറ്റന്റ് രീതിയിലുള്ള പലിശയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ബില്ലിനകത്ത് മൂന്നാം ക്ലോസിൽ അമിത പലിശ ഈടാക്കുന്നത് നിരോധിച്ചുകൊണ്ട് നിരോധനം പ്രഖ്യാപിക്കുകയാണ്. ക്ലോസ് 4 അനുസരിച്ച് നിയമമലംഘനത്തിനുള്ള ശിക്ഷ നൽകാനുള്ള വ്യവസ്ഥയുണ്ട്. വായ്പ എടുത്ത ആളെ പീഡിപ്പിക്കുകയോ ഭീക്ഷണിപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ അതിന്മേലുള്ള നടപടിക്കുള്ള വ്യവസ്ഥകളുണ്ട്. കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്യുന്ന പക്ഷം പുതിയ നിയമത്തിനുകീഴിലുള്ള കുറ്റത്തിൽ നിന്ന് മോചനം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. അതായത് പുതിയ നിയമമനുസരിച്ചുള്ള പലിശയേ ഞാൻ ഈടാക്കുകയുള്ളൂ എന്നു പറഞ്ഞ് കോടതിയിൽ ഒരു ഹർജി കൊടുക്കുകയാണെങ്കിൽ അയാൾക്ക് കുറ്റത്തിൽ നിന്ന് മോചനം കൊടുക്കുമെന്നുള്ളതാണ്. അതുപോലെ ക്ലോസ് എട്ടിൽ പറയുന്നത് അമിത പലിശ ഈടാക്കിയിട്ടുള്ളത് കോടതിക്ക് അഡ്ജസ്റ്റ് ചെയ്യാം. കോടതിയിൽ പെറ്റീഷൻ കൊടുത്തുകഴിഞ്ഞാൽ ഞാൻ നിയമപ്രകാരമുള്ള പലിശ കൊടുക്കാം, ഇത്ര രൂപ പലിശ കൊടുത്തിട്ടുണ്ട് എന്ന് പറയുകയാണെങ്കിൽ അമിത പലിശ ഒഴിവാക്കികൊണ്ട് നിയമപ്രകാരം എത്രയാണോ കൊടുക്കേണ്ടത് അതനുസരിച്ച് തീർപ്പാക്കികൊടുക്കാൻ കോടതിക്ക് അവകാശം നൽകുന്ന വ്യവസ്ഥകളുമുണ്ട്. ഇങ്ങനെയുള്ള നിരവധി വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. അതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ബഹുമാനപ്പെട്ട മെമ്പർമാരുമൊക്കെയായി ചർച്ച ചെയ്ത് ഈ ബില്ലിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കാം. ഗവൺമെന്റിന് ഇതിനകത്ത് റിജിഡ് ആയിട്ടുള്ള ഒരു നിലപാടില്ല. ബഹുമാന

പ്പെട്ട മെമ്പർമാരുടെ അഭിപ്രായം കണക്കിലെടുത്ത് നല്ല രീതിയിൽ ഈ നിയമം കൊണ്ടുവരണം. അതിനുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി ഉൾക്കൊള്ളുന്നതാണ് എന്ന് സഭയ്ക്ക് ഉറപ്പുനൽകികൊണ്ട് ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: അടുത്തത് നിരാകരണ പ്രമേയമാണ്. നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമതി കെ.കെ. ലതികയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ.കെ. ലതിക: സർ, I move that -

"This House resolves to disapprove The Kerala Prohibition of Charging Exorbitant Interest Ordinance, 2012 (Ordinance No.53 of 2012)". കേരളത്തിൽ നിയമത്തിന്റെ കുറവുകൊണ്ടൊന്നുമല്ല, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമെല്ലാം പറയുന്നതുപോലെ നിയമം നിയമത്തിന്റെ വഴിക്കും മാഫിയകൾ അവരുടെ വഴിക്കും പോകുന്നതുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങളുണ്ടാകുന്നത്. കേരളത്തിൽ മണി ലെൻഡേഴ്സ് ആക്ട് കൃത്യമായി പ്രാവർത്തികമാക്കിയാൽത്തന്നെ ഇവിടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെ തടയാൻ കഴിയും. ഏറ്റവും നിസ്സഹായമായ അവസ്ഥയിലാണ് ഒരു മനുഷ്യൻ കടമെടുക്കുന്നത്. കടം എടുക്കുന്ന ആൾക്കും കൊടുക്കുന്ന ആൾക്കും ചിലപ്പോൾ ഔചിത്യബോധമുണ്ടാവുകയില്ല. ഈ ആക്ട് പ്രകാരം നടപടി എടുക്കാൻ കഴിയാത്തതിന്റെ കാരണങ്ങളെക്കുറിച്ചാണ് ഇവിടെയിപ്പോൾ മിനിസ്റ്റർ പറഞ്ഞിട്ടുള്ളത്. പലിശയ്ക്ക് കൊടുക്കുന്ന സംഖ്യ മാത്രമല്ല ഈടാക്കുന്നത്, 10,000/- രൂപ കടം കൊടുക്കുന്ന ഒരാൾ ചെക്കും പേപ്പറും വാങ്ങുന്നത് ഒരു ലക്ഷം രൂപയ്ക്കോ അല്ലെങ്കിൽ അതിൽ കൂടുതൽ

തുകയ്ക്കോ ആണ്. നിയമപരമായി കേസ്സിനുപോകുമ്പോൾ കടം കൊടുക്കുന്നയാൾ വിജയിക്കുന്ന തരത്തിൽ തന്നെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ചൂതുകളി സമയത്ത് ദ്രൗപതിയെ പണയം വയ്ക്കാൻ ധർമ്മിഷ്ഠനായ യുധിഷ്ഠിരൻ തയ്യാറായി. പണയം വാങ്ങുന്നയാളുടെ ഔചിത്യബോധമില്ലായ്മയാണ് നമുക്ക് അവിടെ കാണാൻ കഴിഞ്ഞത്. കൂട്ടുകാരനുവേണ്ടി പണം കടം വാങ്ങിയ ആന്റോണിയോയുടെ കഥയും ഇതേ രീതിയിൽ തന്നെയാണ്. പണം കടം കൊടുക്കുന്നയാളുടെ അവസ്ഥയാണ് അവിടെ കാണുന്നത്. ഇത്തരം ആളുകളെ നിയന്ത്രിക്കാൻ ഇവിടെ നേരത്തേതന്നെ ഒരുപാട് നിയമങ്ങളുണ്ടായിട്ടുണ്ട്. ഈ നിയമങ്ങളെല്ലാം ഫലപ്രദമായി നടപ്പിലാക്കിയാൽത്തന്നെ കേരളത്തിലെ മണി ലെൻഡേഴ്സിനെ കൃത്യമായി തടയാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടാകും. ഇവിടത്തെ നിയമം നിയമത്തിന്റെ അവസ്ഥയിലല്ല പോകുന്നത്. ഇങ്ങനെ നിയമത്തിന് വിരുദ്ധമായ പ്രവർത്തികൾ നടത്തിയാൽ ആരാണ് ഈ നിയമവിരുദ്ധ പ്രവർത്തനം തടയേണ്ടത്? രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ച അടിയന്തര പ്രമേയത്തിൽ പറഞ്ഞതുപോലെ, നമ്മുടെ നാട്ടിലെ പോലീസ് യഥാർത്ഥത്തിൽ മാഫിയകളേയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരേയും തടയേണ്ടവരാണ്. പക്ഷേ പോലീസിനെ എന്തിനുവേണ്ടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്? നിയമമില്ലാത്തതല്ല പ്രശ്നം, നിയമത്തിനോട് നമ്മൾ സ്വീകരിക്കുന്ന സമീപനമാണ് കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം. പണം കടം കൊടുക്കുന്നതിനെ ബ്ലേഡ് എന്നാണ് പറയുന്നത്. എവിടെത്തൊട്ടാലും മുറിയുന്ന വസ്തുവാണല്ലോ ബ്ലേഡ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞു. പക്ഷെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ

വീണ്ടും ശക്തമായ രൂപത്തിൽത്തന്നെ കടന്നുവന്നിരിക്കുകയാണ്. ഇപ്പോൾ ഇവിടെ നിയമമുണ്ടാക്കാൻ പോകുന്നു. ഈ നിയമത്തിൽ..........., വയനാട്ടിലെ കൃഷിക്കാരൻ വായ്പ എടുക്കുന്നത് കേരളത്തിലെ ബാങ്കിൽ നിന്നല്ല, അവർ വായ്പ എടുക്കുന്നത് പലപ്പോഴും പുറത്തുനിന്നുള്ള ബാങ്കിൽ നിന്നോ മറ്റ് വ്യക്തികളിൽനിന്നോ ആണ്. ഈ നിയമംകൊണ്ട് ഇത് നിറുത്തലാക്കാൻ കഴിയുമോ? കർഷക ആത്മഹത്യ ഇതുകൊണ്ട് ഇല്ലാതാക്കാൻ കഴിയുമോ? പലിശയ്ക്ക് കടം വാങ്ങി ആത്മഹത്യ ചെയ്യുന്ന പാവപ്പെട്ടവരിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. ഇത്തരം കൃഷിക്കാരുടെ ആത്മഹത്യ ഇല്ലാതാക്കുന്ന ഒരു സമീപനം കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് വീണ്ടും തുടരുന്ന ഒരു അവസ്ഥയിലേക്കാണ് എത്തിയിട്ടുള്ളത്. ആത്മഹത്യ ഇല്ലാതാക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല, ഈ ഗവൺമെന്റിന്റെ തെറ്റായ സമീപനം. മൂലം ആത്മഹത്യ വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് നമ്മുടെ നയമാണ് പ്രശ്നം, നിയമമില്ലാത്തതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ നിയമമില്ല. ഇപ്പോൾ ഓർഡിനൻസ് ഇറക്കിയതാണല്ലോ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ ഓർഡിനൻസ് ഇല്ലാതിരുന്നിട്ടും കർഷക ആത്മഹത്യ തടയാൻ കഴിഞ്ഞു എന്നുള്ളത് ഒരു നയത്തിന്റെ ഭാഗമായി സംഭവിക്കുന്നതാണ്. ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണ്? യഥാർത്ഥത്തിൽ കേരളത്തിലെ വട്ടിപ്പലിശക്കാരെ സംരക്ഷിക്കുന്നത് ആരാണ്? ഒരു സമാന്തര സമ്പദ് വ്യവസ്ഥപോലെ, അല്ലെങ്കിൽ കേരള സർക്കാർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ജോലി കൊടുക്കുന്നതും ജനങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നതും സഹകരണ സംഘങ്ങളാണ്. സഹകരണ സംഘങ്ങളോട് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനമെന്താണ്? സഹകരണ സംഘങ്ങളെ ഞെരിച്ചുകൊല്ലുക

എന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ രണ്ടുമാസത്തെ പത്രങ്ങൾ പരിശോധിച്ചാൽ നമുക്കുകാണാം ഏറ്റവും കൂടുതൽ ന്യായമായ പലിശയ്ക്ക് ജനങ്ങൾക്ക് വായ്പ നൽകുകയും ജനജീവിതത്തിന്റെ എല്ലാ മേഖലയിലും ഇടപെടുന്നതുമായ സഹകരണ സംഘങ്ങളെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സഹകരണ മേഖലയിൽ കടലാസ് സംഘങ്ങളെ ഉണ്ടാക്കുക, കടലാസ് സംഘങ്ങളെയുണ്ടാക്കി ജില്ലാ ബാങ്ക് പിടിച്ചെടുക്കാൻ വേണ്ടിയുള്ള സമീപനം എടുക്കുക, പ്രവർത്തനം നടത്താതെ നിലച്ചുപോയ സംഘങ്ങൾ, തങ്ങളുടെ കക്ഷി ഭരിക്കുന്ന അത്തരം സംഘങ്ങൾക്ക് പ്രത്യേകം വോട്ടവകാശം നൽകി നിലവിലുള്ള സഹകരണ സംഘങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുക, അതിനുവേണ്ടി പ്രത്യേകമായിട്ടുള്ള നിയമനിർമ്മാണവും അതിനുവേണ്ടിയുള്ള യോഗങ്ങളുമെല്ലാം ചേരുന്ന അവസ്ഥ എന്നുപറയുമ്പോൾ യഥാർത്ഥത്തിൽ ഇവിടെ നിയമം ഉണ്ടാക്കുന്നതുതന്നെ ജനങ്ങൾക്കുവേണ്ടിയല്ല, തങ്ങളുടെ ആവശ്യത്തിനുവേണ്ടിയാണ് എന്നുകാണിക്കുന്നതാണ്. ഒരു നിയമം ഉണ്ടാക്കിയതുകൊണ്ടുമാത്രം ഇവിടെ ഏതെങ്കിലും രൂപത്തിൽ ഗവൺമെന്റ് ജനങ്ങളെ സഹായിക്കുന്ന സമീപനമല്ല എടുക്കുന്നത് എന്നാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ എന്ന പേരിൽ ഒരു നിയമം ഉണ്ടാക്കിയതുകൊണ്ട് ഈ നാട്ടിലെ ജനങ്ങൾക്ക് ഒരു മെച്ചവുമുണ്ടാകാൻ പോകുന്നില്ല. സ്വകാര്യ ചിട്ടിക്കമ്പനികളുടെ തകർച്ച ആസന്നം എന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. യഥാർത്ഥത്തിൽ ഇത്തരമൊരു സംഭവമുണ്ടാകുമ്പോൾ ആരാണ് ഇടപെടേണ്ടത്? ഗവൺമെന്റല്ലേ ഇടപെടേണ്ടത്. തകരുന്ന

കമ്പനികളുടെ പേരു പറഞ്ഞുകൊണ്ടാണ്, സംഘങ്ങളുടെ പേരുപറഞ്ഞുകൊണ്ടാണ് പത്രത്തിൽ ഇതിന്റെ അന്വേഷണ റിപ്പോർട്ട് ഉള്ളത്. അത്തരം കമ്പനികളുടെ പേരുപറഞ്ഞുകൊണ്ട് ഗവൺമെന്റിലേക്ക് റിപ്പോർട്ട് കൊടുത്തുകഴിഞ്ഞാൽ അത്തരം സംഘങ്ങളെ........., എന്തിനാണ് ഈ റിപ്പോർട്ട് കൊടുക്കുന്നത്? ഈ റിപ്പോർട്ട് കൊടുക്കുന്നത് ജനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയല്ലേ? പക്ഷെ ഇത്തരം സംഘങ്ങളെയും കമ്പനികളെയും കണ്ടെത്താനും അവയുടെ നാശം ഇല്ലാതാക്കാനുംവേണ്ടി നടപടിയെടുക്കേണ്ട ഗവൺമെന്റ് എന്തു നടപടിയാണ് എടുത്തത്? ഒരു നടപടിയും ഇക്കാര്യത്തിൽ എടുത്തിട്ടില്ല. നിലവിലുള്ള നിയമങ്ങൾ ഏറ്റവും കൃത്യമായി പ്രാവർത്തികമാക്കിയാൽത്തന്നെ ഈ കാര്യങ്ങൾ ചെയ്യാൻ കഴിയുമെങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ വെറും നോക്കുകുത്തിയായി നിന്നുകൊണ്ട് ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ ഒരു പ്രവർത്തനവും ചെയ്യുന്നില്ല. ഇന്ത്യൻ ചിട്ടി നിയമം ബാധകമല്ലാത്ത ഹരിയാന, ഫരീദാബാദ്, ജമ്മുകാശ്മീർ തുടങ്ങിയ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളാണ് കേരളത്തിൽ വന്ന് വായ്പ കൊടുക്കുന്നത്. ഈ നിയമം നിർമ്മിച്ചുകഴിഞ്ഞാൽ ഇത്തരം സംഘങ്ങളെ നിരോധിക്കാൻ കഴിയുമോ; കഴിയുകയില്ല. യഥാർത്ഥത്തിൽ ഈ നിയമം ഉണ്ടായാലും നമ്മുടെ നിയമത്തിന്റെ പരിധിയിൽ നിന്ന് പുറത്തുപോകുന്ന ആളുകളെ പിടിക്കാനൊരു സംവിധാനവുമില്ല. വട്ടിപ്പലിശക്കാരനിൽ നിന്നും കൊള്ളപ്പലിശക്കാരനിൽ നിന്നുമെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങളെ സംരക്ഷിക്കുന്നത് കുടുംബശ്രീ സംവിധാനങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയാണ്. അവരെ തകർക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം കേരളത്തിലെ സർക്കാർ സ്വീകരിക്കുകയാണ്. പിന്നെങ്ങനെയാണ് നിയമം ഉണ്ടാക്കിയതുകൊണ്ടുമാത്രം ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉണ്ടാക്കിയെടു

ക്കാൻ കഴിയുന്നത്? ഇപ്പോൾ കൃഷിക്കാർക്ക് ഹ്രസ്വകാല വായ്പ, മദ്ധ്യകാല വായ്പ, ദീർഘകാല വായ്പ തുടങ്ങിയ വായ്പകൾ നൽകി അതിന് ന്യായമായ പലിശയും തിരിച്ചടവിന് സാവകാശവും നൽകുന്ന സ്ഥിതിയാണ് സഹകരണ മേഖലയിലുള്ളത്. പക്ഷെ ഗവൺമെന്റ് ഇതിനോട് ഒട്ടും ശരിയ ല്ലാത്ത ഒരു സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ബ്ലേഡുകാ രന്റെ അടുത്തുപോയി കടം വാങ്ങാതിരിക്കാൻ കഴിയുകയില്ല. തിരുവനന്തപു രത്തുനിന്ന് വന്ന വാർത്ത നമ്മൾ കണ്ടതാണ്. ആരാണ് ബ്ലേഡുകാരനായി മാറുന്നത്? - സംരക്ഷിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർ. സംരക്ഷിക്കേണ്ട പോലീസിനെ ഭരിക്കുന്ന മന്ത്രിക്ക് അതൊന്നും നോക്കാൻ നേരമില്ല. അവർക്കൊക്കെ രാഷ്ട്രീയ പ്രതിയോഗികളെ എങ്ങനെ അമർച്ച ചെയ്യാം എന്നതാണ് കാര്യമായ ആലോചന. അഞ്ച് പോലീസ് ഉദ്യോഗസ്ഥർക്കെ തിരെ നടപടി സ്വീകരിച്ചുവെന്ന് ഇപ്പോൾ ഗംഭീരമായി പറഞ്ഞേക്കാം, അവർ മാത്രമാണോ ഉള്ളത്. ഞങ്ങളുടെ നാട്ടിലെല്ലാം ട്രെയിനിൽ സാധാരണ കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യുന്ന ആളുകളാണ് ഭൂരിഭാഗവും. കൊല്ലത്തു നിന്ന് മത്സ്യത്തൊഴിലാളികളായ ധാരാളം സ്ത്രീകൾ വലിയ വട്ടികളുമായി ട്രെയിനിൽ കയറും. അവർ പറയുന്നത് രാവിലെ 90 രൂപ വാങ്ങി വന്നാൽ തിരിച്ച് വൈകുന്നേരം 110 രൂപ കൊടുക്കണം, മിക്കവാറും പോലീസുകാരാണ് കൊടുക്കുന്നത്. ഇത് അറിയാഞ്ഞിട്ടാണോ, അറിയാഞ്ഞിട്ടല്ല. ഇവരെയെല്ലാം സംരക്ഷിച്ചാൽ മാത്രമേ ചിലതെല്ലാം നടക്കൂ എന്നുള്ളതുകൊണ്ട് സംരക്ഷി ക്കുകയാണ്. യഥാർത്ഥത്തിൽ വേലി വിളവുതിന്നുന്ന ഒരു അവസ്ഥയാണ് കേരളത്തിലുള്ളത്. എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും കൂട്ടുനിൽക്കു ന്നതും എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നതും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടേണ്ട ആളുകളാണ്. എം.എൽ.എ.-മാർ എന്തെ

ങ്കിലും പറഞ്ഞാൽ ഒന്നും കേൾക്കേണ്ട എന്ന് ഇവർ പോലീസുകാരോട് പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. ഒരു പോലീസുകാരനും ഒരു എം.എൽ.എ. പറഞ്ഞാലും കേൾക്കാറില്ല. കഴിഞ്ഞ ദിവസം എന്റെ നാട്ടിൽ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പ്രസംഗിക്കാൻ വന്നു. അദ്ദേഹം വിശേഷിപ്പിച്ചത് സ്ത്രീകൾക്ക് ഏതുസമയവും റോഡിലൂടെ നടക്കാൻ കഴിയുന്ന അവസ്ഥയുണ്ടാക്കി എന്നാണ്. എന്റെ നാട്ടിൽ ഒരു വിനീത കോട്ടായി ഉണ്ട്. അവരുടെ വീട്ടിൽവച്ച് പകൽ സമയത്താണ് കാറ് കത്തിച്ചത്. എന്റെ നാട്ടിൽ ഒരു പഞ്ചായത്ത് മെമ്പറുണ്ട്, ലീഗിന്റെ മെമ്പറാണ്. അവരെ പട്ടാപ്പകലാണ് ഒരു വില്ലേജ് ഓഫീസർ ചീത്തപറഞ്ഞത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം നിൽക്കാനല്ലാതെ പോലീസുകാർക്ക് വേറെ സമയമില്ല. നമ്മൾ അത്യാവശ്യമായി എന്തെങ്കിലും കാര്യമുണ്ടെങ്കിൽ കളക്ടറോടാണ് പറയേണ്ടത്. ഇപ്പോൾ കളക്ടറുടെമേൽത്തന്നെ മണൽ മാഫിയ പൂഴി തട്ടിയിട്ടു. മണൽ മാഫിയയെ പിടിക്കാൻ ഇവർക്കാർക്കെങ്കിലും കഴിയുമോ? മൂന്ന് പേരെ പിടിച്ചപ്പോൾ അവർ പറഞ്ഞത് കളക്ടറാണെന്ന് മനസ്സിലായില്ല എന്നാണ്. കളക്ടറല്ലെങ്കിൽ ആരെയും എന്തും ചെയ്യാമെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ പലിശയ്ക്ക് കടം കൊടുക്കുന്നവരെ ആരാണ് സംരക്ഷിക്കുന്നത്. അവരെയൊക്കെ സംരക്ഷിക്കുന്നത് കേരളത്തിലെ ഭരണാധികാരികൾ തന്നെയല്ലേ? നമ്മുടെ എം.പി യല്ലേ മണൽ മാഫിയയെ സംരക്ഷിക്കാൻ വേണ്ടി ജയിലിൽ പോയി ....... എല്ലാവരോടും ഒരുപോലെ നീതി കാട്ടുന്ന നീതിമാനായിട്ടുള്ള ഒരു എസ്.ഐ യെ എന്റെ നാട്ടിലേക്ക് തട്ടിക്കൊണ്ടു വന്നിരിക്കുകയാണ്. എസ്.ഐയെ റബ്ബർ പന്തുപോലെ തട്ടിയതെന്തിനാണെന്നു പറഞ്ഞാൽ ശ്രീ. സുധാകരൻ പറയുന്നതൊക്കെ കേട്ടു നിന്നു അദ്ദേഹത്തോട് പ്രതികരിച്ചിരുന്നെങ്കിൽപ്പോലും ആ എസ്.ഐ യെ തട്ടി ഇങ്ങോട്ട് മാറ്റിയിരിക്കുകയാണ്.

നിയമം ഒരു പോലെയാണ്. ഒരേ മുഖമാണ്. അല്ലെങ്കിൽ നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണെന്ന് പറഞ്ഞു കൊണ്ട് എല്ലാ മണൽ മാഫി യയ്ക്കും എല്ലാ കൊള്ളരുതായ്മ നടത്തുന്നവർക്കും സംരക്ഷണം കൊടുക്കുന്ന ഒരു സമീപനമാണ് എടുത്തു കൊണ്ടിരിക്കുന്നത്. അവിടെ ശ്രീ. സുധാകരനെ സംരക്ഷിക്കാൻ എസ്.ഐയെ സ്ഥലം മാറ്റി. അതേ സമയം ശ്രീ.സുധാകരനെതിരായി മണൽ മാഫിയയ്ക്കെതിരായി ഒരു നടപടിയും എടുക്കാൻ തയ്യാറായിട്ടില്ല. പോലീസാണെന്ന് വിചാരിച്ചിട്ടാണ് ഞങ്ങൾ മണൽ തട്ടിയതെന്നാണ് വാർത്ത. ദേശാഭിമാനി പത്രത്തിലല്ല വാർത്ത. ദീപിക യിലാണ്. ദേശാഭിമാനിയിലോ ജനയുഗത്തിലോ ആണെങ്കിൽ നിങ്ങൾ വിശ്വസിക്കണ്ട. അതേ സമയം ദീപികയിലാണ് വാർത്ത വന്നിരിക്കുന്നത് കളക്ടറാണെന്ന് മനസ്സിലാവാതെയാണ് മണൽ ഞങ്ങൾ കളക്ടറുടെ പുറത്ത് തട്ടിയത്. കളക്ടുടെ ഗൺമാന്റെ തൊപ്പി കണ്ടപ്പോൾ പോലീസാണെന്നു കരുതി അതുകൊണ്ടാണ് മണൽ തട്ടിയതെന്നാണ് അവരുടെ വിശദീകരണം. അപ്പോൾ പോലീസുകാരോടെന്തുമാകാം എന്നോ അതുമല്ലെങ്കിൽ പോലീസു കാരന് നേരത്തെ വേണ്ട എല്ലാ സംവിധാനവും കൊടുത്തതിന്റെ ഭാഗമായി ട്ടാണോ എന്നറിയില്ല. അവിടെ കൃത്യമായും പോലീസിന് നേരെ ഇതൊക്കെ സംഭവിക്കാം. ഇവർക്കെതിരെ നടപടിയെടുക്കേണ്ടയാൾ ആ നടപടി എടുക്കാതിരിക്കുമ്പോൾ നമ്മുടെ നാട്ടിൽ എന്തെങ്കിലും നിയമം ഉണ്ടായിട്ട് കാര്യമുണ്ടോ സർ.

ശ്രീ. സാജു പോൾ: ബഹുമാന്യനായ ആഭ്യന്തര വകുപ്പു മന്ത്രി എല്ലാം നിയമത്തിന്റെ വഴിക്കു പോകുമെന്നാണ് പറയുന്നത്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്നത് കേളത്തിന്റെ അക്ഷര നഗരിയായ കോട്ടയത്തെയാണ്. ആ ജില്ല യിൽ നിന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യനായ ധനകാര്യ

വകുപ്പു മന്ത്രി, ബഹുമാന്യനായ ചീഫ് വിപ്പ്. ഇത്രയും ആളുകളുള്ള കോട്ടയത്ത് അടുത്ത കാലത്ത് ഒരു ചെറുപ്പക്കാരൻ നൂൽബന്ധമില്ലാതെ മോട്ടോർ സൈക്കിളിൽ പോവുകയും അവസാനം റെയിൽവേ ട്രാക്കിൽ നിന്ന് നാട്ടുകാർ അയാളെ പിടികൂടുകയും ചെയ്തു. പോലീസിന് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്വേഷിച്ചപ്പോൾ ........... ഇന്ത്യയിലൊരു ആഭ്യന്തര മന്ത്രിയുടെ മണ്ഡലത്തിലും, സർദാർ വല്ലഭായ് പട്ടേലിന് പോലും ഇങ്ങനെയൊരു ബഹുമതി കിട്ടിയിട്ടില്ല.

മി. ചെയർമാൻ: ചോദ്യം ചോദിക്കൂ.

ശ്രീ. സാജു പോൾ: ഒരു ആഭ്യന്തര മന്ത്രിയുടെ മണ്ഡലത്തിൽ നൂൽബന്ധമില്ലാതെ..........ആഭ്യന്തര മന്ത്രി അന്വേഷണം നടത്തിയപ്പോൾ അങ്ങനെ തുണിയില്ലാതൊരാൾ മോട്ടോർ സൈക്കിളിൽ പോയിട്ടില്ലെന്നും ഷർട്ടിടാതെയൊരാൾ പോയെന്നും മടിയിലൊരു കുട്ടിയെയിരുത്തിയാണ് പോയതെന്നും ആഭ്യന്തര മന്ത്രിക്ക് വിവരം കിട്ടിയെന്നാണ് പറയുന്നത്. ഇന്ത്യയിൽ ഒരു ആഭ്യന്തര മന്ത്രിയുടെ മണ്ഡലത്തിൽ ആദ്യമായി നൂൽബന്ധമില്ലാതെ ഒരുത്തൻ മോട്ടോർസൈക്കിളിൽ പോയത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി. കെ.കെ. ലതിക: ഇവിടെ ശ്രീ. സാജു പോൾ പറഞ്ഞതുപോലെ നിരന്തരം ഇത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഞങ്ങൾ അവതരിപ്പിക്കേണ്ട ഒരു സബ്മിഷനല്ലേ ശ്രീ. ഷാഫി ഇവിടെ അവതരിപ്പിച്ചത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പോയിന്റ് ഓഫ് ഓർഡർ..........

ശ്രീ. സി.പി. മുഹമ്മദ്: ഒരാൾ നഗ്നമായി ഓടിയത് കണ്ടിട്ടുണ്ടോയെന്ന് ഈ പവിത്രമായ കേരള നിയമസഭയിൽ ബഹുമാന്യയായ ഒരു വനിതാ അംഗത്തോട് ചോദിക്കുന്നത് ഓർഡറിലാണോ?

ശ്രീമതി. കെ.കെ. ലതിക: കേരളം ഇന്ന് പവിത്രമാണോ സർ? പവിത്രമായ സ്ഥലത്ത് പവിത്രമല്ലാത്തത് സംഭവിക്കുമ്പോൾ നമ്മുടെ പവിത്രമായ സഭയിൽ പറഞ്ഞുകൂടെ സർ? പവിത്രമായ സ്ഥലത്ത് സംഭവിക്കുമ്പോൾ പറഞ്ഞുകൂടെ? യഥാർത്ഥത്തിൽ അതിരോഷത്തോടെ ഞങ്ങൾ അവതരിപ്പിക്കേണ്ട ഒരു സബ്മിഷൻ ശ്രീ. ഷാഫി പറമ്പിലിന് അവതരിപ്പിക്കേണ്ടി വന്നു. ചിലപ്പോൾ അങ്ങ് പറഞ്ഞതായിരിക്കും അവതരിപ്പിച്ചോ ഇല്ലെങ്കിൽ ഞങ്ങൾക്ക് വലിയ അടികൊള്ളും അതുകൊണ്ട് അവതരിപ്പിച്ചോ എന്ന് പറഞ്ഞായിരിക്കും. കേരളത്തിൽ ആർക്കും നടന്നുകൂടാ. സർ, നമ്മുടെ നാട്ടിൽ ബസിൽ യാത്ര ചെയ്തുകൂടാ, ജീപ്പിൽ യാത്ര ചെയ്തു കൂടാ, ട്രെയിനിൽ യാത്ര ചെയ്തു കൂടാ.. എവിടെയാണ് യാത്ര ചെയ്യാവുന്നത്. വീട്ടിലുറങ്ങിക്കൂടാ. ഞങ്ങളല്ല, ശ്രീ. ഷാഫി പറയുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ പറയുകയാണ്. നിയമം ഇല്ലാത്തതുകൊണ്ടാണോ?

ശ്രീമതി. പി. അയിഷാ പോറ്റി: ഇന്നു രാവിലെ ശ്രീ. ഷാഫി അവതരിപ്പിച്ച ഒരു സബ്മിഷനെ സംബന്ധിച്ച്. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു ഈ സർക്കാർ വന്നപ്പോൾ അവർക്ക് തന്നെ ഇങ്ങനെയൊരെണ്ണം അവതരിപ്പിക്കേണ്ടി വന്നപ്പോൾ നമ്മുടെ ചീഫ് വിപ്പ് ഒരു വനിതാ വാച്ച് ആന്റ് വാർഡിനെപ്പറ്റി അംഗപ്രത്യംഗം വിവരിക്കുന്നത് എല്ലാ ദൃശ്യമാധ്യമങ്ങളിലൂടെയും കണ്ടു. ഇതാണ് നമ്മുടെ സർക്കാരിന്റെ മുഖമുദ്ര എന്ന് തോന്നിയതുകൊണ്ടല്ലേ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ വന്നിട്ടുള്ളത് എന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീമതി. കെ.കെ. ലതിക: തീർച്ചയായും. ഇതെന്തുകൊണ്ടാണ് സംസാരിക്കുന്നതെന്ന് പറഞ്ഞു കഴിഞ്ഞാൽ ഇവിടെ അമിത പലിശയുമായി ബന്ധപ്പെട്ട് പണം കൂടുതൽ ഉണ്ടാക്കുക എന്നുള്ള ഒരവസ്ഥ, അതുമായി ബന്ധപ്പെട്ടാണ് ഇക്കാര്യങ്ങളൊക്കെ വരുന്നത്. പണം കൂടുതൽ കൂടുതൽ ഉണ്ടാക്കുന്നതിനുള്ള ഒരു സംവിധാനം ഈ കേരളത്തിൽ....... ഇവിടെ നമ്മൾ നിയമം അവതരിപ്പിച്ചതുകൊണ്ടു മാത്രമിത് മാറുമോ? ആഗോളവത്ക്കരണ നയങ്ങളുടെ ഭാഗമായിട്ടാണല്ലോ ഇതൊക്കെ കടന്നുവരുന്നത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിക്കാൻ പോകുന്ന നിയമത്തിന്റെ മുൻപെ അവതരിപ്പിച്ചുകളയാം കേരളത്തിന്റെ സഹകരണ മേഖലയിൽ മാറ്റം ഉണ്ടാക്കികളയാം എന്നുള്ള രീതിയിലാണല്ലോ നമ്മുടെ ഗവൺമെന്റ് സമീപനം സ്വീകരിക്കുന്നത്. അതുകൊണ്ട് പണം അധികമായി വരുമ്പോൾ...... എത്ര പവിത്രമാണ് കേരളം എന്നു പറഞ്ഞാലും അവിടെ ഇതൊക്കെ കടന്നു വരാതിരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെതിരായി അതിശക്തമായി പ്രതികരിക്കുന്നത്. 1598 പ്രാഥമിക സംഘങ്ങളും അതുപോലെ തന്നെ സുശക്തമായ വായ്പാ സംഘങ്ങളുമാണ് കേരളത്തിലുള്ളത്. ഈ വായ്പാ മേഖലയിൽ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രൂപത്തിൽ കേരളത്തിൽ 7800 കോടി രൂപ നിക്ഷേപമുണ്ട്. 6400 കോടി രൂപ വായ്പയുണ്ട്. സംസ്ഥാന സർക്കാർ കഴിഞ്ഞാൽ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ മേഖലയാണ്. കേരളത്തിലെ കാർഷിക മേഖല ഉൾപ്പെടെ സകല ഉത്പാദന മേഖലയും നിങ്ങളുടെ നയം കൊണ്ട് തകരുന്ന ഒരവസ്ഥയാണ്. ഈ മേഖലയെയാണ് പൂർണ്ണമായും നശിപ്പിക്കുന്ന സമീപനം ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ കുടുംബശ്രീ സംവിധാനം, അതിന് രാഷ്ട്രീയവും ജാതിയും മതവുമൊന്നുമില്ല. അതിനെ തകർക്കാൻ ഗവൺമെന്റ് വലിയ രീതിയിൽ, ഒരു ഭാഗത്ത് മന്ത്രി പറ

യുകയാണ് ഒരു രീതിയിലും ഞങ്ങൾ തകർക്കുകയില്ല. വേറൊരു മന്ത്രി തർക്കാനാവശ്യമായ എല്ലാ പ്രവർത്തനവുമായി മുന്നോട്ട് പോവുകയാണ്. ഒരു മന്ത്രി മാത്രമല്ല ഒരു പ്രസ്ഥാനം മുഴുവൻ ഇതിനെ തകർക്കാൻ കഴിയുമോയെന്ന്. എന്തിനാ തകർക്കുന്നത്. നമ്മുടെ നാട്ടിലെ സാധാരണ സ്ത്രീകളുടെ വീട്ടിൽ കഴിഞ്ഞ കാലങ്ങളിൽ തമിഴ്നാട്ടിലെ ആളുകൾ വന്ന് പണം കൊണ്ടിങ്ങനെ കാത്തു നിൽക്കുകയാണ്. പുരുഷൻമാർ ഇല്ലാത്ത സമയത്ത് പണത്തിന് വന്നു കഴിഞ്ഞാൽ എങ്ങനെയെങ്കിലും സ്ത്രീകൾ കൊടുക്കുമെന്നുള്ളതുകൊണ്ട് സ്ത്രീകളെ ഭീഷണിപ്പെടുത്തുകയാണ് സ്വതവേ ചെയ്യാറ്. ഇതിന് അറുതി വരുത്തിയത് നമ്മുടെ നാട്ടിലെ കുടുംബശ്രീ സംഘങ്ങളാണ്. കുടുംബശ്രീയിലൂടെ തുച്ഛമായ പണം വായ്പയെടുക്കുകയും അതുപോലെ തന്നെ അതിന്റെ അടവു കൃത്യമായി നടന്നു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ഗവൺമെന്റ് സഹകരണ സംഘങ്ങളെ തകർക്കുന്നത് പോലെ തന്നെ, സഹകരണ സംഘങ്ങൾ വലിയ വായ്പയാണ് കൊടുക്കുന്നതെങ്കിൽ ചെറിയ വായ്പ കൊടുക്കുന്നവരാണ് നമ്മുടെ നാട്ടിലെ കുടുംബശ്രീയിലെ അംഗങ്ങളായ സ്ത്രീകൾ. ആ കുടുംബശ്രീയെ തകർക്കുന്നതുകൊണ്ട്. വട്ടി പലിശക്കാരന് മാത്രമാണ് ഇതിന്റെ മെച്ചം കിട്ടാൻ പോകുന്നത്. മണിക്കൂർ പലിശ, ഓരോ നിമിഷത്തിന് പലിശ അതുപലെ ഓരോ ദിവസത്തിന് പലിശ അതിന്റെ മേലേ പലിശ ഇങ്ങന വാങ്ങുന്നവരെ സഹായിക്കാൻ നിയമനിർമ്മാണം നടത്തിയതുകൊണ്ടു മാത്രം നിയമത്തിന്റെ കാവൽക്കാരായിരിക്കുന്ന ആളുകൾ മുഴുവൻ ആ സംവിധാനങ്ങൾ മുഴുവൻ, ഈ നിയമത്തെ മുഴുവൻ അട്ടിമറിക്കാനാവശ്യമായ സമീപനം എടുത്ത് മുന്നോട്ട് പോയാൽ എങ്ങനെയാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു നിയമ നിർമ്മാണം കൊണ്ട് എല്ലാം ഇല്ലാതാക്കാൻ കഴിയും. അല്ലെങ്കിൽ നിയമ നിർമ്മാണം

കൊണ്ട് നമ്മുക്കേറ്റവും മെച്ചപ്പെട്ട രൂപത്തിലേക്ക് പോകാൻ കഴിയുമെന്ന് നമുക്ക് ചിന്തിക്കാൻ കഴിയും. മാഫിയകൾ ഭരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറുകയാണ്. ഒരു കളക്ടറെ ഇങ്ങനെ അക്രമിച്ച് കൊല്ലാൻ പുറപ്പെട്ട ഒരു കാലമുണ്ടായിട്ടുണ്ടോ? അവിടെ യൂണിയൻകാരും ജീവനക്കാരും വലിയ രൂപത്തിൽ സമരം നടത്തേണ്ട ഒരു സമയം ഉണ്ടായിട്ടുണ്ടോ. ജില്ലയുടെ ഭരണത്തിന്റെ ഉന്നത സ്ഥാനത്തു നിൽക്കുന്ന ആളല്ലേ കളക്ടർ. ഈ സംഭവം നടന്നിട്ട് മൂന്നാമത്തെ ദിവസമായിട്ടും നമ്മുടെ നിയമസഭ നടക്കുന്ന സമയമായിട്ട് പോലും അതിലെ മുഴുവൻ ആളുകളെയും പിടിക്കാൻ ഇവിടുത്തെ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. പിന്നെന്തിനാണ് ഇവിടെ ഒരു നിയമ നിർമ്മാണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായി ഗവൺമെന്റ് എടുക്കുകയാണ്. ചില ആളുകളെ കിട്ടിയിട്ടുണ്ട്. ബാക്കിയുള്ളവരെ പിടിക്കുകയും ചെയ്യും.അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം, ലാ ആന്റ് ഓർഡറിന്റെ കാര്യത്തിൽ കേരളം നമ്പർ വൺ ആണെന്നാണ് അഖിലേന്ത്യ തലത്തിലുള്ള ഇൻവെസ്റ്റിഗേഷന് ശേഷമുള്ള മാധ്യമ റിപ്പോർട്ട്. അതൊന്നും കണ്ടില്ലെന്ന് നടിക്കരുത്. മൂന്നാമത്തെ പ്രശ്നം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായിട്ടുള്ള അതിക്രമങ്ങൾ ഗവൺമെന്റ് ഒരു നിലപാട് പറഞ്ഞിട്ടുണ്ട്. അങ്ങടക്കമുള്ള നമ്മുടെ നിയമസഭയിലെ വനിതാ അംഗങ്ങളെല്ലാവരും കൂടി ചേർന്ന് നമ്മൾ ഒരു ചർച്ച നടത്തി. നമ്മുടെ കുട്ടികളുടെ പ്രൈവറ്റ്സിയും ഡീസൻസിയും നിലനിർത്തുന്നതിന് വേണ്ടി, അത് ഇന്ററപ്റ്റാകാതിരിക്കുന്നതിന് വേണ്ടിയുള്ള നിയമപരമായ കാര്യത്തെക്കുറിച്ച് അങ്ങും അതിൽ സംഭാവന ചെയ്തിട്ടുണ്ട്. അതിപ്പോൾ നിയമമായിട്ട് ലാ ഡിപ്പാർട്ടുമെന്റിൽ വെറ്റ് ചെയ്യുന്നതിന് വേണ്ടി കാത്തിരിക്കുകയാണ്.

പുതിയ നിയമം വരികയാണ്. അങ്ങനെയൊരു നിയമം ഇന്ത്യയിലാദ്യമായിരിക്കും. അതിന് വേണ്ടിയുള്ള പ്രവർത്തനത്തിലാണ് നമ്മൾ നിൽക്കുന്നത്. അതു കൂടി അങ്ങ് അറിയണമെന്നേ എനിക്ക് നിർബന്ധമുള്ളൂ.

അതിൽ വനിതാ എം.എൽ.എ. മാരൊക്കെ പങ്കെടുത്തിട്ടുണ്ട്. നിയമം മാത്രമുണ്ടായതുകൊണ്ട് കാര്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. നിയമം സംരക്ഷിക്കേണ്ട പോലീസ് ഉദ്യോഗസ്ഥന്മാരെ നിങ്ങൾ ചട്ടുകമാക്കി മാറ്റുകയാണെങ്കിൽ ഈ കേരളത്തിൽ എന്ത് നിയമമുണ്ടായിട്ട് എന്താണ് കാര്യം എന്നാണ് ഞാൻ ചോദിക്കുന്നത്. വിനീത കോട്ടായിയെ അക്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ സപ്ലിമെന്റ് മുഴുവൻ കൊടുത്ത് മലയാള മനോരമ അടക്കമുള്ള പത്രങ്ങൾ കൊട്ടിഘോഷിച്ചു. ബഹുമാനപ്പെട്ട മന്ത്രി കക്കാട്ടിൽ വന്നിരുന്നു. വിനീതയുടെ വീട്ടിൽ വച്ച് അവരുടെ കാർ കത്തിച്ചു. ഇന്നു വരെ പ്രതികളെ പിടിച്ചോ? വിനീത ഒരു പ്രതിയെ ചൂണ്ടിക്കാണിച്ചു തന്നെങ്കിലും പ്രതിയെ പിടിക്കുന്നില്ല. എന്നിട്ട് അവിടെ വന്ന് സ്ത്രീകൾക്ക് എല്ലാ സംരക്ഷണവും നൽകുമെന്ന് പ്രഖ്യാപനം നടത്തുന്നു. പകലു പോലും എന്റെ വീട്ടിലിരിക്കാൻ സാധിക്കുന്നില്ല; എന്നെ അക്രമിച്ചത് പകൽ 9 മണിക്കും കാർ കത്തിച്ചത് രാത്രി 12.00 മണിക്കുമെന്നാണ് അവർ പറഞ്ഞത്. ആ പ്രതിയെ പിടിക്കാതെ ആഭ്യന്തര വകുപ്പുമന്ത്രി ഇങ്ങനെ പ്രസംഗിച്ചല്ലോ. മന്ത്രിയുടെ ഫോൺ നമ്പർ താങ്കളുടെ കൈയിലില്ലേ, ഒന്ന് വിളിച്ചു ചോദിക്കാൻ ഞാൻ വിനീതയോട് പറഞ്ഞു. അക്രമിച്ചു എന്നു പറയുന്ന വ്യക്തി ഇപ്പോൾ കോൺഗ്രസിലാണ്, അതുകൊണ്ട് അവർക്ക് പിടിക്കാൻ സാധിക്കില്ല, പിടിച്ചിട്ടുമില്ല. എന്റെ പഞ്ചായത്തിൽ ലീഗിന്റെ മെമ്പർ വളരെ മോശമായി ചീത്ത പറഞ്ഞതിനാൽ അവിടെയുള്ള നാട്ടുകാർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. രണ്ടു ദിവസമായിട്ടും നടപടി കിട്ടാത്തതുകൊണ്ട് നിങ്ങൾ

എന്താണ് നടപടി എടുക്കാത്തതെന്ന് പ്രസിഡന്റ് സി.ഐ.-യോട് വിളിച്ചു ചോദിച്ചു. അതിന് സി.ഐ. പ്രസിഡന്റിനോട് ചോദിക്കുകയാണ്; നിങ്ങൾ എന്നെ ചോദ്യം ചെയ്യുകയാണോ? അങ്ങനെ ചോദ്യം ചെയ്യുകയാണെങ്കിൽ മറുപടി പറയാൻ പറ്റില്ല എന്ന് പറഞ്ഞുകൊണ്ട് ഫോൺ താഴെവച്ചു. നല്ല ഭരണമല്ലേ? നിയമമുണ്ടാക്കിയിട്ടെന്തിനാണ്? ഈ നിയമം സംരക്ഷിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? വിനീതയുടെ പ്രശ്നം ഞാൻ എസ്.പി. യോട് വിളിച്ചു ചോദിച്ചപ്പോൾ ഫോണിൽ കൂടി നിങ്ങളോട് മറുപടി പറയാൻ സാധിക്കില്ലെന്ന് എസ്.പി. പറഞ്ഞു. നിങ്ങളുടെ മുമ്പിൽ വന്ന് കാലിൽ വീണ് പറഞ്ഞാൽ മതിയോ എന്ന് ഞാൻ എസ്.പി. യോട് ചോദിച്ചു. നിയമമുണ്ടാക്കിയാൽ അത് സംരക്ഷിക്കാൻ...... എന്ത് നിയമമുണ്ടാക്കിയാലും ഇവരെ സംരക്ഷിക്കാൻ ആളുണ്ട് എന്നത് ഇവർക്കൊക്കെ അറിയാം...... കളക്ടറെ ആക്രമിച്ചിട്ട് മൂന്ന് ദിവസമായി. കൽപ്പറ്റയിൽ രണ്ട് പേരെ പിടിച്ചു, ഒരാളെ പിടിച്ചിട്ടില്ല. പിടിക്കാൻ സാധിക്കില്ല, കാരണം അവരെ സംരക്ഷിക്കാൻ ആളുകളുണ്ട്. എല്ലാ മാഫിയകളെയും സംരക്ഷിക്കാൻ ആളുകളുണ്ട്. പോലീസുദ്യോഗസ്ഥരെക്കാളും എസ്.പി.-യെക്കാളും വലിയ വിലയും നിലയുമുള്ള ആളുകളാണ് ഇവരെ സംരക്ഷിക്കുന്നത്. ഈ ബ്ലേഡ് മാഫിയ എന്നൊക്കെ പറയുന്നത് നല്ല ബലമുള്ള ആളുകളാണ്. അതുകൊണ്ട് ഇവരെ ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നറിയാം. നമുക്ക് നിയമം ഇല്ലാത്തതിന്റെ കുറവൊന്നുമല്ല. 1958-ലെ മണി ലെൻഡേഴ്സ് ആക്ട്, ആ ആക്ട് കൃത്യമായി പ്രാവർത്തികമാക്കിക്കഴിഞ്ഞാൽ ഇവരെയൊക്കെ തടസ്സപ്പെടുത്താൻ നമുക്ക് കഴിയും. ഇവിടെ നിയമമില്ലാത്തതിന്റെ പ്രശ്നമല്ല, ഉള്ള നിയമത്തെ ഫലപ്രദമായി ഉപയോഗിക്കാതിരിക്കുക, തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനു വേണ്ടി മാത്രം ഉപയോഗിക്കുക. അങ്ങനെ രാഷ്ട്രീയ ലാഭത്തിനു വേണ്ടി മാത്രം ഉപ

യോഗിച്ചുകഴിഞ്ഞാൽ..... ഇപ്പോൾ സ്ത്രീകൾക്കു വേണ്ടി നിയമമുണ്ടാക്കുമെന്ന് ഇവിടെ പറഞ്ഞു. സ്ത്രീകളെ ആക്രമിച്ചത് നിയമമില്ലാത്തതിന്റെ ഭാഗമായിട്ടാണോ? അല്ല. ഈ പോലീസും ഉദ്യോഗസ്ഥന്മാരും തന്നെയാണ് കഴിഞ്ഞകാലത്ത് ഏറ്റവും ഫലപ്രദമായി കേസ് അന്വേഷിച്ചതും പ്രതികളെ പിടിച്ചതും. 31 വെട്ടുവെട്ടിയാണ് ഫറൂക്കിൽ സുന്ദരിയമ്മയെ കൊന്നത്. നാലുമാസമായിട്ടും സുന്ദരിയമ്മയെ കൊന്നവരെ ഇതുവരെ പിടിച്ചിട്ടില്ല. കഴിഞ്ഞ നിയമസഭയുടെ സമയത്ത് ഇക്കാര്യത്തിൽ ഞാൻ അടിയന്തിര പ്രമേയം അവതരിപ്പിച്ചതാണ്. സുന്ദരിയമ്മയെ വെട്ടിക്കൊന്ന ആളുകളെക്കുറിച്ച് പറയാൻ പത്രക്കാരില്ല. അതുപോലെ തന്നെ രാഷ്ട്രീയലാഭവുമുണ്ടാകില്ല. കോഴിക്കോട് വീണ്ടും പ്രസിദ്ധമാകാൻ പോവുകയാണ്. സുപ്രസിദ്ധമല്ല കുപ്രസിദ്ധം. കാരണം നേരത്തെ ഒരു ഐസ്ക്രീം പാർലർ കേസാണെങ്കിൽ ഇന്ന് വേറൊരു പെൺവാണിഭക്കേസ് വന്നിരിക്കുകയാണ്. അവിടെ ഏതൊക്കെ നേതാക്കന്മാരാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. നമ്മൾ പത്രം വായിക്കുന്നവരാണ്. ഞങ്ങൾ കമ്മീഷണറെ കാണാൻ പോയപ്പോൾ അദ്ദേഹം പറഞ്ഞത് ഇതൊക്കെ ഉണ്ടെന്നുള്ളത് ശരിയാണ്; രാഷ്ട്രീയ നേതാക്കന്മാർ, ഉന്നത രാഷ്ട്രീയ നേതാക്കന്മാർ ഉണ്ട് എന്നുള്ളത് ശരിയാണ്; പക്ഷേ ഈ പെൺകുട്ടികൾ അക്കാര്യം പറയണ്ടേ. ഇവിടെ നിയമമില്ലാത്തതിന്റെ കുറവാണോ? ഇവിടെ മണി ലെൻഡേഴ്സിന്റെ ആക്ടുണ്ടാക്കുകയാണ്. വലിയ ബുദ്ധിമാൻമാരാണല്ലോ ഇതൊക്കെ നടത്താൻ പോകുന്നത്. ആ നടപ്പിലാക്കുന്നയാൾ അതിനെക്കാൾ വലിയ രൂപത്തിലേയ്ക്ക് ഇത് സംരക്ഷിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യും. ശ്രീ. സുധാകരനെക്കാൾ വലിയ നേതാക്കന്മാർ ഇവർക്ക് സംരക്ഷണമായിട്ടുണ്ടാകും. ഒരു പോലീസിനും ഇവരെ ഒന്നും ചെയ്യാൻ സാധിക്കില്ല. ശ്രീ.

കെ. സുധാകരനോട് ഒന്നും മിണ്ടാതെ നിന്ന പോലീസുകാരൻ ഇപ്പോൾ എത്തിയിട്ടുള്ളത് ചോമ്പാൽ പോലീസ് സ്റ്റേഷനിലാണ്. അതുകൊണ്ട് ഏതെങ്കിലും ഒരാൾ ഈ നിയമത്തിന്റെ ബലത്തിൽ എന്തെങ്കിലും നടപടി യെടുത്ത് കഴിഞ്ഞാൽ ഈ സർക്കാരിന്റെ കാലത്ത് ആ നടപടിയെടുത്ത ഒരു ദ്യോഗസ്ഥനും ആ സ്ഥാനത്തിരിക്കാൻ സാധിക്കില്ല. അവർക്കൊക്കെ സ്ഥാന ചലനം സംഭവിച്ച് വേറെയെങ്ങോട്ടെങ്കിലും മാറുന്ന ഒരു അവസ്ഥയാണ് ഉണ്ടാവുക. അതുകൊണ്ട് ഇവിടെ നിയമത്തിന്റെ കുറവല്ല മറിച്ച് ആ നിയമ ങ്ങൾ കൃത്യമായി പ്രാവർത്തികമാക്കാതിരിക്കുക എന്നുള്ളതും നിയമത്തിനെ തിരായിട്ടുള്ള സമീപനങ്ങൾ സ്വീകരിക്കുക എന്നുള്ളതുമാണ് ഇപ്പോൾ നട ന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യമില്ല; ഞാൻ നിരാകരിക്കുകയാണ്.

<u>ശ്രീ. കെ. ദാസൻ</u>: നിരാകരണ പ്രമേയം ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ബിൽ യഥാർത്ഥത്തിൽ പൊതുജനങ്ങളുടെ മുമ്പിൽ വരേണ്ടതാണ്. പൊതുജനങ്ങളുടെ അഭിപ്രായം കൂടി രൂപപ്പെടുത്തി ക്കൊണ്ടേ ഈ ബിൽ നമുക്ക് പാസ്സാക്കാൻ സാധിക്കൂ. കാരണം പത്രങ്ങ ളുടെ താളുകളിലും വാർത്താ ചാനലുകളിലും ഈ ബ്ലേഡ് കമ്പനികളെ സംബന്ധിച്ച് അത്രയധികം റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. വലിയ തലക്കെട്ടുകൾ തന്നെ കൊടുത്ത് വാർത്തകൾ നിരത്തുകയാണ്. അത്രയധികം പ്രാധാന്യമുള്ള വിഷയമാണ് നമ്മൾ ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കുന്നത്. ഇവിടെ സൂചിപ്പിച്ചതു പോലെ 1958-ൽ നമുക്കൊരു മണി ലെൻഡേഴ്സ് ആക്ടുണ്ടായിരുന്നു. എന്നാൽ, കേരളത്തിലെ പണം കടംകൊ ടുപ്പുകാർ ബിസിനസ്സിൽ അമിതപലിശ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം നിലവിലില്ല, ഇതിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുകയാണ്. അതുതന്നെയാണ് നമ്മുടെ കുഴപ്പം. നമ്മൾ നിയമങ്ങളെല്ലാം സൃഷ്ടിക്കപ്പെടുന്നുണ്ട്; വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നുണ്ട്; ഭേദഗതികളെല്ലാം നിർദ്ദേശിക്കുന്നുണ്ട്. പക്ഷേ ഒരു നിയമമായിക്കഴിഞ്ഞാൽ ആ നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്ന കാര്യത്തിൽ നമുക്ക് യാതൊരു താല്പര്യവുമുണ്ടാകുന്നില്ല എന്നതാണ്. അതുകൊണ്ട് ലൈസൻസില്ലാതെ പണം കടം കൊടുക്കുന്ന ഏർപ്പാട് ..... എനിക്കുള്ളൊരു സംശയം എന്താണെന്നു വച്ചാൽ, തമിഴ്നാടിൽ നിന്നും കർണ്ണാടകത്തിൽ നിന്നുമെല്ലാം വിവിധ ചിട്ടിക്കമ്പനികൾ കേരളത്തിൽ വരുന്നുണ്ട്. അവിടെ ബ്രാഞ്ചുകൾ അവർ ആരംഭിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ മൂലനിയമങ്ങളൊക്കെ തമിഴ്നാട്ടിലാണ്. അവിടെ അത്തരം നിയമങ്ങളൊന്നുമില്ലാത്തതുകൊണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ ഈ ചിട്ടിക്കമ്പനികളെല്ലാം കേരളത്തിലേയ്ക്ക് വന്ന് തമ്പടിക്കുകയാണ്. യഥാർത്ഥത്തിൽ അവർക്ക് ലൈസൻസ് കേരളത്തിൽ കൊടുക്കാൻ കഴിയുമോയെന്നുള്ളത് നമ്മൾ ഗൗരവമായി നോക്കേണ്ടതാണ്. മാത്രമല്ല ചില ചിട്ടിക്കമ്പനികളെല്ലാം വലിയ കമ്പനികളായിട്ടാണ് അറിയപ്പെടുന്നത്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും കടുത്ത ചൂഷണത്തിന് ജനങ്ങളെ വിധേയമാക്കുന്ന സ്ഥാപനങ്ങൾ, മെല്ലെ മെല്ലെ അത് കേരളത്തിന്റെ അതിർത്തി കടന്ന് നമ്മുടെ നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലും വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നതാണ് സത്യം. അതിനെ നിയന്ത്രിക്കാനാവശ്യമായ കാര്യങ്ങൾ ഈ ബിൽ അവതരിപ്പിക്കുന്ന ഉദ്ദേശ്യത്തിൽ ഉൾപ്പെട്ടുവരുമോ; അങ്ങനെ അതിനെ നിയന്ത്രിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ എന്നുള്ളത് ഈ ബിൽ വായിച്ചു നോക്കിയാൽ മനസ്സിലാക്കാൻ കഴിയില്ല. അമിതപലിശ ഈടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ഇന്ന് തമിഴ്നാട്ടിൽ

നിന്ന് വരുന്ന ആളുകളും മറ്റ് പുറംനാടുകളിൽ നിന്ന് വരുന്ന ആളുകളും വീടുകളിൽ സ്ത്രീകൾക്കാണ് ഈ പണം നൽകുന്നത്. പുരുഷൻമാർ പണം ആവശ്യപ്പെട്ടാൽ കൊടുക്കുകയില്ല എന്നതാണ് ഇവരുടെ നിലപാട്. കാരണം അന്വേഷിച്ചപ്പോൾ സ്ത്രീകൾ ഈ പണം വാങ്ങിക്കഴിഞ്ഞാൽ അവർക്ക് ഒരു ഭയമുണ്ടാകും, കൃത്യമായി തവണകളായി തിരിച്ചുകൊടുക്കുകയും ചെയ്യും. പുരുഷന്മാരായാൽ അവർ കൊടുക്കില്ല എന്നുള്ളതുകൊണ്ട് അവരില്ലാത്ത നേരത്താണ് പലപ്പോഴും വീടുകളിൽ ഇവർ കടന്നുവരുന്നത്. മാത്രമല്ല ആ വീടുകളിൽ തന്നെ പല തരത്തിലുള്ള വിഷമങ്ങൾ സൃഷ്ടിക്കപ്പെടു കയുമാണ്. കുടുംബശൈഥില്യം തന്നെ ഉണ്ടാകുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്, അത് സംബന്ധിച്ച് പ്രശ്നങ്ങൾ രൂക്ഷമായി വരികയാണ്. അത് നമ്മൾ ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. അതു കൊണ്ട് കാര്യക്ഷമമായ ഒരു സംവിധാനത്തിന്റെ പോരായ്മയും, ആ നിയമം ഇച്ഛാശക്തിയോടു കൂടി നടപ്പിലാക്കുന്നതിന് സർക്കാർ എടുക്കുന്ന താല്പര്യ ക്കുറവുമാണ് ഇന്ന് ഈ കേരളത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയെന്നാണ് എനിക്ക് തോന്നുന്നത്. ഈ സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങൾ പ്രതി വർഷം 5000 കോടി രൂപയിലധികം നിയമവിരുദ്ധമായി നിക്ഷേപം സ്വീകരി ക്കുന്നതായിട്ടാണ് പത്രങ്ങളിലൂടെ വ്യക്തമാകുന്നത്. കഴിഞ്ഞ മാസത്തിൽ ഇന്റലിജൻസ് വിഭാഗം പോലീസ് എക്സ്പെർട്ട്സിന് ഒരു റിപ്പോർട്ട് സമർപ്പി ച്ചിരുന്നു എന്നാണ് പറയുന്നത്. ആ റിപ്പോർട്ട് പോലീസ് മേധാവികളുടെ മുമ്പിൽ എത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ആ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ പത്രങ്ങൾ ഒരു കാര്യം കൂടി പറഞ്ഞു. ഇതിൽ പോലീസുകാരും പണം കടം കൊടുക്കുന്ന ആളുകളായി മാറിയിട്ടുണ്ട്. പോലീസ് മേധാവികൾ വരെ ഇതിന്റെ ഭാഗമായിട്ടുണ്ട്. പോലീസുകാരുടെ പണം പുറത്ത് കൊടുക്കാനാവ

ശ്യമായ ഏജന്റുമാരും പ്രവർത്തിക്കുന്നുണ്ടെന്ന ഗൗരവമേറിയ വാർത്തയാണ് പത്രത്തിൽ വന്നിട്ടുള്ളത്. ചില ബാങ്കുകൾ അവർ പലിശയുടെ കണക്കുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. വലിയ പലിശ കൊടുക്കുമെന്നാണ് അവർ പറയുന്നത്. പക്ഷേ നിക്ഷേപത്തിന് വലിയ പലിശയൊന്നും അവർ കൊടുക്കുന്നില്ല. കടം വാങ്ങുന്ന ആളുകൾക്കാണെങ്കിൽ ചതിയിലൂടെയാണ് അവർ പലിശ ഈടാക്കുന്നത്. അത്തരം സ്ഥാപനങ്ങളുടെ പേരൊന്നും ഞാൻ ഇവിടെ എടുത്തു പറയുന്നില്ല. പല ആളുകളും ആക്ഷേപങ്ങളും പരാതികളുമായിട്ട് വരുന്നുണ്ട്. നിയമവിരുദ്ധമായി നിക്ഷേപം സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളിലൂടെ വായ്പ നൽകുകയും ചെയ്യുമ്പോൾ സാധാരണക്കാരനെ കൊള്ളയടിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. സാധാരണക്കാരൻ അമിതമായി പലിശ ഈടാക്കുന്ന സ്ഥാപനങ്ങളെ എന്തു കൊണ്ടാണ് സമീപിക്കേണ്ടി വരുന്നത്?

നമ്മുടെ നാട്ടിൽ കടുത്ത ദുരിതമാണ്. 20 രൂപയിൽ താഴെ വരുമാനമുള്ള ആളുകൾ 77 ശതമാനമാണെന്നാണ് ആസൂത്രണ കമ്മീഷൻ പറയുന്നത്. പോവർട്ടി ലൈനിൽ കഴിയുന്ന ആളുകളുടെ എണ്ണം കൂടുതലാണ്. ജന സംഖ്യയിൽ ഭൂരിപക്ഷം ആളുകളും പട്ടിണിക്കാരാണ്. അതിൽ അതിദരിദ്രരായിട്ടുള്ള ആളുകളാണ് ഏറ്റവുമധികം കഷ്ടപ്പെടുന്നത്. ഒരു പെൺകുട്ടിയെ കെട്ടിച്ചയയ്ക്കാൻ അതിനൊരു കെട്ടുതാലി വാങ്ങിക്കണം. പുരനിറഞ്ഞ് നിൽക്കുന്ന ഒരു പെൺകുട്ടിയെ കെട്ടിച്ചയയ്ക്കാൻ രക്ഷിതാക്കൾക്ക് വളരെയധികം വിഷമമാണ്. ആ ഘട്ടത്തിൽ അവർ ആശ്രയിക്കുന്നത് വട്ടിപലിശക്കാരെയാണ്. വേറെ മാർഗ്ഗം അവരുടെ മുന്നിലില്ല. അവർക്ക് ആശ്രയിക്കാൻ വേറെ ഏജൻസിയില്ല. അപ്പോൾ അവർ ബന്ധപ്പെടുന്നത് ഇത്തരം സ്ഥാപ

നങ്ങളെയാണ്. അതിദരിദ്രരായ ജനങ്ങളുടെ നാടാണ് കേരളം. യഥാർത്ഥത്തിൽ ആഫ്രിക്കൻ രാജ്യങ്ങളെപ്പോലെ ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സുഡാനെപ്പോലുള്ള രാജ്യമായി നമ്മൾ മാറിക്കൊണ്ടിരിക്കുകയാണ്. കടം കൊണ്ട് ദുരിതം അനുഭവിക്കുന്നവരുടെ നീണ്ട ലിസ്റ്റ് നമ്മുടെ മുമ്പിൽ ഉണ്ടാകുമ്പോൾ അവരെ സംരക്ഷിക്കുവാനാവശ്യമായ ഒരു സംവിധാനം അല്ല ഈ ഫൈനാൻസ് സ്ഥാപനങ്ങൾ ചെയ്യുന്നത്. അവരെ സംരക്ഷിക്കുവാനോ അവർക്ക് എന്തെങ്കിലും സഹായം ചെയ്യുകയോ അല്ല ഈ ബ്ലേഡ് കമ്പനികൾ ചെയ്യുന്നത്. അവർ കടുത്ത പലിശയ്ക്ക് പണം കൊടുത്തുകൊണ്ട് അവരുടെ ജീവിതം അവിടെ അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. അവസാനം ഈ ഗതികേടിൽ ജീവിതം അവസാനിപ്പിച്ച് ആത്മഹത്യയിലേയ്ക്ക് നീങ്ങുന്നുണ്ട്. എത്ര ആളുകളാണ് ഇതിന്റെ ഭാഗമായി ജീവിതം അവസാനിപ്പിച്ചിട്ടുള്ളത്. കടം പേറിയിട്ട് രക്ഷയില്ലാതെ ഇനി മറ്റൊരുമാർഗ്ഗവും അവരുടെ മുമ്പിലില്ലാതെ അവസാനം ഒരു കയറിന്മേൽ ജീവിതം അവസാനിപ്പിക്കപ്പെടുന്ന എത്രയോ ആളുകൾ കേരളത്തിലുണ്ടെന്നുള്ളത് നമ്മൾ കാണണം. അതുകൊണ്ടുതന്നെ അവരെ നിയന്ത്രിച്ചുകൊണ്ടുവരേണ്ടത് ആവശ്യമാണ്. ഫൈനാൻസ് സ്ഥാപനങ്ങളേയും ബ്ലേഡ് കമ്പനികളേയും നിയന്ത്രിക്കാനാവശ്യമായ ഇച്ഛാശക്തിയോടുള്ള പ്രവർത്തനമാണ് നമുക്ക് ആവശ്യമായി വേണ്ടത്. ഇവിടെ പറഞ്ഞതുപോലെ കേരളം സഹകരണ രംഗത്ത് മുന്നേറ്റം ഉണ്ടാക്കിയ സംസ്ഥാനമാണ്. യഥാർത്ഥത്തിൽ സഹകാരികളുടെ അർപ്പണബോധമാണ് അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. നിസ്വാർത്ഥമായ സേവനമാണ് ഈ സഹകാരികൾ നമ്മുടെ കേരളത്തിലെ എല്ലാ മേഖലയിലും എല്ലാ ഭാഗങ്ങളിലും എല്ലാ ജില്ലയിലും കാണിച്ചിട്ടുള്ളത്. അവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ സഹകരണ പ്രസ്ഥാന

ങ്ങൾ വളർന്ന് വന്നിട്ടുള്ളത്. ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണിന്ന് കേരളം. അത്രയധികം സഹകരണ പ്രസ്ഥാനങ്ങൾ ഇവിടെയുണ്ട്. ഒരു പഞ്ചായത്തിൽത്തന്നെ പത്തോ ഇരുപത്തിയഞ്ചോ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന്റെ ഭാഗമായി ആ നാട്ടിൻ പുറങ്ങളിൽ സാധാരണ ജനങ്ങൾക്ക് ചെറിയ വായ്പ പദ്ധതി കൾ ആരംഭിച്ച് അവരെ സഹായിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗോൾഡ് ലോൺ കൊടുക്കുവാനുള്ള സംവിധാനങ്ങളുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം പ്രാദേശിക വായ്പ കേന്ദ്രങ്ങളെന്ന നിലയ്ക്ക് ഈ സഹക രണ സംഘങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ സഹകരണ ജനാധി പത്യത്തെ പൂർണ്ണമായും അട്ടിമറിക്കുകയും പൂർണ്ണമായും ഇല്ലാതാക്കുകയും ചെയ്യുന്ന നിലപാടല്ലേ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നിയമത്തിൽത്തന്നെ ആവശ്യമായ കുറുക്കുവഴികൾ തേടികൊണ്ട് നിയമ വിരുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് കടലാസ് സംഘങ്ങൾ രൂപീകരിച്ചു കൊണ്ട് ബന്ധപ്പെട്ട ബാങ്കുകൾ പിടിച്ചെടുക്കുവാനാവശ്യമായ നീക്കങ്ങൾ ക്കാണ് സർക്കാർ ഇതിനാവശ്യമായ നിർദ്ദേശം കൊടുക്കുന്നത്. സഹക രണവകുപ്പുമന്ത്രി...............

<u>ശ്രീ. സാജുപോൾ</u>: സർ, ബഹുമാന്യനായ ശ്രീ. കെ. ദാസൻ വളരെ ആത്മാർത്ഥതയോടുകൂടി ഈ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടു ക്കുകയാണ്. ബഹുമാനപ്പെട്ട മാണി സാർ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. അദ്ദേഹം പറഞ്ഞു കർഷകർ ആത്മഹത്യ ചെയ്യുന്നു. അസംതൃപ്തിയോടെ ജീവിക്കാൻ ധൈര്യമില്ലാത്ത കർഷകർ മരിക്കുവാൻ ധൈര്യപ്പെടുകയാണ്. ബഹുമാന്യനായ മാണി സാറിന്റെ പാർട്ടിയുടെ മുഖ മാസികയാണ് പ്രതി ഛായ. ഇതിൽ മുന്നണി മര്യാദ പാലിച്ചില്ലായെന്ന് പറഞ്ഞ് ഒരു ലേഖനമുണ്ട്.

ഇതിനകത്ത് ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവും എന്ന സങ്കൽപ്പത്തിൽ അധിഷ്ഠിതമായ ചിന്താധാര ഉയർത്തിപ്പിടിക്കുന്ന കേരള കോൺഗ്രസ്സിനെ കൂടി സംതൃപ്തമാക്കാനുള്ള ധാർമ്മികവും രാഷ്ട്രീയ വുമായ ഉത്തരവാദിത്തം കോൺഗ്രസ്സിനുണ്ടെന്ന് ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്.

മി. ചെയർമാൻ (ശ്രീ. ടി. എൻ. പ്രതാപൻ): ബഹുമാനപ്പെട്ട അംഗം......... പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. സാജുപോൾ: ഞാൻ പറഞ്ഞു കഴിയട്ടെ. ഞാൻ പറഞ്ഞുകഴിഞ്ഞി ട്ടുള്ള പോയിന്റ് ഓഫ് ഓർഡറേയുള്ളൂ.

മി. ചെയർമാൻ: ശ്രീ. സാജുപോൾ ചോദ്യം ചോദിക്കൂ.

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട മാണി സാർ അങ്ങേയറ്റം അസംതൃപ്തനായും അസ്വസ്ഥനായും വളരെ വ്രണിതഹൃദയനായുമായാണ് ഈ സഭയിൽ ഇരിക്കുന്നത് അങ്ങനെയുള്ള ആളോടാണ് ബഹുമാന്യനായ ശ്രീ. കെ. ദാസൻ ചർവ്വിതചർവ്വണമെല്ലാം നടത്തുന്നത് എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ദാസൻ സംസാരിക്കു ന്നത് ഈ സഭയോടാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി: ശ്രീ. സാജുപോളിന്റെ ഇങ്ങനെയുള്ള പ്രസ്താവന കേൾക്കു മ്പോൾ ഞാൻ വ്രണിതഹൃദയനായി പോകുകയാണ്.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ........ശ്രീ. ബെന്നി ബെഹനാൻ.

ശ്രീ. ബെന്നി ബെഹനാൻ: ഇവിടെ യാതൊരു പ്രസക്തിയുമില്ലാത്ത, വിഷയത്തിലില്ലാത്ത കാര്യത്തെ സംബന്ധിച്ച് ചോദ്യം ചോദിക്കുന്നത് ഓർഡ റിലാണോ? ഇത് നിയന്ത്രിക്കണം സർ. ബില്ലിനെക്കുറിച്ച് സംസാരിക്കേണ്ടിട

ത്താണ് മാണി സാറിന്റെ ലേഖനത്തെക്കുറിച്ച് പറയുന്നത്. ഇത് എന്ത് ചോദ്യമാണ് ചോദിക്കുന്നത്?

മി. ചെയർമാൻ: ബില്ലിന്റെ ചർച്ചയിൽ പരമാവധി ബില്ലിൽ നിന്നുകൊണ്ട് സംസാരിക്കുകയും ചോദ്യങ്ങൾ ചോദിക്കുന്നവർ ബില്ലിനെ ആസ്പദമാക്കിക്കൊണ്ടുള്ള ചോദ്യങ്ങൾ ചോദിക്കുന്നതുമാണ് ഏറ്റവും നല്ല പാർലമെന്ററി പ്രാക്ടീസ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ദാസൻ അങ്ങ് തുടരൂ......... അങ്ങ് തുടരൂ............ പ്ലീസ്.......... പ്ലീസ്......... നമുക്ക് രണ്ട് ബില്ലുകളുള്ള ദിവസമാണ്.

ശ്രീ. സാജുപോൾ: ബഹുമാന്യനായ മാണി സാർ, എനിക്ക് 47 വയസ്സേയുള്ളൂ, 47 കൊല്ലമായി അങ്ങ് ഈ സഭയിലുള്ള ആളാണ്. 2001-മുതൽ ഞാനും അങ്ങും മാണി സാറിന്റെ പെർഫോർമൻസ് ഈ സഭയിൽ കാണുന്നതാണ്. ഇത്രമാത്രം യാന്ത്രികമായി താൽപ്പര്യമില്ലാതെ തൃപ്തിയില്ലാതെ മാണി സാർ ഒരു ബിൽ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ടോ? അതാണ് ഞാൻ ചോദിച്ചത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. സാജുപോൾ, മാണി സാർ ഇപ്പോഴും ഏറ്റവും തൃപ്തനായി ഏറ്റവും സജീവമായി നിയമനിർമ്മാണത്തിൽ ഇടപെടുന്ന ആളാണെന്ന് നമുക്ക് എല്ലാവർക്കും അറിയാമല്ലോ അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. കെ. ദാസൻ, അങ്ങ് തുടരുക.

ശ്രീ. കെ. ദാസൻ: കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ പ്രസ്ഥാനമാണ് "കുടുംബശ്രീ". ഏതാണ്ട് 39 ലക്ഷത്തോളം സ്ത്രീകളെ സംഘടിതമായി വളരെ താഴെനിന്നും അയൽകൂട്ടങ്ങളിൽ നിന്നും വളരെ ശക്തമായി സംഘടിപ്പിച്ചിട്ടുള്ള പ്രസ്ഥാനമാണ് കുടുംബശ്രീ. ഈ കുടുംബശ്രീ വനിതാ പ്രസ്ഥാന

മെന്ന നിലയിൽ ഏഷ്യയിലെ തന്നെ മഹത്തായ പ്രസ്ഥാനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ കുടുംബശ്രീക്ക് ബദലായി ഒരു "ജനശ്രീ"യെന്ന പ്രസ്ഥാനം കഴിഞ്ഞ കുറേക്കാലത്തിനിടയ്ക്ക് വളർന്നുവന്നിട്ടുണ്ട്. ആ ജനശ്രീയുടെ മൈക്രോ ഫിനാൻസ് രജിസ്ട്രേഷൻ എങ്ങനെയാണെന്നു ള്ളതിനെ സംബന്ധിച്ച് ഔദ്യോഗികമായ ചില റിപ്പോർട്ടുകൾ കാണുന്നുണ്ട്. യഥാർത്ഥത്തിൽ കേന്ദ്ര കമ്പനി നിയമപ്രകാരമാണ് ജനശ്രീക്ക് രേഖകളെല്ലാം സമർപ്പിച്ചതെന്നാണ് പറയുന്നത്. ഈ രേഖകളിലെല്ലാം കൃത്രിമമുണ്ടെന്നും ഓഹരി കൈമാറ്റ നിയമം ലംഘിച്ചതും ഉൾപ്പെടെയുള്ള അതീവ ഗുരുതരമായ സാമ്പത്തിക കുറ്റങ്ങൾക്ക് ജനശ്രീക്കെതിരായി കേസ്സെടുക്കേണ്ടിവരു മെന്നുള്ള നിർദ്ദേശം ഇപ്പോൾ വന്ന് കൊണ്ടിരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇങ്ങനെ വരുന്നത്, ഞാൻ ആധികാരികമായി പറയുന്നതല്ല, ഇത് പത്രങ്ങളി ലൂടെ വരുന്നതാണ്. ശ്രീ. എം.എം.ഹസനാണ് ജനശ്രീയുടെ പ്രധാനപ്പെട്ട ആൾ. അദ്ദേഹവും അദ്ദേഹത്തിന്റെ കൂടെ ആറ് പേരും ചേർന്ന് ഏഴ് ആൾ ഉള്ള കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ നിയമാനുസൃത മായിട്ടുള്ള പ്രവർത്തനങ്ങളാണോ നടക്കുന്നതെന്ന് പരിശോധിക്കുകയും അന്വേഷണം നടത്തണമെന്നുമാണ് എന്റെ ആവശ്യം. നമ്മൾ പറയുന്നത് ശരി യായിരിക്കണമെന്നില്ല. ഇങ്ങനെ ഉണ്ട് എന്ന് വാർത്ത വരുമ്പോൾ........... 10000 രൂപയാണ് ഒരു ഷെയർഹോൾഡർക്ക് ഷെയർ കാണിച്ചിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ആറ് ഷെയർ ഹോൾഡേഴ്സുണ്ടെങ്കിൽ 60000 രൂപ യാണ്. ഇതിന്റെ മൊത്തം ഓഹരിയായിട്ട് കാണുന്നത് 19.94 കോടി രൂപ യാണ്. ഇത്രയുമധികം പണം ഓഹരിയുള്ള ഒരു സ്ഥാപനത്തിന് അതിലെ ഏഴ് അംഗങ്ങളിൽ ആറ് പേർക്ക് അറുപതിനായിരം രൂപ മാത്രമേയുള്ളൂവെന്ന്

പറയുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ഏതെങ്കിലും തരത്തിൽ തെറ്റായ രീതി സ്വീകരിച്ചിട്ടുണ്ടോ; അങ്ങനെ ഉണ്ടെങ്കിൽ ഈ പദ്ധതിയെ സംബന്ധിച്ച് റിസർവ്വ് ബാങ്ക് എങ്ങനെയാണ് അനുവാദം കൊടുത്തത്; ഈ അനുവാദം കൊടുത്തതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തേണ്ടതായിട്ടുണ്ടോയെന്ന് ഗവൺമെന്റ് ചിന്തിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ധനകാര്യ മന്ത്രി വളരെ ഗൗരവമായിട്ട് എടുക്കേണ്ട വിഷയമാണ്. ഇത് കേരളത്തിൽ കേന്ദ്ര കമ്പനി നിയമ പ്രകാരം സമർപ്പിച്ച രേഖകളിൽ കൃത്രിമം കാണിച്ചുവെന്നും ഓഹരി കൈമാറ്റ നിയമം ലംഘിച്ചുവെന്നുമുൾപ്പെടെയുള്ള അതീവ ഗുരുതരമായ സാമ്പത്തിക വഞ്ചനാ കുറ്റങ്ങൾ ഈ രാജ്യത്ത് പ്രചരിപ്പിച്ച് വരുന്നുണ്ട്. അത് ഗൗരവമായി എടുക്കണം. ഈ ജനശ്രീയെടുക്കുന്ന പണം വായ്പ ഇടപാട് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; മൈക്രോഫിനാൻസിന്റെ നിബന്ധനകൾക്കനുസരിച്ചാണോ ഇങ്ങനെ ചെയ്യുന്നത്? ഈ നാട്ടിൽ ഒരുപാട് സ്വാശ്രയ സംഘങ്ങളുണ്ട് ധർമ്മ സംഘങ്ങളുണ്ട് ഒരുപാട് ട്രസ്റ്റുകളുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് ഇങ്ങനെയൊരു പ്രവർത്തനം നടത്തുകയെന്നുള്ളതും അവർക്ക് കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഫണ്ട് വിനിയോഗത്തിനുവേണ്ടി കൊടുക്കുക എന്ന് പറഞ്ഞത് ഏത് മാനദണ്ഡം അനുസരിച്ചാണ്? ആ മാനദണ്ഡമില്ലാതെ ജനശ്രീയുടെ മറവിൽ ചിട്ടികമ്പനി മാതൃകയിൽ കമ്പനി രജിസ്റ്റർ ചെയ്ത് കേന്ദ്ര ഗവൺമെന്റിനെയും സ്റ്റേറ്റ് ഗവൺമെന്റിനെയും കമ്പളിപ്പിക്കുന്ന രീതിയിൽ പോകുന്നുണ്ടെങ്കിൽ സാമ്പത്തിക വഞ്ചനാകുറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ എടുത്തുകൊണ്ട് ഈ കൊള്ള പലിശയ്ക്ക് വായ്പ കൊടുക്കുന്ന നിലപാടിനെ ശക്തിയായി എതിർക്കണമെന്നാണ് ഞാൻ പറയുന്നത്. ഇതും യഥാർത്ഥത്തിൽ നമ്മുടെ നിയമത്തിന്റെ പരിധിയിൽ വരേണ്ട

കാര്യമാണ് ഇത് പരിശോധിക്കപ്പെടേണ്ടതാണെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം തന്നെ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് നല്ല പങ്ക് വഹിച്ചതാണ് കുടുംബശ്രീ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാങ്ക് ലിങ്കേജിന് വേണ്ടി നാല് ശതമാനം പലിശയ്ക്ക് അവർക്ക് പണം കൊടുത്തിരുന്നു. ഇന്ന് പന്ത്രണ്ട് ശതമാനമാക്കി അത് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പലിശ കൊണ്ട് പാവപ്പെട്ട കുടുംബശ്രീകാർക്ക് എന്തെങ്കിലും ഒരു സംരംഭം തുടങ്ങാൻ കഴിയുമോ? ഒരു സംരംഭവും തുടങ്ങാൻ കഴിയില്ല. ആഴ്ച തോറും ചേരുന്ന കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങളിൽനിന്ന് പണം കിട്ടിക്കഴിഞ്ഞാൽ അത് നല്ല രീതിയിൽ വിവിധ സംരംഭങ്ങളായി ഈ രാജ്യത്ത് വളർത്തിക്കൊണ്ട് വന്നിട്ടുണ്ട്. ഒരുപാട് തൊഴിൽ മേഖലയിലേയ്ക്ക് അവർ കടന്നിട്ടുണ്ട്. കാർഷിക മേഖലയിലേയ്ക്ക് അവർ കടന്നിട്ടുണ്ട്. സ്ത്രീകളുടെ വിവിധ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സാമൂഹ്യ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിട്ടുണ്ട്. അങ്ങനെയെല്ലാം ഏർപ്പെട്ടിരുന്ന കുടുംബശ്രീയെ തകർക്കാനുള്ള നിലപാട് സ്വീകരിക്കുകയും ബദലായി ജനശ്രീയെ സ്ഥാപിക്കുകയും ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് ഇത് ഗൗരവമായിട്ടെടുക്കണം എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, പലിശരഹിത വായ്പ കൊടുക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകുന്നില്ല. ഒരു പലിശയും വാങ്ങാതെ സാധാരണക്കാരെ സഹായിക്കാൻ സാധിക്കുന്ന ധനസ്ഥാപനങ്ങൾ ഇന്ന് വളർന്ന് വന്നിട്ടുണ്ട്. പക്ഷേ അത്തരം സ്ഥാപനങ്ങൾക്ക് ഒരു അനുവാദവും കേന്ദ്ര ഗവൺമെന്റ് കൊടുക്കില്ലെന്ന നിലപാട് എടുക്കുന്നത് യഥാർത്ഥത്തിൽ മൈക്രോ ഫിനാൻസ് രംഗത്തുണ്ടാകുന്ന ഏറ്റവും വലിയ തകർച്ചയ്ക്ക് ഇടയാക്കും. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള നിരവധി പ്രശ്നങ്ങളും ഈ ബില്ലുമായി

ബന്ധപ്പെട്ട് ചേർക്കപ്പെടേണ്ടതായിട്ടുണ്ട്. അധികാരം ഉപയോഗിച്ച് ഇത്തരം കാര്യങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്, മാഫിയാ സംഘ ങ്ങളെ നിയന്ത്രിക്കേണ്ടതുണ്ട്. ഈ രംഗത്ത് ഒരുപാട് മാഫിയാ സംഘങ്ങൾ പെരുകി വന്നിട്ടുണ്ട് എന്നത് കാണണം. അതിനെ ശക്തമായി നേരിടാൻ കഴിയുന്ന രീതിയിൽ നിയമം ഉപയോഗിച്ച് ഇച്ഛാശക്തിയോടുകൂടി കാര്യക്ഷമ മായ പ്രവർത്തനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്ന് സൂചിപ്പി ക്കുകയാണ്.

ശ്രീ. എം. ഹംസ: സർ, 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ വളരെ ഗൗരവപ്പെട്ട ഒരു സാമൂഹ്യ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അവതരി പ്പിച്ച ബില്ലാണെന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞു. കേരള സമൂഹത്തിൽ ബ്ലേഡ് മാഫിയകളുടെ അതിശക്തമായ കട ന്നാക്രമണങ്ങളും അതിനെത്തുടർന്ന് കേരള സമൂഹത്തിലെ നിരവധി പാവ പ്പെട്ട ജനങ്ങൾ ആത്മഹത്യ മുനമ്പിലേയ്ക്ക് പോവുകയും ചെയ്യുന്ന സാഹച ര്യത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. പക്ഷേ ഈ ബിൽ കൊണ്ട് ഇതിന്റെ യഥാർത്ഥ ഉദ്ദേശലക്ഷ്യം നടക്കുകയില്ല എന്നതിനാൽ പൊതുജന ങ്ങളുടെ കൂടി സഹായത്തോടുകൂടി ഈ നിയമം സമ്പൂർണ്ണമാക്കണമെന്നുള്ള തുകൊണ്ടാണ് ഞാൻ ഈ അഭിപ്രായം സഭയുടെ മുൻപാകെ വയ്ക്കുന്നത്. ഇന്ന് ബ്ലേഡ് മാഫിയകളുടെ നീരാളിപ്പിടിത്തത്തെക്കുറിച്ച് സംസാരിക്കു മ്പോൾ, അത് വിശദീകരിക്കാൻ ഏത് വാക്കാണ് ഉപയോഗിക്കേണ്ടത്,

എങ്ങനെയാണ് അത് ബോദ്ധ്യപ്പെടുത്തേണ്ടത് എന്ന് നോക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ വാക്കുകളാണ്. അത് കടമെടുക്കലായിരിക്കും നല്ലതെന്ന് എനിക്ക് തോന്നുന്നു. "കേരളത്തിന്റെ മുൻ മുഖ്യമന്ത്രി സഖാവ് വി.എസ്-നോടും മുൻ വ്യവസായ വകുപ്പുമന്ത്രി സഖാവ് എളമരം കരീമിനോടും നന്ദി പറയാൻ എന്റെ ഡിക്ഷ്ണറിയിൽ വാക്കുകളില്ല" എന്ന് പറഞ്ഞതുപോലെ ഇന്ന് ബ്ലേഡ് മാഫിയകളുടെ നീരാളിപ്പിടിത്തത്തിൽ നിന്ന് കേരളം രക്ഷപ്പെടണമെങ്കിൽ ആ നീരാളിപ്പിടിത്തത്തെ വിശദീകരിക്കാൻ ഇന്ന് ഡിക്ഷ്ണറിയിൽ വാക്കുകളില്ലാത്ത അവസ്ഥ വന്നിരിക്കുന്നു എന്നതാണ് ഇന്നത്തെ സ്ഥിതി. ഇന്ന് ബ്ലേഡ് മാഫിയകളിൽ നിന്ന് നമ്മുടെ സമൂഹം രക്ഷപ്പെടുന്നതിനുവേണ്ടി പൂർവ്വികൻമാർ നടത്തിയ പരിശ്രമങ്ങളുണ്ട്. വട്ടിപ്പണക്കാരന്റെ കൈകളിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പാരമ്പര്യമായി കിട്ടിയിട്ടുള്ള ഒരു മഹാപ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. വട്ടിപ്പലിശക്കാരിൽ നിന്ന് രക്ഷപ്പെടാനുള്ള ഒന്ന് സഹകരണ പ്രസ്ഥാനം, രണ്ട്, കുടുംബശ്രീ, മൂന്ന്, കെ.എഫ്. സി ഉൾപ്പെടെയുള്ള പബ്ലിക് സെക്ടർ കമ്പനികൾ. എന്നാൽ കേരളീയ സമൂഹത്തെയാകെ വട്ടിപ്പലിശക്കാരന്റെ കൈകളിലേയ്ക്ക് ഇട്ടുകൊടുത്ത് അവരെ ഇനിയും വട്ടിപ്പലിശക്കാരൻ വിഴുങ്ങിക്കോട്ടെ, ഈ സമൂഹത്തിലെ പാവപ്പെട്ടവൻ ആത്മഹത്യ ചെയ്തോട്ടെ, മരിച്ചോട്ടെ എന്ന് തീരുമാനിക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കേരളീയ സമൂഹത്തെ എത്തിക്കുകയാണ് ഇന്നത്തെ സർക്കാർ ചെയ്തിരിക്കുന്നത്. അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഉദാഹരണമാണ്, ഇവിടെ കേന്ദ്രം ഒരു സഹകരണ നിയമം കൊണ്ടുവന്നു. ആ സഹകരണ നിയമം ബഹുമാനപ്പെട്ട ഇന്നത്തെ സഹകരണ

വകുപ്പുമന്ത്രിക്ക് പോലും അംഗീകരിക്കാൻ കഴിയില്ല. കേരളത്തിലെ പലിശ നിയന്ത്രിക്കാൻ ബാങ്കേഴ്സ് കോൺഫറൻസ് നടത്തി അങ്ങനെ പലിശയ്ക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ചുരുങ്ങിയ പലിശയ്ക്ക് വായ്പ കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിൽ സഹകരണ പ്രസ്ഥാനം ഉണ്ടാക്കി. ഇടുതപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിയായി രുന്ന സഖാവ് ജി. സുധാകരൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ കേരള ത്തിലെ സഹകരണ ഡെപ്പോസിറ്റ് ഇരുപതിനായിരം കോടി രൂപ. അദ്ദേഹം ചുമതല മാറി പോകുമ്പോൾ ഇവിടത്തെ നിക്ഷേപം 68,000 കോടി രൂപ. കൃത്യമായി നിക്ഷേപം വർദ്ധിപ്പിച്ച് പണം സമാഹരിച്ച് ആ പണം മുഴുവൻ കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി വിനിയോ ഗിക്കുന്നതിന് നടത്തിയിട്ടുള്ള കഠിനമായ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് സഹകരണ പ്രസ്ഥാനത്തിന് വലിയ നേട്ടമുണ്ടായത്. 50 കൊല്ലം കൊണ്ട് സഹകരണ പ്രസ്ഥാനം 20,000 കോടി രൂപ സമാഹരിച്ചപ്പോൾ അഞ്ച് കൊല്ലം കൊണ്ട് അത് 68,000 കോടി രൂപയായി സഹകരണ നിക്ഷേപം മാറി. അങ്ങനെ സഹകരണ പ്രസ്ഥാനത്തിൽ നിക്ഷേപം വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല സഹകരണ പ്രസ്ഥാനത്തിൽ നിന്ന് കിട്ടിയ നിക്ഷേപം ഉപയോഗപ്പെടുത്തി ക്കൊണ്ട് ചുരുങ്ങിയ പലിശയ്ക്ക് ഇവിടത്തെ വട്ടിപ്പലിശക്കാരന്റെ കയ്യിൽ നിന്ന് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനുള്ള സമീപനം സ്വീകരിച്ചു. അതിന്റെ ഭാഗമായി ഇവിടെ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് പോകുമ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 14-16 ശതമാനമായി രുന്നു. ഒൻപത് ശതമാനത്തിനായിരുന്നു കാർഷിക വായ്പ നൽകിയിരുന്നത്. ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് സഹ

കരണ മേഖലയിലെ കാർഷിക വായ്പയുടെ പലിശ ഏഴ് ശതമാനമാക്കി ചുരുക്കി കൃഷിക്കാരെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ചു. മുൻപും സബ്സിഡി ഉണ്ടായിരുന്നല്ലോ, എന്നിട്ടും ഇത് ചെയ്തില്ലല്ലോ. മാത്രമല്ല 60,000 കോടി രൂപ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി സഹകരണ മേഖലയിൽ നിന്ന് വായ്പ കൊടുത്തു. അങ്ങനെ വട്ടിപ്പലിശക്കാരന്റെ കൈകളിൽ നിന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ പണം സമാഹരിക്കുന്നതിന് വേണ്ടിയുള്ള സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോയി.

ശ്രീ. വി. ഡി. സതീശൻ: അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത്, അമിത പലിശ ഈടാക്കുന്നതിനെക്കുറിച്ചാണ്. മീറ്റർവട്ടി, തണ്ടൽ, കണ്ടുവട്ടി തുടങ്ങിയ രീതികളിൽ ലൈസൻസൊന്നും ഇല്ലാതെ തന്നെ പണം കടം കൊടുത്ത് അമിതമായ പലിശ ഈടാക്കുന്നവരുടെ കാര്യമാണ് ഈ നിയമത്തിൽ വരുന്നത്. എന്നാൽ ലൈസൻസോടുകൂടി കേരളം മുഴുവൻ അല്ലെങ്കിൽ കേരളത്തിന് പുറത്തും വലിയ സ്ഥാപനങ്ങൾ നടത്തുന്ന അറിയപ്പെടുന്ന ചില കമ്പനികൾ ഗവൺമെന്റ് അംഗീകരിക്കുന്ന പലിശ വാങ്ങിക്കുന്നതായി കണക്കിൽ കാണിക്കുകയും സർവ്വീസ് ചാർജ്, മറ്റ് പലിശ കണക്കാക്കുന്നതിനുള്ള ചില ക്രമക്കേടുകൾ എല്ലാം കൂട്ടി ഈ വട്ടിപ്പലിശക്കാരൻ വാങ്ങിക്കുന്നതിനേക്കാൾ കൂടുതൽ പലിശ വാങ്ങിക്കുകയും ആളുകളെ ക്രൂരമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് തീർച്ചയായും കേരളീയ സമൂഹത്തിന്റെ ശ്രദ്ധയിൽ വന്ന വിഷയമാണ്. ബ്ലേഡ് പലിശ

വലിയ തോതിലാണ് വർദ്ധിച്ചിരിക്കുന്നത്. എന്താണോ മാർക്കറ്റിലെ പലിശ ആ പലിശയുടെ രണ്ട് ശതമാനത്തിൽ കൂടുതൽ വാങ്ങാൻ പാടില്ല എന്നാണ് ഇവിടെ ആക്ടിൽ പറയുന്നത്. ഈ രൂപത്തിലുള്ള നിയന്ത്രണങ്ങളെല്ലാം ഉണ്ടായിട്ടും ആ നിയന്ത്രണങ്ങളെ മറികടന്നുകൊണ്ട് ബ്ലേഡ് കമ്പനികൾ മുന്നോട്ട് പോകുകയാണ്, അവർ ജനങ്ങളെ ചൂഷണം ചെയ്യുകയാണ്. എന്റെ നാട്ടിൽ ഇവരെ ചൊവ്വാഴ്ച പ്രേതം, ബുധനാഴ്ച പ്രേതം, വെള്ളി യാഴ്ച പ്രേതം എന്നൊക്കെയാണ് പറയുന്നത്. ഇങ്ങനെ വെള്ളിയാഴ്ച കളിലും ചൊവ്വാഴ്ചകളിലും ബുധനാഴ്ചകളിലുമെല്ലാം ബ്ലേഡ് മാഫിയാ സംഘത്തിന്റെ ഗുണ്ടകൾ വന്ന് പണം പിരിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും പലിശയും മുതലും എല്ലാം കൊടുത്താലും രക്ഷപ്പെടാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ അതിൽ നിന്നും രക്ഷപ്പെടാൻ നമ്മുടെ കയ്യിൽ ഒരു ആയുധമേയുള്ളൂ - അതാണ് സഹകരണ പ്രസ്ഥാനം. രണ്ടാമത്തെ പ്രസ്ഥാനം കുടുംബശ്രീയും മൂന്നാമത്തെ പ്രസ്ഥാനം കെ.എഫ്. സി. പോലുള്ള പബ്ലിക് സെക്ടർ കമ്പനികളുമാണ്. ഈ സഹകരണ പ്രസ്ഥാ നങ്ങളുടെ സ്ഥിതിയെക്കുറിച്ചാണ് ഞാൻ പറയുന്നത്. സഹകരണ മേഖല യിലെ വിഭവ സമാഹരണത്തിനുവേണ്ടി കഴിഞ്ഞ മാർച്ച് മാസത്തിൽ സഹകരണ പ്രസ്ഥാനം നിക്ഷേപ സമാഹരണം നടത്താതിരുന്നത് എന്തു കൊണ്ടാണ്? ഇപ്പോൾ ഡിസംബർ മാസമായപ്പോഴല്ലേ സഹകരണ പ്രസ്ഥാനം നിക്ഷേപ സമാഹരണം നടത്താൻ പോകുന്നത്? ഒരു സാമ്പ ത്തിക വർഷത്തിന്റെ അവസാനം സഹകരണ മേഖലയിലെ വിഭവ സമാഹര ണത്തിനുവേണ്ടി ഉപയോഗിക്കേണ്ട നിക്ഷേപ സമാഹരണംപോലും നട ത്താതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ മുഴുവൻ സ്വകാര്യ മേഖ ലയ്ക്ക് വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയാണ്.

ഇത്തരത്തിൽ ബ്ലേഡ് മാഫിയകൾ സഹകരണ പ്രസ്ഥാനത്തെ കശാപ്പ് ചെയ്യുന്നത് വേദനയോടുകൂടി കാണുകയാണ്. ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രിയുടെ ഈ ബില്ലിൽ അതിനൊരു ഇടപെടൽ ആവശ്യമാണ്.

ശ്രീ. ജി. സുധാകരൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സഹകരണ രജിസ്ട്രാറായി റിട്ടയർ ചെയ്ത ഒരാളെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എം.ഡി.യായി നിയമിച്ചു. റിട്ടയർ ചെയ്തവരെ സാധാരണഗതിയിൽ ഇങ്ങനെ സ്ഥിരമായി നിയമിക്കാറില്ല. ചെറിയ കാലയളവിലേക്ക് വേണമെങ്കിൽ നിയമിക്കാം. ഒരു പ്രസിദ്ധീകരണത്തിൽ ഈ സഹകരണ രജിസ്ട്രാറുടെ ലേഖനമുണ്ടായിരുന്നു. ഇവിടത്തെ സഹകരണ പ്രസ്ഥാനത്തിന്റെ നിക്ഷേപം ഒരു ലക്ഷം കോടി കവിഞ്ഞിരിക്കുന്നു എന്നാണ് അതിൽ പരാമർശിച്ചത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുമ്പോൾ സഹകരണപ്രസ്ഥാനത്തിന്റെ നിക്ഷേപം 65,000 കോടി രൂപയായിരുന്നു. ഒന്നര വർഷം കൊണ്ട് 35,000 കോടി രൂപയായി സഹകരണ നിക്ഷേപം വർദ്ധിച്ചു എന്നുള്ള സ്റ്റേറ്റ്മെന്റാണ് നൽകിയിരിക്കുന്നത്. ഇത് ഒരിക്കലും നടക്കുന്ന കാര്യമല്ല. കാരണം യു.ഡി.എഫ്. അധികാരത്തിൽനിന്ന് പോകുമ്പോൾ 20,000 കോടി രൂപയായിരുന്നു സഹകരണ നിക്ഷേപം. വളരെയധികം ശ്രമം നടത്തിയതിന്റെ ഫലമായാണ് അഞ്ച് വർഷം കൊണ്ട് പ്രസ്തുത തുക 65,000 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ സാധിച്ചത്. ഇത്തരത്തിൽ കള്ളക്കണക്കുകൾ കൊടുത്ത് ജനങ്ങളെ പറ്റിക്കുകയും യഥാർത്ഥത്തിൽ കോ-ഓപ്പറേറ്റീവ്സിനുപകരം ബ്ലേഡ് കമ്പനിയെ കൊണ്ടുവരികയും ചെയ്യുന്നത് ആകസ്മികമായി നടക്കുന്നതാണോ?

ശ്രീ. എം. ഹംസ: ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പുതിയ ഒരു വിഭാഗം ആളുകൾ മാർക്കറ്റിലേക്ക് വരികയും അവർ ജനങ്ങളെ ചൂഷണം ചെയ്യാനുള്ള അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. പാവപ്പെട്ട വനെ കൂടുതൽ പാവപ്പെട്ടവനാക്കി മാറ്റുന്ന ഈ നയം ഡോ. മൻമോഹൻ സിംഗും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും സ്വീകരിക്കുന്നു. അതിന്റെ ഭാഗമായാണ് ഇത്തരത്തിൽ കള്ളക്കണക്കുകൾ പറഞ്ഞ് ജന ങ്ങളെ പറ്റിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നത്. സഹകരണ പ്രസ്ഥാനത്തെ ബോധപൂർവ്വം നശിപ്പിക്കുന്നുവെന്ന് തോന്നുന്ന വിധത്തിയി ലുള്ള നീക്കങ്ങൾ ഞാൻ കാണുകയാണ്. അതിൽ ഒന്നാമത്തെ നീക്കം എന്നുപറയുന്നത് നിക്ഷേപ സമാഹരണത്തിനുവേണ്ടി കഴിഞ്ഞ മാർച്ച് മാസത്തെ ഉപയോഗിച്ചില്ലായെന്നുള്ളതാണ്. രണ്ടാമത്തേത്, ഇവിടത്തെ പ്രാഥമികസഹകരണ സംഘങ്ങളിലേയും ജില്ലാ സഹകരണ ബാങ്കു കളിലേയും ജീവനക്കാർ വളരെയധികം പ്രയാസപ്പെട്ട് സമാഹരിച്ച പണം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇടുന്നതിനുപകരം മൂന്ന് മാസ ങ്ങൾക്കുമുമ്പ് രൂപീകൃതമായ 'എസ്' ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തോട് ഇവർക്ക് നന്ദിയുണ്ടെന്ന് പറയാൻ നമുക്ക് സാധിക്കുമോ? ഇത്തരത്തിൽ പ്രവർത്തിച്ചാൽ സഹകരണ പ്രസ്ഥാനം നില നിൽക്കുമോ? ഐ.എൻ.ജി. വൈശ്യാ ബാങ്കിൽ 190 കോടി രൂപ നിക്ഷേപിച്ചു. ഈ രാജ്യത്തിലെ ജനങ്ങളുടെ നിക്ഷേപം സ്വകാര്യ ബാങ്കുകളിലേക്ക് നിക്ഷേ പിക്കുമ്പോൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം തകർന്നുകൊള്ളട്ടെ, ഞങ്ങൾക്ക് അതിൽ പ്രശ്നമില്ല എന്നുപറയുകയല്ലേ ചെയ്യുന്നത്. അവർ ഇപ്രകാരം പറയാൻ പാടുണ്ടോ? ഇവിടത്തെ ജനങ്ങളുടെ രക്ഷാപ്രസ്ഥാന

മാണ് സഹകരണ പ്രസ്ഥാനം. ഇവിടെ സഹകരണ കോൺഗ്രസ് നടത്തിയല്ലോ. ഞങ്ങൾക്ക് അതിൽ ബഹുമാനമുണ്ട്. ശ്രീ. പിണറായി വിജയനും ശ്രീ. രമേശ് ചെന്നിത്തലയുമെല്ലാം അതിൽ പങ്കെടുത്തു. എല്ലാവരുടെയും സ്വത്തായിട്ടുള്ള സഹകരണ പ്രസ്ഥാനത്തെ, കേരളത്തിലെ മൂന്ന് കോടി ജനങ്ങളുടെ രക്ഷാകവചമായിട്ടുള്ള സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതുവഴി ബ്ലേഡ് മാഫിയയ്ക്ക് കേരളം തുറന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു അവസ്ഥ സൃഷ്ടിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിലെ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം ആകാം. പക്ഷേ ആ രാഷ്ട്രീയം അതിര് കടക്കാൻ പാടുണ്ടോ? ഇപ്പോൾ എന്താണ് ചെയ്യുന്നത്? ഇപ്പോൾ ഒരു നിയമം കൊണ്ടുവന്നു. ആ നിയമത്തിന്റെ ഭാഗമായി മുഴുവൻ കടലാസ് സംഘങ്ങൾക്കും വോട്ടവകാശം ലഭിച്ചു. കടലാസ് സംഘം ജനറൽ ബോഡി യോഗത്തിൽ പങ്കെടുക്കണമെന്ന് പറഞ്ഞ് നോട്ടീസ് അടിച്ചപ്പോൾ ആ നോട്ടീസ് വാങ്ങാനായി ഒരാളെപ്പോലും നിയോഗിക്കാൻ കഴിഞ്ഞില്ല. ഇത്തരത്തിലുള്ള ഈ കടലാസ് സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ സഹകരണ ബാങ്കുകൾ ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ വേണ്ടിയുള്ള നീക്കം നടത്തുകയാണ്. ഇത് രാഷ്ട്രീയമല്ല, കപട രാഷ്ട്രീയമാണ്. ആ കപട രാഷ്ട്രീയം മുഴുവൻ രാഷ്ട്രീയത്തേയും കുഴപ്പത്തിലാക്കും. അതാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഭരണ സമിതികളില്ലാത്ത നീണ്ട ഒരു കൊല്ലം കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? എത്ര എം.എൽ.എ. മാരായിട്ടുള്ള സഹകാരികളുണ്ട്. ഭരണ സമിതി പിരിച്ചുവിട്ട് ആറ് മാസം കൊണ്ട് തെരഞ്ഞെടുപ്പ് നടത്തണ്ടേ? ഇപ്പോൾ ഒരു കൊല്ലം കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്തിയോ? ഒരു കൊല്ലക്കാലമായി ഭരണ സമിതിയില്ലാത്ത, ജനാധിപത്യ വേദിയില്ലാത്ത

ഒരു ശൂന്യവേള സൃഷ്ടിച്ചത് ഈ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാൻ വേണ്ടിയാണ്. എത്ര മോശപ്പെട്ട അവസ്ഥയിലേയ്ക്കാണ് ഇന്ന് എത്തിയിരിക്കുന്നത്? പാലക്കാട് ജില്ലാ ബാങ്കിന്റെ സ്ഥിതി എനിക്കറിയാം. കേരളത്തിലെ ഏറ്റവും നല്ല സഹകരണ ബാങ്കുകളിലൊന്നാണ് പാലക്കാട് ജില്ലാ സഹകരണ ബാങ്ക്. ഈ ബാങ്കിലെ 71 അംഗങ്ങളുള്ള സംഘത്തിന്റെ അംഗത്വം നിഷേധിച്ചുകൊണ്ട് ജനറൽ മാനേജർ ഉത്തരവ് നൽകിയിരിക്കുക യാണ്. ഈ നിയമസഭയ്ക്കകത്തുതന്നെ സഹകരണ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച നിരവധി അംഗങ്ങളുണ്ട്. 71 അംഗങ്ങളുള്ള ഈ സംഘത്തോട് ജനറൽ മാനേജർ പറഞ്ഞത് താങ്കളുടെ സംഘത്തിന് 'എ' ക്ലാസ് അംഗത്വം അനുവദിച്ച് തരുന്നതിനായി ഇതിനോടൊപ്പം അയച്ചുതരുന്ന ഫോറം ഫില്ല് ചെയ്ത് പത്ത് ദിവസത്തിനകം നേരിട്ടോ ഓഫീസിലോ ഹാജരാ ക്കണമെന്നാണ്. 10 ദിവസത്തിനകം ഫോറം ലഭിച്ചില്ലെങ്കിൽ മെമ്പർഷിപ്പ് നൽകുകയില്ല. ഇപ്പോൾ മെമ്പർഷിപ്പ് നൽകാൻ ആർക്കെങ്കിലും അധികാര മുണ്ടോ? 1998-ലെ സുപ്രീംകോടതി വിധി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മി റ്റിക്ക് മെമ്പർഷിപ്പ് നൽകാൻ അധികാരമില്ല. ഗവൺമെന്റിനും മെമ്പർഷിപ്പ് നൽകുന്നതിന് അധികാരമില്ല. ഇവിടെ സഹകാരികളെ ചതിക്കുക, സഹകരണ പ്രസ്ഥാനത്തെ വഞ്ചിക്കുക, സുപ്രീം കോടതി വിധിയെപ്പോലും ലംഘിക്കുക ഈ രൂപത്തിലാണല്ലോ സഹകരണ പ്രസ്ഥാനം പോകുന്നത്? സഹകരണ മേഖലയിൽ ജനറൽ ബോഡി യോഗം നടന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ ബോഡിയിൽ ഭൂരിപക്ഷ പ്രകാരം ഒരാളെ അദ്ധ്യക്ഷ സ്ഥാനത്തേക്ക് പ്രൊപ്പോസ് ചെയ്തു. 380 പേർ അനുകൂലമായും

വളരെ ന്യൂനപക്ഷം പേർ എതിരായും തീരുമാനമെടുത്ത് മിനിറ്റ്സ് തയ്യാറാക്കിയപ്പോൾ ജോയിന്റ് രജിസ്ട്രാർ ആ മിനിട്ട്സുമായി മുങ്ങിപ്പോകുന്ന ജനാധിപത്യത്തിന്റെ കശാപ്പ് ശാലയായി ഈ കേരളത്തെ മാറ്റിയില്ലേ? ഇവിടെ ജോയിന്റ് രജിസ്ട്രാർ അദ്ധ്യക്ഷന് ഒപ്പിടാനായി മിനിട്ട്സ് നൽകുന്നില്ല. എല്ലാ രാഷ്ട്രീയ പാർട്ടിയുടെയും അദ്ധ്വാനത്തിന്റെ ഫലമാണ് സഹകരണ പ്രസ്ഥാനം. അതാണ് രാജ്യത്തിന്റെ രക്ഷാകവചം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന രീതിയിലേക്ക് ഇവർ കൊണ്ടുപോകുകയാണ്. ഇത് ഗുണകരമല്ല. ജനാധിപത്യത്തിൽ മത്സരങ്ങൾ നടക്കട്ടെ, ജനപിന്തുണയുള്ളവർ ജയിക്കട്ടെ, അതിനായി വിട്ടുകൊടുത്തുകൂടേ? പോലീസിന്റെ സംരക്ഷണയിലും മറ്റും ജനാധിപത്യ കശാപ്പ് സഹകരണ മേഖലയിൽ നടത്തുന്നത് എന്തിനാണ്? കേരളത്തിൽ സഖാവ് ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് നെൽ കൃഷിക്കാരന് പലിശരഹിത വായ്പ കൊടുത്തു. ഇന്ന് അതിന് സാധിക്കുന്നുണ്ടോ? ഈ കേരളത്തിൽ ഒരു കൊല്ലക്കാലംകൊണ്ട് പലിശ രഹിത വായ്പ എത്രപേർക്ക് കൊടുത്തു എന്നുള്ള ചോദ്യത്തിന് ഈ നിയമസഭയിൽനിന്നും എനിക്ക് കിട്ടിയ ഉത്തരം 5 പേർക്ക് കൊടുത്തു എന്നുള്ളതാണ്. നെൽകൃഷിക്കാരന് പലിശയില്ലാതെ വായ്പ കൊടുത്ത ഒരു വലിയ പാരമ്പര്യമുള്ള കേരളത്തിൽ അഞ്ച് പേർക്ക് മാത്രമാണ് അത് നൽകാൻ സാധിച്ചത് എന്ന് പറയുമ്പോൾ ഇതിനെ തകർക്കുകയല്ലേ ലക്ഷ്യം? ഇത്തരത്തിൽ ഈ സഹകരണ മേഖലയെ തകർത്ത് ഇവിടെ ബ്ലേഡ് മാഫിയകൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുത്തുകൊണ്ട് മുന്നോട്ട് പോകുകയാണ്. ഇത് തിരുത്തപ്പെടണം. കേരളത്തിന്റെ നിയമ

വകുപ്പുമന്ത്രിയായ ശ്രീ മാണിസാർ ഒരു നിയമപണ്ഡിതനും ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിക്കാൻ അനുമതി നേടിയ ഒരു വ്യക്തിയുമാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്തായാലും അങ്ങ് മാറി മാറി ചിന്തിക്കുന്നുണ്ടെന്ന് ഞങ്ങൾക്കെല്ലാം മനസ്സിലായി. അങ്ങയുടെ ചിന്തയെ, ആ മാറ്റത്തിന്റെ ചിന്തയെ ഒന്ന് ശക്തിപ്പെടുത്തിക്കൊണ്ട് ഈ സഹകരണ മേഖലയെ രക്ഷിക്കണമെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നത്. നിരവധി പാവപ്പെട്ട സ്ത്രീകളെ രക്ഷിക്കുന്ന ഒരു പ്രസ്ഥാനമാണല്ലോ കുടുംബശ്രീ. 39 ലക്ഷത്തോളം കുടുംബങ്ങളെ സഹായിക്കുന്ന ഒരു വലിയ പ്രസ്ഥാനമാണിത്. ആ പ്രസ്ഥാനത്തെ ഒരു കാപട്യം കാണിച്ച് ചതിക്കാൻ പാടുണ്ടോ? അവരോട് അനീതി കാണിക്കാൻ പാടുണ്ടോ? ഇത്തരത്തിലുള്ള അനീതി കാണിച്ചാൽ ഈ പാവപ്പെട്ട സ്ത്രീകൾ എവിടെ പോകും? ഇപ്പോൾ അവർ കുറച്ച് പൈസ സമാഹരിച്ച് വയ്ക്കുകയും പൈസ അങ്ങോട്ടുമിങ്ങോട്ടും കൊടുക്കുകയും കൃത്യമായി കണക്ക് വയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അവരെല്ലാം സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങിയിട്ടുണ്ട്. അവർക്ക് ആത്മാഭിമാനം ഉണ്ടാകുകയും അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് വരികയും ചെയ്തു. കേരളത്തിലെ സ്ത്രീ പ്രസ്ഥാനത്തിന്റെയും സ്ത്രീയുടെ വ്യക്തിത്വത്തിന്റെയും വളർച്ചയുടെ ചരിത്രത്തിൽ ഏറ്റവും നല്ല അദ്ധ്യായം രചിച്ച ഒന്നല്ലേ ഈ കുടുംബശ്രീ പ്രസ്ഥാനം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനത്തിൽ കോൺഗ്രസ്സിലേയും മാർക്സിസ്റ്റ് പാർട്ടിയിലേയും ബി.ജെ.പി.യിലെയും ലീഗിലേയും സ്ത്രീകളുണ്ട്. ആ സ്ത്രീകളുടെ മഹത്തായിട്ടുള്ള

ഒരു സമരമായിരുന്നു ഇവിടെ നടന്നത്. ആ സമരത്തെ 'മാർക്സിസ്റ്റ് അമ്മച്ചി മാരുടെ സമരം' എന്ന് ശ്രീ. എം.എം. ഹസൻ വിശേഷിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: വളരെ വേദനയോടും അമർഷത്തോടും കൂടിയാണ് കേരളത്തിലെ സ്ത്രീ സമൂഹം അതിനോട് പ്രതികരിച്ചത്. തീർച്ചയായും ആ വിഷയത്തെക്കുറിച്ചുതന്നെയാണ് പറയാൻ പോകുന്നത്. കുടുംബശ്രീ പ്രസ്ഥാ നത്തിനെതിരായ കേരള ഗവൺമെന്റിന്റെ നീക്കം കണ്ട് കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേഷ് പ്രതികരിച്ചത് എങ്ങനെയാണെന്ന് എല്ലാവരും കണ്ടതാണ്. "എന്റെ ഭാര്യ ജയശ്രീയാണ്, ജയശ്രീയെന്ന പേരിനോട് എനിക്ക് ഇഷ്ടമാണ്, പക്ഷേ കുടുംബശ്രീയെ മാത്രമേ ഞാൻ സഹായിക്കുകയുള്ളൂ"വെന്നാണ് അദ്ദേഹം പറഞ്ഞത്. 1,94,000 ഓഹരി ഒരാളുടെ കയ്യിലും 60,000 ഓഹരി മറ്റ് ആറ് പേരുടെ കൈവശവുമുള്ള ഇത്തരമൊരു സ്ഥാപനത്തിന് കുടുംബശ്രീ പ്രസ്ഥാനത്തിന് ലഭിക്കേണ്ട 14 കോടി രൂപ കൊടുത്ത് കുടുംബശ്രീ പ്രസ്ഥാ നത്തെ കശാപ്പുചെയ്യാനുള്ള തുടക്കമായിരുന്നില്ലേ എന്ന് സംശയിക്കേണ്ടിയി രിക്കുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനങ്ങളിലെ സ്ത്രീകൾ നടത്തിയിട്ടുള്ള സമരത്തിന്റെ ഭാഗമായി ഗവൺമെന്റ് ഇടപെടുകയും അവരുടെ ഡിമാന്റുകൾ അംഗീകരിക്കുകയും ചെയ്തപ്പോൾ ചില മന്ത്രിമാർക്ക് സഹിച്ചില്ല. ചില മന്ത്രിമാർപോലും അതിനെ തിരായി പ്രതികരിച്ചു. ഇവിടത്തെ കുടുംബശ്രീ പ്രസ്ഥാനങ്ങൾ തകർന്നാൽ ധാരാളം ബ്ലെയിഡ് മാഫിയകൾ ഇനിയും അരങ്ങത്തേക്ക് വരികയും ഈ രാജ്യത്തിലെ ജനങ്ങളെ ചൂഷണം ചെയ്യുന്നൊരു സ്ഥിതിവിശേഷവുമാണ് ഉണ്ടാവുക. അതുകൊണ്ട് കുടുംബശ്രീ പ്രസ്ഥാനത്തെ കശാപ്പുചെയ്യാൻ

ശ്രീ. എം.എം. ഹസ്സനെപ്പോലെയുള്ള നേതാക്കന്മാർക്ക് അവസരം കൊടുക്കാതിരിക്കാൻ നിയമവകുപ്പുമന്ത്രിയുടെ കർശനമായ ഇടപെടൽ ഉണ്ടാകണം. തീർച്ചയായും ഈ നീരാളിപ്പിടിത്തത്തിൽ നിന്ന് കുടുംബശ്രീ പ്രസ്ഥാനത്തെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ഒരു സമീപനം ഉണ്ടാകണമെന്നാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏറെ സംഭാവന ചെയ്തിട്ടുള്ള ഒരു പബ്ലിക് സെക്ടർ കമ്പനിയാണ് കെ.എസ്.എഫ്.ഇ. അതിനെ തകർക്കാൻ പല ചിട്ടിക്കമ്പനികളും പല രീതിയിലുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ നിലനിൽക്കുകയും വളരുകയും ചെയ്തു. കേരളത്തിന് ഒരുപാട് ലാഭം തരുന്ന ഒരു പബ്ലിക് സെക്ടർ കമ്പനിയായ കെ.എസ്.എഫ്.ഇ.യെ തകർക്കരുത്. അതിനെ നിലനിർത്തണം. പാവപ്പെട്ട ധാരാളം ആളുകളെ സഹായിക്കുന്ന ഒരു സ്ഥാപനമാണത്. അതിൽ എല്ലാവരുടെയും പങ്കുണ്ട്. എന്നാൽ ഇപ്പോൾ അതിന്റെ ചെയർമാനും കുടുംബത്തിനും കെ.എസ്.എഫ്.ഇ.-യിൽ നിന്ന് ലോൺ കൊടുത്തുവെന്ന് പത്രങ്ങളിൽ വന്ന വാർത്ത ശരിയാണോ? ഒരു അർബൻ ബാങ്ക് ചെയർമാന്റെ കുടുംബത്തിന് ഇത്തരത്തിൽ ലോൺ കൊടുക്കാൻ സാധിക്കുമോ? ആ സ്ഥാപത്തിന്റെ മെമ്പർമാർക്കോ ഡയറക്ടർമാർക്കോ അവരുടെ കുടുംബങ്ങൾക്കോ അതിനു സാധിക്കുകയില്ലെന്ന് മാത്രമല്ല, അങ്ങനെ ചെയ്യാനും പാടില്ല. ഇവിടെ എന്താണ് ചെയ്തത് എന്നറിയാമോ? ഒരു റിലയബിൾ കസ്റ്റമർ എന്ന പേരിൽ കെ.എസ്.എഫ്.ഇ.യുടെ ചെയർമാനും അദ്ദേഹത്തിന്റെ കുടുംബത്തിനും ലോൺ കൊടുത്തെങ്കിൽ അത് കെ.എസ്.എഫ്.ഇ. യുടെ തകർച്ചയ്ക്ക് തുടക്കം കുറിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സ്ഥാപനം സത്യസന്ധമായി കൊണ്ടുപോകുന്നതിനുള്ള നിലപാട്

സ്വീകരിക്കണം. കേരള സമൂഹത്തിന്റെ പാരമ്പര്യമെന്താണ്? സാമൂഹ്യനീതിയുടെ ഒരു പൈതൃകവും മാതൃകയുമാണ് കേരളം. മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി നിരവധി നിയമങ്ങൾ കൊണ്ടുവന്ന കേരളം, ലോകത്തിനാകെ മാതൃകയായിട്ടുള്ള ഒരുപാട് നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ നിയമങ്ങളെല്ലാം കൊണ്ടുവന്ന കേരളത്തിൽ ബ്ലേഡ് മാഫിയകളെ നിലയ്ക്ക് നിർത്താൻ കഴിയുന്നില്ലെന്ന അവസ്ഥ വരുമ്പോൾ, ബ്ലേഡ് മാഫിയകളെ ആശ്രയിക്കാതെ നിൽക്കാൻ കഴിയുന്ന ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതല്ലേ? അങ്ങനെ ഒരുമിച്ച് നിൽക്കുന്നതിനുപകരം എല്ലാം തകർക്കുന്ന രീതിയിലേക്കാണ് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം പോകുന്നതെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. മറ്റൊരുകാര്യം, കേന്ദ്ര ഗവൺമെന്റിന്റെ പല തീരുമാനങ്ങളിലും വിയോജിപ്പ് പ്രകടിപ്പിക്കുന്ന ഒരു നിയമവകുപ്പുമന്ത്രിയാണ് കേരളത്തിനുള്ളത്. കേന്ദ്രത്തിന്റെ പല തെറ്റായ തീരുമാനങ്ങൾക്കുമെതിരായി സംസാരിക്കാറുള്ള കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കട്ടേ; ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിക്കാൻ പോകുന്ന, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മുമ്പിൽ വന്നിട്ടുള്ള മൈക്രോ ഫൈനാൻസിംഗ് ബില്ലിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങനെ വന്നാൽ കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനങ്ങൾക്ക് ഈ ലോൺ കൊടുക്കാൻ പറ്റുമോ; അത് ആർ.ബി.ഐ. നിയമത്തിന് ബാധകമാകാൻ പോവുകയല്ലേ? അതിന്റെ ഭാഗമായി ഇത് ഇല്ലാതാകാൻ പോവുകയല്ലേ? ഇവിടത്തെ ബ്ലേഡ് മാഫിയകളിൽ നിന്ന് പാവപ്പെട്ട സ്ത്രീകളെ രക്ഷിക്കാനുള്ള ഒരായുധം ഇല്ലാതാകാൻ പോവുകയല്ലേ? ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മുമ്പിലുള്ള ഈ ബിൽ ഇന്ത്യൻ പാർല

മെന്റിൽ അവതരിപ്പിച്ചാൽ അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ നിയമവകുപ്പുമന്ത്രി അതിൽ ഇടപെടുമെന്നും ഇതിനെതിരായി പ്രതികരിക്കുമെന്നും പ്രതീക്ഷിക്കുന്നു. മൈക്രോ ഫൈനാൻസിംഗ് ബിൽ പാസ്സാക്കുകയാണെങ്കിൽ അത് ഇന്നത്തെ കുടുംബശ്രീ പ്രസ്ഥാനങ്ങൾക്ക് ധനകാര്യ ഇടപാടുകൾ നടത്താൻ കഴിയാത്ത ഒരവസ്ഥ സൃഷ്ടിക്കാൻ പോവുകയാണ്. അത് ഇന്ത്യയിൽ ആകെ ഉണ്ടാകുവാൻ പോവുകയാണെങ്കിലും കേരളമാണ് അതിൽ ഏറ്റവും വലിയ അപകടം സഹിക്കാൻ പോകുന്ന സംസ്ഥാനമെന്ന് നിയമവകുപ്പുമന്ത്രിക്ക് അറിയാം. ഇക്കാര്യത്തിൽ നിയമവകുപ്പുമന്ത്രി ഇടപെടണമെന്ന് ഇതിന്റെ ഭാഗമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് രാജ്യാന്തരനിലവാരത്തിൽ കുറച്ച് ബന്ധങ്ങളുള്ളതാണ്. പക്ഷേ, മാണി സാറോ അല്ലെങ്കിൽ ഉമ്മൻ ചാണ്ടിയോ കേന്ദ്ര ഗവൺമെന്റ് റിസർവ് ബാങ്കിനെ അടക്കം അമേരിക്കയ്ക്ക് പണയപ്പെടുത്തിയ അവസരത്തിൽ മാണി സാറിനോ ശ്രീ. ഉമ്മൻ ചാണ്ടിക്കോ എന്ത് ചെയ്യാൻ കഴിയും. ഇന്ന് ഏറ്റവും വലിയ കള്ളത്തരം കാണിക്കുന്നത് റിസർവ് ബാങ്കാണ്. കാരണം, 1934-ൽ ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ റിസർവ്വ് ബാങ്ക് തീരുമാനിക്കുന്ന പലിശ മാത്രമേ ഈ കമ്പനികൾ സ്വീകരിക്കാവൂ എന്നൊരു നിയമം നിലവിലുണ്ട്. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ നഷ്ടത്തിലാണെന്ന കാരണം പറഞ്ഞ് റിസർവ്വ് ബാങ്ക് പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, കോടിക്കണക്കിന് രൂപ പലിശ വാങ്ങുന്ന അനധികൃതമായ ബ്ലേഡ് കമ്പനിയെ പിടിക്കാൻ ഈ റിസർവ് ബാങ്ക് തയ്യാറായിട്ടുണ്ടോ? ശ്രീ. മൻമോഹൻ സിംഗ് അമേരിക്കയുമായി ഉണ്ടാക്കിയ സാമ്പത്തിക കച്ചവട

ത്തിന്റെ ആധികാരികമായ ഇന്ത്യൻ ബാങ്ക് മാത്രമല്ലേ? എന്തെങ്കിലും സെൽഫ് ഐഡന്റിറ്റിയും ഇന്ന് അതിനുണ്ടോ? അതിനെക്കുറിച്ച് എന്തുപറയുന്നു?

ശ്രീ. എം. ഹംസ: 100 ശതമാനവും അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. അതുമാത്രമല്ല, സഹകരണ മേഖലയിൽ ഇൻകം ടാക്സിന്റെ പരിധിയുണ്ടല്ലോ? ഇൻകംടാക്സിന്റെ പരിധിയിൽ നിന്ന് സഹകരണ മേഖലയെ................

ശ്രീ. കെ. എം. മാണി: ശ്രീ. ജി. സുധാകരൻ പറഞ്ഞ അഭിപ്രായത്തോട് നൂറുശതമാനവും യോജിക്കുന്നുവെന്ന് പറഞ്ഞു, ഈ പ്രസ്ഥാവനയോട് നൂറുശതമാനവും വിയോജിക്കുന്ന ധാരാളം പേരുണ്ട്.

ശ്രീ. എം. ഹംസ: ചീഫ് വിപ്പിന് ഈ അഭിപ്രായത്തോട് യോജിപ്പാണുള്ളത്.

ശ്രീ. പി. സി. ജോർജ്: റിസർവ് ബാങ്കിന്റെ അന്യായമായ കൈകടത്തൽ ബാങ്കിംഗ് മേഖലയെ തകർക്കുമെന്ന അഭിപ്രായം എല്ലാവർക്കുമുണ്ട്. പക്ഷേ, ഒരുകാര്യം കുടുംബശ്രീ എന്നുപറയുമ്പോൾ അത് നിങ്ങളുടെ കുടുംബ സ്വത്താക്കി മാറ്റുന്നത് ശരിയാണോ? നിങ്ങൾ അവിടെ പോയി യൂണിയനുണ്ടാക്കുക, ഇല്ലാത്ത സമരമുണ്ടാക്കുക, കുടുംബശ്രീക്കുള്ളിൽ രാഷ്ട്രീയം വരുത്തുക-ആ സ്ത്രീകൾ വളരെ മാന്യമായി അവരുടെ പ്രവർത്തനം നടത്തട്ടെ. നിങ്ങൾ എന്തിനാണ് അതിൽ രാഷ്ട്രീയം കലർത്തുന്നത്? ബഹുമാനപ്പെട്ട തോമസ് ഐസക് വളരെ ബുദ്ധിപരമായി ആ പ്രസ്ഥാനത്തെ കൈകാര്യം ചെയ്യുന്നതുകൊണ്ടല്ലേ ഈ കുഴപ്പമൊക്കെയുണ്ടാകുന്നത്. നിങ്ങൾ അത് വിടൂ, അപ്പോൾ എല്ലാം നന്നാകും.

ശ്രീ. കെ. ശിവദാസൻ നായർ: ഇന്ത്യൻ ബാങ്കിംഗ് രംഗത്തെ റെഗുലേറ്റിംഗ് അതോറിറ്റിയാണ് റിസർവ്വ് ബാങ്ക്. ആ റിസർവ്വ് ബാങ്ക് അമേരിക്ക

ക്കാർക്കുവേണ്ടി ഉണ്ടാക്കിയതോ ശ്രീ. മൻമോഹൻ സിംഗ് ഉണ്ടാക്കിയതോ അല്ല. ഒരു റെഗുലേറ്റിംഗ് അതോറിറ്റി എന്നുള്ള നിലയിൽ റിസർവ്വ് ബാങ്ക് ഇന്ത്യയിലെ സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടും. അങ്ങനെ ഇടപെടുന്നതിനെ വിമർശിക്കുകയോ അതിനോട് വിയോജിപ്പുണ്ടുവുകയോ ചെയ്യാം. പക്ഷേ റിസർവ്വ് ബാങ്കിനെ അമേരിക്കക്കാരൻ കൊണ്ടുവന്നൊരു സ്ഥാപനമാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നത് ശരിയാണോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ: റിസർവ്വ് ബാങ്ക് അമേരിക്കക്കാർ കൊണ്ടുവന്നതാണെന്നൊന്നും ഞാൻ പറഞ്ഞില്ല. 1934-ൽ ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ ഇങ്ങനെയൊരു നിയമമുണ്ടായിട്ടും ഇപ്പോഴും കള്ളപ്പലിശക്കാരെ പിടിക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: ഇവിടെ ശ്രീ. ജി. സുധാകരൻ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ബാങ്ക് റെഗുലേഷനുവേണ്ടിയാണ് റിസർവ്വ് ബാങ്ക് മുഖ്യമായി നിലകൊള്ളുന്നതെങ്കിലും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളെയും ഇപ്പോൾ നിയന്ത്രിക്കുന്നുണ്ട്. കേരള സർക്കാരുമായുള്ള പ്രധാനപ്പെട്ട തർക്കം എന്താണെന്നുവച്ചാൽ ഈ ബാങ്കിതര സ്ഥാപനങ്ങളെ മണി ലെൻഡേഴ്സ് ആക്ടിൽ ഉൾപ്പെടുത്താൻ പാടില്ല, സംസ്ഥാന സർക്കാർ അതിൽ ഇടപെടാൻ പാടില്ല എന്നുള്ളതാണ്. ശ്രീ. ജി. സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ബാങ്കിതര ധനകാര്യ സ്ഥാപനം നടത്തുന്ന തീവെട്ടിക്കൊള്ളയെ നിയന്ത്രിക്കുന്നതിന് റിസർവ്വ് ബാങ്ക് ഇന്നുവരെ മുന്നോട്ടു വന്നിട്ടില്ല. ആ പ്രശ്നത്തിലേക്കാണ് വിരൽ ചൂണ്ടിയത്.

ശ്രീ. രാജു എബ്രഹാം: റിസർവ്വ് ബാങ്കിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞ അഭിപ്രായത്തോട് അങ്ങ് നൂറുശതമാനം യോജിക്കു

കയുണ്ടായി. പക്ഷേ, അതിൽ നിന്ന് വ്യത്യസ്തമായൊരഭിപ്രായമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തിയത്. പക്ഷേ ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് അങ്ങയുടെ അഭിപ്രായത്തോട് നൂറുശതമാനവും യോജിക്കുകയാണുണ്ടായത്. ഇത് കേരള കോൺഗ്രസ്സിൽ പുതിയൊരു വിസ്ഫോടനത്തിന് തുടക്കമിടുമോ എന്ന കാര്യം അങ്ങേയ്ക്ക് അറിയോ?

ശ്രീ. കെ. എം. മാണി: ശ്രീ. രാജു എബ്രഹാം, ഞാൻ പറഞ്ഞത് റിസർവ്വ് ബാങ്കിന് ബാങ്കിംഗ് റെഗുലേഷൻ ആക്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രധാനമായും ബാങ്കിംഗ് സ്വഭാവമുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതാണ്. നോൺ ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് നടത്തുന്ന കൊള്ളയെ നിയന്ത്രിക്കാൻ വേണ്ടി ഈ ഗവൺമെന്റ് നിയമം കൊണ്ടുവന്നിരിക്കുന്നു. റിസർവ് ബാങ്ക് ഇടപെടാത്ത വിടവ് നികത്തുന്നത് ഇപ്രകാരമുള്ള നിയമങ്ങളിലൂടെയാണ് അതിന് ഈ ഗവൺമെന്റ് നേതൃത്വം കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സഭയുടെ ഏറ്റവും വലിയ കുഴപ്പം ഇതാണ്. ഒരു കാര്യം വസ്തുതാപരമായി പറഞ്ഞാൽ അത് രാഷ്ട്രീയമായി. ശ്രീ. രാജു എബ്രഹാം ഇപ്പോൾ കാണിച്ച മര്യാദകേട് മനസ്സിലായില്ലേ? ഈ പരിപാടി നിർത്താതെ നിയമസഭാ സംവിധാനത്തിൽ നിഷ്പക്ഷമായി അഭിപ്രായം പറയാൻ അവകാശമുണ്ടാകില്ല. അത് മേലിലെങ്കിലും ആവർത്തിക്കരുത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങ് തുടരേണ്ടതാണ്. അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യേണ്ടതാണ്. ഒരു ബില്ല് കൂടി പരിഗണിക്കാനുണ്ട്.

ശ്രീ. എം. ഹംസ: റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ പാവപ്പെട്ടവരുടെ കുടുംബശ്രീ. പ്രസ്ഥാനത്തിൽ തൊടാൻ പാടില്ലായിരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിൽ തൊടുന്ന രീതിയിലുള്ള ഒരു നിയമം - മൈക്രോ ഫൈനാൻസിംഗ് ബിൽ പാർലമെന്റിൽ വരാൻ പോകുകയാണ്. പാർലമെന്റിൽ വന്ന് അത് നിയമമാക്കിയാൽ കുടുംബശ്രീ പ്രസ്ഥാനത്തിന് 10 രൂപ അങ്ങോട്ട് കടം കൊടുക്കാനും അതിന്റെ ഒരു ........

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങ് 28 മിനിട്ട് കഴിഞ്ഞിരിക്കുകയാണ്. ഇക്കാര്യം അങ്ങൊന്ന് ശ്രദ്ധിക്കണം.

ശ്രീ. എം. ഹംസ: .........ഞാൻ നിർത്താം. അതുകൊണ്ട് വളരെ ശക്തമായ രൂപത്തിൽ ഇതിനെ ചെറുത്തുതോൽപ്പിക്കുന്നതിനുവേണ്ടി നിയമവകുപ്പുമന്ത്രി ഇടപെടണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. കെ. വിജയൻ: ചെറുകിട വ്യാപാര മേഖലയിൽപ്പോലും കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഇടപെടാൻ തീരുമാനിച്ച സാഹചര്യം, നമ്മുടെ പൊതുമേഖലാ ബാങ്കുകൾ കോർപ്പറേറ്റുകളുടെ കീശയിലാണ് ഇപ്പോൾ. ആ ഒരു സാഹചര്യത്തിൽ കേരളത്തിൽ പ്രത്യേകിച്ച്......ചില ബാങ്കുകൾ ഇപ്പോൾത്തന്നെ തകർന്ന് അതിന്റെ ഒരു പ്രയാസത്തിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ വളരെ ശക്തമായ നിലപാടുകളുമായിപ്പോകുന്ന, സഹകരണ മേഖലയെ തകർക്കുന്ന വിഷയം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അതിലേക്ക് ശക്തമായി നീങ്ങാൻ എന്താണ് പദ്ധതിയെന്ന് ഈ ഗവൺമെന്റ് പറയണ്ടേ?

ശ്രീ. എം. ഹംസ: അതുകൂടി ഞാൻ പറയാൻ പോകുകയാണ്. സഹകരണമേഖലയിൽ നമ്മുടെ സഹകാരിയായിട്ടുള്ള ശ്രീ. കെ. ശിവദാസൻ നായർക്കറിയാം, ഡെപ്പോസിറ്റിന് പലിശ, ആ പലിശ ഇൻകം ടാക്സിന്റെ

പരിധിയിൽപ്പെട്ടിരുന്നില്ല. ഇപ്പോൾ പരിധിയിൽപ്പെട്ടല്ലോ? ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ഇൻകം ടാക്സ് കൊടുക്കേണ്ടിയിരുന്നില്ല. ഇപ്പോൾ കൊടുക്കേണ്ടി വന്നല്ലോ? ഇതെല്ലാം റിസർവ്വ് ബാങ്ക് നമുക്കുണ്ടാക്കുന്ന പൊല്ലാപ്പാണ്. സഹകരണമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അതിന്റെ ലാഭവിഹിതം ഇൻകം ടാക്സിന്റെ പരിധിയിൽപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റർമാരുടെ ഡെപ്പോസിറ്റിന് പാൻ കാർഡുണ്ടെങ്കിൽ 10 % പലിശ പിടിച്ചാൽ മതി. പാൻ കാർഡ് ഇല്ലെങ്കിൽ 20 % പലിശ പിടിക്കണം. പലിശ പിടിച്ച സഹകരണ മേഖലയിലേക്ക് ആരാണ് ഡെപ്പോസിറ്റുമായി വരിക; ആ സഹകരണ പ്രസ്ഥാനത്തിന്റെ പ്രൊട്ടക്ഷൻ പോയില്ലേ; ഇതെല്ലാമുണ്ടാക്കുന്നത് ആർ. ബി. ഐ. ആണെന്ന കാര്യം പറയാതിരിക്കാൻ പറ്റുമോ; അതിൽ നിയമമന്ത്രിക്ക് ഇടപെടാൻ പറ്റണ്ടേ?

ശ്രീ. കെ. ശിവദാസൻ നായർ: സെക്ഷൻ 80 (പി) അനുസരിച്ച് ഡെപ്പോസിറ്റിനെയെല്ലാം ടാക്സബിളാക്കുന്നത് റിസർവ്വ് ബാങ്കല്ല. അത് റിസർവ്വ് ബാങ്കാണെന്ന് വെറുതെ തെറ്റിദ്ധാരണ പറഞ്ഞിട്ട് കാര്യമില്ല. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റാണ് അത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്നത്. അതിനെതിരെ സഹകരണ മേഖലയിലുള്ള മുഴുവൻ ആളുകളും ശക്തമായി നിലപാടെടുത്തിട്ടുണ്ട്, അതിനെ അനുകൂലിക്കുന്നുമില്ല. പക്ഷേ ഇതെല്ലാം കൂടെ ആർ. ബി. ഐ. യുടെ തലയ്ക്ക് കൊണ്ട് വയ്ക്കേണ്ട. വേറൊരു പർപ്പസാണ് ആർ. ബി. ഐ. യ്ക്കുള്ളത്. അത് മനസ്സിലാക്കാതെ നമ്മൾ പറയുന്നതിൽ എന്താണ് അർത്ഥം?

ശ്രീ. എം. ഹംസ: ഇങ്ങനെ ഇൻകം ടാക്സ് പരിധിയിൽ നിന്ന് നിക്ഷേപകരെ സംരക്ഷിക്കണ്ടേ; ബാങ്കുകളെ രക്ഷിക്കണ്ടേ; അതിനുവേണ്ടി നമുക്കൊരുമിച്ച് നിൽക്കണ്ടേ? അപ്പോൾ മൈക്രോഫൈനാൻസ് ബിൽ

വരിക, നിയമനിർമ്മാണങ്ങൾ വരിക, അതുവഴി സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുക, കുടുംബശ്രീയെ നശിപ്പിക്കുക, കെ. എസ്. എഫ്. ഇ.-യെ നശിപ്പിക്കുക - ആശ്രയിക്കാൻ ആരുമില്ലാത്ത അവസ്ഥ വരിക. നമ്മുടെ ബഹുമാനപ്പെട്ട അനൂപ് ജേക്കബാണ് ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. അരിയുടെ വില 42 രൂപയാകുക.

<u>മി. ചെയർമാൻ</u>: 30 മിനിട്ട് കഴിഞ്ഞിരിക്കുന്നു. അങ്ങ് പ്രസംഗം ചുരുക്കാൻ കഴിയുമെങ്കിൽ ചുരുക്കുക.

<u>ശ്രീ. എം. ഹംസ</u>: 50 രൂപയിലേക്കും 100 രൂപയിലേക്കും അരിയുടെ വില ഉയരുക. പഞ്ചസാര കിട്ടാനില്ലാതെ വരിക. മണ്ണെണ്ണ 57 രൂപയ്ക്ക് വാങ്ങേണ്ടിവരിക. കടിഞ്ഞാണില്ലാത്ത രൂപത്തിൽ കേരളം പോയാൽ ഭക്ഷണം കഴിക്കുന്നതിനുവേണ്ടി അരി വാങ്ങാൻ ബ്ലേഡ് മാഫിയകളിലേക്ക് പോകേണ്ട കാലമുണ്ടാകും. ഇങ്ങനെ നമ്മളെ സഹായിക്കേണ്ട ഇത്തരം പബ്ലിക് സെക്ടർ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ഇല്ലാതാകുകയും ചെയ്യുന്ന അപകടം പിടിച്ചൊരു അവസ്ഥയിലേക്ക് കേരളം പോകുമെന്നുള്ളതുകൊണ്ട് ഇത് കേരളം മുഴുവൻ ചർച്ച ചെയ്യട്ടെ, കേരളത്തിലെ ജനങ്ങൾ മുഴുവൻ പഠിച്ച് ഇതിൽ അഭിപ്രായം പറയട്ടെ. അങ്ങനെ ഒരു നല്ല നിയമം ഈ കേരളത്തിൽ വരട്ടെ എന്ന് ഞാൻ പറയുന്നു. ഇവിടെ ശിക്ഷ എന്നുപറയുന്ന ഒരു വകുപ്പ് മാത്രമുണ്ട്. ഈ ശിക്ഷ എന്നുപറയുന്ന വകുപ്പുകൊണ്ട് മാത്രം ഈ നിയമം നടപ്പാക്കാൻ കഴിയുമോ അങ്ങേക്ക്? ശിക്ഷ എന്നുപറയുന്ന വകുപ്പ് കൊണ്ടുമാത്രം ഈ നിയമം നടപ്പാക്കാൻ കഴിയില്ല. അതിന് മറ്റൊരു മെക്കാനിസം വേണം. മണി ലെന്റേഴ്സ് ആക്ട് ഉൾപ്പെടെ ബ്ലേഡ് മാഫിയകളെ ഉൾപ്പെടെ നിയന്ത്രിക്കാൻ ഇന്ന് കേരളത്തിൽ ചുമതലയുള്ളത് 77 ഉദ്യോഗസ്ഥന്മാർക്ക് മാത്രമാണെന്നാണ് നിയമസഭയിൽ കിട്ടിയ

ഒരു ചോദ്യത്തിന്റെ ഉത്തരം. 77 ഉദ്യോഗസ്ഥരെക്കൊണ്ടുമാത്രം വളർന്നു വരുന്ന ഈ ബ്ലേഡ് മാഫിയ, മണൽ മാഫിയ തുടങ്ങിയ മാഫിയാ സംഘത്തെ നിയന്ത്രിക്കാനും പാവപ്പെട്ട ജനങ്ങളുടെ ജീവിതം രക്ഷപ്പെടുത്തി ക്കൊണ്ടുപോകാനും അവരെ വലിയ ചൂഷണത്തിൽ നിന്നും രക്ഷിക്കാനുമുള്ള അവസ്ഥ സൃഷ്ടിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ബില്ലും ബില്ലിലെ നിയമങ്ങളും ഇന്ന് നേരിടുന്ന പ്രതിസന്ധിയെ പരിഹരി ക്കാൻ പറ്റുന്നതല്ല. ഇതിനേക്കാൾ ശക്തമായ നിയമം വേണമെന്നുപറഞ്ഞു കൊണ്ട് .......

<u>ശ്രീ. ജി. സുധാകരൻ</u>: ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും ആർ. ബി. ഐ. മേഖലയിലെ ഡിപ്പാർട്ടുമെന്റും രണ്ടും ഇൻഡ്യാ ഗവൺമെന്റിന്റെ കീഴില ല്ലേ; അതോ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് ഇൻഡ്യക്ക് വെളിയിലാണോ? കാരണം അവർ ചെയ്തുകഴിഞ്ഞാൽ ഇവരൊന്നും അറിയേണ്ടതില്ല എന്ന വാദത്തെപ്പറ്റി അങ്ങ് എന്ത് പറയുന്നു?

<u>ശ്രീ. എം. ഹംസ</u>: ഇൻഡ്യൻ പ്രധാനമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടേയും കീഴിലാണ് ഇതെല്ലാമെന്ന് നമുക്കെല്ലാം അറിയാം. ശ്രീ. കെ. ശിവദാസൻ നായർ ഒന്ന് രക്ഷപ്പെടാൻ വേണ്ടി ഒരു വാക്ക് പറഞ്ഞു വെന്നതൊഴിച്ചാൽ ....കേരളത്തിലെ ഗവൺമെന്റിന്റെ കീഴിലാണ് ഇൻകം ടാക്സ് എന്ന കാര്യത്തിൽ ആർക്കാണ് തർക്കമുള്ളത്?

<u>മി. ചെയർമാൻ</u>: താങ്കളുടെ പ്രസംഗം അവസാനിപ്പിക്കുക.

<u>ശ്രീ. എം. ഹംസ</u>: ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലാണ് ഇൻകം ടാക്സ് എന്ന രൂപത്തിൽ ആർക്കാണ് തർക്കം? ഇൻഡ്യൻ പ്രധാനമന്ത്രി യുടെ കൺട്രോളിലല്ല ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ഇൻഡ്യാ ഗവൺമെന്റിന്റെ.......

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചല്ലോ?

ശ്രീ. എം. ഹംസ: എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്, ബഹുമാനപ്പെട്ട ചെയർ സംരക്ഷണം തന്നാൽ .......ഞാൻ ഈ പ്രസംഗം......

മി. ചെയർമാൻ: അങ്ങ് പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എം. ഹംസ: അതുകൊണ്ട് ഇൻഡ്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്, ധനകാര്യ വകുപ്പുമന്ത്രി ഡോ. ചിദംബരം എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള അപകടരമായ നീക്കങ്ങളിലാണ് ഇതെല്ലാം വരുന്നത്. ഇതിന്റെ ഭാഗമായി ട്ടാണ് കേരളം വലിയ പ്രതിസന്ധിയിലേക്ക് പോകുന്നത്. ഈ പ്രതിസന്ധിക ളിൽ നിന്ന് രക്ഷിക്കാൻ ഈ നിയമം പോരാ എന്ന അഭിപ്രായം ചൂണ്ടി ക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ചെയർമാൻ: 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിച്ച് ശ്രീ. ബെന്നി ബെഹനാൻ സംസാരിക്കേണ്ട താണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, 2012-ലെ കേരള അമിത പലിശ ഈടാ ക്കൽ നിരോധന (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ നിയമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത് ഇവിടെ നേരത്തെ സംസാരിച്ച എന്റെ ബഹുമാന്യ സുഹൃത്ത് സൂചിപ്പിച്ചതുപോലെ സഹകരണ മേഖലയ്ക്ക് എതിരല്ല. അങ്ങ് അത് തിരുത്തുന്നുണ്ടോ? ഇത് കുടുംബശ്രീക്കും എതിരല്ല. കുടുംബശ്രീയെക്കുറിച്ചൊക്കെ വളരെ വാചാല

മായി സംസാരിച്ചു. കുടുംബശ്രീയെ രാഷ്ട്രീയവൽക്കരിക്കുന്നത് ശരിയല്ല. കുടുംബശ്രീക്ക് ഏറ്റവും കൂടുതൽ പണം മാറ്റിവച്ചത് ബഹുമാന്യനായ ഏ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. അതിനുശേഷം കുടുംബശ്രീക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക സഹായം നൽകുന്നത് ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. കുടുംബശ്രീയെ പ്രോത്സാഹിപ്പിക്കാൻ അവരെ സാമ്പത്തികമായി സഹായിക്കുക. നാടൻ പാട്ടുകൊണ്ടും കലാപരിപാടി കൊണ്ടും കുടുംബശ്രീയെ പ്രോത്സാഹിപ്പിക്കാമെന്ന് അപ്പുറത്തിരിക്കുന്നവർ ശ്രമിച്ചാൽ അത് തെറ്റിപ്പോയി എന്ന് ഞാൻ ആമുഖമായി സൂചിപ്പിക്കുകയാണ്. ഈ നിയമത്തിലേയ്ക്ക് ഞാൻ വരുന്നു. ഈ നിയമം സംസ്ഥാനത്ത് പണം കടം കൊടുക്കുന്നത് തടുക്കൽ ബിസിനസ്സ് ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1958-ൽ പാസ്സാക്കിയ ഒരു നിയമം നമുക്കുണ്ടായിരുന്നു. 1958-ൽ പാസ്സാക്കിയ നിയമത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഒരു പുതിയ മാഫിയ സംഘം- ബ്ലേഡ് മാഫിയ സംഘം, പലിശ മാഫിയ സംഘം ഉണ്ടായിരുന്നു. സാധാരണക്കാരെ ചൂഷണം ചെയ്യുന്ന ഈ മാഫിയ സംഘത്തെ നിയന്ത്രിക്കാനായി അമിത പലിശ ഈടാക്കുന്നവർക്ക് കർശനമായ ശിക്ഷാനടപടികൾ കൊടുത്ത് അവരെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ബിൽ അവതരിപ്പിച്ചത്. ഈ നിയമത്തെ ആദ്യം നിരാകരിച്ച് പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമതി കെ. കെ. ലതിക ഇവിടെ സൂചിപ്പിച്ചത് 1958-ലെ നിയമത്തിൽ ചില വകുപ്പുകളുള്ളപ്പോൾ പിന്നെ എന്തിനുവേണ്ടിയാണ് ഈ വകുപ്പ് കൊണ്ടുവരുന്നത്? ഇത് പോലീസുകാർക്കും ഭരണകക്ഷികൾക്കും ദുർവിനിയോഗം ചെയ്യുന്നതിനുവേണ്ടിയി

ട്ടുള്ളതാണ്. 1958-ലുള്ള നിയമത്തിൽ ചില പോരായ്മകളുണ്ട്. ആ പോരായ്മകൾ എന്നുപറയുന്നത് 7-ാം ഉപവകുപ്പ് (1)-ൽ പറയുന്നത് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സാധാരണ കൊമേഴ്സ്യൽ ബാങ്കിൽ നിന്നോ നാഷണലൈസ്ഡ് ബാങ്കിൽ നിന്നോ ഈടാക്കുന്നതിനേക്കാൾ 2% പലിശ കൂടുതൽ ഈടാക്കാനുള്ള അധികാരമാണ് ഈ സ്വകാര്യ ഇടപാടിന് കൊടുത്തിരിക്കുന്നത്. അതിൽ കൂടുതൽ ഈടാക്കിയാൽ അതിനുള്ള ശിക്ഷ വളരെ കുറവാണ്. അമിത പലിശ ഈടാക്കിയാൽ അപ്രകാരം ഈടാക്കിയ തുകയുടെ 3 ഇരട്ടി തുക ശിക്ഷയായി അടച്ചാൽ മതി എന്നതാണ് 1958-ലെ നിയമത്തിൽ പറയുന്നത്. ഇത് അപര്യാപ്തമാണെന്ന് ഭരണപക്ഷത്തിരിക്കുന്നവർക്കും പ്രതിപക്ഷത്തിരിക്കുന്നവർക്കുമറിയാം.

ഡോ. ടി. എം. തോമസ് ഐസക്: അത് ഭേദഗതി ചെയ്താൽ പോരേ?

ശ്രീ. ബെന്നി ബെഹനാൻ: ഡോ. ടി. എം. തോമസ് ഐസക് അതു മാത്രമല്ല. അതുകൊണ്ടുമാത്രം ഈ ബ്ലേഡ് കമ്പനിയുടേയും മാഫിയ സംഘത്തിന്റേയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? ഇല്ല. അപ്പോൾ കുറച്ചുകൂടി കർശനമായ നടപടികൾ വേണം. കുറച്ചുകൂടി സംരക്ഷണം പണം കടമെടുക്കുന്നവർക്ക് കൊടുക്കണം. അങ്ങ് ബില്ല് വായിക്കുന്ന ആളാണെന്ന് എനിക്കറിയാം. ഈ ബില്ല് മുഴുവൻ വായിച്ചാൽ അതിലെ ഓരോ വകുപ്പും അതിന്റെ ഉപവകുപ്പും അനുയോജ്യമായ നിയമങ്ങളാണ് നടപ്പാക്കിയിരിക്കുന്നത്. സ്വകാര്യ പണമിടപാടുകളെക്കുറിച്ച് പറഞ്ഞിരിക്കുന്ന വാക്കുകൾ ഭയാനകമാണ്. സ്വകാര്യ പണമിടപാടിനെക്കുറിച്ച് ബ്ലേഡ് എന്നാണ് പറയുന്നത്. ബ്ലേഡ് എന്ന് കേൾക്കുമ്പോൾത്തന്നെ അത് മനുഷ്യനെ കൊല്ലുന്ന കാര്യമാണെന്ന് അറിയാം. അതുപോലെതന്നെ അതിന്റെ പലിശയ്ക്ക് ദിവസവട്ടി, അമിതപ്പലിശ, മണിക്കൂർവട്ടി, കണ്ടുവട്ടി, മീറ്റർവട്ടി,

തണ്ടൻ തുടങ്ങിയ ഭീകരമായ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇതിന്റെ പലിശ ഈടാക്കുന്നതിലും അതുപോലെ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് നമ്മൾ പല സ്ഥലത്തും പല മാർക്കറ്റുക ളിലും കാണുന്നത് എന്താണ്? രാവിലെ 9 മണിക്ക് ഒരു വ്യക്തി കുറെ പണവുമായി വരും. അദ്ദേഹത്തിന്റെ കൂടെ കുറെ സാമൂഹ്യവിരുദ്ധരും. ഗുണ്ട എന്ന വാക്ക് അൺ പാർലമെന്ററിയായതുകൊണ്ട് അത് ഉപയോഗിക്കു ന്നില്ല. അങ്ങനെ കുറെ ആളുകൾ വരും. അവർ വന്ന് അവിടെ കച്ചവടം നടത്തുന്ന ആളുകൾക്ക് 10000 രൂപ ആവശ്യമുണ്ടെങ്കിൽ 9000 രൂപ കൊടുക്കും. എന്നിട്ട് പറയും, ഞാൻ 6 മണിക്ക് തിരിച്ചുവരും, എനിക്ക് 10000 രൂപ തിരിച്ചുതരണം. പണത്തിന് ആവശ്യമുണ്ട് സ്വാഭാവികമായും മേടിക്കും. മാർക്കറ്റിലുള്ള കച്ചവടക്കാർക്ക് പണമേൽപ്പിച്ച് ഇവർ നേരെ അടുത്തുള്ള ബാറിൽ പോയിരിക്കും. അവർ അവിടെ ചീട്ട് കളിക്കും. കൃത്യം 6 മണിക്ക് വരും. 6 മണിക്ക് വന്ന് ഈ 10000 രൂപ തിരിച്ചുവാങ്ങും. തിരിച്ചു കൊടുത്തില്ലെങ്കിൽ അവരെ മർദ്ദിക്കുന്നു. അവരെ ശാരീരികമായി നേരിടുന്നു. ഇത്തരം എത്രയോ അനുഭവങ്ങൾ നമ്മൾ കണ്ടു. 1958-ലെ വകുപ്പിലെ 3 മാസ കാലാവധി എന്ന് ശിക്ഷയ്ക്ക് ഒരു മാറ്റം വരുത്തിയാൽ നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കുമോ? അതുകൊണ്ടാണ് ഇതിൽ പറഞ്ഞി രിക്കുന്നത് നമുക്ക് ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ വേണം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബില്ലിൽ അസഹ്യപ്പെടുത്തുകയോ അസഹ്യപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷംവരെയാകാ വുന്ന കാലയളവിലേക്കുള്ള തടവും അമ്പതിനായിരം രൂപവരെയാകാവുന്ന

പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് പറഞ്ഞിരിക്കുന്നു. നേരത്തെ മൂന്ന് മാസമായിരുന്നു ശിക്ഷ. ഞാൻ ബഹുമാനപ്പെട്ട കെ.എം. മാണി സാറി നോട് പറയുന്നത് അമ്പതിനായിരം രൂപ എന്നത് കൂട്ടണമെന്നാണ്. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ആളുകളെ ചൂഷണം ചെയ്യുന്ന ഒരു അവസ്ഥ നിലനിൽക്കുന്നു. അതുപോലെ തന്നെ ശ്രീമതി കെ.കെ. ലതികയൊക്കെ ഇവിടെ സംസാരിച്ചപ്പോൾ പോലീസിനെ ക്കുറിച്ച് പറഞ്ഞു. ശ്രീ. കെ.എം. മാണി സാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ വ്യവസ്ഥയനുസരിച്ച് പോലീസിനെ പോലും ആശ്രയിക്കണ്ട. നമുക്ക് നേരിട്ട് കോടതിയിൽ പോകാം. ഇന്ന് രാവിലെ തൊട്ട് അപ്പുറത്തിരി ക്കുന്ന എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ മുഴുവൻ കോടതിയുടെ വിശ്വാസത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. നിങ്ങൾക്ക് നേരത്തെ വിശ്വാസമുണ്ടായിരുന്നില്ല. പക്ഷേ ഈ അടുത്ത കാലഘട്ടത്തിലുണ്ടായ ചില വിധികളുടെ പശ്ചാത്തലത്തിൽ കോടതിയെക്കുറിച്ച് വളരെയധികം ആധികാരികമായി സംസാരിക്കുകയും വിശ്വാസ്യത രേഖപ്പെടുത്തുകയും ചെയ്യുന്നു. കോടതി മുമ്പാകെ പണം കെട്ടിവയ്ക്കുകയും ഹർജി സമർപ്പിക്കു കയും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്നാണ് ഇതിൽ പറഞ്ഞിരി ക്കുന്നതെന്ന് നിങ്ങൾക്കറിയാം. പോലീസിനെ പോലും നമ്മൾക്ക് ആശ്രയിക്കണ്ട. ഇതിന്റെ പേരിൽ അമിതമായി ചൂഷണം ചെയ്യപ്പെടുന്ന ആളുകൾക്ക് കോടതിയിൽ പോകാം. പതിനഞ്ച് ദിവസത്തിനകം തീരുമാന മുണ്ടാകണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. തീരുമാനമുണ്ടായില്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ എന്താണ് എന്നതിനെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ ആലോചിക്കും. അപ്പോൾ ഈ അമിത പലിശയ്ക്ക് ഇരയാകുന്ന ആളുകൾക്ക് കോടതിയുടെ സംരക്ഷണം പോലും കൊടുക്കുന്ന

ഒരു നിയമനിർമ്മാണമാണിത്. ആ നിയമനിർമ്മാണം സഹകരണ സ്ഥാപന ങ്ങൾക്ക് എതിരാണെന്ന് ഇവിടെ പറയുന്നു.

ശ്രീ. ജി. സുധാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഞങ്ങൾ ഇടതു പക്ഷക്കാർക്ക് കോടതിയിൽ വിശ്വാസമില്ല എന്ന് ഞങ്ങൾ പറഞ്ഞുവെന്നാണ് അദ്ദേഹം ആരോപിക്കുന്നത്. ഞങ്ങളുടെ പാർട്ടി അങ്ങനെ പറഞ്ഞിട്ടില്ല. കോടതിയിൽ വിശ്വാസമില്ലെന്ന് ഞങ്ങൾ ആരും പറഞ്ഞിട്ടില്ല. ബൂർഷ്വാ കോടതിയിൽ വിശ്വാസമില്ല എന്നാണ് പറഞ്ഞത്. അതുകൊണ്ട് അത് തിരുത്തണം.

ശ്രീ. ബെന്നി ബെഹനാൻ : ഞാൻ വളരെ ബഹുമാനിക്കുന്ന ഒരാളാണ് അങ്ങ്. അങ്ങ് പറയുന്ന രാഷ്ട്രീയമായ ഇത്തരം പ്രശ്നങ്ങൾക്ക് മറുപടി പറയാൻ ഈ ബില്ലിന്റെ ചർച്ചയിൽ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ കോടതിക്കെതിരെ എത്രയോ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. കോടതിയിൽ വിധി പറഞ്ഞ വിധി കർത്താവിനെ നിങ്ങൾ പ്രതീകാത്മകമായി നാട് കടത്തുന്നു. നിങ്ങൾ കോടതിയുടെ മുമ്പിൽ പോയി മുദ്രാവാക്യം വിളിക്കുന്നു. ഇതെല്ലാം ചെയ്തവരാണ് നിങ്ങൾ. ഞാൻ ആ ജനാധിപത്യ അവകാശത്തെയൊന്നും ചോദ്യം ചെയ്യുന്നില്ല. നിങ്ങളുടെ പാർട്ടി പറഞ്ഞോ ഇല്ലയോ എന്നൊന്നുമല്ല. വാർത്താ മാധ്യമങ്ങളിലൂടെയും നിങ്ങളുടെ നേതാക്കന്മാരുടെ പ്രസംഗത്തിലൂടെയും നിങ്ങൾ ഓരോ സമയത്ത് എടുക്കുന്ന നിലപാടുകളിൽ ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞ ചില കാര്യങ്ങൾ സാന്ദർഭികമായി പരാമർശിച്ചുവെന്നേയുള്ളു. ആ പരാമർശം തെറ്റാണെന്ന് നിങ്ങൾക്ക് തോന്നിയാൽ വേണമെങ്കിൽ അത് പിൻവലി ക്കാനും ഞാൻ തയ്യാറാണ്. വീണ്ടും ഞാൻ നിയമത്തിലേക്ക് വരികയാണ്. ഈ നിയമത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കാണുന്നത്

ഇവിടെ 2% പലിശ മാത്രമല്ല. ഇവിടെ പല പലിശയാണ്. പലിശ, കൂട്ടുപലിശ, പിഴപ്പലിശ, ദിവസപ്പലിശ എന്നിങ്ങനെ പലതും ഇവിടെ ഈടാക്കുകയാണ്. ഇതിനൊക്കെ ഒരു നിയന്ത്രണം വേണം. ഇതിന്റെ നിയന്ത്രണം റിസർവ്വ് ബാങ്കിന് തന്നെ വേണമെന്നില്ല. ഇതിന്റെ നിയന്ത്രണം റിസർവ്വ് ബാങ്കിന്റെ സാമ്പത്തിക നയപരിപാടികളിൽ വരുന്നതല്ല. സംസ്ഥാനത്ത് ഒരു നിയമം പാസാക്കിയാൽ ഇതെല്ലാം നമുക്ക് ചെയ്യാവുന്ന കാര്യമേയുള്ളു. റിസർവ്വ് ബാങ്ക് ഗവർണർ ഇവിടെ പലിശ ഈടാക്കുന്ന ആളുകളെ നിയന്ത്രിക്കുന്നതിനുവേണ്ടിയിട്ട്......... ഇവിടെ സൂചിപ്പിച്ചതുപോലെ അത് ഇന്ത്യൻ പ്രധാന മന്ത്രിയും അതുപോലെ തന്നെ ഡോ. പി. ചിദംബരവും കൂടി തീരുമാനിക്കേണ്ട ഒരു വിഷയമല്ല. നമുക്കുള്ള അവകാശം നമുക്ക് രേഖപ്പെടുത്താൻ കഴിയണം. അതുപോലെതന്നെ ഇവിടെ നേരത്തെ സൂചിപ്പിച്ചു. ഇതിന്റെ അഞ്ചും ആറും ഖണ്ഡികയിൽ .......... ഇപ്പോൾ നടക്കുന്നതെന്താണ്? ആളുകൾ വന്ന് പലിശയ്ക്ക് എടുക്കും. പണം ആവശ്യമുള്ളവൻ പണമെടുക്കും. കുറേ കടലാസിൽ ഒപ്പിടുവിച്ച് വാങ്ങും. ഒപ്പിടുവിച്ച് വാങ്ങുന്നത് അവന്റെ വസ്തുവിന്റെ ഈടായിരിക്കും. അല്ലെങ്കിൽ മറ്റ് ഈടുകളൊക്കെയായിരിക്കും. അവസാനം ഈ പണം തിരിച്ചുകൊടുത്താലും പണം കടം കൊടുക്കുന്ന ആളുകളുടെ സാമ്പത്തികമായ കരുത്തും അവർക്ക് പിൻബലമുള്ള സാമൂഹ്യ വിരുദ്ധരുടെ ശക്തിയും നിമിത്തം ഇവരുടെ പണയത്തിലിരിക്കുന്ന വസ്തുക്കൾ തിരിച്ചുകൊടുക്കുന്നില്ല. ഇതിന്റെ അഞ്ചും ആറും ഖണ്ഡികയിൽ ഒരാളെടുക്കുന്ന വായ്പയിൽ നിയമപരമായി അടയ്ക്കേണ്ട മുതലും പലിശയും കോടതിയിൽ കെട്ടിവച്ച് വായ്പയുടെ ബാധ്യത അവസാനിപ്പിക്കാനും ഒരാൾക്ക് നൽകിയ വായ്പയിന്മേൽ പണം

കൊടുക്കുന്ന ആൾ കൈവശപ്പെടുത്തിയ സ്ഥാവര ജംഗമ വസ്തുക്കളുടെ കൈവശാവകാശം പുന:സ്ഥാപിച്ചുനൽകുന്നതിനും വേണ്ടിയിട്ടുള്ള വകുപ്പുകൾ ഈ പുതിയ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെ സ്വാഗതം ചെയ്യണം. അത് ഏറ്റവും വലിയ കാര്യമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ന് പലരും പണം കടം വാങ്ങിയിട്ട് ആത്മഹത്യ ചെയ്യേണ്ടിവരുന്നത്, പണം തിരിച്ചടച്ചാൽ പോലും അവന്റെ വസ്തുവും അവൻ ജാമ്യപ്പെടുത്തിയിരിക്കുന്ന അവന്റെ മറ്റ് അസെറ്റ്സും തിരിച്ചുകിട്ടാതെ വരുമ്പോഴാണ്. അപ്പോൾ നിരാശരായി പലരും ആത്മഹത്യ ചെയ്യുന്നു. അതിന് ഇവിടെ മൂന്ന് മാസത്തെ ശിക്ഷയ്ക്ക് പകരം വേണ്ടിവന്നാൽ ആത്മഹത്യക്കുള്ള പ്രേരണാ കുറ്റമെടുക്കുന്നതിനുവേണ്ടി ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ മാണി സാറിനോട് ഒരു കാര്യം അഭ്യർത്ഥിക്കുന്നു. നല്ലതാണിത്. പക്ഷേ അത് മിസ്‌യൂസ് ചെയ്യപ്പെടരുതെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും എന്നെ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയാണ് പ്രേരിപ്പിച്ചത് എന്ന് പറഞ്ഞ് ഒരു കത്തെഴുതി വച്ചാൽ കേസെടുക്കേണ്ടി വരും. അതുകൊണ്ട് ഇത് നല്ലതാണ്. പലരും പണം കടമെടുത്ത് ആത്മഹത്യ ചെയ്യുന്നുണ്ട്. അങ്ങനെ ആത്മഹത്യ ചെയ്യുന്നത് അവർക്ക് മാനസികമായ ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടാണ്. പക്ഷേ ഏത് നിയമം ഉണ്ടായാലും ആ നിയമത്തെ പോസിറ്റീവ് ആയി ഉപയോഗിക്കുന്നതിനെക്കാൾ കൂടുതൽ നെഗറ്റീവായി ഉപയോഗിക്കാനുള്ള പ്രവണതയാണ് നമ്മുടെ സമൂഹത്തിലുള്ളത്. ബഹുമാനപ്പെട്ട കെ. എം. മാണി സാർ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിലെ ഒമ്പതാം നമ്പർ ഉപവകുപ്പിൽ ആത്മഹത്യാ പ്രേരണ എന്ന് പറയുന്നത് മിസ്‌യൂസ് ചെയ്യാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വിശദമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം നമ്മുടെ നാട്ടിൽ ഇപ്പോൾ നടക്കുന്നത്

എന്താണ്? നമ്മൾ പണം കൊടുക്കും. പണം കൊടുത്താലും പലപ്പോഴും അത് ക്ലോസ് ചെയ്യാറില്ല. ഈ ബില്ലിന്റെ എട്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നു. പലിശ വകവയ്ക്കൽ :- വായ്പ, അതിന്മേലുള്ള പലിശ തുകയുൾപ്പെടെ, തീർക്കുന്നതിനുവേണ്ടി പണം കടമെടുക്കുന്ന അധമർണ്ണൻ ഫയൽ ചെയ്യുന്ന ഹർജിയിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്ടിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, എന്നുപറഞ്ഞാൽ 2% കൂടുതൽ, നിർദ്ദേശിച്ചിട്ടുള്ള നിരക്കിന് പുറമേ കൂടിയ നിരക്കിൽ ഏതെങ്കിലും പലിശ, അധമർണ്ണൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് വായ്പയിലേക്ക് വകവയ്ക്കുന്നതിന് കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇത്രയും നല്ലൊരു നിയമമാണിത്. ഇതൊന്നും കാണാതെ, ഇതൊന്നും മനസ്സിലാക്കാതെ ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമതി കെ. കെ. ലതികയും പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ കെ. ദാസനും ഇവിടെ എനിക്കുമുമ്പേ പ്രസംഗിച്ച ശ്രീ. എം. ഹംസയും ഇതെല്ലാം കുടുംബശ്രീയെ തകർക്കാനാണെന്നാണ് പറഞ്ഞത്. ഇത് ഇവിടെത്തെ സഹകരണ സ്ഥാപനത്തെ തകർക്കാനാണ് എന്ന് പറഞ്ഞ് ഇത്രയും നല്ല ഒരു നിയമത്തിൽ രാഷ്ട്രീയം കൊണ്ടുവരികയല്ല വേണ്ടത്. നമുക്കറിയാം ഏറ്റവും ഭീകരമായ കാര്യമാണ് ഈ സ്വകാര്യ പണമിടപാടുകാർ ചെയ്യുന്നത്. തമിഴ്നാട്ടിൽ നിന്നും ആളുകൾ വരുന്നുവെന്നും നമ്മുടെ സ്ത്രീകളെ സമീപിക്കുന്നുവെന്നും ഇവിടെ പറഞ്ഞു. ഞാൻ മറ്റൊരു കാര്യം കൂടി സൂചിപ്പിക്കുന്നു. ഈ നിയമം പാസാക്കുന്നതോടൊപ്പം ................. ഇവിടെ നിയമങ്ങളുണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ നിയമങ്ങളുണ്ട്. കർണാടകത്തിൽ ഇതിന് സമാനമായ ഒരു നിയമമുണ്ട്. അവിടെ നിയമമില്ലാത്തതുകൊണ്ടല്ല ആളുകൾ ഇങ്ങോട്ടു

വരുന്നത്. കർണാടക നിയമത്തിന്റെ ഏതാണ്ട് ഡിറ്റോയാണ് നമ്മുടെ നിയമം. തമിഴ്നാട്ടിലെ നിയമവും ഞാൻ വായിച്ചു. അതിന് ഒട്ടേറെ വ്യവസ്ഥകളുണ്ട്. തമിഴ്നാട്ടിൽ നിന്നും കർണാടകത്തിൽ നിന്നും ആളുകൾ ഇവിടെ വന്ന് പണം ആവശ്യമുള്ളവരെ കണ്ടെത്തി സഹോദരിമാരുടെ കൈയിൽ പണം കൊടുത്ത് അവരെ പ്രേരിപ്പിക്കുന്നത് ഒരു നിയമനിർമ്മാണത്തിലൂടെ മാത്രം പരിഹരിക്കപ്പെടുന്ന പ്രശ്നമല്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമ നിർമ്മാണം കൊണ്ട് എല്ലാ കാര്യങ്ങളും നടപ്പാക്കാൻ കഴിയുമെന്ന ഒരു മിഥ്യാബോധം നമുക്കില്ല. ഒരു ജനാധിപത്യ രാജ്യമാണിത്. ആ നിയമ നിർമ്മാണം നടത്തുന്നതോടൊപ്പം തന്നെ നമ്മുടെ സഹോദരിമാരെ ഇത്തരം രംഗങ്ങളിൽ നിന്നും ബോധവൽക്കരണത്തിലൂടെ നമുക്ക് പിൻമാറ്റാൻ കഴിയുമോ? അതിന് ബില്ലിൽ വ്യവസ്ഥ വേണമെന്നില്ല. രാഷ്ട്രീയ പാർട്ടിക്കാരും പൊതുപ്രവർത്തകരുമായ നമ്മൾ ഉൾപ്പെടെയുള്ളവർ ഈ രംഗത്ത് കുറച്ചു കൂടി ഉത്തരവാദിത്വം ഏറ്റെടുത്താൽ നമ്മുടെ സഹോദരിമാരെ രക്ഷിക്കാൻ കഴിയും.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അമിതപലിശ ഈടാക്കുന്നതിനെതിരെ കർശനമായ ശിക്ഷയും നടപടിയും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. ഞാനൊരു അഭിഭാഷകകൂടിയായതുകൊണ്ട് ന്യായമായ ഒരു ചോദ്യം ചോദിക്കുകയാണ്. യഥാർത്ഥത്തിൽ പണം പലിശയ്ക്ക് കടം കൊടുക്കുന്നവർ, നേരത്തെ ശ്രീമതി കെ. കെ. ലതിക ഇവിടെ സൂചിപ്പിച്ചതുപോലെ പതിനായിരം രൂപ കടം കൊടുത്താൽ അതിന്റെ മൂന്നും നാലും ഇരട്ടിക്ക് പ്രോമിസറി നോട്ടും ചെക്കും വാങ്ങിക്കൊണ്ടാണ് ഇടപാട് നടത്തുന്നത്. അപ്പോൾ കോടതിയിലെ

ത്തിയാലും രേഖാമൂലം കാണുന്നത് പലമടങ്ങ് വരുന്ന തുകയായിരിക്കും. ഇത് പരിഹരിക്കാൻ ഈ ബില്ലിൽ എന്തെങ്കിലും മാർഗ്ഗുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇക്കാര്യം ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിലെ ഓരോ വകുപ്പുകളും വായിച്ചാൽ അതറിയാം. ഒരാളുടെ കൈയിൽ നിന്നും അമിതമായി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ അയാൾക്ക് കോടതിയിൽ പോകാം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, പക്ഷേ തെളിവ് കൊടുക്കാൻ കഴിയില്ലല്ലോ.

ശ്രീ. ബെന്നി ബെഹനാൻ: സർ, അതാണ് ഞാൻ നേരത്തെ പറഞ്ഞത്. കൊണ്ടുവരുന്ന എല്ലാ കടലാസും ഒരാൾ ഒപ്പിട്ടുകൊടുക്കാൻ തുടങ്ങിയാൽ ബുദ്ധിമുട്ടുണ്ടാകും. ഇപ്പോൾ നടക്കുന്നതെന്താണ്? ആരു കൊണ്ടുവന്നാലും എല്ലാ കടലാസും ഒപ്പിട്ടുകൊടുക്കും. ഇത് തടയുന്നതിന് നിയമം നടപ്പിലാക്കിയാൽ മാത്രം മതിയാകില്ല. ഇന്നു നടക്കുന്ന ചൂഷണം അവസാനിപ്പിക്കണമെങ്കിൽ ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണം കൊണ്ടുമാത്രം സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നമ്മുടെ സഹോദരിമാരെയും നാട്ടിൻപുറത്തുള്ള പാവപ്പെട്ടവരേയും കബളിപ്പിക്കുകയാണ്. ബാങ്കിൽ നിന്നും പണമെടുത്താൽ അമിതപലിശയാണെന്ന തെറ്റിദ്ധാരണ അല്ലെങ്കിൽ അജ്ഞത നാട്ടിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ഇത്തരം ആളുകൾ വന്ന് സ്വാധീനിക്കുമ്പോൾ, മോഹനസുന്ദരമായ വാഗ്ദാനങ്ങൾ പറയുമ്പോൾ അവരുടെ വലയിൽ വീഴുന്നത്. എത്രയോ ചിട്ടിക്കമ്പനികൾ പൂട്ടിപ്പോയി, എത്രയോ തട്ടിപ്പുകൾ നടന്നു. എന്നിട്ടും ആളുകൾക്ക് മനസ്സിലാക്കാൻ കഴി

യാത്ത സാഹചര്യം നിലനിൽക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് സംസാരിക്കുമ്പോൾ ഇക്കാര്യം കൂടി പരിഗണിക്കണം. അമിത പലിശ ഈടാക്കുന്നതിനെതിരെ പരാതികൾ കൊടുക്കാൻ ഗവൺമെന്റ് പറയുകയാണെങ്കിൽ സ്വാഭാവികമായും ധാരാളം പരാതികൾ വരും. ആ പരാതികൾ പരിശോധിക്കുന്നതിന് നിയമപ്രാബല്യമുള്ള ഒരു ട്രൈബ്യൂണലിനെ കേരളത്തിൽ നിയമിക്കുക, ഇതിൽ കുറ്റക്കാരാകുന്നവരെ ജാമ്യമില്ലാത്ത സാമ്പത്തികകുറ്റത്തിന് ശിക്ഷിക്കാനും അവർ അധികമായി വാങ്ങിയ പലിശ എത്രയാണെങ്കിലും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി ആ പലിശ വിതരണം ചെയ്യുന്നതിനുമുള്ള ക്ലാസുകൾ കൂടി വയ്ക്കുന്നതിന് നിയമതടസ്സമില്ല. അക്കാര്യം നയരൂപീകരണത്തിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങ് പറഞ്ഞ നല്ല നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ആലോചിക്കാവുന്നതാണ്. അങ്ങയുടെ പാർട്ടിയിലുള്ള ആളുകളും സബ്ജക്ട് കമ്മിറ്റിയിലുണ്ടാകും. ഈ ബില്ലിന്റെ മറ്റൊരു പ്രത്യേകത ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണഗതിയിൽ കോടതിയിൽ പോകുന്നതിന് ധാരാളം തുകയാകും. കോടതിഫീസ് 100 രൂപ ആയിരിക്കുമെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 100 രൂപയുണ്ടെങ്കിൽ നമുക്ക് കോടതിയിൽ പോകാം. സാധാരണക്കാരനെ സഹായിക്കുന്നതിനായി ഒരു നിയമനിർമ്മാണത്തിൽ ഇതിൽ കൂടുതലായുള്ള വകുപ്പെഴുതി വയ്ക്കാൻ കഴിയില്ല. കോടതിയിൽ പോയാലുള്ള ചെലവ് എത്രയാണെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്.

ഇത്തരത്തിൽ സാമ്പത്തിക ചൂഷണം നേരിട്ട ഒരു വ്യക്തിക്ക് 100 രൂപ മാത്രം ഫീസ് കൊടുത്ത് കോടതിയിൽ പോയി തന്റെ കൈയിൽ നിന്നും അമിത മായി ഈടാക്കിയിരിക്കുന്ന പലിശ മുതലിലേയ്ക്ക് വരവ് വയ്ക്കണമെന്നും തന്നെ കബളിപ്പിച്ച് ഏറ്റെടുത്തിരിക്കുന്ന വസ്തുവും മറ്റ് അസ്സറ്റുകളും തിരിച്ചുകിട്ടണമെന്ന് അവകാശമായി പറയാനും കഴിയുന്ന ഒരു നിയമത്തെ സ്വാഗതം ചെയ്യുകയും അതിന്റെ ട്രൂ സ്പിരിറ്റിലെടുക്കുകയും ചെയ്യാതെ രാഷ്ട്രീയവൽക്കരിക്കുന്നതുകൊണ്ട് ആർക്കും പ്രയോജനമില്ല. ഈ ബിൽ പോലീസിന് അധികാരം കൊടുക്കുന്നതാണ്, ഭരണകക്ഷിക്ക് അധികാരം കൊടുക്കുന്നതാണ്, സഹകരണ സ്ഥാപനങ്ങളെ തകർക്കുന്നതാണ്, കുടുംബ ശ്രീയെ തകർക്കുന്നതാണ്, ജനശ്രീക്ക് അനുകൂലമാണ് എന്നൊക്കെ പറ യുന്ന സമീപനം ശരിയല്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, അന്യസംസ്ഥാനങ്ങളിൽനിന്നുള്ളവർ പണം കൊണ്ടുവന്ന് സംസ്ഥാന ഗവൺമെന്റിന്റെയോ പ്രാദേശിക ഗവൺമെന്റിന്റെയോ അംഗീകാരമില്ലാതെയാണ് ഉയർന്ന പലിശയ്ക്ക് കടം കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന ഒരു വ്യവസ്ഥയും ഈ ബില്ലിൽ കാണുന്നില്ല. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഇത്തരത്തിൽ നിയമവിരുദ്ധമായി നടക്കുന്ന പ്രവർത്ത നങ്ങളെ നിയമം മുഖാന്തിരം തടയുന്നതിനും ഗവൺമെന്റിന്റെയോ പ്രാദേ ശിക ഗവൺമെന്റിന്റെയോ അംഗീകാരമില്ലാത്തവർക്കുമേൽ ആട്ടോമാറ്റി ക്കായി കേസ്സെടുത്ത് പോകാനും കഴിയുന്ന ഒരു നിയമം നിയമ ഭേദഗതിയി ലൂടെ വരുന്നത് നല്ലതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നുമുള്ള ആളുകൾ പണവുമായി വന്ന് വീടുകളിൽ കയറി ആളുകൾക്ക് വായ്പ കൊടുക്കുന്നതിനെ തടയുന്നതിന് ഗവൺമെന്റിന് ചില പരിമിതികളുണ്ട്. അത് എങ്ങനെയാണ് ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുന്നത്; ഇവരുടെ കൈയിൽ പണമാണെന്ന് അറിയാൻ കഴിയുമോ? അങ്ങനെ തെളിയിക്കേണ്ട ഉത്തരവാദിത്തം കൂടി സ്വഭാവികമായും പണം വാങ്ങുന്നവർക്കുണ്ടാകും. അങ്ങയുടെ മണ്ഡലത്തിന്റെ തൊട്ടടുത്ത നിയോജകമണ്ഡലമായ ഇടുക്കിയിൽ, തമിഴ്നാട്ടിൽ നിന്നും കൈയിലൊരു ബാഗുമായി ആളുകൾ വന്ന് പണം തരാമെന്നു പറയുമ്പോൾ, ആ പണം വാങ്ങാൻ സഹോദരിമാർ തയ്യാറായാൽ, തെറ്റായ മാർഗ്ഗത്തിലൂടെ പണം വാങ്ങാൻ പോകുന്നവര് ചില തട്ടിപ്പുകൾക്ക് ഇരയാകും. അങ്ങനെയാണ് പലർക്കും പറ്റിയിരിക്കുന്നത്. മോഹനസുന്ദരങ്ങളായ അഡ്വർട്ടൈസ്മെന്റ് കൊടുത്ത് ചില സ്വകാര്യ പലിശ കമ്പനികൾ വരാറുണ്ട്. അതിൽ കുറേ കമ്പനികൾ പൊളിഞ്ഞുപോയി. പരസ്യങ്ങൾ വഴി മോഹനസുന്ദര വാഗ്ദാനങ്ങൾ നൽകി ആളുകളെ കബളിപ്പിച്ച് പണം പലിശയ്ക്ക് കൊടുക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ നമുക്ക് കൊണ്ടുവരാം. സ്വകാര്യവ്യക്തികൾ ബാഗിൽ പണവുമായി ഏതെങ്കിലും വീടുകളിൽ ചെന്ന് ആർക്കെങ്കിലും കൊടുക്കുന്നത് ഗവൺമെന്റ് നിയന്ത്രിക്കണമെന്നു പറഞ്ഞാൽ അത് ഏത് ജനാധിപത്യ സംവിധാനത്തിലാണ് നിയന്ത്രിക്കാൻ കഴിയുന്നത്? അത് വാങ്ങാതിരിക്കാൻ കഴിയുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഈ ബില്ലുമായി ബന്ധപ്പെട്ടിട്ടല്ലെങ്കിൽപ്പോലും രാഷ്ട്രീയ നേതൃത്വവും ഭരണ നേതൃത്വവുമൊക്കെ നടപടി സ്വീകരിക്കണം. അതല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുന്നത്. ഈ ബില്ലുമായി

ബന്ധപ്പെട്ടുള്ള ചർച്ചയിലാണ് റിസർവ്വ് ബാങ്കിനെക്കുറിച്ചും നമ്മുടെ സിസ്റ്റത്തെക്കുറിച്ചുമൊക്കെ പരാമർശമുണ്ടായത്. അതിന് ഞാൻ മറുപടി പറയുന്നില്ല, പക്ഷേ ഒരു കാര്യം വളരെ വ്യക്തമാണ്. റിസർവ്വ് ബാങ്കിന്റെ മോണിട്ടറി കൺട്രോളിനെക്കുറിച്ച് നമുക്ക് അഭിമാനിക്കാം. ലോകവ്യാപകമായി സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോഴും അത് ഇൻഡ്യയെ ഒരു പരിധിവരെ ബാധിക്കാതിരുന്നത് റിസർവ്വ് ബാങ്കിന്റെയും നാഷണലൈസ്ഡ് ബാങ്കുകളുടെയും നെറ്റ് വർക്കിലൂടെയാണ് എന്ന് ലോകമെമ്പാടുമുള്ള സാമ്പത്തിക വിദഗ്ദ്ധൻമാർപോലും സമ്മതിക്കുമ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലുള്ളവർ, നിങ്ങളുടെ പാർട്ടിക്കാർ ഈ ബില്ലുമായി ബന്ധപ്പെട്ട് എന്തിനാണ് ആവശ്യമില്ലാത്ത തെറ്റിദ്ധാരണകൾ ഉണ്ടാക്കുന്നത്? നല്ല കാര്യങ്ങൾ വരുമ്പോൾ തെറ്റിദ്ധരിപ്പിക്കാതിരിക്കുകയും ട്രൂ സ്പിരിറ്റിൽ എടുക്കുകയും വേണം. എല്ലാവർക്കും വിരോധമുള്ള ഇവിടത്തെ പലിശ മാഫിയകളെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുന്നതിനും അവർ തെറ്റു കാണിച്ചാൽ, ആളുകളെ കൂടുതൽ കുഴപ്പത്തിലാക്കിയാൽ ആത്മഹത്യാപ്രേരണാ കുറ്റം ചുമത്തി അവരെ കൽത്തുറുങ്കിലടയ്ക്കുന്നതിനും വകുപ്പുള്ളതാണ് ഈ ബിൽ. ഉടൻതന്നെ ഈ ബിൽ പാസ്സാക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സബ്ജക്ട് കമ്മിറ്റിക്ക് കൂടി എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തി ഈ നിയമസഭാ സമ്മേളനം തീരുന്നതിനുമുമ്പുതന്നെ ഈ ബിൽ പാസ്സാക്കി സാമ്പത്തിക കുറ്റവാളികളെ നിയന്ത്രിക്കാൻ വേണ്ടിയുള്ള നടപടിയെടുക്കണം. അതിന് ബഹുമാനപ്പെട്ട മാണിസാറിന് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, യഥാർത്ഥത്തിൽ ഇത് ബ്ലേഡ് മാഫിയയെ നിയന്ത്രിക്കാൻ വേണ്ടിയുള്ള ബില്ലാണ്. വളരെ ഹാർഷായിട്ടുള്ള പല വ്യവസ്ഥകളും ഇതിലുണ്ട്. ബ്ലേഡ് ബാങ്കുകളെ നിയന്ത്രിക്കണമെന്ന് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച പലരും ഇവിടെ പറയുകയുണ്ടായി.....

ശ്രീ. എ. കെ. ബാലൻ: സർ, കൊമേഴ്സ്യൽ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും നിലവിൽ വാങ്ങുന്ന പലിശ റിസർവ്വ് ബാങ്കിന്റെ പലിശയെക്കാളും രണ്ട് ശതമാനത്തിൽ കൂടാൻ പാടില്ല എന്നുള്ളത് മാത്രമാണ് ഈ നിയമത്തിലുള്ളത്. ബ്ലേഡിനെ നിയന്ത്രിക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ഉള്ള ഒരു ക്ലാസുപോലും ഈ നിയമത്തിലില്ല. വെറുതെ നമ്മൾ സംസാരിച്ചിട്ട് കാര്യമില്ല.

ശ്രീ. കെ. എം. മാണി: ശ്രീ. എ.കെ. ബാലൻ, അങ്ങ് ഈ ബിൽ വായിച്ചിട്ടില്ല. കൊമേഴ്സ്യൽ ബാങ്കുകളെ നിയന്ത്രിക്കാൻ എനിക്ക് അവകാശമില്ല. അതിനുള്ള അധികാരം റിസർവ്വ് ബാങ്കിനെയുള്ളൂ. ഇത് കൊമേഴ്സ്യൽ ബാങ്കുകളെ നിയന്ത്രിക്കുന്നതല്ല. നോൺ ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ട്. മണി ലെൻഡേഴ്സ് ആക്ടിൽ വന്നിരിക്കുന്ന ബ്ലേഡ് കമ്പനികളെന്നു പറയുന്ന, പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളുണ്ട്. അതിൽ ചിലത് നല്ല രീതിയിൽ നടക്കുന്നുണ്ട്, ചിലത് മോശമായി നടക്കുന്നതുമുണ്ട്. അവരെ നിയന്ത്രിക്കാൻ വേണ്ടിയാണ്. പൊതുവേ ബ്ലേഡ് മാഫിയ എന്ന് പ്രതിപക്ഷത്തുനിന്ന് ഉയർത്തിയ കൺസെപ്റ്റ്, അതിനെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തെ നിരാകരിക്കണമെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ പ്രമേയം അവതരിപ്പിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോയി. ഇങ്ങനെ പ്രതിപക്ഷത്തുനിന്ന് ചെയ്യാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മാണിസാർ ഞങ്ങളുടെ ഭാഗത്തുനിന്ന് ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് പറഞ്ഞതിലുള്ള വിഷമമാണ് പ്രകടിപ്പിച്ചതെന്ന് തോന്നുന്നു. ഇപ്പോഴത്തെ മണി ലെൻഡേഴ്സ് ആക്ടനുസരിച്ചുതന്നെ ലൈസൻസില്ലാതെ പണം കടം കൊടുക്കുന്ന ആളുകളുടെ പേരിൽ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ട്. കൊഗ്നിസബിൾ ഒഫൻസായിട്ടാണ് നിലവിലുള്ള മണി ലെൻഡേഴ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുന്നവരിൽ നിന്ന് ഇതുപ്രകാരം നടപടിയെടുക്കാം. അതുപോലെ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടനുസരിച്ചും ഇവർക്കെതിരെ കേസ്സെടുക്കാം. ഈ വ്യവസ്ഥകളൊക്കെ നമ്മുടെ സംസ്ഥാനത്തുണ്ട്. അത് പോരാ എന്ന് തോന്നിയതുകൊണ്ടാണ് ഗവൺമെന്റ് ഒരു ഓർഡിനൻസ് ഇറക്കിയത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഞങ്ങൾ ഓർഡിനൻസ് നിരാകരിക്കണമെന്ന് പറഞ്ഞതിനു കാരണം, ആഗസ്റ്റ് 26-ാം തീയതിയാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആഗസ്റ്റ് 27-ന് അത് പ്രാബല്യത്തിൽ വന്നു. ഓർഡിനൻസ് പ്രാബല്യത്തിൽ വന്നിട്ട് അഞ്ചുമാസമായി. നിങ്ങൾ ആർക്കെങ്കിലും ഒരാൾക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എന്തിന് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചു; നിങ്ങൾക്ക് ബില്ലായി കൊണ്ടുവന്നാൽ പോരായിരുന്നോ; അതുകൊണ്ടാണ് ഓർഡിനൻസ് നിരാകരിക്കണം എന്നുള്ള പ്രമേയം ഞങ്ങളുടെ ഭാഗത്തുനിന്നും അവതരിപ്പിച്ചത്. ഒരാളുടെ പേരിലെങ്കിലും കേസ്സെടുത്തിട്ടുണ്ടെങ്കിൽ അത് സഭയിൽ പറയണം.

ശ്രീ. കെ. എം. മാണി : സർ, 'അരി എത്ര' എന്നു ചോദിച്ചാൽ 'പയർ അഞ്ഞാഴി' എന്നു പറയുന്നതുപോലെയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുന്നത്. അദ്ദേഹം പറഞ്ഞ ദു:സൂചന ഞാൻ തള്ളിക്കളയുകയാണ്. ഞാൻ ഇങ്ങനെയുള്ളതൊക്കെ ഇഗ്നോർ ചെയ്യും. ഇവിടെ ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമ ത്തിൽ നിങ്ങൾക്ക് ഭേദഗതികൾ നിർദ്ദേശിക്കാം, അത് പരിഷ്ക്കരിക്കാം, തെറ്റുകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാം. പക്ഷേ, ഈ നിയമ നിർമ്മാണം നിരാകരിക്കണമെന്ന് പറഞ്ഞുകൊണ്ട് പ്രമേയം കൊണ്ടുവരു മ്പോൾ. ബ്ലേഡ് മാഫിയയുടെ കൂടെ ആരാണ് നിൽക്കുന്നത്; അവരെ ആര് സഹായിക്കുന്നു? അതിന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉത്തരം നൽകണം. ചെയ്യരുതാത്ത ഒരു കാര്യമാണ് ഇവിടെ നിങ്ങൾ ചെയ്തത്; മണി ലെന്റേഴ്സ് ആക്ട് ഭേദഗതി ചെയ്താൽ പോരായിരുന്നോ; കോഗ്നീസബിൾ ഒഫൻസ് രജിസ്റ്റർ ചെയ്യാമല്ലോ; എന്നൊക്കെ ബഹുമാന പ്പെട്ട കോടിയേരി ബാലകൃഷ്ണൻ സംശയം പ്രകടിപ്പിച്ചു. മണി ലെൻഡേഴ്സ് ആക്ട് വളരെ സോഫ്റ്റായ ഒരു ചെറിയ നിയമമായിരുന്നു. അതുപ്രകാരം ലൈസൻസ് എടുക്കാതെ ബിസിനസ് നടത്തിയാൽ ആയിരം രൂപയുടെ പിഴയേ വരുന്നുള്ളു. ആ മണി ലെൻഡേഴ്സ് ആക്ടിൽ നിന്നും വ്യത്യസ്തങ്ങളായിട്ടുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബിൽ വായിക്കണം. ഈ ബില്ലിൽ ക്ലാസ് നാലിൽ പറഞ്ഞിരിക്കുന്നത്, നിയമം ലംഘിച്ചാൽ രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങിയാൽ, ലൈസൻസില്ലാതെ പ്രവർത്തിച്ചാൽ മൂന്നു വർഷം കഠിന തടവും 50,000 രൂപ പിഴയുമാണ് ശിക്ഷ. മണി ലെൻഡേഴ്സ്

ആക്ട് പ്രകാരമല്ല ഇങ്ങനെ ചെയ്യുന്നത്. മണി ലെൻഡേഴ്സ് ആക്ട് ഇൻ എഫക്ടീവ് ആണ്. അതുകൊണ്ടാണ് വളരെ കർക്കശമായ വ്യവസ്ഥകളോടു കൂടി ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. മറ്റൊരു കാര്യം കൂടി പറയുവാനാഗ്രഹിക്കുന്നു. മണി ലെൻഡേഴ്സ് ആക്ടിലില്ലാത്തൊരു കാര്യം ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ബെന്നി ബെഹനാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരാളെ ഭീഷണിപ്പെടുത്തിയോ മറ്റോ അമിതമായ പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ anybody can approach the court. ഞാൻ ഇത്രയും തുക കൊടുത്തിട്ടുണ്ടെന്ന് കോടതിയിൽ പോയി പെറ്റീഷൻ കൊടുത്താൽ മതി. അതിന് ഡോക്യുമെന്ററി എവിഡൻസ് വേണമെന്നില്ല. ഓറൽ എവിഡൻസ് ആകാം, സർക്കംസ്റ്റാൻഷ്യൽ എവിഡൻസാകാം. ഒരു എവിഡൻസുമില്ല എന്നു പറഞ്ഞാൽ ഒരു രക്ഷയുമില്ല. അത് ഒരു കൊലപാതകമാണെങ്കിൽപോലും ഒരു എവിഡൻസും ഇല്ലാതെപോയാൽ പ്രതി രക്ഷപ്പെടും. സാധാരണഗതിയിൽ ഒരാൾ കോടതിയെ അപ്രോച്ച് ചെയ്തുകൊണ്ട് എന്നിൽനിന്നും ഇത്ര രൂപ അവർ എക്സ്പ്ലോയിറ്റ് ചെയ്തു എന്നു പറഞ്ഞാൽ അമിതമായി കൊടുത്ത പലിശ വായ്പയിലേയ്ക്ക് തട്ടിക്കിഴിച്ചുകൊണ്ട് അയാൾക്ക് റിലീഫ് കൊടുക്കുന്ന ഒരു നിയമം മണി ലെൻഡേഴ്സ് ആക്ടിൽ ഈ രീതിയിലില്ല. അതുപോലെ കടം എടുത്ത ആളുകളെ പീഡിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുമുണ്ട്. പക്ഷേ, പല സ്ഥാപനങ്ങളും ഡോക്യുമെന്റ്സും പ്രൊമിസറി നോട്ടുമെല്ലാം എഴുതിവാങ്ങിയതിനുശേഷം സമയത്തിന് പണം തിരിച്ചുകൊടുത്തില്ലെങ്കിൽ ഗുണ്ടകളുമായി ചെന്ന് പോലീസുദ്യോഗസ്ഥന്റെ അധികാരത്തോടുകൂടി അവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും അവിടെയുള്ള സാധനങ്ങൾ എടു

ത്തുകൊണ്ടു പോകുകയുമാണ് ചെയ്യുന്നത്. അങ്ങനെയുള്ള കേസ്സുകളുണ്ടായാൽ, അതിന്റെ ഫലമായി ആരെങ്കിലും ആത്മഹത്യ ചെയ്താൽ പ്രേരണാക്കുറ്റം ചെലുത്താനുള്ള നിയമ വ്യവസ്ഥകൾവരെ ഇതിലുണ്ട്. അധമർണ്ണനുവേണ്ടിയുള്ള പരിരക്ഷകളോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് എന്ന് നമ്മൾ ഓർക്കുന്നുവെങ്കിൽ തീർച്ചയായും നിങ്ങളിതിനെ സ്വാഗതം ചെയ്യേണ്ടതല്ലേ; ഇത് നിരാകരിക്കണമെന്നു പറയുന്നത് ശരിയാണോ?

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, അതായത് കേരളത്തിൽത്തന്നെ വളരെ പ്രശസ്തമായിട്ടുള്ള മണപ്പുറം ഫിനാൻസിയേഴ്സ്, മുത്തൂറ്റ് ഫിനാൻസിയേഴ്സ് പോലുള്ള കുറിക്കമ്പനികളും ചിറ്റാൾ സ്ഥാപനങ്ങളും സന്നദ്ധ സംഘടനയെന്ന് രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളും വളരെ വ്യാപകമായി എല്ലാ കോളനികളിലും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾവഴി വലിയ നെറ്റ് വർക്ക് ഉണ്ടാക്കി ഗ്രൂപ്പ് മെക്കാനിസം എന്ന പ്രത്യേക സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് അഞ്ചും പത്തും ആളുകളെ വച്ചുകൊണ്ട് അവരിൽനിന്ന് പൈസ വാങ്ങുകയാണ്. അങ്ങനെ വാങ്ങുന്ന പലിശ കേൾക്കുമ്പോൾ വളരെ ചെറുതാണെന്ന് തോന്നുമെങ്കിലും കണക്ക് കൂട്ടികഴിഞ്ഞാൽ 36 മുതൽ 62 ശതമാനം വരെ പലിശ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അവരെ നിയന്ത്രിക്കാൻ ആവശ്യമായിട്ടുള്ള എന്ത് നടപടിയാണ് അങ്ങ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. മാണി: പഴയ മണി മെർക്കന്റൈൽസ് ആക്ടിലില്ലാത്തതാണ് ഈ നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കമ്പനികൾ, സ്ഥാപനങ്ങൾ, പ്രൈവറ്റ് വ്യക്തി

കൾ, പണം കടം കൊടുക്കുന്നവർ ഇവരൊക്കെ പല രീതിയിൽ വായ്പ കൊടുത്തിട്ട് അമിതമായ പലിശ ഈടാക്കുന്നു. അവരെല്ലാവരും ഇതിനകത്ത് ബുക്ക് ചെയ്യും.

ശ്രീ. വി.എസ്. സുനിൽകുമാർ: (മൈക്ക് ഓഫ്)

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കൊമേഴ്സ്യൽ ബാങ്കുകൾ റിസർവ് ബാങ്കിനെക്കാൾ കൂടുതൽ പലിശ വാങ്ങാൻ പാടില്ല, അതിനാണ് ഈ നിയമമെന്നാണ് പറയുന്നത്.

ശ്രീ. കെ. എം. മാണി : ഒരേ സമയത്ത് രണ്ടുപേർ നിന്ന് സംസാരിച്ചാൽ ശരിയാവുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ക്ലാസ് 3 വായിക്കണം. അമിത പലിശ ഈടാക്കുന്നതിനുള്ള നിരോധന ബിൽ പ്രകാരം ഏതൊരാളും ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു. No person, നിങ്ങൾ പറഞ്ഞ ആരുംതന്നെയാകട്ടെ, ഏത് രീതിയിലാകട്ടെ ഏത് ഫോമിലാകട്ടെ, in which ever form it may be അവരെ മുഴുവൻ ഈ നിയമത്തിൻകീഴിൽ കൊണ്ടുവരാം. അവർ അമിതപലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ കോടതിയിൽ പെറ്റീഷൻ കൊടുക്കാം, അവിടെവച്ച് സെറ്റിൽ ചെയ്യാം. ഇത്രയും മനോഹരമായ ഒരു നിയമം ഇവിടെ കൊണ്ടുവന്നിട്ട് എന്താണിതിനെ എതിർക്കുന്നത്? ഇങ്ങനെയൊരു നിയമനിർമ്മാണം വളരെ നേരത്തെ കൊണ്ടുവരേണ്ടതായിരുന്നു. ഇന്ന് സഭ പിരിഞ്ഞു കഴിഞ്ഞാലുടൻ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് നല്ല നിർദ്ദേശങ്ങളൊക്കെ വന്നാൽ അതുകൂടി ഉൾക്കൊള്ളിച്ച് ഒന്നുകൂടി പരിഷ്ക്കരിക്കാം. ഈ കാര്യത്തിൽ ഒരു നല്ല നിയമം നമുക്ക് പാസ്സാക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ സ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ഈ നിയമം ദുരുപയോഗി

ക്കാൻ പാടില്ല എന്ന് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് വലിയ ഒരു പോയിന്റാണ്. പ്രേരണാക്കുറ്റത്തിന് കേസ്സെടുക്കും എന്ന ക്ലാസ് ദുരുപയോഗിക്കാൻ പാടില്ല.

മി. സ്പീക്കർ : ഒരു നിയമവും ദുരുപയോഗപ്പെടുത്താൻ പാടില്ല.

ശ്രീ. കെ.എം. മാണി : സർ, ഇത് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ദുരുപയോഗത്തിനായി ബില്ലിൽ പഴുതുകളുണ്ടെങ്കിൽ ആ പഴുതുകളും നമുക്ക് അടയ്ക്കാം. കുറ്റവാളികളെ പിടിക്കുന്നതിനും നിരപരാധികളായ ആളുകൾക്കെതിരെ നടപടികൾ ഉണ്ടാകാതിരിക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ ചെയ്യാം. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിക്കണം, ഇത് മാഫിയകളെ തടയാൻവേണ്ടിയുള്ളതാണ്. ഇതിന് വോട്ടിന്റെയൊന്നും ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീമതി കെ.കെ.ലതിക അവതരിപ്പിച്ച 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ.കെ.ലതിക: ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ഓൻഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ ......

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ ..........................

ദേഗഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സാമ്പത്തിക കാര്യം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................................

പ്രതികൂലിക്കുന്നവർ ....................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, അടിയന്തര പ്രമേയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഒരു അഴിമതികേസ്സുമായി ബന്ധപ്പെടുത്തി എന്റെയൊരു ബന്ധുവാണെന്ന രീതിയിൽ ഒരു പരാമർശം നടത്തി. ദീപു എന്ന് പേരും പറഞ്ഞു. അങ്ങനെയൊരു ബന്ധു എനിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത്തരമൊരു ആരോപണം ഉന്നയിക്കുമ്പോൾ ഒന്നുകൂടി അന്വേഷിക്കേണ്ടതായിരുന്നു. അദ്ദേഹത്തെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ച

താകും എന്ന് ഞാൻ വിശ്വസിക്കുന്നു. ആ പരാമർശം പിൻവലിക്കണം. കാരണം എനിക്ക് അങ്ങനെയൊരു ബന്ധുവില്ല. അങ്ങനെയൊരാൾ ഒരു സ്ഥാപനത്തിലും ജോലി ചെയ്യുന്നില്ല. ആ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല.

2012- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ബിൽ)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ മഞ്ഞളാംകുഴി അലി): സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങയുടെ ക്രമപ്രശ്നം എന്താണ്?

ക്രമപ്രശ്നം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ വസ്തുതകൾ ശരിയായ വിധത്തിൽ സഭയെ അറിയിക്കുന്നില്ല. ഇതിൽ പറയുന്നത് ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാവുകയില്ല എന്നാണ്. മാലിന്യ നിർമ്മാർജ്ജനം ഇന്ന് ഏറ്റവും വലിയൊരു പ്രശ്നമായി മാറിയിരിക്കുന്നു. അത് നമ്മുടെ നാടിന്റെ ശാപമായി മാറിയിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനത്തെ സംസ്ഥാനം വലിയൊരു പദ്ധതിയായി ഏറ്റെടുക്കേണ്ടതാണ്. ഇവിടെ സൂചിപ്പിച്ചത് 334 (സി) വകുപ്പു

പ്രകാരം മാലിന്യനിർമ്മാർജ്ജന ഫണ്ട് എന്ന പേരിൽ മുനിസിപ്പാലിറ്റി ഒരു പ്രത്യേക ഫണ്ട് ഉണ്ടാക്കണം എന്നാണ്. മുനിസിപ്പാലിറ്റിയുടെ ഫണ്ട് കൊണ്ടുമാത്രം ഇങ്ങനെയൊരു പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നതെങ്കിൽ ഈ മാലിന്യ സംസ്കരണ പദ്ധതി കേരളത്തിൽ നടപ്പാകാൻ പോകുന്നില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇതിനാവശ്യമായ ഫണ്ട് കൊടുക്കാൻ നിർബന്ധിതമായിത്തീരും. അതോടൊപ്പംതന്നെ ഇതുപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചന്തകൾ, ആശുപത്രികൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ എന്നീ സ്ഥലങ്ങളെല്ലാം വിജ്ഞാപനം ചെയ്യുമ്പോൾത്തന്നെ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് മുനിസ്സിപ്പാലികളിലും കോർപ്പറേഷനുകളിലും ആവശ്യമായ ഉദ്യോഗസ്ഥന്മാർ വേണം. അപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ഈ നിയമം നടപ്പിലാക്കാൻ കഴിയില്ല. കൂടുതൽ ഉദ്യോഗസ്ഥന്മാരെ ഇതിനുവേണ്ടി അനുവദിക്കേണ്ടതായി വരും. അത് സംസ്ഥാന ഗവൺമെന്റിന് അധികച്ചെലവ് ഉണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ട് ഈ വസ്തുതകൾ നിയമസഭയുടെ മുന്നിൽ മറച്ചുപിടിച്ചുകൊണ്ട് പിന്നീട് ഉണ്ടാകാൻപോകുന്ന ചെലവുകളൊന്നും സഭയിൽ അറിയിക്കാതെ അപൂർണ്ണമായൊരു ധനകാര്യ മെമ്മോറാണ്ടവുമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ അനുമതി കൊടുക്കാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അത് അങ്ങയുടെ വിശദീകരണത്തിനുശേഷം മന്ത്രി പറയുന്നതുകൂടി കേൾക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തീർച്ചയായും കേൾക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി(ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ നിയമം നടപ്പിലാക്കുന്നതിന് മതിയായ ഉദ്യോഗസ്ഥ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ കാര്യം എടുക്കുകയാണെങ്കിൽ 213 ഹെൽത്ത് ഓഫീസർമാരുണ്ട്. ചെറിയ കോർപ്പറേഷനുകളിൽ 53 ഓഫീസർമാരുണ്ട്. ഞാനതിന്റെ കണക്ക് പറയാം. ഹെൽത്ത് ഓഫീസർമാർ- 2, ഹെൽത്ത് സൂപ്പർവൈസർ-3, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II- 10 മുതൽ 25 പേർ വരെയുണ്ട്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ 5 മുതൽ 10 വരെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II- 25 മുതൽ 100 വരെ, അറ്റൻഡേഴ്സ് 10 മുതൽ 75 എണ്ണം വരെയുണ്ട്. ഈ രീതിയിൽ പ്രധാനപ്പെട്ട കോർപ്പറേഷനുകളിൽ 213 വരെ സ്റ്റാഫ് സ്ട്രെങ്ത്തുണ്ട്. ചെറിയ കോർപ്പറേഷനുകളിൽ 53 ആകും. അതുപോലെ മുനിസിപ്പാലിറ്റികളിൽ 11 മുതൽ 42 എണ്ണം വരെയുള്ള സ്റ്റാഫ് നിലവിലുണ്ട്. അതുകൊണ്ടുതന്നെ സർക്കാരിപ്പോൾ നൽകുന്ന പ്ലാൻഫണ്ടിൽ നിന്നും ഇവരുടെ ശമ്പളവും മറ്റും നൽകുന്നതുകൊണ്ട് അഡീഷണൽ ചെലവ് വരില്ല. നമ്മുടെ സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പഞ്ചായത്തുകളും വേസ്റ്റ് ഡിസ്പോസലിനുവേണ്ടി ഏകദേശം 500 കോടി രൂപവരെ ഒരു വർഷം ചെലവഴിക്കുന്നുണ്ട്. ഇത് നിയമമാകുകയാണെങ്കിൽ ഫ്ളാറ്റുകൾ, കല്യാണമണ്ഡപങ്ങൾ, ആശുപത്രികൾ, റസ്റ്റോറന്റുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വേസ്റ്റുകൾ അവർതന്നെ സംസ്കരിക്കുന്നതുകൊണ്ട് വളരെ വലിയൊരു സംഖ്യ മുനി

സിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ലാഭിക്കാൻ കഴിയും. അപ്പോൾ സർക്കാരിന് ലാഭമാണുണ്ടാകുക. അല്ലാതെ ഒരധികച്ചെലവും ഇതിന്റെമേൽ വരില്ല.

റൂളിംഗ്.

മി. സ്പീക്കർ: പണച്ചെലവ് അനുവദിക്കുന്ന വകുപ്പുകളോടുകൂടിയ ബില്ലിൽ ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കണമെന്നാണ് ചട്ടം 73 അനുശാസിക്കുന്നത്. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ മൂന്നാംഖണ്ഡ പ്രകാരം മൂലനിയമത്തിന്റെ 334(എ) ഒന്നാം വകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന ഭേദഗതി പ്രകാരം വ്യാപാരശാലകൾ, ആശുപത്രികൾ, ചന്തകൾ തുടങ്ങിയവ പരിശോധിച്ച് മാലിന്യ സംസ്കരണ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടി വരുമെന്നും അതിന് നഗരസഭകൾക്ക് ഗവൺമെന്റ് കൂടുതൽ ഫണ്ട് നൽകേണ്ടി വരുമെന്നും അങ്ങനെയുണ്ടാകുന്ന ആവർത്തന ചെലവ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിക്കാത്തത് ക്രമവിരുദ്ധമാണെന്നുമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിലവിലുള്ള സംവിധാനം ഉപയോഗിച്ചുതന്നെ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാമെന്നും അതിനാൽ ഈ ബിൽ നിയമമാകുമ്പോൾ അധികചെലവ് ഉണ്ടാകില്ലെന്നും ഗവൺമെന്റ് ഭാഗത്തുനിന്നും ഉറപ്പും വിശദീകരണവും നൽകിയിട്ടുണ്ട്. പ്രസ്തുത വിശദീകരണം തൃപ്തികരമാണ്. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബില്ലിന് അവതരണാനുമതി നൽകുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2012-ലെ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭ

രണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**2012- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ബിൽ)**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2012-ലെ കേരള മുനിസിപ്പൽ ആക്ടിലെ 143(എ) വകുപ്പുപ്രകാരം ഒന്നാം ഉപവകുപ്പിൽ ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് മാസത്തിനകം നിശ്ചിത ഫാറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റുമെന്റ് സർക്കാർ ഇതിലേയ്ക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം സമയപരിധി കഴിഞ്ഞതിനുശേഷവും പല മെമ്പർമാരും ഈ സ്റ്റേറ്റുമെന്റ് നൽകിയിരുന്നില്ല. ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. വനിതാ സംവരണം 50% ആയി വർദ്ധിപ്പിച്ചതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പ് ആയതിനാലും വനിതാ കൗൺസിലർമാരുൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങളുടെ വാർഡുകളിലെ വികസന പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നതിനാലും പ്രസ്തുത ചുരുങ്ങിയ കാലാവധിക്കുള്ളിൽ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റ് നൽകാൻ അവർക്ക് കഴിഞ്ഞില്ല. ആയതിനാൽ നിശ്ചിത സമയപ

രിധിക്കുള്ളിൽ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റ് സമർപ്പിക്കാൻ കഴിയാതിരുന്ന ജനപ്രതിനിധികൾ അയോഗ്യരാകുന്നത് ഒഴിവാക്കാനായി പ്രസ്തുത വകുപ്പിലെ 'മൂന്നു മാസത്തിനകം' എന്ന സമയ പരിധി 'പതിനഞ്ച് മാസം' വരെ നീട്ടിക്കൊണ്ട് പ്രസ്തുത വകുപ്പ് മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. രണ്ടാമത്തേത് 334 -ാം വകുപ്പിനുശേഷം കൂട്ടിച്ചേർക്കുന്ന വകുപ്പിനെ സംബന്ധിച്ചുള്ളതാണ്. അതാണ് ഇവിടെ സംസാരിച്ച മാലിന്യ സംസ്കരണം. മാലിന്യം ഉറവിടത്തിൽത്തന്നെ വേർതിരിക്കാതിരിക്കുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിക്കേണ്ടത്, അവരിൽനിന്നും ഫൈൻ വാങ്ങേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം അവതരിപ്പിച്ചിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബില്ലുകൾക്ക് നിരാകരണ പ്രമേയം അവതരിപ്പിക്കുന്ന അംഗങ്ങൾക്ക് സമയ നിബന്ധനയൊന്നുമില്ല. പക്ഷേ രണ്ട് ബില്ലുകൾക്കും കൂടി അനുവദിച്ചിരിക്കുന്ന സമയം മൂന്ന് മണിക്കൂറാണ്. നിങ്ങളുടെ അറിവിനുവേണ്ടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക്കിന് 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: Sir, I move that- "This House resolves to disapprove The Kerala Municipality (Amendment) Ordinance, 2012" (Ordinance No. 43 of 2012).

സർ, 1994-ൽ പാസ്സാക്കിയ മുനിസിപ്പൽ നിയമത്തിനുള്ള ഭേദഗതിയാണ് നമ്മളിപ്പോൾ ചർച്ചയ്ക്കെടുക്കുന്നത്. മാലിന്യ സംസ്കരണത്തി

നുള്ള നടപടികൾ വളരെ വിശദമായി നിയമത്തിന്റെ ഭാഗമാക്കി മാറ്റുകയാണ്. യഥാർത്ഥത്തിൽ ഈ ബില്ലിലെ വകുപ്പുകളും 1994-ലെ മൂലനിയമത്തിലെ വകുപ്പുകളും താരതമ്യപ്പെടുത്തിക്കഴിഞ്ഞാൽ ഈ കാലയളവിനുള്ളിൽ നമ്മുടെ സംസ്ഥാനത്ത് മാലിന്യ പ്രതിസന്ധി എത്രയധികം രൂക്ഷമായി ത്തീർന്നുവെന്നും മാലിന്യ സംസ്കരണത്തിനോട് നമ്മൾ സ്വീകരിക്കുന്ന സമീപനത്തിൽ എന്തെല്ലാം മാറ്റങ്ങൾ വന്നു എന്നുമുള്ളതിന്റെ നാടകീയമായ വിവരണമായിരിക്കും എന്നെനിക്ക് ഉറപ്പുണ്ട്. 1994-ലെ നിയമത്തിൽ മാലിന്യ സംസ്കരണം-ശേഖരിക്കലും അതൊഴിവാക്കലുമെല്ലാം മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്ത്വമാണ്. ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കുന്നതിന് ഉടമസ്ഥനോ കൈകാര്യം ചെയ്യുന്നവർക്കോ ഉത്തരവാദിത്വമില്ല. ഞാൻ വകു പ്പുകൾ വായിക്കുന്നില്ല. 1994-ലെ നിയമം അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ ചുമതലയാണ് മാലിന്യങ്ങൾ നീക്കം ചെയ്യുക എന്നുള്ളത്. അങ്ങനെയൊരു സമീപനമാണ് നമ്മൾ കൈക്കൊണ്ടിരുന്നത്. ഇതിൽത്തന്നെ ഉടമസ്ഥരു ടേയും താമസക്കാരുടേയും കർത്തവ്യത്തെക്കുറിച്ച് മൂലനിയമത്തിൽ പറയുന്നില്ല. പക്ഷേ അത് വളരെ പൊതുവായിട്ടുള്ള പ്രസ്താവന മാത്രമാണ്. അതിന് അപ്പുറത്തേയ്ക്ക് ഒന്നും പോകുന്നില്ല. രണ്ടാമത്തേത്, ഇപ്പോൾ ബഹു മാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സ്രോതസ്സിൽ തന്നെ മാലിന്യം വേർതിരി ക്കുക എന്നുള്ള ഒരു പരാമർശം പോലും 1994-ലെ നിയമത്തിലില്ല. അതിൽ തന്നെ നഗരമാലിന്യങ്ങൾ കളയുന്നതിനുള്ള വ്യവസ്ഥകൾ എന്നുള്ള ക്ലോസ് എടുത്തുനോക്കിയാൽ കമ്പോസ്റ്റിംഗും ലാന്റ് ഫില്ലിംഗും ഡമ്പിംഗുമാണുള്ള ത്. സംസ്കരണത്തെക്കുറിച്ചുള്ള ചിന്ത നമ്മുടെ സംസ്ഥാനത്ത് വന്നിരുന്നില്ല. പ്ലാസ്റ്റിക്കിനെക്കുറിച്ച് പരാമർശമേയില്ല. പിഴയെന്ന് പറയുന്നത് 50രൂപയ്ക്കും

250 രൂപയ്ക്ക് ഇടയ്ക്കാണ്. 1990-ന്റെ ആരംഭത്തിൽപോലും ഇത്രയും രൂക്ഷമായി മാലിന്യപ്രതിസന്ധി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നില്ല. വളരെ പ്രകടമായിരുന്നെങ്കിലും അത്ര അനുഭവവേദ്യമായിരുന്നില്ല. ഇന്ന് നമ്മുടെ നഗര പ്രദേശങ്ങൾ എന്നുപറയുന്നത് കോർപ്പറേഷനും മുനിസിപ്പാലിറ്റികളും സെൻസസ്സ് ടൗണുകളും എടുത്തുകഴിഞ്ഞാൽ കേരളത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 16 ശതമാനമേ വരികയുള്ളു. എന്നാൽ 50 ശതമാനം ജനങ്ങൾ ജീവിക്കുന്നതും 80 ശതമാനം സാമ്പത്തിക വരുമാനവും ഉൽപ്പാദിപ്പിക്കപ്പെടുന്നതും ഇവിടെയാണ്. സ്വാഭാവികമായും നഗരങ്ങളിൽ മാലിന്യങ്ങൾ വളരെയധികം ഉണ്ടാകുന്നു. എന്നുമാത്രമല്ല, ജനങ്ങളുടെ ജീവിത ശൈലി മാറി. കൂടുതൽ പാക്ക് ചെയ്ത സാധനങ്ങൾ, പാചകം ചെയ്ത ഭക്ഷണം തുടങ്ങിയവ വാങ്ങിക്കുകയും ചെയ്തതോടുകൂടി പ്ലാസ്റ്റിക്ക് മാലിന്യങ്ങളും വർദ്ധിച്ചു. ഇന്ന് വലിയൊരു സാമൂഹ്യ-രാഷ്ട്രീയ പ്രശ്നമായി മാലിന്യപ്രതിസന്ധി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ പശ്ചാതലത്തിൽ സമൂലമായ മാറ്റം നമ്മുടെ സമീപനത്തിൽ അത്യന്താപേക്ഷിതമായിരിക്കുകയാണ്. അതിന് ഈ ഭേദഗതി പോര. ഇത് പ്രസക്തമായൊരു പ്രശ്നമല്ലാത്തതുകൊണ്ടല്ല, പ്രസക്തമായൊരു പ്രശ്നം തന്നെയാണ്. പക്ഷേ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി, മാലിന്യപ്രതിസന്ധി പരിഹരിക്കുന്നതിന് അപര്യാപ്തമാണ്. പറഞ്ഞിട്ടുള്ള കാര്യങ്ങൾ പലതും പോരെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടാണ് ഈ ഓർഡിനൻസ് നിരാകരിക്കണമെന്നുള്ള നിലപാട് സ്വീകരിക്കുന്നത്. ഞാൻ ഓരോന്നായി എടുക്കുകയാണ്. നിയമഭേദഗതിയിലെ ഏറ്റവും വലിയൊരു പോരായ്മയെന്താണ്? മൂലനിയമത്തിൽ എന്ന പോലെ തന്നെ ഇവിടെയും വീടുകളെക്കുറിച്ച് പരാമർശമില്ല. കച്ചവട സ്ഥാപനങ്ങൾ,

കല്യാണമണ്ഡപങ്ങൾ, ഫാക്ടറികൾ, ചന്തകൾ, ഫ്ളാറ്റുകൾ ഇവയെല്ലാമുണ്ട്. മൂന്നു നിലയേക്കാൾ കൂടുതലുള്ള വീടുകളെക്കുറിച്ചാണ് പറയുന്നത്. മൂന്ന് നിലയേക്കാൾ കൂടുതലുള്ള വീട് എന്നുപറഞ്ഞാൽ അവയ്ക്ക് ലിഫ്റ്റ് വേണ്ടിവരും. കേരളത്തിലെ വീടുകളിൽ അര ശതമാനം പോലും മൂന്നുനിലയേക്കാൾ കൂടുതലുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. വീടുകളെക്കുറിച്ച് ഒരു പരാമർശം പോലും ഇല്ലാത്ത നിയമഭേദഗതിയാണിത്. എന്നാൽ സർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിൽ വീടുകളിലെ മാലിന്യം 49 ശതമാനമാണ്. ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ എന്നിവയുടെ മാലിന്യം 17 ശതമാനമാണ്. ചന്തകളിലേയും കടകളിലേയും മാലിന്യം 16 ശതമാനവും തെരുവ് മാലിന്യം 9 ശതമാനവും നിർമ്മാണ അവശിഷ്ടങ്ങൾ 6 ശതമാനവും ആശുപത്രികളിലേയും കശാപ്പുശാലകളിലേയും മാലിന്യം 3 ശതമാനവുമാണ്. ഈ രീതി നോക്കുമ്പോൾ പകുതി മാലിന്യം ഇന്ന് സൃഷ്ടിക്കപ്പെടുന്നത് വീടുകളിലാണ്. നാട്ടിൻപുറത്താണെങ്കിൽ മാലിന്യത്തിന്റെ പ്രശ്നം വരുന്നില്ല. പുരയിടത്തിൽ വലിച്ചെറിഞ്ഞാൽ അത് അവിടെ കിടന്ന് വളമായി മാറും. പക്ഷേ നഗരത്തിൽ ഇങ്ങനെ മാലിന്യം വലിച്ചെറിയുന്ന സ്വഭാവം വന്നുകഴിഞ്ഞപ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ചന്തപോലുള്ള കേന്ദ്രങ്ങളിലെ പ്രശ്നങ്ങൾ മാത്രമല്ല, അത് വേണമെങ്കിൽ നമുക്ക് ശേഖരിക്കാനെങ്കിലും പറ്റും. വികേന്ദ്രീകൃതമായി ഓരോ വീട്ടിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തെ കൈകാര്യം ചെയ്യുക എന്നുള്ളതാണ് ഇന്നത്തെ വലിയ വെല്ലുവിളി. ഈ നിയമഭേദഗതിയിലാണെങ്കിൽ അത്തരത്തിലുള്ള പരാമർശമില്ല. 2012 നവംബർ 22-ാം തീയതി കർണ്ണാടക ഹൈക്കോടതി ബാംഗ്ലൂർ മുനിസിപ്പൽ കോർപ്പറേഷന് എതിരായി വളരെ ശ്രദ്ധേയമായൊരു

വിധി പബ്ളിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ നൽകി. അതിൽ കോടതി വിധിച്ചിരിക്കുന്നത് 'വീട് അടക്കം എല്ലാ സ്ഥാപനങ്ങളിലും അവിടെവച്ച് തന്നെ മാലിന്യങ്ങൾ സെഗ്രഗേറ്റ് ചെയ്ത് വേർതിരിക്കണം'. ഇത് നടപ്പാക്കുന്നതിനു വേണ്ടി സമയബന്ധിതമായ ടൈം ടേബിളും കൊടുത്തിട്ടുണ്ട്. കർണ്ണാടക പോലുള്ള സംസ്ഥാനത്ത് പോലും വീടുകളിൽ സെഗ്രഗേറ്റ് ചെയ്യണമെന്നുള്ള ഒരു നിയമവ്യവസ്ഥ വേണമെന്ന് നിർബന്ധിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇത് വിട്ടുകളഞ്ഞത് ഒട്ടും ഉചിതമായിട്ടുള്ള കാര്യമല്ല. ഈ രീതിയിലാണെങ്കിൽ തിരുവനന്തപുരം അടക്കം നേരിടുന്ന പ്രതിസന്ധിയെ മറികടക്കുന്നതിന് സഹായിക്കില്ല. കേരളത്തിലെ മാലിന്യസംസ്കരണ പ്രതിസന്ധിയുടെ മൂലകാരണം സെഗ്രഗേഷൻ സോഴ്സ് ഇല്ലാത്തതാണ്. കേരളത്തിലെ മാലിന്യ പ്ലാന്റുകൾ എടുത്തുനോക്കിയാൽ അവിടെയെല്ലാം തന്നെ വിൻഡ്രോ കമ്പോസ്റ്റിംഗ് ആണ്. കൊടുങ്ങല്ലൂരിലെ slurry ഉണ്ടാക്കുന്ന പ്ലാന്റ് ഒഴിച്ച് ബാക്കി എല്ലാ പ്ലാന്റുകളിലും വിൻഡ്രോ കമ്പോസ്റ്റിംഗ് ആണ്. എങ്ങനെയാണ് വിൻഡ്രോ കമ്പോസ്റ്റ് ചെയ്യുന്നത്? സകല സ്ഥലത്തെയും എല്ലാ ജൈവ/അജൈവ മാലിന്യങ്ങളും ഒരുമിച്ച് കൊണ്ടുവന്ന് വിൻഡ്രോ ചെയ്യുകയാണ്. വിൻഡ്രോ ചെയ്യുക എന്നുവച്ചാൽ കൂട്ടിയിട്ട മാലിന്യം........... ചൂടുകൊണ്ടുതന്നെ കമ്പോസ്റ്റ് ചെയ്തോളും. വേണ്ടിവന്നാൽ സഫീനോക്സും തളിച്ചുകൊടുത്താൽ മതിയാകും. അതാണ് വലിയ സാങ്കേതിക വിദ്യ. അതിനുശേഷം ആ കമ്പോസ്റ്റ് എടുത്ത് ഒരു സ്വിഫ്റ്ററിലിട്ട് അരിക്കുന്നു. അപ്പോൾ വളമെല്ലാം താഴേക്ക് പോകും. പ്ലാസ്റ്റിക്കും തടിക്ഷണവും മെറ്റലുമെല്ലാം സ്വിഫ്റ്ററിൽ കിടക്കും. അത് നമുക്ക് മാറ്റിയെടുക്കാം. രണ്ട് പ്രശ്നമുണ്ട്, ഒന്ന് പ്ലാസ്റ്റിക് തരികളായി കമ്പോസ്റ്റിൽ

ചേർന്ന്, കമ്പോസ്റ്റ് വാങ്ങാൻ ഒരു സ്റ്റാൻഡേർഡ് വിൽപ്പനക്കാരൻ വാങ്ങാൻ തയ്യാറാകില്ല. ആലപ്പുഴയിലെ FACT -യുമായി മാലിന്യസംസ്കരണ പ്ലാന്റ് കരാർ നടത്തി. അവർ വന്ന് പരിശോധിച്ചപ്പോൾ പ്ലാസ്റ്റിക്കിന്റെ അംശം കൂടുതലായതിനാൽ ഉപയോഗിക്കാൻ പറ്റില്ല എന്നാണ് പറഞ്ഞത്. കമ്പോസ്റ്റിംഗ് ഇവിടെ കിടന്ന് പൊടിഞ്ഞാലും പ്ലാസ്റ്റിക് അങ്ങനെയെ കിടക്കുകയുള്ളൂ. രണ്ടാമത്തേത്, തടി കഷണവും മെറ്റലും സ്വിഫ്റ്ററിൽ കിടന്ന് ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും കേടാകും. അത് റിപ്പയർ ചെയ്തില്ലെങ്കിൽ പ്ലാന്റ് പ്രവർത്തിക്കില്ല. ഇതാണ് പ്രതിസന്ധി. അതുകൊണ്ട് മാലിന്യപ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഏറ്റവും അടിസ്ഥാനപരമായ ഇടപെടൽ വേണ്ടത് സോഴ്സിനാണ്. അത് കച്ചവടസ്ഥാപനങ്ങളിൽ മാത്രമല്ല, വീടുകളിൽ സെഗ്രഗേറ്റ് ചെയ്യാൻ കഴിയണം. അത് ഈ നിയമഭേദഗതിയിലില്ല. ഇതൊരു വലിയ പോരായ്മയാണ്. സബ്ജക്ട് കമ്മിറ്റി തലത്തിലെങ്കിലും പരിശോധിച്ച് തിരുത്തേണ്ടതാണ്. ഈ നിയമഭേദഗതിയിൽ സ്വീകരിച്ചിട്ടുള്ളൊരു സമീപനമല്ല കേരള സർക്കാരിന്റേതും ബഹുമാനപ്പെട്ട മന്ത്രിയുടേതും. ഏത് രീതിയിലുള്ള സംസ്കരണമാണ് വേണ്ടത്? ഇന്നത്തെ പ്രതിസന്ധി കണ്ട് പകച്ച് നമ്മൾ കൂടുതൽ കേന്ദ്രീകൃതമായ ഒരു സംസ്കരണ രീതി അവലംബിച്ചുകൊണ്ടിരിക്കുകയാണ്. അതിനാണ് പരിഹാരം കാണേണ്ടത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ പലവട്ടം പ്രസ്താവിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ നയം എന്താണ്? നേരത്തെ മൂന്ന് പ്ലാന്റുകളാണ് കൊണ്ടുവന്നത്. ഇപ്പോൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആറ് പുതിയ പ്ലാന്റുകളാണ് വന്നിട്ടുള്ളത്. കേരളത്തിലുള്ള മുഴുവൻ മാലിന്യവും ജൈവമാലിന്യവും പാക്ക് ചെയ്ത് അവിടെ കൊണ്ടുപോയി ഗ്യാസിഫൈ ചെയ്ത് വൈദ്യുതി ഉണ്ടാക്കാ

നുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. നമ്മുടെ ഇതുവരെയുള്ള അനുഭവം എന്താണ്? ഇതുവരെയുള്ള അനുഭവം കേന്ദ്രീകൃതമായ സംസ്കരണം പരാജയപ്പെട്ടു. പരാജയപ്പെട്ടെന്ന് മാത്രമല്ല, ആ പരാജയത്തിന്റെ അടിസ്ഥാനത്തിൽ ഊതിവീർപ്പിക്കപ്പെട്ട പല പ്രശ്നങ്ങളുടേയും പശ്ചാത്തലത്തിൽ ജനങ്ങളെല്ലാം ഇത് ഭയങ്കര ആറ്റംബോംബ് പോലുള്ള സാധനമാണെന്നാണ് കാണുന്നത്. എവിടെ ഈ കേന്ദ്രീകൃത പ്ലാന്റ് സ്ഥാപിക്കാൻ പറ്റും; അതിന് ആര് സമ്മതിക്കും? ചാലയിൽ ഒരു കേന്ദ്രീകൃത പ്ലാന്റിന് 65 കോടി രൂപയ്ക്ക് അമേരിക്കയുടെ ലോറോ കമ്പനിക്ക് കരാർ വച്ചു. അമേരിക്കൻ സാങ്കേതിക വിദ്യ. അങ്ങയുടെ ക്യാബിനറ്റിലുള്ള ശ്രീ. വി.എസ്. ശിവകുമാർ തന്നെ ഇത് പറ്റില്ലെന്ന് പറഞ്ഞു. ഞാൻ ഇത് പത്രത്തിൽ വായിച്ചതാണ്.

ചാലയിൽ മാലിന്യം മല പോലെ കൂടി അവിടെയുള്ള ആളുകൾ അസ്വസ്ഥരായി മാറിയിരിക്കുകയാണ്. കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പ്ലാന്റ് കേന്ദ്രീകൃതമായി സ്ഥാപിക്കുന്നതിനുതന്നെ ജനങ്ങൾ എതിരാണ്. ലാന്റ് ഫില്ലിംഗിനും ജനങ്ങൾ സമ്മതിച്ചില്ല. മാലിന്യം സോഴ്സിൽത്തന്നെ സംസ്കരിക്കുവാൻ ഉത്തരവാദിത്തം ഏൽക്കുകയും ബാക്കി വരുന്നത് മാത്രമേ പ്ലാന്റിലേയ്ക്ക് കൊണ്ടുവരികയുള്ളൂ എന്നുമുള്ള ബോധ്യം ജനങ്ങൾക്കില്ലെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾ പ്ലാന്റ് സ്ഥാപിക്കാൻ സമ്മതിക്കില്ല. ഇതാണ് കേരളത്തിലെ സാമൂഹിക യാഥാർത്ഥ്യം. എന്നാൽ സോഴ്സിൽ സംസ്കരിക്കുന്നതിനുള്ള സമീപനത്തിനുപകരം കേന്ദ്രീകൃത പ്ലാന്റിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് നമ്മൾ പറയുന്നത്. ഇത് ജനങ്ങൾക്കിടയിൽ നടപ്പാക്കുന്നതിൽ വലിയ പ്രയാസം സൃഷ്ടിക്കുകയാണ്. കർണ്ണാടക ഹൈക്കോടതിയിലെ വിധി വായിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ടെമ്പററി ആയി

ലാന്റ് ഫില്ലിംഗും മറ്റും രണ്ടോ മൂന്നോ മാസത്തേയ്ക്ക് വേണ്ടി വരും. അതുകഴിഞ്ഞാൽ അവിടത്തെ 28 അസംബ്ലി കോൺസ്റ്റിറ്റുവൻസിയിൽ ഓരോന്നിലും രണ്ട് മാസത്തിനുള്ളിൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും. 4 മാസത്തിനുള്ളിൽ ബാംഗ്ലൂർ കോർപ്പറേഷനിലെ 198 വാർഡുകളിലും പ്ലാന്റ് സ്ഥാപിക്കണം. ഒരു വർഷത്തിനുള്ളിൽ ഒരു വാർഡിൽ 4 കേന്ദ്രങ്ങളെങ്കിലുമുണ്ടാകണം. ഇതാണ് വികേന്ദ്രീകൃത സംസ്കരണം എന്നുപറയുന്നത്. ഇത്തരത്തിലൊരു സമീപനം നമ്മുടെ നിയമത്തിലുണ്ടോ? നിയമത്തിൽ സംസ്കരിക്കുന്നതിന്റെ ചുമതലയെക്കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സമീപനം ഇതിന് കടക വിരുദ്ധമായതുകൊണ്ട് ഈ സമീപനം ഉപേക്ഷിക്കണം. കേന്ദ്രീകൃത പ്ലാന്റുകൾ 6 എണ്ണം സ്ഥാപിക്കാനായി കമ്പനികളുമായി എം.ഒ.യു വച്ചാൽ മിനിമം എത്ര ക്വാണ്ടിറ്റി മാലിന്യം കൊടുക്കേണ്ടി വരും. ബില്ലിൽ പറഞ്ഞതുപോലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണംകൂടി നടപ്പാക്കാൻ തീരുമാനിച്ച നിങ്ങളുടെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. അങ്ങനെ നടപ്പാക്കിയാൽ കേന്ദ്രീകൃത പ്ലാന്റിന് ജൈവമാലിന്യം കൊടുക്കാൻ കഴിയുമോ. നിങ്ങളുടെ മനസ്സിൽ ഇപ്പോൾത്തന്നെ ഈ നിയമത്തിൽ പറയുന്നത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കേന്ദ്രീകൃത സംസ്കരണമാണെങ്കിൽ കൂടുതൽ മാലിന്യം ആവശ്യമായിവരുമെന്നാണ് അങ്ങ് പറഞ്ഞുവരുന്നത്. കേന്ദ്രീകൃത സംവിധാനം വരുന്നതിന് ധാരാളം സമയമെടുക്കും. അതിനുമുമ്പായി വികേന്ദ്രീകൃത സംവിധാനം തന്നെയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ നിയമത്തിൽ അത് ചേർക്കാൻ കഴിയില്ല. നിലവിലുള്ള സംവിധാനത്തിൽ വേസ്റ്റിന്റെ ക്വാ

ണ്ടിറ്റി ലാസ്റ്റ് ഡെസ്റ്റിനേഷനിൽ ഏറ്റവും കുറച്ച് കൊണ്ടുവരികയെന്നുള്ള താണ് പ്രധാനപ്പെട്ട മാർഗ്ഗം. അതിനുവേണ്ടി മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുകയും ഉറവിടത്തിനും ഫൈനൽ ഡെസ്റ്റിനേഷനുമിടയ്ക്ക് ഒരു സ്ഥലം കൂടി സംസ്കരിക്കാനായി കണ്ടെത്തുകയും വേണം. പക്ഷേ അതിന് വീട്ടുകാരെയല്ല ചുമതലപ്പെടുത്തേണ്ടത്. അതാത് കോർപ്പറേഷനുകളും മുനി സിപ്പാലിറ്റികളുംതന്നെ സംസ്കരണം പൂർണ്ണമായി ഏറ്റെടുക്കണം. അപ്പോൾ നിയമത്തിൽ അത് ചേർത്തതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും ഗുണമുണ്ടാ കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിയമത്തിൽ പറഞ്ഞ കാര്യം ഞാൻ അംഗീകരിക്കുന്നു. വീടില്ലെന്ന് മാത്രമേയുള്ളൂ. വീട് വീട്ടു കളഞ്ഞത്................

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, വീട് വിട്ടുകളഞ്ഞതല്ല. വീട്ടിലുള്ള മാലിന്യം സംസ്കരിക്കുന്ന തിനുവേണ്ടി പൈപ്പ് കമ്പോസ്റ്റിംഗ് തുടങ്ങി മറ്റുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. പക്ഷേ നിയമപരമായി വീട്ടുകാർതന്നെ സംസ്കരി ക്കണമെന്നാവശ്യപ്പെടാൻ കഴിയില്ല. കാരണം ഇതുവരെ മാലിന്യം സംസ്കരി ച്ചിരുന്നത് മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പഞ്ചായത്തുകളുമാണ്. അത് അവരുടെ ഉത്തരവാദിത്തമായതിനാൽ അവർ തന്നെ ചെയ്യണം. എന്നാൽ പൈപ്പ് കമ്പോസ്റ്റിംഗ് പോലെയുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപി ക്കുന്നതിന് അവരെ നമ്മൾ പ്രോത്സാഹിപ്പിക്കണം. മറ്റൊരു കാര്യം അഞ്ചാറ് വർഷം മുമ്പുള്ള കണക്കുപ്രകാരം ഒരു ദിവസം കേരളത്തിലുണ്ടാകുന്നത് 8500 ടൺ മാലിന്യമാണ്. അത് ഇപ്പോൾ വളരെ കൂടിയിട്ടുണ്ടാകും. 6

പ്ലാന്റിലും കൂടി ഒരു ദിവസം 2000 ടൺ മാലിന്യം മാത്രമേ പ്രോസ്സസ് ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വേസ്റ്റ് ധാരാളമുണ്ടാകും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞതിലുള്ള വ്യത്യാസം ഈ നിയമത്തിലെ സമീപനം അംഗീകരിച്ച് നടപ്പാക്കുകയാണെങ്കിൽ കേന്ദ്രീകൃത പ്ലാന്റ് പ്രവർത്തിപ്പിക്കാനുള്ള ജൈവ മാലിന്യം കിട്ടില്ലെന്നാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 190 ടൺ മാലിന്യം ഒരു ദിവസമുണ്ടാകുന്നു എന്നാണ് ഔദ്യോഗിക കണക്ക്. അവിടെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കണമെന്നുണ്ടെങ്കിൽ മിനിമം 50 ടൺ മാലിന്യം ലഭിക്കണമെന്നാണ് പറയുന്നത്. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ആവശ്യത്തിന് മാലിന്യം ഇല്ലാത്തതുകൊണ്ട് ചേർത്തലയുംകൂടി ചേർത്ത് ഒന്നാക്കാൻ പറ്റുമോയെന്ന് നോക്കിയിരുന്നു. ഇപ്പോൾ അവിടെ മാലിന്യം സ്രോതസിൽത്തന്നെ സംസ്കരിക്കുന്നതിനുവേണ്ടി വലിയൊരു ബഹുജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. നമ്മുടെ വീട്ടിലെ കക്കൂസിലെ മാലിന്യം വീട്ടിൽത്തന്നെ സംസ്കരിക്കാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് അടുക്കളയിലെ മാലിന്യവും വീട്ടിൽത്തന്നെ സംസ്കരിച്ചുകൂടേ എന്ന് ചോദിക്കുമ്പോൾ ആൾക്കാർക്ക് മനസ്സിലാകും. രണ്ടാമത്തെ കാര്യം പാചകവാതകത്തിന് വില കൂടുകയും ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്തതോടുകൂടി പാചകവാതകത്തിനുപകരം ബയോഗ്യാസ് ഉപയോഗിക്കാനുള്ള താത്പര്യം വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റ് അക്സപ്റ്റബിളാണ്. എന്നുമാത്രമല്ല ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച വീട്ടുകാർ അടുത്ത വീടുകളിലെ മാലിന്യംകൂടി ശേഖരിക്കാൻ തയ്യാറാണ്. 4 പേരുള്ള ഒരു കുടുംബത്തിലെ

മാലിന്യം ഉപയോഗിച്ചാൽ ഒന്നര മണിക്കൂർ ഉപയോഗിക്കാനുള്ള പാചകവാതകം ലഭിക്കും. അടുത്തുള്ള 4 വീടുകളിലെ മാലിന്യംകൂടി ശേഖരിച്ച് ഉപയോഗിച്ചാൽ പുറത്തുനിന്നുള്ള പാചകവാതകത്തിന്റെ ആവശ്യം വരുന്നില്ല. അതുകൊണ്ട് വീടുകളുമായി ബന്ധപ്പെട്ട് ലഘു ക്ലസ്റ്ററുകൾ ഉണ്ടാക്കാൻ സാധിക്കും. കുറച്ചുവീടുകൾ മാലിന്യം സംസ്കരിക്കാൻ താല്പര്യമില്ലാത്തവരുണ്ടാകും. അവർക്കുവേണ്ടി കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാം. കോളനികളുമായി ബന്ധപ്പെട്ട് കോളനികളിലെ വെള്ളം ചൂടാക്കാനായി അവിടെ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാം. കക്കൂസ് വേസ്റ്റുംകൂടി എടുത്താണ് അവിടെ ഒരു മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നത്. ഇത് നടപ്പിലായാൽ ഏപ്രിൽ-മെയ് മാസമാകുമ്പോൾ 10 വാർഡുകളിലെങ്കിലും മാലിന്യം പുറത്തേയ്ക്ക് കൊണ്ടുപോകേണ്ടതായി വരില്ല. ഈയൊരു സമീപനം വന്നാൽ 50 ടൺ മാലിന്യം ദിവസവും നൽകാമെന്ന് കരാറുണ്ടാക്കിയാൽ നൽകാൻ സാധിക്കുമോ; എറണാകുളത്ത് കൊടുക്കാൻ കഴിഞ്ഞോ?

ശ്രീ. മഞ്ഞളാംകുഴി അലി: അങ്ങ് ആലപ്പുഴയിൽ നടത്തുന്ന മാലിന്യ സംസ്കരണം എല്ലാ എം.എൽ.എ- മാരും അനുകരിക്കേണ്ടതാണ്. ഇവിടെ നമ്മുടെ പ്രശ്നം ഇതുപോലുള്ള സംവിധാനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിച്ചാൽ നമ്മുടെ ജനപ്രതിനിധികൾ അത് എന്റെ മണ്ഡലത്തിൽ വേണ്ട എന്ന രീതിയിലാണ് പലപ്പോഴും പറയുന്നത്. ഇത് നല്ല രീതിയിൽ നടപ്പിലാക്കിയാൽ തീർച്ചയായും വിജയിക്കും. എന്നാൽ നമ്മുടെ ചരിത്രമെടുത്ത് നോക്കിയാൽ 800 കോടിയോളം രൂപ ഇതുപോലുള്ള പ്ലാന്റുകളുണ്ടാക്കാൻ കേരളത്തിൽ ചെലവഴിച്ചു. 95% പ്ലാന്റുകളും ഇന്ന് വർക്ക് ചെയ്യുന്നില്ല. ഈ പ്രശ്നങ്ങൾക്കൊക്കെ പ്രധാനപ്പെട്ട കാരണം വിളപ്പിൽശാലയാണ്. കഴിഞ്ഞ കുറെ

വർഷങ്ങളായി വിളപ്പിൽശാലയിൽ മാലിന്യം dump ചെയ്തിരിക്കുകയായിരുന്നു. രണ്ടരലക്ഷം ടണ്ണോളം മാലിന്യം അവിടെ കുന്നുകൂടി കിടക്കുകയും ജനങ്ങൾ revolt ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും പ്രശ്നങ്ങളുണ്ടായത്. അങ്ങ് പറയുന്നതുപോലെ ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കുന്നതിന് മാക്സിമം ശ്രമിക്കുന്നുണ്ട്. അങ്ങ് വളരെ നല്ല കാര്യമാണ് ആലപ്പുഴയിൽ ചെയ്യുന്നത്. അതുപോലെ എല്ലാവരും ചെയ്താൽത്തന്നെ കേന്ദ്രീകൃത പ്ലാന്റുകളിലേയ്ക്കാവശ്യമായ മാലിന്യമുണ്ടാകും.

ശ്രീ. വി. ശിവൻകുട്ടി: ബഹുമാനപ്പെട്ട മന്ത്രി വിളപ്പിൽശാലയെക്കുറിച്ച് പറഞ്ഞത് ശരിയല്ല. ഇപ്പോൾ കേരളത്തിലെ മാലിന്യപ്രശ്നം രൂക്ഷമാക്കിയതും ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുപോലെ വികേന്ദ്രീകരിച്ച് രണ്ടോ മൂന്നോ വാർഡുകൾ ചേർന്നുകൊണ്ട് പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള തടസ്സവും പ്രശ്നവും ഉണ്ടാക്കിയിരിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റിന്റെ ചില പ്രതിനിധികളും ആ പ്ലാന്റ് തുറക്കണമെന്ന് തീരുമാനിച്ചു. അവിടെ ഗവൺമെന്റിന്റെ ഏതാണ്ട് 50 ഏക്കർ ഭൂമി കോർപ്പറേഷന്റെ കൈവശമുണ്ട്. 12 ഏക്കർ 65 സെന്റ് ഭൂമിയിലാണ് പ്ലാന്റ് ആരംഭിക്കുന്നത്. വിളപ്പിൽശാലയിൽ 90 ടൺ മാലിന്യം സംസ്കരിക്കണമെന്ന് അവസാനം സുപ്രീംകോടതിതന്നെ പറഞ്ഞു. തിരുവനന്തപുരത്ത് എവിടെയെങ്കിലും ഒരുസ്ഥലത്ത് ഒരുലോഡ് മാലിന്യം നിക്ഷേപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചിട്ട് നടന്നോ; ഒരു ലോഡ് ചവർ തിരുവനന്തപുരം ജില്ലയിൽ കൊണ്ടിടുന്നതിന് ഏതെങ്കിലും എം.എൽ.എ.-യോ ജനപ്രതിനിധികളോ സമ്മതിച്ചിട്ടുണ്ടോ; സമ്മതിക്കില്ല.

വിളപ്പിൽശാലയിൽ സുപ്രീംകോടതി വിധി ഉണ്ടായിട്ടുപോലും ഗവൺമെന്റ് പ്ലാന്റ് തുറക്കാൻ തയ്യാറാകാത്തതാണ് അതിനുപ്രധാനകാരണം. ഈ നിയമം പാസ്സാക്കിയാലും അത് നടക്കില്ലെന്നുള്ള കാര്യം ഉറപ്പാണ്.

മി. സ്പീക്കർ : യെസ്......... (ബഹളം)........... പ്ലീസ്............. .........

(ബഹളം)...........സമയം ഡോ. തോമസ് ഐസക്കിനാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ആളുകളെ വെടിവച്ചുകൊല്ലാൻ പറ്റില്ല. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് .......(ബഹളം)............യഥാർത്ഥത്തിൽ കേരളത്തിൽ ഇവിടെയും എറണാകുളത്തുമുള്ള ഇൻഷ്യേറ്റീവാണ് മാലിന്യപ്രശ്നത്തെ സ്വയം പരിഹരിക്കാൻ പാടില്ല; ഇടപെടേണ്ടതുണ്ടെന്ന് തീരുമാനിച്ചത്. അത് സുപ്രീംകോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ബലം പ്രയോഗിച്ചും ആളുകളെ വെടിവച്ചും ഒന്നും ചെയ്യാൻ പറ്റില്ല. പക്ഷേ, അത്തരത്തിലൊരു അന്തരീക്ഷം സൃഷ്ടിച്ചതിന് ഉത്തരവാദിയാരെന്ന ചോദ്യത്തിനാണ് അദ്ദേഹം വിശദീകരിച്ച് മറുപടി പറഞ്ഞത്. എനിക്ക് അതിനോട് യോജിപ്പാണ്. എനിക്ക് പിന്നാലെ പ്രസംഗിക്കുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ അതിനെക്കുറിച്ച് വിശദമായി പറയുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബില്ലിൽ നിന്നും സ്വൽപ്പം മാറിയിട്ടാണെങ്കിലും നമുക്ക് പറ്റിയ ഏറ്റവും ഉചിതമായ മാർഗ്ഗം ഗ്യാസിഫിക്കേഷനല്ലെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അടിസ്ഥാനപരമായി നമുക്ക് രണ്ട് തരത്തിൽ മാലിന്യം സംസ്ക്കരിക്കാം. ഒന്ന്, ഓർഗാനിക്ക് പ്രോസസ്സ്. രണ്ടാമത്, ഗ്യാസിഫിക്കേഷനും അതുവഴി ഇലക്ട്രിസിറ്റിയിലേയ്ക്കും അല്ലെങ്കിൽ ഇൻസിനിറേഷന്റെ ചൂടിൽ നിന്നും ഇലക്ട്രിസിറ്റി ഉണ്ടാക്കാം. അല്ലെങ്കിൽ പൈലറൈസേഷനിൽ നിന്നും ഇലക്ട്രിസിറ്റി ഉണ്ടാക്കാം. ഇതിൽ ഏറ്റവും നല്ലത് ഓർഗാനിക് പ്രോസസ് ആണെന്നാണ് എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ

നമ്മുടെ മാലിന്യത്തിന്റെ 80 ശതമാനവും ഓർഗാനിക്കാണ്. 20 ശതമാനം മാത്രമാണ് ബാക്കിവരുന്നത്. ശുചിത്വമിഷന്റെ കണക്കുപ്രകാരം ഓർഗാനിക് 71–83 ശതമാനം, പേപ്പർ ബോർഡ് 3–5 ശതമാനം, പ്ലാസ്റ്റിക്, റബ്ബർ, ഗ്ലാസ്, ലോഹം 5–9 ശതമാനം നിർമ്മാണാവശിഷ്ടം 5–11 ശതമാനവുമാണ്. അതു കൊണ്ട് തന്നെ ഓർഗാനിക് പ്രോസസ് വളരെ ലളിതമാണ്. മാലിന്യപ്രശ്നം തുടങ്ങിയ കാലം മുതൽ തുടങ്ങിയതാണ് കമ്പോസ്റ്റിംഗ് അല്ലെങ്കിൽ എയ്റോബിക്ക്. വെറുതെ കൂട്ടിയിട്ടാൽ ചൂടുകൊണ്ട് സ്വയം ദഹിച്ച് കമ്പോസ്റ്റ് ചെയ്യപ്പെടും. ഇത് നമ്മളല്ല ഇന്നവേഷൻ നടത്തിയിട്ടുള്ളത്. ഇപ്പോൾ പ്രചരിപ്പി ക്കുന്ന പൈപ്പ് കമ്പോസ്റ്റിംഗ് ആരാണ് ഇന്നവേറ്റ് ചെയ്തത്; ചെട്ടിവിളാകം വാർഡിലെ ശ്രീ. രവീന്ദ്രനും ശ്രീമതി ചന്ദ്രികയുമാണ്. അവരുടെ വീട്ടിനുമുമ്പിൽ കിടന്ന കോൺക്രീറ്റ് പൈപ്പിനുള്ളിൽ മാലിന്യം നിക്ഷേപിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അത് നല്ല വളമായി. ആ വീട്ടിൽ 3–4 വർഷമായി ഈ വളമുപയോഗിച്ച് ടെറസിൽവരെയും കൃഷി ചെയ്യുന്നു. പൈപ്പ് കോൺക്രീറ്റ് വേണ്ട, പി.വി.സി പൈപ്പ് മതിയെന്ന് അതിൽ നിന്ന് അഡോപ്റ്റ് ചെയ്തതാണ്. നാട്ടിലെ സാധാരണക്കാരൻ ചെയ്തതാണ്. അല്ലെങ്കിൽ തൃശൂരും മറ്റും ഉപയോഗിക്കുന്ന തുമ്പൂർമൂഴി മോഡൽ. കല്ലടുക്കി ബോക്സ് പോലെയുണ്ടാക്കി അതിൽ ചവർ നിക്ഷേപിച്ചാൽ മതി. so simple, elementary. രണ്ടാമത്തേത് ബയോഗ്യാസ് ഉണ്ടാക്കൽ anaerobic ആണ്. ബയോഗ്യാസ് ഉണ്ടാക്കുന്ന പ്ലാന്റുകൾ പലതരമുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മൂന്നാമത്തേത് വെർമി കമ്പോസ്റ്റിംഗ്. ഇതാണ് മൂന്ന് തര ത്തിലുള്ള ഓർഗാനിക് പ്രോസസ്. ഏതുസാധാരണക്കാരനും കൈപ്പിടിയിൽ ഒതുങ്ങുന്ന കാര്യമാണ്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനു പകരം വൻകിട

ഗ്യാസിഫിക്കേഷനിലും മറ്റും പോയിക്കഴിഞ്ഞാൽ ഇവിടത്തെ ലോറയുടെ പ്രോജക്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 'Blue ridge and Environmental League' ഇറക്കിയിട്ടുണ്ട്. ഇവിടത്തെ പ്രോജക്ടിനെക്കുറിച്ചല്ല. 3 തരത്തിലുള്ള ഗ്യാസിഫിക്കേഷൻ. ഒന്ന്, ഇൻസിനറേഷൻ. അത് 650-1000 ഡിഗ്രി സെൽഷ്യസിൽ കത്തിക്കുന്നതാണ്. കുറച്ചുകൂടി ഉയർത്തി 1000-1400 ഡിഗ്രി ആക്കിയിട്ടുണ്ടെങ്കിൽ ഗ്യാസിഫിക്കേഷനായി. പൈറോലിസിസ് എന്നുപറയുന്നത് വിഘടിച്ച് ഇൻഡസ്ട്രികൾ കത്തിക്കുന്നതാണ്. ലോറയുടെ ഗ്യാസിഫിക്കേഷൻ ടെക്നോളജി പൈലോറിസിസ് ഉൾപ്പെടെ സംബന്ധിച്ച റിപ്പോർട്ട് വായിക്കാനിടയായി. സമയമെടുക്കുമെന്നുള്ളതുകൊണ്ട് വിശദമായി വായിക്കുന്നില്ല. ഈ പ്രോസസ്സിലൂടെ ഉണ്ടാകുന്ന ടോക്സിസ് വേസ്റ്റ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ലെന്നുള്ള അടിസ്ഥാന വിമർശനമാണ് റിപ്പോർട്ടിൽ പറയുന്നത്. ക്വാട്ട് ചെയ്യുകയാണെങ്കിൽ "Gasification facilitate to produce gas, primarily carbonmonoxide and hydrogen plus hydrocarbon oil, char and ash. The ash which remains after gasification 8 to 15% of original volume is toxic and presence social problems because of acidic or low PH conditions in the landfills leaching of toxic metals cadmium, led and mercury occurs more rapidly at low PH, resulting in contaminated ground water.' എന്നുമാത്രമല്ല റിപ്പോർട്ടിൽ പറയുന്നത് ഗ്യാസിഫിക്കേഷൻ പ്രോസസ്സ് 280 എണ്ണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അമേരിക്കയിൽ ഡീ കമ്മീഷൻ ചെയ്തുവെന്നാണ്. ഇത് അത്തരത്തിൽ സ്വീകരിക്കേണ്ട ഒന്നല്ലെന്ന് ടൈംസ് ഓഫ് ഇൻഡ്യയിൽ വന്ന

ഈ റിപ്പോർട്ടിൽവളരെ വ്യക്തമായി പറയുന്നു. Now I am not saying . അതു കൊണ്ട് ഇത് വളരെ പ്രശ്നമാണെന്നല്ല ഞാൻ പറയുന്നത്. 1000 ഇൻസിനറേറ്റർ വാങ്ങി കേരളം മുഴുവൻ കത്തിക്കാൻ പോയാൽ അത് തെറ്റാണ്. പത്രറിപ്പോർട്ട് തെറ്റാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഡോ. ടി.എം. തോമസ് ഐസക്കിനോട് എനിക്കൊരഭ്യർത്ഥനയുണ്ട്. പത്രത്തിൽ കാണുന്നത് ദയവ് ചെയ്ത് വിശ്വസിക്കരുത്. 1000 ഇൻസിനറേറ്റർ വാങ്ങിയാൽ അതെവിടെയാണ് പാർക്ക് ചെയ്യുന്നത്? ദേശാഭിമാനി പത്രത്തിൽ ഇത്തരത്തിലൊരു വാർത്ത ഞാൻ കണ്ടതാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, എന്റെ തെറ്റിദ്ധാരണ ഞാൻ തിരുത്തി. അത്രയുമില്ലെങ്കിലും ആ റിപ്പോർട്ടിന്റെ അവസാനം "Gasification of solid waste house hold garbate and commercial waste products were used by in United States in 1970s but those Plants were closed because of operating and financial problems. Today there are only handful of pyrolysis units burning solid waste." ഇതിന്റെ പശ്ചാത്തലത്തിൽ ഞാൻ പറയുന്നു, കേരളത്തിനഭികാമ്യം ജനങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങുന്ന ഓർഗാനിക് പ്രോസസ്സ് തന്നെയാണ്. അങ്ങനെയൊരു സമീപനം വ്യക്തമായിത്തന്നെ നമ്മുടെ നിയമത്തിൽ വരുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. പ്ലാസ്റ്റിക് സംബന്ധിച്ച് നല്ല വ്യവസ്ഥയുണ്ട്. പക്ഷേ, പ്ലാസ്റ്റിക് നിരോധിക്കുകയല്ല വേണ്ടത്. അതിനുപകരം പ്ലാസ്റ്റിക്കിന് കുറഞ്ഞ വില നിശ്ചയിക്കാനുള്ള അധികാരം മുനിസിപ്പാലിറ്റിക്ക് നൽകുകയാണ്. ഈ

വിലനിശ്ചയിക്കലിന് എന്ത് sanctity ഉണ്ടാവുമെന്നുള്ളത് എല്ലാവർക്കുമറിയാം. ഇത്ര വിലയ്ക്ക് പ്ലാസ്റ്റിക് വിൽക്കണമെന്ന് പറഞ്ഞാൽ ആരെങ്കിലും ബില്ലെഴുതിയാണോ വിൽക്കുന്നത്; അപ്പോൾ അത് ഇഫക്ടീവ് ആവുകയില്ല. ഇഫക്ടീവ് ആയിട്ടുള്ളത് ഇത്ര മൈക്രോണിന്റെ കീഴിലുള്ള പ്ലാസ്റ്റിക് കേരളത്തിൽ വിൽക്കണ്ടെന്ന നിയമം പാസ്സാക്കാമെന്നുള്ളതാണ്. അത് ഭേദഗതി ചെയ്യണം. എന്തിനാണ് കുറഞ്ഞ വിലയിൽ വിൽക്കുന്നത്. കുറഞ്ഞ വില നിശ്ചയിച്ചുകഴിഞ്ഞാൽ പ്ലാസ്റ്റിക്കിന്റെ വില കൂട്ടി മുനിസിപ്പാലിറ്റി നിശ്ചയിച്ചാൽ പ്ലാസ്റ്റിക് ആളുകൾ വാങ്ങില്ലെന്നുള്ളതാണ് നിയമത്തിന്റെ പിന്നിലുള്ള അനുമാനം. പക്ഷേ, നിശ്ചയിക്കുന്ന വിലയ്ക്ക് എന്തെങ്കിലും ഇവിടെ പ്ലാസ്റ്റിക് വിൽക്കുന്നുണ്ടോ; ആരാണ് ബില്ല് കൊടുത്ത് പ്ലാസ്റ്റിക് സാധാനം വാങ്ങുന്നത്. അതിന്റെ ഫലമായി ഇത് നോൺ ഓപ്പറേഷണലാണ്. അതിനുപകരം അങ്ങ് ഈ നിയമത്തിൽ ചെയ്യേണ്ടത് നിശ്ചിത മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാൻ ചെയ്യുകയെന്നുള്ളതാണ്. അതോടൊപ്പം ഇതിനുള്ള ബദൽ വേണം. പ്ലാസ്റ്റിക് പോയിക്കഴിഞ്ഞാൽ പകരമുപയോഗിക്കാൻ പേപ്പർ ബാഗോ വേറെ എന്തെങ്കിലും ബാഗ് വേണ്ടെ. അങ്ങനെയുള്ള ബാഗ് ഉണ്ടാക്കുന്നതിനുള്ള ഏർപ്പാട് വേണം. അവിടെയാണ് മാലിന്യ നിർമ്മാർജന ഫണ്ടിന്റെ കാര്യം വരുന്നത്. മാലിന്യ നിർമ്മാർജന ഫണ്ടിൽ പിഴയ്ക്കുള്ള പണമേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി സർക്കാരിൽ നിന്ന് അധികചെലവൊന്നുമുണ്ടാകില്ലായെന്ന് മറുപടി പറഞ്ഞു. ഞാൻ പറയുന്നത് ഈ വ്യവസ്ഥയെയാണ്. പ്ലാസ്റ്റിക് ഉപയോഗിക്കുകയും അതല്ലെങ്കിൽ മാലിന്യ നിയന്ത്രണ നിയമങ്ങൾ ലംഘിക്കുകയും മുനിസിപ്പാലിറ്റിയുടെ ഉത്തരവ് തള്ളിക്കളയുകയും ചെയ്തു കഴിഞ്ഞാൽ പിഴശിക്ഷയുണ്ട്. അതാണ് ഈ ഫണ്ടിലേയ്ക്ക് വരുന്നത്.

അതിന് തത്തുല്യമായിട്ടുള്ള മാച്ചിംഗ് ഗ്രാന്റ് സംസ്ഥാന സർക്കാർ നൽകണം. അപ്പോൾ അതൊരു ഇൻസെന്റീവാകും. അതല്ലെങ്കിൽ അവരുടെ ഫണ്ട് മാത്ര മായിട്ട് എന്താ കാര്യം. നിയമത്തിൽ ഒരു ക്ലോസ് ഉണ്ട്. സർക്കാരിന് വേണ മെങ്കിൽ നൽകാം. നൽകുന്ന പണവും ഉൾപ്പെടുത്തും. ഇല്ലെന്ന് അങ്ങ് പറ ഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതുണ്ടായിരുന്നെങ്കിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടി വരുമായിരുന്നു. പക്ഷെ അങ്ങനെ ഒരു ക്ലോസ് ഉണ്ട്. 'may' എന്നു പറഞ്ഞതുകൊണ്ട് സർക്കാർ കൊടുക്കണമെന്നി ല്ല, അതുകൊണ്ട് ബില്ലിൽ വയ്ക്കണമെന്നില്ലാ എന്നാണ് പറഞ്ഞത്. പക്ഷെ ഞാൻ പറയുന്നത്, കോടിക്കണക്കിന് രൂപയൊന്നും വരില്ല. അഞ്ചോ പത്തോ പതിനഞ്ചോ ലക്ഷം രൂപയാണ് പിഴയായി പിരിക്കാൻ കഴിയുന്നത്. അത് മുനിസിപ്പാലിറ്റികൾക്ക് മാച്ചിംഗ് ഗ്രാന്റായി നൽകണം. ഇന്നത്തെ ഈ പരി പാടിയുടെ അടിസ്ഥാന പോരായ്മ പ്രൊഡ്യൂസർക്കുള്ള സപ്പോർട്ടില്ല എന്ന താണ്. അതിന് ഈ ഫണ്ട് ഉപയോഗപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. ഉദാഹരണത്തിന് ബദലായി കുടുംബശ്രീയോ വേറെ ആരെങ്കി ലുമോ പേപ്പർ ബാഗ്സ് ഉണ്ടാക്കുന്ന ഒരു യൂണിറ്റു തുടങ്ങിയാൽ അതിനെ നമ്മൾ സപ്പോർട്ട് ചെയ്യണം. അതിന് ഈ ഫണ്ട് ഉപയോഗിക്കണം. കാരണം ഇതുവരെയുള്ള മലിനീകരണ നിയന്ത്രണ എക്യൂപ്പ്മെന്റ്സിന്റെ പ്രചാരണത്തി നുവേണ്ടി ഡിമാന്റ് സൈഡിലാണ് പൂർണ്ണ ഇടപെടൽ. 50 ശതമാനം സബ്സിഡി സർക്കാർ കൊടുക്കും മുനിസിപ്പൽ ടാക്സിൽ നിന്ന് ഇളവ് നൽകും. അപ്പോൾ ആളുകൾക്ക് വാങ്ങാൻ താല്പര്യമുണ്ടാകും. അതാണ് ഡിമാന്റ് സൈഡ് ഇന്റർവെൻഷൻ എന്നുപറയുന്നത്. അങ്ങനെ ഡിമാന്റ് കൂടുമ്പോൾ സാധാരണഗതിയിൽ വിലകൂടും. വിലകൂടുമ്പോൾ ഈ

പറയുന്ന ബയോ ഗ്യാസ് പ്ലാന്റും, പൈപ്പ് കമ്പോസ്റ്റും പേപ്പർ ബാഗുമെല്ലാം കൂടുതൽ ഉത്പാദിപ്പിക്കും. അപ്പോൾ അത് ലഭ്യമാകും. ഇതാണ് അതിന്റെ പിന്നിലുള്ള തത്വം. പക്ഷെ നമ്മൾ ബയോ ഗ്യാസ് പ്ലാന്റിന്റേയും പൈപ്പ് കംമ്പോസ്റ്റിന്റേയുമൊക്കെ വില നിശ്ചയിച്ചുകഴിഞ്ഞു. ആ വില നിശ്ചയിച്ചിരിക്കുന്നതാവട്ടെ പകുതി പൈസ സർക്കാർ കൊടുക്കും. ആ സബ്സിഡി നൽകുന്നുതിനുവേണ്ടിയിട്ടുള്ള അളവിനുവേണ്ടിയിട്ടാണ്. യഥാർത്ഥത്തിൽ എന്റെ പ്രായോഗികമായിട്ടുള്ള അനുഭവം ഈ വിലയ്ക്ക് നൽകുക വലിയ ബുദ്ധിമുട്ടാണ്. അതാണ് ബയോഗ്യാസ് പ്ലാന്റ് കിട്ടാത്തത്. ഏറ്റവും ചെലവ് കുറഞ്ഞ 13,500 രൂപയുടെ പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റാണ് വയ്ക്കാൻ തീരുമാനിച്ചത്. രണ്ടായിരം ബയോഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിൽ ഇന്ന് വയ്ക്കാം. തലകുത്തി നടന്നു നോക്കിയിട്ട് ആകപ്പാടെ കിട്ടിയിട്ടുള്ളത് 300-400 എണ്ണം മാത്രമേയുള്ളൂ. അതുകൊണ്ട് അവസാനമായപ്പോൾ അവിടെ ഫൈബർഗ്ലാസ് ഉണ്ടാക്കുന്ന ഒരു ബോട്ട്യാർഡിലെ ഉടമസ്ഥനുമായി കരാർ ഉണ്ടാക്കാൻ തീരുമാനിച്ചു. അവിടെചെന്ന് കണക്കുകൂട്ടികഴിഞ്ഞപ്പോൾ പതിനയ്യായിരം രൂപയുണ്ടെങ്കിലേ ഉണ്ടാക്കാൻ കഴിയു. 5000 എണ്ണത്തിന് ഓർഡർ ഒരുമിച്ച് കൊടുത്തപ്പോൾ 13,500 രൂപയല്ല 14,500 രൂപയാണെന്നറിഞ്ഞു. എങ്ങനെയാണ് വാങ്ങുന്നത്. പ്രൊഡ്യൂസർ സൈഡിലും സപ്ലൈ സൈഡിലും ഒരു സപ്പോർട്ട് കൊടുക്കാൻ തയ്യാറാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. ഞാൻ ഒരു അഭ്യർത്ഥന വയ്ക്കുകയാണ്. വിലയൊന്നും മാറ്റാതെ ബയോഗ്യാസ് പ്ലാന്റിന്റെ വാറ്റ് ടാക്സ് മാറ്റിയാൽ 13,500 രൂപയ്ക്ക് ലഭ്യമാക്കുന്നതിന് നമുക്ക് കഴിയും. വാറ്റ്

ടാക്സ് വയ്ക്കുന്നതിന് എന്ത് ന്യായമാണുള്ളത്. ബയോഗ്യാസ് പ്ലാന്റ് വച്ചാൽ മുനിസിപ്പാലിറ്റിയുടെ ബിൽഡിംഗ് ടാക്സിൽ 30 ശതമാനം ഇളവു കൊടുക്കും. അത് സംസ്ഥാന സർക്കാരിന്റെ കയ്യിൽ നിന്നല്ല മറിച്ച് മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽ നിന്നല്ലേ പോകുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ആ ബയോഗ്യാസ് പ്ലാന്റിന് 5 ശതമാനം ടാക്സും പൈപ്പ് കംമ്പോസ്റ്റിന് 5 ശതമാനം ടാക്സും ചുമത്തുന്നുണ്ട്. അതുകൊണ്ട് ഈ നിയമം പാസ്സാകുന്ന വേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ഒരു സാമൂഹ്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഈ 5 ശതമാനം ടാക്സ് ഒഴിവാക്കുക. യഥാർത്ഥ പ്രശ്നം ഞാൻ പറഞ്ഞുകഴിഞ്ഞു. ഡിമാന്റ് എത്ര കൂടിയാലും പലയിടങ്ങളിലും ഈ വിലയ്ക്ക് നൽകുന്നതിന് വലിയ ബുദ്ധിമുട്ട് വരികയാണ്. അതുകൊണ്ട് ഈ ടാക്സ് ഒഴിവാക്കുക. ഞാൻ പറഞ്ഞുവന്നത് ഒന്ന്, മാലിന്യ നിർമ്മാർജ്ജന ഫണ്ട് അപര്യാപ്തമാണ്. മാച്ചിംഗ് ഗ്രാന്റില്ലെങ്കിൽ അതിന് വ്യവസ്ഥ വേണം. രണ്ട്, ഈ ഫണ്ടാവട്ടെ പ്രൊഡ്യൂസസ് സബ്സിഡിയായി മാറ്റുന്നതിന് മുൻസിപ്പാലിറ്റികൾക്ക് അനുവാദം നൽകണം. ഈ ബില്ലിൽ ഇല്ലാത്ത രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, ഇത്ര വ്യാപകമായി ബയോഗ്യാസ് പ്ലാന്റുകൾ വച്ചുകഴിഞ്ഞാൽ പിന്നെ അത് പ്രവർത്തിക്കണമെങ്കിൽ സർവ്വീസ് ടീം വേണം. ഇപ്പോൾ തിരുവനന്തപുരത്ത് 38,000 പൈപ്പ് കംമ്പോസ്റ്റ് പ്ലാന്റുകൾ വച്ചിട്ടുണ്ട്. ഈ പൈപ്പ് കംമ്പോസ്റ്റ് പ്ലാന്റുകൾ വച്ചിട്ടുള്ള സ്ഥലത്ത് വെള്ളം ഊറുന്ന സ്ഥലമാണെങ്കിൽ പുഴുവരും. ഇടയ്ക്കിടയ്ക്ക് ആരെങ്കിലും പോയി അല്പം ചാണകമെങ്കിലും തളിക്കണം. ഇത്തരത്തിലുള്ള കാര്യങ്ങൾ

ചെയ്യാനുള്ള സർവ്വീസ് ടീം ഇല്ലെങ്കിൽ ഇത് കുറച്ചുകഴിയുമ്പോൾ ഇളക്കി കളയേണ്ടിവരും. കേരളത്തിൽ വച്ചിട്ടുള്ള മുഴുവൻ ബയോഗ്യാസ് പ്ലാന്റുകളുടെ അനുഭവം ഇതാണ്. അതുകൊണ്ട് ഒരു സർവ്വീസ് ടീമിനെ വയ്ക്കാൻ മുനിസിപ്പാലിറ്റി ബാധ്യസ്ഥമാണ് എന്ന് നിങ്ങൾ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം ഇവിടെ 334 (സി)-യിൽ വേസ്റ്റുകൾ തിരിച്ചുവാങ്ങുന്നതിന് ഉത്പാദകരുമായി മുനിസിപ്പാലിറ്റി കരാർ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്തിനാണ് മുനിസിപ്പാലിറ്റി കരാർ ഉണ്ടാക്കുന്നത്? പാശ്ചാത്യ രാജ്യങ്ങളിൽ ഇ-വേസ്റ്റ്, ബൾബുകൾ ഇവയൊക്കെ എവിടെനിന്ന് വാങ്ങിച്ചോ അവിടെ തിരിച്ചു വാങ്ങിക്കാൻ അവർ ബാധ്യസ്ഥരാണ്. ഒരു കടയിൽ നിന്ന് പുതിയ ഒരു ബൾബ് വാങ്ങുമ്പോൾ പഴയ ബൾബ് തിരിച്ച് വാങ്ങണം. സി.എഫ്.എൽ. ലാമ്പ് എല്ലായിടത്തും വരുന്നു. അത് മെർക്കുറിയുള്ളതല്ലേ. അതവിടേയും ഇവിടേയും കിടന്നുകഴിഞ്ഞാൽ എന്തൊക്കെ ഗൗരവമായ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. അതുകൊണ്ട് പുതിയ ബൾബ് വാങ്ങുമ്പോൾ പഴയ ബൾബ് തിരിച്ചുകൊടുത്താൽ വാങ്ങിക്കാൻ കടക്കാരൻ ബാധ്യസ്ഥനാണെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. ആ രീതിയിൽ മുനിസിപ്പാലിറ്റി കച്ചവടക്കാരുമായി കരാറുണ്ടാക്കണം.

ശ്രീ. പാലോട് രവി: നമ്മൾ ഓരോ സ്ഥലത്തുനിന്നും വാങ്ങുന്നത് തിരിച്ച് കടക്കാർക്ക് കൊടുത്താൽ കടക്കാർ ഇത് ബൾക്കായി കൊണ്ടുവന്ന് ഓരോ സ്ഥലങ്ങളിൽ കൊണ്ടുചെന്നിടും.

ശ്രീ. തോമസ് ഐസക്: നമുക്കറിയാമല്ലോ എത്ര കടക്കാർ ബൾബ് വിൽക്കുന്നുണ്ടെന്നുള്ളത്. അവർ ബൾബ് ഡിസ്പോസ് ചെയ്യാനുള്ള സിസ്റ്റമുണ്ടാക്കണം. ഇത് എല്ലാ രാജ്യങ്ങളിലും നടക്കുന്ന കാര്യമാണ്.

നിങ്ങൾ ബൾബ് വാങ്ങുമ്പോൾ പഴയ ബൾബ് തിരിച്ചുകൊടുത്താൽ തിരിച്ചെടുക്കാൻ കടക്കാർ ബാധ്യസ്ഥരാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബൾബിന്റെ കാര്യത്തിൽ വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവർ നാട്ടിൽ തിരിച്ചുവരുമ്പോൾ പത്തിരുപത് ബൾബെങ്കിലും സാധാരണഗതിയിൽ കൊണ്ടുവരാറുണ്ട്. എങ്ങനെയാണ് അത് നമുക്ക് ഇവിടെ നിന്ന് തിരിച്ചയയ്ക്കാൻ സാധിക്കുന്നത്. Not possible. അതുമാത്രവുമല്ല ഇവിടെ പറഞ്ഞതുപോലെ ബൾബ് വാങ്ങിയ സ്ഥലത്തുതന്നെ പഴയതാകുമ്പോൾ തിരിച്ചുകൊടുക്കുന്ന ഒരു സിസ്റ്റം ഇന്ത്യയിൽ എവിടേയുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് ഈ ചർച്ചയ്ക്കു ശേഷം മറുപടി പറയാനുള്ള സന്ദർഭമുണ്ട്. അല്ലെങ്കിൽ സമയം അനന്തമായി നീണ്ടുപോകും.

ഡോ. ടി.എം. തോമസ് ഐസക്: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമാണ് സംസാരിക്കുന്നത്. അല്ലാതെ രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല.

മി. സ്പീക്കർ: അതുശരിയാണ്. അങ്ങ് 40 മിനിട്ട് എടുത്തു അതുകൊണ്ട് പറഞ്ഞതാണ്.

ഡോ. ടി.എം. തോമസ് ഐസക്: ഞാൻ വേഗം അവസാനിപ്പിക്കാം. എത്ര ശതമാനം വരും പുറത്തുനിന്നും വരുന്ന ബൾബുകൾ?

ശ്രീ. മഞ്ഞളാംകുഴി അലി: 20%-ത്തോളം വരും.

ഡോ. ടി.എം. തോമസ് ഐസക്: അത്രയൊന്നും വരികയില്ല. This is the only way of handling it. ഇങ്ങനെയുള്ള ഇ-വേസ്റ്റ് തുടങ്ങിയവ ഏത്

കടയിൽ നിന്ന് വാങ്ങുന്നുവോ........, ഇന്ത്യയിലെങ്ങുമില്ലെങ്കിൽ കേരളം ഇക്കാര്യത്തിൽ ഒരു മാതൃക കാണിക്കണം. നമുക്ക് അതിനുവേണ്ടി നിയമമു ണ്ടാക്കണം. എന്താണ് അതിലൊരു തടസ്സമുള്ളത്? ഒന്നുവാങ്ങുമ്പോൾ പഴയത് തിരിച്ച് വാങ്ങണം. അല്ലാതെ മുനിസിപ്പാലിറ്റി കച്ചവടക്കാരോട് പറ യണം നിങ്ങളൊന്നും ചെയ്യേണ്ട ഇവിടെ ക്കൊണ്ടുവന്ന് തന്നാൽ മതി, ഞങ്ങൾ ഹോൾസെയിലായി മാറ്റിക്കൊള്ളാമെന്ന്. അതുകൊണ്ട് ആ ക്ലോസ് ഇത്തരത്തിൽ കൂടുതൽ കർക്കശമാക്കണം എന്നുള്ളതാണ് എന്റെ അഭിപ്രാ യം. ഇത്തരത്തിൽ വികേന്ദ്രീകരണം നടക്കണമെന്നുണ്ടെങ്കിൽ സർക്കാർ ഉത്തരവിറക്കിയിട്ടോ നിയമം പാസ്സാക്കിയിട്ടോ കാര്യമില്ല. അതുവേണം, അതോടൊപ്പംതന്നെ ജനങ്ങളെ ആകെ അണിനിരത്താൻ കഴിയുന്ന ഒരു പ്രസ്ഥാനമായി മാറാൻ കഴിയണം. കേരളത്തിൽ നമുക്കതിന് കഴിഞ്ഞിട്ടില്ല. അതാണ് പ്രശ്നം. അതിലൊരു വലിയ പങ്ക് സർക്കാരിനുണ്ട്. അത് സർക്കാർതന്നെ സ്വയം പരിശോധിക്കുന്നത് നല്ലതാണ്. ഈ ഗവൺമെന്റ് നിലവിൽ വന്നിട്ട് ഇപ്പോൾ രണ്ട് വർഷമാകാൻ പോകുന്നല്ലോ, ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി ഉത്തരവ് എന്നാണ് ഇറങ്ങിയത്; നാലോ അഞ്ചോ മാസം മുമ്പല്ലേ; അതുവരെയും ആർക്കെങ്കിലും ഈ ബയോഗ്യാസ് പ്ലാന്റു കൾ കൊടുക്കാൻ കഴിയുമായിരുന്നോ? ഞാൻ അതിരുകവിഞ്ഞ് പറ യുന്നതല്ല, എന്റെ ഒരു അനുഭവം ഞാൻ ഈ നിയമസഭയിൽ പറഞ്ഞത് വീണ്ടും ആവർത്തിക്കുകയാണ്. ആലപ്പുഴയിൽ ഒരു പ്രശ്നം വന്നു - വിള പ്പിൽശാലയിലേതുപോലെതന്നെ സമരം. അവിടെപ്പോയി പറഞ്ഞു, ഒരു വർഷത്തിനുള്ളിൽ ഇവിടത്തെ മാലിന്യം മുഴുവനും മാറ്റും. 40 വർഷമായി ഡംപ് ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഒരു പ്ലാന്റുമില്ല. തൊഴിലുറപ്പ് പദ്ധതി

ഉപയോഗപ്പെടുത്തി ഈ മണ്ണ് ഇവിടെനിന്നും മാറ്റാം, അവശിഷ്ടങ്ങളെല്ലാം വേറെ ലാന്റ് ഫില്ലിംഗിന് ഉപയോഗിക്കാം, അങ്ങനെ അത് ക്ലീനാക്കാം, എന്നിട്ട് പ്ലാന്റ് ഭംഗിയായി പ്രവർത്തിപ്പിക്കാം. ഞാൻ 4-5 മെമ്മോറാണ്ടം കൊടുത്തു. അങ്ങയുടെ മുൻഗാമിയുമായി ഓഫീസിൽ ഒരു മീറ്റിംഗ് നടത്തി. നമ്മുടെ പഞ്ചായത്ത് മന്ത്രി അവിടെ വന്ന് മീറ്റിംഗ് നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രണ്ട് മെമ്മോറാണ്ടം നൽകി. കഴിഞ്ഞ സീസണിൽ മഴ വരുന്ന തുവരെ അനങ്ങിയില്ല, മഴ പെയ്തുകഴിഞ്ഞാൽ ആർക്കെങ്കിലും ഈ ചെളി യിൽ ഇറങ്ങാൻ കഴിയുമോ; അതിന്റെ ഫലമെന്തായിരുന്നു? മഴവന്നതോടു കൂടി സമരമായി. ആലപ്പുഴ മുനിസിപ്പാലിറ്റി മുഴുവനും നിറഞ്ഞില്ലേ? ഇനി ജനുവരിയിൽ നോക്കാമെന്നുപറഞ്ഞ് മഴക്കാലത്ത് ഉത്തരവിറങ്ങി. ഇത് ചെയ്യുന്നതിന് എന്താണ് തടസ്സം? ഇതുമായി ബന്ധപ്പെട്ടതാണ് തിരുവനന്തപു രത്തെ സംഭവവും. തിരുവനന്തപുരത്തെ വിമർശനമെന്താണ്? ഇങ്ങനെ യൊരു പ്രശ്നം ഉരുണ്ടുകൂടി വരുന്നു, ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് കോർപ്പറേഷനും അംഗീകരിക്കുന്നു. ലീച്ചിംഗ് തടയുന്നതിനുവേണ്ടിയുള്ള പ്ലാന്റ് പ്രവർത്തിക്കുന്നില്ല, അത് പ്രവർത്തിപ്പിക്കണം, യാതൊരു സംശയവുമി ല്ല. ലാന്റ് ഫില്ലിംഗിന് കളിമണ്ണ് ഉപയോഗിച്ചുള്ള രീതി വേണം. ഇത്തരത്തി ലുള്ള മാറ്റങ്ങളെല്ലാം അവിടെ വരുത്തേണ്ടതാണ്. അത് വരുത്താനുള്ള ശ്രമ ത്തിനിടയിൽ സ്വാഭാവികമായും പ്രക്ഷോഭം വരുന്നു. എന്ത് അടിസ്ഥാനത്തി ലാണ് ഭരണത്തിൽവന്ന് ഏതാനും മാസം കഴിഞ്ഞപ്പോഴുള്ള യോഗത്തിൽ ഈ പ്ലാന്റ് ഇനി തുറക്കില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. അത് പറഞ്ഞതിനുശേഷം പിന്നെ ഇത് ആരുടെയെങ്കിലും കൈയിൽ

നിൽക്കുമോ; ആരെങ്കിലും പിടിച്ചാൽ നിൽക്കുമോ? ഞാൻ പറയുന്നില്ല പിന്നീട് ഇതാണ് നിലപാടെടുത്തതെന്ന്.

ശ്രീ. പി.സി. ജോർജ്: കോടതി പറഞ്ഞതാണ്.

ഡോ. ടി.എം. തോമസ് ഐസക്: കോടതിയല്ല, യോഗത്തിനുശേഷം അത് എങ്ങനെയോ പ്രഖ്യാപിച്ചു. പ്രഖ്യാപിച്ചതിനുശേഷം ഇത് ആരുടെയും കൈയിലല്ല. നേടാൻ പറ്റുന്ന ഒരു കാര്യമാണിതെന്ന് തോന്നിക്കഴിഞ്ഞു. പിന്നെ ഇടപെട്ട് എല്ലാം പൊളിയുകയല്ലേ ചെയ്തത്?

ശ്രീ. വി.ഡി. സതീശൻ: അങ്ങ് വിളപ്പിൽശാലയുടെ വിഷയം പറഞ്ഞു. ഇതേ വിഷയം തന്നെയാണ് കൊച്ചി കോർപ്പറേഷനിലെ ബ്രഹ്മപുരം പ്ലാന്റിലുമുണ്ടായത്. നഗരത്തിലെ മുഴുവൻ വേസ്റ്റുംകൂടി, യാതൊരു ട്രീറ്റ്മെന്റ് സംവിധാനവുമില്ലാതെ നഗരത്തിന്റെ മുഴുവൻ വേസ്റ്റ് ബാസ്ക്കറ്റായി ഗ്രാമങ്ങളെ മാറ്റുന്നത് ശരിയാണോ? കേരള നിയമസഭയുടെ പരിസ്ഥിതി സമിതി ബ്രഹ്മപുരം പ്ലാന്റ് സന്ദർശിച്ചതാണ്. അവിടെ ഡംപിംഗ് യാർഡ് മാത്രമാണ്. ട്രീറ്റ്മെന്റ് പ്ലാന്റ് അവിടെയില്ല, അത് ഡീ-ഫങ്ഷനിംഗാണ്. അതിന്റെ തൊട്ടടുത്ത വീട് സന്ദർശിക്കുകയുണ്ടായി. എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്, ഒരു പായിൽ ഒരു കറുത്ത രൂപം കിടക്കുന്നു, ചെറിയ നീളമുള്ള രൂപം. ആ വീട്ടിലെ സ്ത്രീ ഒരു പത്രമെടുത്ത് വീശി. ഒരു വയസ്സ് പ്രായമുള്ള ഒരു കൊച്ചുകുട്ടിയായിരുന്നു അത്. ആ കൊച്ചുകുട്ടിയുടെ മീതെ ഈച്ചകൾ പൊതിഞ്ഞിട്ട് ഒരു കറുത്ത രൂപമായിരിക്കുന്നതാണ്. ആ സ്ഥലത്തെ വീടുകളിലൊന്നും ഭക്ഷണം വച്ച് കഴിക്കാൻ പറ്റില്ല, അവിടേയ്ക്ക് ഒരു ഗസ്റ്റിന് വരാൻ കഴിയുകയില്ല, ഒരു കല്യാണാലോചന നടക്കില്ല. നഗരത്തിലെ വേസ്റ്റ് മുഴുവനും ഗ്രാമങ്ങളിൽ കൊണ്ടുപോയി ഡംപ് ചെയ്ത് അവിടെയുള്ള ആളുകൾ മുഴുവനും ഇത് അനുഭവിക്കണമെന്ന് പറഞ്ഞാൽ ഇത് ഭരണഘ

ടനാ വിരുദ്ധമായ ഒരു കാര്യമാണ്. അവിടെ ട്രീറ്റ്മെന്റ് പ്ലാന്റോ മറ്റ് സംവിധാനങ്ങളോ ഒരു സ്മെല്ലുമില്ലാതെ ആളുകൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം തുടങ്ങിയിരുന്നുവെങ്കിൽ ഈ സമരം അവിടെ ഉണ്ടാകുമായിരുന്നോ? അത് ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ആ വിഷയം പരിഹരിക്കപ്പെടാതെ നിങ്ങൾ നഗരങ്ങളിലെ വേസ്റ്റ് മുഴുവനും ഗ്രാമങ്ങളിൽ കൊണ്ടുപോയി ഇടണമെന്ന് ഏത് ഗവൺമെന്റ് തീരുമാനിച്ചാലും കേരളത്തിൽ ഒരു സ്ഥലത്തും അത് നടപ്പാകാൻ പോകുന്നില്ല.

ഡോ. ടി.എം. തോമസ് ഐസക്: നിങ്ങൾ, നിങ്ങൾ എന്നുപറഞ്ഞാൽ എന്റെ നിലപാട് അതേയല്ല ശ്രീ. വി.ഡി സതീശൻ. എന്റെ നിലപാട് ഓരോ വീട്ടിലേയും മാലിന്യങ്ങൾ അവിടെത്തന്നെ സംസ്ക്കരിക്കണമെന്നുള്ളതാണ്. പുറത്തുകൊണ്ടുപോകണം എന്നുള്ളതല്ല. എന്തൊക്കെ വന്നാലും ഒരു നഗരത്തിന് ഒരു സ്റ്റാൻഡ്ബൈ കേന്ദ്രീകൃത പ്ലാന്റ് കൂടിയേതീരൂ. അത് ഒഴിവാക്കാൻ കഴിയുകയില്ല. പക്ഷെ ഒരു മാനേജിബിൾ ലിമിറ്റിലേക്ക് അങ്ങോട്ടേയ്ക്ക് പോകുന്ന വേസ്റ്റ് പരിമിതപ്പെടുത്താൻ കഴിയണം. അതിനു കഴിയുന്ന കാര്യങ്ങളാണ് ഞാൻ നിയമവുമായി ബന്ധപ്പെട്ട് പറഞ്ഞത്. ഞാൻ അവസാനിപ്പിക്കുകയാണ്, അപ്പോൾ ഇതിൽ ഒരു അവധാനതയോടെയല്ലാത്ത നിലപാടുകൾ ഈ സ്ഥിതിവിശേഷം വരുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്ന വിമർശനമാണ് എനിക്കുള്ളത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇനിയുള്ള നിരാകരണ ചർച്ചയിൽ പങ്കെടുക്കുന്നവർ അതിനെക്കുറിച്ച് വിശദമായി പറയും. ഈ ഓർഡിനൻസ് നിരാകരിക്കുന്നതിന് കാരണം ഇതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഞാനില്ല, സബ്ജക്ട് കമ്മിറ്റിയിലുള്ള മെമ്പേഴ്സ് പരിശോധിച്ച് ഇതെല്ലാമൊന്ന് ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ഒരു സംശയവുമില്ല നമ്മുടെ മാലിന്യ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ നിയമ

ഭേദഗതി വളരെ സഹായകരമായിത്തീരും. അത്തരത്തിൽ മാറ്റങ്ങൾ വരുത്താൻ തയ്യാറാകണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഇവിടെ ഡോ. ടി.എം. തോമസ് ഐസക് അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ഇവിടെയിപ്പോൾ മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിൽ രണ്ട് നിർദ്ദേശങ്ങളാണ് പ്രധാനമായി വരുന്നത്. അതിൽ ഒന്ന്, കൗൺസിലർമാർ അവരുടെ ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം മൂന്ന് മാസത്തിനകം അവരുടെയും കുടുംബങ്ങളുടെയും സ്വത്തുവിവരങ്ങളെ സംബന്ധിച്ച് കണക്കുകൊടുക്കണമെന്നുള്ളതാണ്. അങ്ങനെ ഒരു സ്റ്റേറ്റ്മെന്റ് കൊടുക്കാൻ കഴിഞ്ഞ ഒന്നര വർഷമായി കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പല മെമ്പർമാരുടെയും കൗൺസിലർ സ്ഥാനം നഷ്ടപ്പെടാനിടയുണ്ട്. അത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ആദ്യം നിർദ്ദേശിച്ചിരിക്കുന്നത്. രണ്ടാമത്, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് അതിന്റെ ഉത്ഭവസ്ഥാനത്തുതന്നെ കഴിയുന്നിടത്തോളം അതിനെ സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള അർത്ഥത്തിലുള്ളതാണ്. അങ്ങനെ രണ്ട് ഭേദഗതികളാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ രണ്ട് ഭേദഗതികളിൽ ആദ്യത്തെ ഭേദഗതിതന്നെ ഒരു തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി........, ഇവിടെ മന്ത്രി പറഞ്ഞ വിശദീകരണം കേട്ടു, എന്തെല്ലാം കാര്യങ്ങൾ പറഞ്ഞാലും ആകെ അഞ്ച് വർഷമേയുള്ളൂ. അഞ്ച് വർഷത്തിന്റെ മൂന്നിലൊരു ഭാഗം കഴിഞ്ഞതുവരെ കണക്കുകൊടുക്കാതിരിക്കാം. അതിനിടയ്ക്ക് രണ്ടു വർഷക്കാലത്തിനിടയ്ക്ക് വരുന്ന ആസ്തിയും അവരുടെ ബന്ധുക്കളുടെ ആസ്തിയും അതേസമയം തിരഞ്ഞെടുപ്പിൽ നിൽക്കുന്ന സമയത്തുള്ള ആസ്തിയും തമ്മിൽ ഒരു തരത്തിലുള്ള ബന്ധമുണ്ടാകാനും സാധ്യതയില്ല. അത് തീർച്ചയായിട്ടും ഒരു

സംരക്ഷണം എന്നുള്ളതല്ലാതെ വളരെ ഉയർന്ന ഒരു പിരീഡാണ്. ഇപ്പോൾ താൽപ്പര്യമുള്ള ഏതെങ്കിലും കേസ്സുകൾ പരിഹരിക്കാൻ വേണ്ടിയാണെങ്കിൽ ഒരു വൺടൈം എന്നുള്ള നിലയിൽ തീരുമാനിക്കാവുന്നതാണ്. യഥാർത്ഥ ത്തിൽ ഇതൊരു മൂന്ന് മാസമോ അല്ലെങ്കിൽ ആറ് മാസത്തിനപ്പുറമോ കടന്നു പോകേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ ആ ഭേദഗതി ഇവിടെ അംഗീകരി ക്കാൻ കഴിയുന്നതല്ല എന്നുള്ളതാണ് ഒരു പ്രശ്നം.

മറ്റൊരു കാര്യം മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും അതിർത്തി യിൽ വരുന്ന മാലിന്യങ്ങളുടെ സംസ്ക്കരണവുമായി ബന്ധപ്പെട്ടുള്ളതാണ്. അതിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നതിൽ ഒരു വ്യക്തതയുമില്ല എന്നതാണ് ഒന്നാമത്തെ കാര്യം. ഒന്ന് വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, മൂന്നു നിലയിൽ കൂടുതലുള്ള വീടുകൾ......... അതിനെക്കുറിച്ച് ശ്രീ. തോമസ് ഐസക്ക് ചൂണ്ടിക്കാണിച്ചതുപോലെ ആകെ ഉത്പ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ മഹാഭൂരിപക്ഷവും ഉത്പ്പാദിപ്പിക്കുന്നത് വീടുകളിലാണ്. അതുകൊണ്ട് തന്നെ വീടുകളിൽ ഉണ്ടാകുന്ന മാലിന്യം ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള യാതൊരു വ്യക്തതയും ഈ ബില്ലിൽ ഇല്ല എന്നുള്ളതാണ് ഈ ബില്ലിന്റെ ഒരു പോരായ്മ. കേരള ത്തിലെ വീടുകളുടെ അവസ്ഥ പൊതുവിൽ പരിശോധിച്ചു നോക്കുമ്പോൾ ഒന്നും, രണ്ടും സെന്റിലിരിക്കുന്ന ധാരാളം വീടുകളുണ്ട്. അങ്ങനെയുള്ള വീടുകൾക്ക് സ്വാഭാവികമായും മാലിന്യ സംസ്ക്കരണ പ്ലാന്റോ അല്ലെങ്കിൽ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമോ ഉണ്ടാക്കാൻ കഴിയില്ല. അതേസ മയം നല്ലൊരു ശതമാനം വീടുകളും ഒരു നിലയുള്ളതാണെങ്കിലും ധാരാളം സൗകര്യങ്ങളോടുകൂടിയുള്ള വീടുകളുണ്ട്. എട്ടും പത്തും പതിനഞ്ചും

സെന്റിനകത്ത്  ഒരു വീടുമാത്രമിരിക്കുന്ന സ്ഥിതിയുണ്ട്. സ്വാഭാവികമായും മൂന്ന് നിലയ്ക്ക് മുകളിലുള്ളത് എന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. ഒന്നുകിൽ വീടിന്റെ എത്ര സ്ക്വയർ ഫീറ്റ് എന്നുള്ള കണക്ക് വയ്ക്കണം. ഇതിന്റെ പരിധിയിൽ മഹാഭൂരിപക്ഷം വീടുകളും ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിൽ നിയമത്തിൽ ഭേദഗതി വരണം എന്നാലേ ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളൂ. അതിനാൽ മൂന്നിലധികം നിലകളുള്ള വീടുകൾ എന്നതിന് പകരം ഒരു നിലയുള്ള വീടാണെങ്കിലും ധാരാളം സൗകര്യങ്ങളോടുകൂടിയ വീടുകൾ, പ്രത്യേകിച്ച് പട്ടണ പ്രദേശങ്ങളിലെ ചെറിയ ചെറിയ സെന്റിലിരിക്കുന്ന വീടുകളൊഴിച്ചാൽ ബാക്കിയുള്ള വീടുകൾക്കെല്ലാം ഇത് ബാധകമാകത്തക്ക നിലയിൽ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. എനിക്ക് തോന്നുന്ന വേറൊരുകാര്യം മാലിന്യത്തിന്റെ കാര്യത്തിൽ വലിയൊരു സംഭാവന നൽകുന്ന മേഖലയാണ് സ്കൂളുകളും കോളേജുകളും. സ്കൂളുകളിലും കോളേജുകളിലും തീർച്ചയായും മാലിന്യ സംസ്ക്കരണ പ്ലാന്റുകളുണ്ടാകണം. സ്കുളുകളും കോളേജുകളുമുൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളെല്ലാം ഇതിന്റെ പരിധിയിൽ വരേണ്ടതുണ്ട്. മറ്റൊരു കാര്യം ഈ നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് മാലിന്യം തരംതിരിക്കുന്നതിനെ സംബന്ധിച്ചാണ്.  മാലിന്യം തരം തിരിക്കുന്നത് ഉത്ഭവസ്ഥാനത്ത് തന്നെ വേണം. അതിൽ ജൈവം, ഖരം എന്നിങ്ങനെ രണ്ടായിട്ടാണ് തിരിച്ചിരിക്കുന്നത്. രണ്ടായി തിരിച്ചാൽ മതിയാവുകയില്ല. കാരണം ഇതിൽ ആക്രി സാധനങ്ങൾ വരുന്നുണ്ട്. അതിനാൽ ജൈവവും ജൈവേതരവുമായ മാലിന്യങ്ങൾ തരംതരിക്കുന്നതോടൊപ്പം തന്നെ ജൈവം, പ്ലാസ്റ്റിക്ക്, ആക്രി സാധനങ്ങൾ എന്നിങ്ങനെ  തരംതിരിക്കേണ്ടതുണ്ട്. അങ്ങനെ മാലിന്യങ്ങളെ തരംതിരിച്ചെടുത്തെങ്കിൽ മാത്രമേ സംസ്കരണം ശരിയായവിധത്തിൽ

നടക്കുകയുള്ളൂ. അളവിൽ കുറവാണെങ്കിലും ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് പ്ലാസ്റ്റിക്കാണ്. ഓരോ മുനിസിപ്പൽ അതിർത്തിയിലെങ്കിലും പ്ലാസ്റ്റിക് പ്രത്യേകമായി റീസൈക്ലിംഗ് നടത്താനുള്ള സംവിധാനങ്ങളുണ്ടാകണം. ഞാൻ തമിഴ്നാട്ടിൽ കണ്ട കാര്യം, ഓടിച്ചു പോകുന്ന ഒരു ചെറിയ ലോറിയിൽ വീടുകളിൽ നിന്നുമെല്ലാമുള്ള പ്ലാസ്റ്റിക് എടുത്ത് ആ സഞ്ചാരത്തിനിടയിൽ തന്നെ പ്ലാസ്റ്റിക്ക് ഉരുക്കി വേറൊരു ബക്കറ്റിലേക്ക് വീഴ്ത്തുന്ന സംവിധാനമുണ്ട്. ആ നിലയിൽ ഉള്ള പ്ലാസ്റ്റിക്ക് സംസ്ക്കരണമാണ് തമിഴ്നാടിന്റെ പട്ടണപ്രദേശങ്ങളിലൊക്കെ നടക്കുന്നത്. അതുപോലുള്ള ഒരു സംവിധാനം കേരളത്തിലെ ഒരു പട്ടണത്തിൽപോലും ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പ്ലാസ്റ്റിക്കിന്റെ റീസൈക്ലിംഗിനുള്ള പ്രത്യേകമായ സംവിധാനത്തെക്കുറിച്ചു കൂടി ആലോചിക്കുന്നില്ലെങ്കിൽ ഈ ബില്ലുകൊണ്ട് ഒരു തരത്തിലുള്ള പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. മാലിന്യം തരം തിരിക്കുമ്പോൾ മൂന്നായി തരം തിരിക്കണം. അതിൽ ഓരോ മുനിസിപ്പൽ അതിർത്തിയിലും പ്ലാസ്റ്റിക്ക് ഉരുക്കി മറ്റൊരു തരത്തിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു സംവിധാനമെങ്കിലുമൊരുക്കണം. അതുപോലെ തന്നെ മാലിന്യ സംസ്ക്കരണ പ്ലാന്റ്, അതിന് സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും വയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പ്ലാൻ തയ്യാറാക്കുമ്പോൾ തന്നെ അതിന്റെ ഭാഗമായി മാലിന്യ സംസ്ക്കരണ പ്ലാന്റിനുള്ള സംവിധാനവുമുണ്ടാക്കണമെന്നുണ്ട്. അതുകൊണ്ട് സ്വാഭാവികമായി അതിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ തന്നെ പ്ലാന്റിന്റെ പ്രവർത്തനവും ആരംഭിച്ചിരിക്കണം. ഇപ്പോൾ അങ്ങനെയല്ലാത്ത കുറേ സ്ഥാപനങ്ങളിലും വീടുകളിലും ഇതെങ്ങനെ വരാം. അതിന് പറഞ്ഞിരിക്കുന്നത് ഒരു വർഷത്തെ കാലാവധി വച്ച് നോട്ടീസ് കൊടുക്കണം ഒരു വർഷം കഴിഞ്ഞ് സെക്രട്ടറി വേറൊരു അവസരം കൂടി കൊടു

ക്കണം  അതിന് ശേഷം ലൈസൻസ് റദ്ദാക്കണം എന്ന നിലയിലാണ് പറഞ്ഞിരിക്കുന്നത്.  ഇത് തികച്ചും അപ്രായോഗികമായ കാര്യമാണ്. സാധാരണ ഗതിയിൽ ഒരു സ്ഥാപനത്തിൽ ഒരു പ്ലാന്റ് സ്ഥാപിക്കാൻ അഞ്ചാറ് മാസം ധാരാളം മതിയാകും. ഒരു വർഷമെന്ന് പറയുമ്പോൾ നോട്ടീസ് കൊടുക്കുന്ന ഉദ്യോഗസ്ഥൻ ഒരു വർഷം കഴിയുമ്പോൾ അവിടെയുണ്ടാകണമെന്ന് തന്നെയില്ല. പിന്നെ വരുന്ന ഉദ്യോഗസ്ഥൻ വീണ്ടുമൊരു നോട്ടീസ് കൂടെ കൊടുക്കേണ്ടി വരും. ഇതൊന്നും നടക്കാൻ പോകുന്ന കാര്യമല്ലെന്ന് നിയമ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നോക്കുമ്പോൾ മനസ്സിലാകും. അതുകൊണ്ട് സ്വാഭാവികമായും അവിടെ വേണ്ടത് അതിന്റെ കാലാവധി കുറയ്ക്കണമെന്നും കാലാവധി കുറച്ച് ഇത്ര മാസത്തിനകം അതിനുമേൽ നടപടി/ശിക്ഷ ഉണ്ടാകും എന്ന കാര്യം ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ഈ രൂപത്തിലുള്ള വിശദമായ പരിശോധനയിലേക്കൊന്നും ബില്ല് പോയിട്ടില്ല. നന്നായി നടന്നിരുന്ന ആളാണ് ശ്രീ. മഞ്ഞളാംകുഴി അലി. മന്ത്രിയായി വന്നപ്പോൾ അദ്ദേഹം ആകെ ഇതിൽ മുങ്ങിപ്പോയ സ്ഥിതിയാണുള്ളത്. ഇത് നടപ്പാക്കണമെങ്കിൽ ഗവൺമെന്റിന് നല്ല ഇച്ഛാശക്തി വേണം. ഗവൺമെന്റ് വന്നതിന് ശേഷം ഈ രംഗത്ത് നിലവിലുള്ള സംവിധാനങ്ങൾ തന്നെ കുളമാക്കുകയാണ് ചെയ്തിരിക്കുന്നത്. അല്ലാതെ ഇത് ഭംഗിയായി നിർവ്വഹിക്കുന്നതിനും മാലിന്യ സംസ്ക്കരണം നടത്തുമെന്നുള്ള കാര്യത്തിലും ഉള്ള സംവിധാനം ഉറപ്പാക്കി ഉപയോഗപ്പെടുത്തുന്നതിൽ ഒരിഞ്ചുപോലും ഗവൺമെന്റിന് വിജയിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്.   ഏതു സാഹചര്യത്തിലാണെങ്കിലും പദ്ധതി നടപ്പിലാക്കണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും നിർലോഭമായ സഹായവും സഹകരണവുമില്ലാതെ ഒരു ഗവൺമെന്റിന് മാത്രമായി ഒന്നും

ചെയ്യാൻ കഴിയില്ല. ഇവിടെ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്. മുൻപ് ഇവിടെ ചർച്ചയ്ക്ക് വിധേയമായ വിളപ്പിൽശാലയിലെ പ്രശ്നം വന്നു. യഥാർത്ഥത്തിൽ സ്വാഭാവികമായും മാലിന്യ പ്രശ്നം ഉയർന്നു വരുമ്പോൾ നാട്ടിലെ ജനങ്ങളെല്ലാം എതിരാകും. വിളപ്പിൽശാലയിലെ പ്രശ്നം സങ്കീർണ്ണ മായപ്പോൾ ഗ്രാമ പ്രദേശങ്ങളിൽ വരെ അതൊരു സങ്കീർണ്ണ പ്രശ്നമായി ജന ങ്ങൾ ഏറ്റെടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ ഇത്തരത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ മുനിസിപ്പാലിറ്റിയെയും കോർപ്പറേഷ നെയും കൂടെ നിർത്തി അതൊരു സമവായത്തിലൂടെ പരിഹരിക്കാൻ ശ്രമി ക്കേണ്ട ഗവൺമെന്റ് അങ്ങനെ ശ്രമിച്ചില്ലെന്നു മാത്രമല്ല അതിൽ ഒരു ഭാഗത്ത് കക്ഷി ചേരുന്ന സ്ഥിതിയാണ് കണ്ടത്. ഞാനാണെങ്കിൽ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഒരു ഘട്ടത്തിൽ പറയുന്നതു കേട്ടു. ബഹുമാന പ്പെട്ട കോടതി പറഞ്ഞിട്ടും എവിടെ നിന്നു. ഇനി അത് തുറക്കുന്ന പ്രശ്നമി ല്ലെന്നു ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സമരം ആരം ഭിച്ചു കഴിഞ്ഞപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ തന്നെ സമരപന്തലിൽ പോയി നിൽക്കുന്നത് കണ്ടു. രാഷ്ട്രീയമായ ഉദ്ദേശം കൊണ്ടോ അതല്ലങ്കിൽ കക്ഷി ചേർന്നുകൊണ്ടോ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഗവൺമെന്റിന് എങ്ങനെ ഇതിൽ വിജയിക്കാൻ കഴിയും. ഇത്തരം പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രതിപക്ഷത്തെയും ഭരണ പക്ഷത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയുമെല്ലാം ഒരു പോലെ കൂടെ നിർത്തിക്കൊണ്ടു പോകേണ്ട സ്ഥിതിയുണ്ട്. ഇത് പരിശോധിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യങ്ങളെല്ലാം ഭംഗിയായി നിർവ്വ ഹിക്കേണ്ടത്.

ശ്രീ. എ. എം. ആരിഫ് : അങ്ങ് മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശദമായി; വളരെ ആഴത്തിൽ; നല്ല നിലയിൽ പറയുന്നുണ്ട്. പക്ഷേ വേറൊരു ഭേദഗതി കൂടി ഇതിന് പറയുന്നുണ്ട്. കൗൺസിലർമാർ അവരുടെ സ്വത്ത് സ്റ്റേറ്റ്മെന്റ് മൂന്നുമാസത്തിനകം കൊടുക്കണമെന്നുള്ളതിന് 15 മാസ ത്തെ സമയം കൊടുക്കുകയാണ്. ആ ഭേദഗതി കൂടി ഇതിനകത്ത് വരുന്നുണ്ട്. അവർ ഇക്കാലയളവിൽ അനധികൃതമായി സമ്പാദിക്കാൻ സാധ്യതയുള്ള അല്ലെങ്കിൽ സമ്പാദിച്ചിട്ടുള്ള സ്വത്തിന് സാധൂകരണം കൊടുക്കുന്ന പ്രശ്നം കൂടിയായിട്ട് അതിനെ വ്യാഖ്യാനിക്കാം. അത്തരം പ്രശ്നത്തെക്കുറിച്ചുള്ളതും; ഇങ്ങനെ വലിയ സ്വത്ത് സമ്പാദനം-കേന്ദ്ര സർക്കാരിന്റെ ഭരണാധികാരികളുടെ ഓരോ വർഷത്തെയും സ്റ്റേറ്റ്മെന്റ് വരുമ്പോൾ കാണുന്നത് വലിയ വർദ്ധനവാണ്. കേന്ദ്രമന്ത്രിസഭയിലെ ആളുകൾ കോടീശ്വരൻമാരായി മാറുകയാണ്. ഇതൊക്കെ കണക്ക് ചെയ്ത് ധാരാളം കാര്യങ്ങൾ പറയാൻ കാണുമല്ലോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഞാൻ തുടക്കത്തിൽ തന്നെ പറഞ്ഞു. കൗൺസിലർമാർ ചാർജ്ജ് ഏറ്റെടുത്തുകഴിഞ്ഞ് ഒന്നരവർഷം കഴിയുമ്പോഴേക്കും ആദ്യം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സമയത്ത് അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഉണ്ടായിരുന്ന സ്വത്ത് എത്ര? 15 മാസം കഴിഞ്ഞ് ഇത് കൊടുക്കുമ്പോൾ അതിലുണ്ടായിരിക്കുന്ന വർദ്ധനവ് - അനധികൃതവും അല്ലാത്തതുമായ വർദ്ധനവുണ്ടാകാം, ആ വർദ്ധനവും തമ്മിലുള്ള വ്യത്യാസം ഒരിക്കലും കണ്ടുപിടിക്കാൻ കഴിയില്ല. ഇത് അഴിമതിയെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നതാണ് എന്ന് ഞാൻ തുടക്കത്തിൽ തന്നെ സൂചിപ്പിച്ചതാണ്. മാലിന്യ പ്ലാന്റാണെങ്കിലും അതല്ലാത്ത

പ്രവർത്തനങ്ങളാണെങ്കിലും നാടിന്റെ വികസനമാണെങ്കിലും ഏത് കാര്യ ത്തിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ ഇതിൽ മെച്ചമുണ്ടാകുകയുള്ളൂ. അതുകൊണ്ടാണ് കേരളം മറ്റു സംസ്ഥാനങ്ങൾക്കും ലോകത്തിനും തന്നെ മാതൃകയാകുന്ന രൂപത്തിൽ ഈ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനവും അതുപോലെ തന്നെ മുനിസിപ്പിലാറ്റികളുടെ/കോർപ്പറേഷനുകളുടെ പ്രവർത്ത നവുമെല്ലാം വളരെ മെച്ചപ്പെട്ട നിലയിൽ കൊണ്ടുപോകാൻ ശ്രമിച്ചിട്ടുള്ളത്; മാതൃകാപരമായി പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഇക്കഴിഞ്ഞ വർഷത്തെ സ്ഥിതിയെന്താണ്? ഇനി കൃത്യമായി പറഞ്ഞാൽ മൂന്നര മാസം മാത്രമാണ് ബാലൻസുള്ളത്. ഒറ്റ പ്രോജക്റ്റും അംഗീകരിച്ചുകഴിഞ്ഞിട്ടില്ല. ഈ അടിസ്ഥാനത്തിലാണെങ്കിൽ ഇപ്പോൾ ഗവൺമെന്റ് കൊടുത്തിരിക്കുന്ന പണത്തിന്റെ 50% പോലും വിനിയോഗിക്കാൻ കഴിയില്ല എന്ന കാര്യം ഉറപ്പാണ്. അങ്ങനെയാകുമ്പോൾ രണ്ടു കൊല്ലം കൊണ്ട് ചെലവാക്കിയാൽ മതി. മന്ത്രിക്ക് ലാഭമായിരിക്കും. ഇഷ്ടം പോലെ കൈയിലിരിക്കുമല്ലോ, ചെലവാകില്ലല്ലോ? ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാണ് അല്ലെങ്കിൽ ഖജനാവിൽ പണം മിച്ചം വരുത്താനാണ് ശ്രമിക്കുന്നതെങ്കിൽ അത് നല്ല കാര്യമായിരിക്കും. പക്ഷേ നാട്ടിലെ ജനങ്ങൾക്ക് പ്രയോജനം ചെയ്യാനാണ് നിങ്ങൾ ഇത് ചെയ്യുന്നതെങ്കിൽ ഒരു നിലയിലും അത് നാടിനോ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കോ ഗുണമല്ല, അതുമാത്രമല്ല ഈ മാലിന്യ പ്ലാന്റുകളെല്ലാം നിങ്ങളുടെ ഭാവനയനുസരിച്ച്..... ബില്ലുകളെല്ലാം നിങ്ങളുടെ ഭൂരിപക്ഷം അനുസരിച്ച് പാസാക്കിയെടുക്കാം എന്നുള്ളതിനപ്പുറം ഒരു പുരോഗതിയും

ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് പക്ഷപാതപരമായ ഈ സമീപനങ്ങൾ അവസാനിപ്പിക്കണം.

ശ്രീ. വി. ശിവൻകുട്ടി: ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യം നഗര വികസനത്തിന്റെ ചുമതലയുണ്ടായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അതിനുശേഷം ശ്രീ. മഞ്ഞളാംകുഴി അലിയും ഏകദേശം ഒരു ഡസനോളം വരുന്ന യോഗങ്ങൾ തിരുവനന്തപുരത്തെ മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയിരുന്നു. ഇപ്പോൾ മാലിന്യം കത്തിക്കുന്ന തിനു വേണ്ടി രണ്ട് കോടി രൂപ കൊടുത്ത് ഒരു യന്ത്രവും കൂടി വാങ്ങി യിട്ടുണ്ട്. അതിൽ ചെറിയ തോതിൽ മാലിന്യം കത്തിക്കണമെങ്കിൽ തന്നെ ദിവസം എഴുപത്തിയയ്യായിരം രൂപ വേണം. ഭൂരിപക്ഷം അനുസരിച്ച് ഈ നിയമം പാസ്സായിക്കോട്ടെ. ദിവസം 300 ടൺ വച്ച് കഴിഞ്ഞ 10 മാസത്തെ മാലിന്യങ്ങൾ ഈ നഗരത്തിൽ കുന്നുകൂടി കിടക്കുകയാണ്. ഇവിടെ മെഡിക്കൽ കോളേജിലും ജനറൽ ആശുപത്രിയിലും മറ്റു ആശുപത്രിയിലു മൊക്കെ തന്നെ ഡെങ്കിപ്പനിയും എലിപ്പനിയും കൊണ്ട് നിറഞ്ഞ് നിൽക്കുക യാണ്. ഈ നിയമം പാസാക്കാം.... കളക്ടർ 144 പ്രഖ്യാപിച്ചു..... മാലിന്യം നീക്കുക എന്നത് കോർപ്പറേഷന്റെ ജോലി തന്നെയാണ്. പക്ഷേ ഗവൺമെന്റിന്റെ സഹായം കൂടി വേണം. യുദ്ധകാലാടിസ്ഥാനത്തിൽ ഇപ്പോഴുള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനു വേണ്ടിയുള്ള ഒരു കാര്യവും ഇതിൽ പറയുന്നില്ല. അതിനെ സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: അതുതന്നെയാണ് ഞാൻ പറഞ്ഞത് ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു ഇച്ഛാശക്തി വേണം. കോർപ്പറേഷൻ

ഗവൺമെന്റിന്റെ മുകളിലല്ല, താഴെതന്നെയാണ്. കോർപ്പറേഷൻ ഇതിൽ സഹകരിക്കാനും പ്രവർത്തിക്കാനും തയ്യാറാണ്. പക്ഷേ ഗവൺമെന്റ് ഏകപക്ഷീയമായി ഒരു ഭാഗത്തു നിന്നുകൊണ്ട് ഇത് പരിഹരിക്കാനുള്ള നിലപാടുകൾ സ്വീകരിക്കാതെ രാഷ്ട്രീയം കളിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ആ രാഷ്ട്രീയം കളി അവസാനിപ്പിച്ചാൽ തിരുവനന്തപുരത്ത് മാത്രമല്ല എല്ലാ പട്ടണങ്ങളിലെയും മാലിന്യപ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കഴിയും. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഗ്രാമ പഞ്ചായത്തുകളെന്നോ മുനിസിപ്പിലാറ്റികളെന്നോ സർക്കാരെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാവരെയും ഒന്നിപ്പിച്ചു നിർത്തണം. അതിനുപകരം അവരെ ഭിന്നിപ്പിച്ച് നിർത്തുകയും പരമാവധി ദ്രോഹിക്കുകയും ചെയ്യുന്ന സമീപനമെടുത്തിട്ട് അതിന്റെ മുകളിൽ കയറിയിരുന്ന് ഒരു കോർപ്പറേഷനും അവിടെത്തെ ഒരു വാർഡിനുമാണ് അതിന്റെ ഉത്തരവാദിത്വം എന്നു പറഞ്ഞാൽ നാട്ടിലാരെങ്കിലും വിശ്വസിക്കുമോ? തിരുവനന്തപുരം പട്ടണം മുഴുവനും മാലിന്യത്തിനകത്ത് മൂടിക്കിടക്കുകയാണ്. ഏതാനും നാളുകൾ കൂടി കഴിയുമ്പോഴേക്കും നിങ്ങളുടെ അന്ത്യമായിത്തീരും. അത് നിങ്ങൾ മനസ്സിലാക്കണം. ജനങ്ങൾ സഹിക്കില്ല. അതാണ് അക്കാര്യത്തിൽ ഉണ്ടാകേണ്ടത്. ഇത്രയും കാലമായിട്ടും ഗ്രാമസഭകൾ ചേർന്നിട്ടുണ്ടോ? ഇത് പരിശോധിക്കണ്ടേ? ഇതിൽ ഇനി എന്തുചെയ്യുമെന്നാണ് പറയുന്നത്? ചെയ്തു പോരേണ്ട ഒരു കാര്യങ്ങളും ചെയ്യാതെയാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിങ്ങൾ പരിഹരിക്കാമെന്നുള്ള നിലയിൽ പറയുന്നത്. മാലിന്യ പ്രശ്നത്തിൽ, അതിന്റെ സംസ്ക്കരണം ഗവൺമെന്റ് അടിയന്തരമായി നടത്തണം. അതിന്റെ ഉത്ഭവസ്ഥാനത്തുതന്നെ അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം, എല്ലാവരും ഒന്നിച്ചുനിൽക്കണം എന്നെല്ലാം

സർക്കാർ പറയും. പക്ഷേ സർക്കാർ ഇവിടെ എടുക്കുന്നത് നേരെ വിപരീത സമീപനമാണ്. അത് എങ്ങനെ പരിഹരിക്കാതിരിക്കാം; അതിനകത്ത് എങ്ങനെ രാഷ്ട്രീയം കുത്തിത്തിരുകാം എന്ന നിലയിലും അതോടൊപ്പം തന്നെ വൈരനിര്യാതന ബുദ്ധിയോടെയുള്ള സമീപനമെടുക്കുകയുമാണ് ചെയ്യുന്നത്. കേരളത്തിൽ വരുന്ന എല്ലാ പ്രശ്നങ്ങളിലും ഗവൺമെന്റ് ഇതു തന്നെയല്ലേ എടുക്കുന്നത്. ഈ പ്രശ്നത്തിൽ മാത്രമാണോ?

ശ്രീ. ടി. എൻ. പ്രതാപൻ: അങ്ങ് പറയുന്നത് നല്ല കാര്യമാണ്. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കപ്പെടണം. തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങളെല്ലാം ഗ്രാമത്തിൽ കൊണ്ടുപോയി നിക്ഷേപിച്ച് ഈ നഗരത്തിന്റെ മാലിന്യം മുഴുവൻ പേറാൻ ബാദ്ധ്യതപ്പെട്ടവരാണ് വിളപ്പിൽശാല ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ജനങ്ങൾ എന്നു പറയുന്നതു പോലെ എല്ലാ നഗരങ്ങളിലും മാലിന്യം കൂടുന്ന സ്ഥലങ്ങളിലും ഇതാണ് ഇപ്പോൾ ചർച്ച. എന്റെ പഞ്ചായത്തിലെ മാലിന്യം അടുത്ത പഞ്ചായത്തിൽ കൊണ്ടിടാം, എന്റെ വാർഡിലെ മാലിന്യം അടുത്ത വാർഡിൽ കൊണ്ടിടാം, എന്റെ വീട്ടിലെ മാലിന്യം അടുത്ത വീട്ടിൽ കൊണ്ടിടാം ഈ രീതിയിലേക്ക് പോകുന്ന ഒരു സംസ്ക്കാരം, ചിന്ത വളർന്നു വരുന്നു, അതിന് ബദലായി തിരുവനന്തപുരം നഗരത്തിലെ മാലിന്യം തിരുവനന്തപുരത്ത് സംസ്ക്കരി ക്കാനും ഓരോ സ്ഥലങ്ങളിലും ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കാനുമുള്ള മാർഗ്ഗമാണ് ഉണ്ടാക്കേണ്ടത്. അതിനുവേണ്ടിയുള്ള സമന്വയവും രാഷ്ട്രീയ മായ ഇച്ഛാശക്തിയുമാണ് വേണ്ടത്. അതിലേക്കാണ് അങ്ങ് കുറേക്കൂടി ശ്രദ്ധ കൊടുക്കേണ്ടത് എന്ന് പറഞ്ഞാൽ നിഷേധിക്കുമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഈ കാര്യം പരിഹരിക്കാൻ നിങ്ങളുടെ ഗവൺമെന്റിനും അതിന്റെ വകുപ്പുമന്ത്രിക്കും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിക്കും ഇച്ഛാശക്തിയാണ് വേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ പ്രമേയത്തിന് ആകെ 90 മിനിട്ടാണുള്ളത്. ഇപ്പോൾ 82 മിനിട്ടായി. ഇനി 8 മിനിട്ടാണുള്ളത്. ഇനിയും രണ്ട് പേർ സംസാരിക്കാനുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഈ പറഞ്ഞ കാര്യത്തിൽ വ്യക്തതയുണ്ടാകേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് വേണം. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതിന് മറുപടിയും പറയണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ: അതിനുള്ള മറുപടിയാണ് പറയുന്നത്. തിരുവനന്തപുരം നഗരവും പരിസര പ്രദേശങ്ങളും മുഴുവനും മാലിന്യക്കൂമ്പാരത്തിനകത്ത് ആക്കിയതിനുശേഷം എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്നതിനോട്, അതായത് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്ന പദ്ധതി വരുന്നതുവരെ തിരുവനന്തപുരം മാലിന്യക്കൂമ്പാരത്തിനകത്ത് നിൽക്കട്ടേയെന്നു പറയുന്ന വീക്ഷണത്തോട് എനിക്ക് അശേഷം യോജിപ്പില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതാപൻ പറഞ്ഞത് അതല്ല, നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും വിളപ്പിൽ പഞ്ചായത്തിൽ കൊണ്ട് നിക്ഷേപിക്കുന്നത് ശരിയാണോയെന്നാണ് പ്രതാപൻ ചോദിച്ചത്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: അങ്ങ് സമരപ്പന്തലിൽ നിൽക്കുന്നത് കണ്ടപ്പോൾ തന്നെ അങ്ങയുടെ വീക്ഷണം എന്താണെന്ന് മനസ്സിലായിരുന്നു. അങ്ങ് ചോദിച്ചതിന് മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: ചെയർ പറഞ്ഞതുമാത്രമല്ല. ഇത് പൊതു സമൂഹത്തിന്റെ തന്നെ വികാരമാണ്. നഗരങ്ങളിലെ മാലിന്യങ്ങൾ ചുമക്കാൻ വിധിക്കപ്പെട്ടവരാണോ ഗ്രാമങ്ങളിലെ  ജനങ്ങളെന്ന ചോദ്യമുണ്ട്. അത് വിളപ്പിൽ ശാല മാത്രമല്ല, ഏത് നഗരത്തിലായാലും ശരി നഗരത്തിലെ കുറച്ച് ആളുകൾ മാലിന്യം ഉണ്ടാക്കുന്നു, നിക്ഷേപിക്കുന്നു. ആ മാലിന്യങ്ങളെല്ലാം ചുമക്കാൻ വേണ്ടി വിധിക്കപ്പെട്ടവരാണ് ഗ്രാമത്തിലെ ആളുകൾ. ഗ്രാമ ത്തിൽപ്പോയി ഒരു അമ്പത് സെന്റോ ഒരു  ഏക്കറോ, രണ്ട് ഏക്കറോ സ്ഥലം വാങ്ങിച്ചിട്ട് ആ മാലിന്യം മുഴുവൻ അവരുടെ തലയിൽ അടിച്ചേൽപ്പിച്ച് ശുദ്ധരായ ഗ്രാമീണജനതയുടെ സ്വസ്ഥ ജീവിതത്തെ തകർക്കുവാൻ വേണ്ടി യുള്ളതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അങ്ങേയെപ്പോലെ ഗ്രാമത്തിൽനിന്നും വരുന്ന ആളുകൾക്ക് നിഷേധിക്കുവാൻ പറ്റുമോ?

ശ്രീ. കെ.കെ.ജയചന്ദ്രൻ: അതിന് മന്ത്രിയാണ്. മറുപടി പറയേണ്ടത്. കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഭരിക്കുന്ന കണ്ണൂർ മുനിസിപ്പാലിറ്റിയിൽ എവിടെയാണ് മാലിന്യം കൊണ്ടിടുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ; അത് എന്താണ് പരിഹരിക്കാത്തത്? ഭരണം കിട്ടിയിട്ട് രണ്ട് കൊല്ലമായല്ലോ, എന്തു കൊണ്ടാണ് പരിഹരിക്കാത്തതെന്ന മറുപടി നിങ്ങളല്ലേ പറയേണ്ടത്. ഇവിടെ എല്ലാ കാര്യങ്ങളിലും ഗവൺമെന്റ് രണ്ട് സമീപനം എടുക്കുന്നു. ഈ ഒരു കാര്യത്തിൽ മാത്രമല്ല. മെട്രോയുടെ കാര്യം എടുത്ത് നോക്കുക. ഇതുമായി ബന്ധപ്പെട്ടതല്ലായെങ്കിലും ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങൾക്ക് രണ്ട് മുഖങ്ങളുണ്ടെന്ന് പറയാൻ വേണ്ടി പറഞ്ഞതാണ്. ഒന്ന് ശ്രീധരനും ഡി.എം. ആർ.സിക്കും വേണ്ടി ഗവൺമെന്റ് പാസ്സാക്കിയില്ലേ. പക്ഷേ അയാളെ നിയമിക്കാതിരിക്കുവാനും ഡി.എം.ആർ.സി-ക്ക് കൊടുക്കാതിരിക്കുവാനും എന്തെല്ലാം ചെയ്യാൻ പറ്റുമോ അത് മുഴുവൻ ചെയ്യുകയാണ്. ഒന്ന്

പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുകായെന്നുള്ള ഗവൺമെന്റിന്റെ ഇന്നത്തെ സമീപനം മാറ്റണം. അങ്ങനെ മാറ്റിയാൽ തീർച്ച യായും ഇതിനൊരു പരിഹാരം ഉണ്ടാകും. അങ്ങനെ വ്യക്തമായ പരിഹാര നിർദ്ദേശങ്ങളില്ലാത്ത ബില്ലെന്ന നിലയിൽ ഈ ബില്ലിനെ ഞാൻ ഒരിക്കൽ കൂടി നിരാകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യയിലെ ഏറ്റവും മനോഹര മായ ഭൂപ്രദേശമാണ് കേരളമെന്ന് നമുക്കൊക്കെ അറിയാം. ഈ കേരളത്തിൽ 500 കോടി രൂപ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഗവൺമെന്റും മാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടി ചെലവഴിക്കുന്നുണ്ട്. 700 കോടി രൂപ മുതൽ 1000 കോടി രൂപ വരെ ചെലവഴിച്ചുകൊണ്ട് അനേകം പ്ലാന്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ പ്ലാന്റുകളിൽ 90 ശതമാനവും തകർന്നുകിടക്കുകയാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് പറയാവുന്നത് കൊടുങ്ങല്ലൂരിലെയും ആറ്റിങ്ങലിലെയും പ്ലാന്റുകൾ മാത്രമാണ്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഇവ യഥാസമയം റിപ്പയർ ചെയ്യുവാനോ പ്രവർത്തനക്ഷമമാക്കുവാനോ സാധിക്കുന്നില്ല. നഗരങ്ങളിൽ നിന്ന് മാലിന്യം കൊണ്ടുപോയി ഗ്രാമങ്ങളിൽ ഡമ്പ് ചെയ്ത് അവിടെ സംസ്ക്കരണം നടത്തുമ്പോൾ ജനങ്ങൾ എതിർക്കുന്നത് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗവൺമെന്റിലുമുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ്. ഞാൻ ചെയർമാനായ പരിസ്ഥിതി കമ്മിറ്റി കോഴിക്കോട്ടെ ഞെളിയംപറമ്പിൽ പോവുകയുണ്ടായി. അവിടെ പോയപ്പോൾ

വളം ജൈവവളമാക്കി മാറ്റുന്ന പ്ലാന്റിന്റെ അകത്തേക്ക് കയറിയപ്പോൾ മാസ്ക്ക് കെട്ടിയിട്ട് പോലും എനിക്ക് തലചുറ്റൽ ഉണ്ടായി. എന്റെ കൂടെവന്ന രണ്ട് എം.എൽ.എ മാർ കാറിൽ തന്നെയിരുന്നു. ഇത്തരത്തിൽ സംസ്ക്കരിച്ച ഞെളിയംപറമ്പിലെ പ്ലാന്റിൽ പോലും കയറാൻ കഴിയാത്ത തരത്തിലുള്ള ദുർഗന്ധമാണുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പോയി. അവിടെ കോടിക്കണക്കിന് രൂപ ചെലവാക്കി മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പക്ഷേ വെള്ളം എവിടേക്ക് ഒഴുക്കി വിടണമെന്നുള്ള കാര്യത്തിൽ മാസങ്ങളായി തർക്കം നടക്കുകയാണ്. രണ്ട് നിർദ്ദേശങ്ങളാണ് അവരുടെ മുന്നിലുള്ളത്. ഒന്ന് വളരെ പുരാതനമായ കനോലി കനാലിലേക്ക് ഒഴുക്കണമെന്ന്. വേറൊരു വിഭാഗം പറയുന്നത് 300-ഓളം ഏക്കർ വിസ്തീർണ്ണമുള്ള കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഈ വെള്ളം ഒഴുക്കികളഞ്ഞ് അവിടെ കൃഷി ചെയ്യുകയാണ് നല്ലതെന്ന്. ഇത് തീരുമാനം ആകാത്തതുകൊണ്ട് കോടിക്കണക്കിന് രൂപ മുതൽമുടക്കിയ ആ പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല. ശാസ്ത്രബോധമുള്ള ഡോക്ടർമാരുള്ള മെഡിക്കൽ കോളേജിൽ പോലും ഈ വെള്ളം എന്ത് ചെയ്യണമെന്നുള്ള തർക്കം അനിശ്ചിതമായി നീണ്ടു പോവുകയാണ്. ഇതിനുള്ള പ്രധാന കാരണം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മാറി മാറി ഭരിക്കുന്ന ഗവൺമെന്റുകളുടേയും ഉത്തരവാദിത്തമില്ലായ്മയാണ്. ജനങ്ങൾക്ക് വിശ്വാസമില്ല. അതുകൊണ്ട് നിശ്ചിത അളവിലും കൂടുതൽ. ......... ഇവിടെ ശ്രീ. ശിവൻകുട്ടി പറഞ്ഞത് 300 ടൺ മാലിന്യം ഉണ്ടെന്നാണ്. തിരുവനന്തപുരത്തെ പഴയ കണക്കെടുത്ത് പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. ശരിക്കും 100 ടൺ ആയിരുന്നത് ഇപ്പോൾ

എല്ലാവരും പറയുന്നത് 300 ടൺ എന്നാണ്. തിരുവനന്തപുരത്തെ ജനങ്ങളുടെ സുഖജീവിതത്തിന് വിളപ്പിൽശാലയിലെ പാവപ്പെട്ട ജനങ്ങൾ ബലിയാടാകണമെന്ന് പറഞ്ഞാൽ ആ ജനത സമ്മതിച്ചുകൊളളണമെന്നില്ല. എന്തുകൊണ്ടാണ് വിളപ്പിൽശാലയിലെ ജനങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു മനോഭാവം ഉണ്ടായത്. അവരുടെ അനുഭവമാണ് അത്തരത്തിലുള്ള പ്രതിഷേധത്തിന് അവരെ പ്രേരിപ്പിക്കുന്നത്. കേരളത്തിലെ മാലിന്യപ്രശ്നം രൂക്ഷമായ ഒരു സാഹചര്യത്തിൽ ഈ നിയമം വളരെ അത്യാവശ്യമാണെന്ന് കരുതുകയാണ്. ഈ ഭേദഗതി ബില്ലിൽ ആദ്യത്തെ കാര്യം സ്വത്ത് വിവരം വെളിപ്പെടുത്തുവാൻ സാധിക്കാത്തവർക്ക് 15 മാസത്തെ അവധി നൽകുന്നതാണ്. എന്റെ സ്നേഹിതൻ ശ്രീ. എ.എം. ആരിഫ് ചോദിച്ചത് അങ്ങനെയാണെങ്കിൽ 15 മാസം അവർ അഴിമതി നടത്തുന്ന കണക്ക് രേഖപ്പെടുത്തില്ലേയെന്നാണ്. അവർ നോമിനേഷൻ കൊടുക്കുമ്പോൾ കണക്ക് കൊടുക്കുന്നുണ്ട്. നോമിനേഷൻ കൊടുക്കുന്ന കണക്കിൽ 15 മാസം കൊണ്ട് അഴിമതി നടത്തുന്നവരാണോ കേരളത്തിലെ മുനിസിപ്പൽ കൗൺസിലർമാരും കോർപ്പറേഷൻ കൗൺസിലർമാരും? ഒന്നുമില്ലെങ്കിൽ അവരുടെ അഭിമാന ബോധത്തിൽ നമുക്ക് വിശ്വാസം വേണ്ടേ? എല്ലാ പാർട്ടിയിലുംപ്പെട്ട കൗൺസിലർമാരാണ് അവർ. അതിൽ 50 ശതമാനം സ്ത്രീകൾക്ക് സംവരണം നിശ്ചയിച്ചതിനുശേഷം ...............

ഡോ.ടി.എം. തോമസ് ഐസക്: ഇതൊരു പ്രവണതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ കേസിൽ മാത്രമല്ല. ഗ്രാമസഭ നാല് പ്രാവശ്യം കൂടണമെന്നുണ്ട്. ഗ്രാമസഭ നാല് പ്രാവശ്യമെങ്കിലും കൂടിയിരിക്കണമെന്ന് കേന്ദ്രമന്ത്രി തന്നെ പ്രസ്താവിച്ചു. ഇപ്പോൾ നമ്മൾ മൂന്നാക്കി. ഇനി

രണ്ടാക്കാം. ഒരു പ്രാവശ്യം നിയമം ഒന്ന് നടപ്പിലാക്കൂ. അതിൽ എൽ.ഡി. എഫും യു.ഡി.എഫ്-ഉം എന്ന വ്യത്യാസം വേണ്ട. അതിന്റെ അടിസ്ഥാന ത്തിൽ പാഠം ഉൾകൊണ്ട് അവർ പ്രവർത്തിക്കില്ലേ.

ശ്രീ. സി.പി.മുഹമ്മദ്: അങ്ങ് പറഞ്ഞ വികാരത്തോട് ഞാൻ യോജി ക്കുന്നു. പക്ഷേ കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അത്തരത്തി ലുളള വിദ്യാഭ്യാസം ജനപ്രതിനിധികൾക്ക് നൽകുന്നില്ല അവരെ ബോധ വത്ക്കരിക്കുന്നില്ലായെന്നുളളതാണ് വാസ്തവം. അയോഗ്യരാക്കുന്നതിൽ കക്ഷി രാഷ്ട്രീയ വ്യത്യാസം ഒന്നുമില്ല.

ശ്രീ. പാലോട് രവി: ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ എല്ലാ പഞ്ചായത്ത് മെമ്പർമാരും തയ്യാറാണ്. നാല് തവണയല്ല ഏഴ് തവണയെങ്കിലും വിളിച്ച് കൂട്ടും. ആ ഗ്രാമസഭയിൽ പങ്കെടുക്കുന്നവർ ഉന്നയിക്കുന്ന ആവശ്യങ്ങളിൽ പത്ത് ശതമാനം പോലും നമുക്ക് നടപ്പിലാക്കുവാൻ കഴിയില്ലെന്നുളളതാണ് വസ്തുത. മന്ത്രിമാരും ജനപ്രതിനിധികളും ഗ്രാമസഭയിൽ പോകുന്നില്ല. ഗ്രാമസഭകൾ വിളിച്ച് കൂട്ടുമ്പോൾ ഓരോ ഗ്രാമസഭകളിലും ഉന്നയിക്കുന്ന കാര്യങ്ങളിൽ പത്ത് ശതമാനം പോലും നടപ്പിലാക്കുവാൻ കഴിയാതെ പഞ്ചായത്ത് മെമ്പർമാർ വിഷമിക്കുകയാണ്.

ഡോ. ടി.എം.തോമസ് ഐസക്: ഗ്രാമസഭയിൽ ഇത്രയും പണമേയുളളൂ അതിനുളളിൽ ആദ്യം ചെയ്യേണ്ടത് എന്താണെന്ന് ചോദിക്കുന്നതിനുപകരം ഇഷ്ടക്കാർക്ക് കാര്യങ്ങൾ നടത്തിക്കൊടുക്കുന്ന ഏർപ്പാട് വരുമ്പോൾ സ്വാഭാവികമായും നാല് പേരുടെ മുമ്പിൽ പോകാൻ പറ്റാതെ വരുന്നുണ്ട്.

ശ്രീ. സി.പി.മുഹമ്മദ്: നിങ്ങൾ രണ്ടുപേരും സംസാരിച്ച് എന്നെ ഒഴിവാ ക്കേണ്ടതില്ല. മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ജൈവ, ജൈവേതര മാലിന്യ

ങ്ങളായി തരംതിരിച്ച് കൈകാര്യം ചെയ്യുന്ന വ്യവസ്ഥകൾ വ്യാപാര കേന്ദ്രങ്ങൾ..........

ശ്രീ. എ. എം. ആരിഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ പറഞ്ഞത് മൂന്ന് മാസം കൊണ്ട് നൽകേണ്ട സ്റ്റേറ്റ്മെന്റ് 15 മാസം കൊണ്ട് നൽകുന്നത് സംബന്ധിച്ചാണ്. ഈ കാലയളവിൽ ഉണ്ടാകുന്ന വർദ്ധനവ് സംബന്ധിച്ച് നിയമപരമോ അല്ലാതെയോ ഒന്നും ഞാൻ പ്രത്യേകിച്ച് പറഞ്ഞില്ല. രണ്ട് തരത്തിലും വരാം. നിയമപരമല്ലാതെയുള്ള കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ അതിനെ മാത്രമായി പറഞ്ഞുകൊണ്ട് എല്ലാവരും അഴിമതി നടത്തുന്നവരാണെന്ന് സാമാന്യവത്ക്കരിക്കുന്ന രീതിയിൽ പറഞ്ഞത് ഓർഡറിലാണോ; അത് ശരിയാണോ?.

ശ്രീ. സി. പി. മുഹമ്മദ്: ഒരിക്കലും ഒരാളെക്കുറിച്ചല്ല പറഞ്ഞത്. 15 മാസം കൊണ്ട് ഇവർ അങ്ങനെ അഴിമതി നടത്തുകയില്ലേ എന്ന് അങ്ങ് ചോദിച്ചു ഞാൻ പറഞ്ഞതും അങ്ങ് വിശദീകരിച്ചതും ഒന്ന് തന്നെയാണ് മാർജ്ജാരനും പൂച്ചയും ഒന്നുതന്നെയാണ്. അത് മനസ്സിലാക്കിയാൽ മതി.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ഓർഡിനൻസ് ബില്ലാക്കണമെന്നുള്ള ആവശ്യം പ്രമാണിച്ച് ഒരു പ്രസ്താവന മന്ത്രി നടത്തിയിട്ടുള്ളതിൽ, ഒരു കാര്യം പറഞ്ഞിരിക്കുന്നതിൽ ഒട്ടും യോജിക്കാൻ കഴിയുന്നില്ല. അതായത് വനിതാസംവരണം അൻപത് ശതമാനമായി വർദ്ധിപ്പിച്ചതിനു ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പ് ആയതിനാലും വനിതാകൗൺസിലർമാർ ഉൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങളുടെ വാർഡിലെ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നതിനാലും പ്രസ്തുത ചുരുങ്ങിയ കാലാവധിക്കുള്ളിൽ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റ് നൽകാൻ

അവർക്ക് കഴിഞ്ഞിട്ടില്ലെന്നാണ്. അത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. 73-74 ഭേദഗതി വന്നപ്പോൾ മുതൽ വനിതാ സംവരണം 33 1/3 ശതമാനമാണ്. ഇങ്ങനെയൊരു സംഭവം ആദ്യമായിട്ടാണ്. സ്ത്രീകളെ ആകെ ആക്ഷേപിക്കുന്ന ഒരു പ്രസ്താവനയായിട്ടില്ലേ അത്? 36 മെമ്പർമാർക്ക് ഈ പ്രശ്നം വന്നിട്ടുണ്ട്. അതിൽ 14 സ്ത്രികളേയുള്ളൂ എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ശരിയാണെന്ന് മെമ്പർക്ക് തോന്നുന്നുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്: സ്ത്രീകളെ അപമാനിക്കാൻ വേണ്ടി എഴുതിയതല്ല. ഞങ്ങൾക്ക് ഇതിനെക്കുറിച്ച് പ്രവർത്തന പരിചയമില്ല എന്ന് ഒരുപാട് ജനപ്രതിനിധികൾ മന്ത്രിയുമായി പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ എഴുതിച്ചേർത്തത്. അങ്ങ് അംഗീകരിക്കുന്നില്ലെങ്കിൽ വേണ്ട.

ഡോ. ടി.എം. തോമസ് ഐസക്: അങ്ങനെയാണെങ്കിൽ നമ്മൾ എന്തിനാണ് പെർമനന്റായി 15 മാസമാക്കുന്നത്, ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ ഒരു തവണ 15 മാസം, ബാക്കി മൂന്ന് മാസമായിട്ടിരിക്കട്ടെ, നിയമം തന്നെ എല്ലാ കാലത്തും ഭേദഗതി ചെയ്യേണ്ട ആവശ്യം എന്താണ്?

ശ്രീ. സി.പി. മുഹമ്മദ്: വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഒരു കാര്യം ബഹുമാനപ്പെട്ട തോമസ് ഐസക് പറഞ്ഞതിനെ ഞാൻ അംഗീകരിക്കുന്നു. മൂന്ന് നിലയുള്ള വീടുകൾ എന്നത് മാറ്റി ഒരു നിശ്ചിത സ്ക്വയർ ഫീറ്റിലും ചെലവ് വന്നതിന്റെ കണക്കും നോക്കി വീടുകളെ ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തെ സംബന്ധിച്ചിടത്തോളം കോടികൾ

ഇന്ന് വീട് നിർമ്മാണത്തിനുവേണ്ടി ആളുകൾ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വീടുകളെയും ഉൾപ്പെടുത്തിയാൽ അവർക്ക് സ്വന്തമായി മാലിന്യ സംസ്ക്കരണ പ്ലാന്റുണ്ടാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഒരു നിശ്ചിത സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ളതും ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നതുമായ വീടുകളെ ഉൾപ്പെടുത്തണം. മൂന്ന് നില എന്നുള്ളത് മാറ്റുന്നത് നന്നായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ഒരു വാതിലിനുപോലും ലക്ഷങ്ങൾ ചെലവാക്കുന്നുണ്ട്. എന്തിനേറെ എന്നോട് ഒരാൾ പറഞ്ഞത്, ഒരു വീടിന്റെ ലോക്കിന് ഏഴ് ലക്ഷം രൂപ ചെലവാക്കിയെന്നാണ്. അങ്ങനെയുള്ള വീട്ടുടമസ്ഥൻമാർക്ക് ഒരു മാലിന്യ സംസ്ക്കരണ പ്ലാന്റിന് പണം ചെലവഴിക്കാൻ ഇല്ലെന്ന് പറഞ്ഞാൽ വലിയ അത്ഭുതമാണ്. അതുകൊണ്ട് എന്റെ വ്യക്തിപരമായ അഭിപ്രായം മാലിന്യ സംസ്ക്കരണ പ്ലാന്റ് എന്നുള്ളതല്ല, ഒരു നിശ്ചിത തുകയിലധികം വീടിന് പണം ചെലവാക്കുന്നവർക്കും ഒരു നിശ്ചിത വിസ്തീർണ്ണത്തിലധികമുള്ള വീട് ഉള്ളവർക്കും മാലിന്യ സംസ്ക്കരണ പ്ലാന്റ്, സോളാർ യൂണിറ്റ്, സംഭരണി എന്നിവ നിർബന്ധമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ ചെയ്യുന്നവർക്കേ വീടിന് നമ്പറിട്ട് കൊടുക്കാൻ പാടുള്ളു. പിന്നെ പ്ലാസ്റ്റിക് സഞ്ചി, കവറുകൾ എന്നിവയുടെ ഉപയോഗം. നമ്മുടെ ജീവിതശൈലി ഇതിനൊരു പ്രധാനപ്പെട്ട കാരണമാണ്. ഒരു കാര്യം നമ്മളെല്ലാവരും വിസ്മരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പ്രസ്ഥാനങ്ങളടക്കം സാമൂഹ്യ സംഘടനകളടക്കം ജനങ്ങളടക്കം പരിസ്ഥിതി മലിനീകരണത്തിന് നിർണ്ണായകമായ സംഭാവനകൾ നൽകുന്നവരാണ്. ഒരു പാർട്ടി സമ്മേളനമുണ്ടായാൽ നഗരങ്ങളിൽ, നാൽക്കവലകളിൽ ട്രാഫിക് ഐലന്റുകളിൽ

പുൽത്തകിടിയുടെ മുകളിൽ പോലും കുഴിച്ച് കൊടിയും തോരണങ്ങളും തൂക്കാൻ നമുക്ക് ഒരു മടിയുമില്ല. ഓരോരുത്തരുടെയും തൻപോരിമയ്ക്ക് വേണ്ടി ഫ്ളക്സുകളുണ്ടാക്കി കേരളമാകെ ഫ്ളക്സുകൾ കൊണ്ട് നിറയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിൽപ്പോലും യൂണിയനുകളുടെ പേരിൽ കൊടിതോരണങ്ങൾ കെട്ടി വൃത്തികേടാക്കിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സ്വന്തം അണികൾക്കെങ്കിലും ഈ വിദ്യാഭ്യാസം നൽകാൻ എന്തുകൊണ്ട് സാധിക്കുന്നില്ല എന്നുള്ളത് നമ്മൾ ആലോചിക്കണം. ഇവിടെ വ്യാപാര സ്ഥാപനങ്ങളും ടൗൺ ഹാളുകളും കല്ല്യാണ മണ്ഡപങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളും മാലിന്യങ്ങൾ അവരവർ തന്നെ സംസ്ക്കരിക്കാൻ തയ്യാറല്ലെങ്കിൽ അവർക്ക് കർശനമായ ശിക്ഷ നൽകേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ പല കുറ്റങ്ങളുടെയും പ്രധാനപ്പെട്ട കാരണം ശിക്ഷയുടെ കുറവാണ്. ഒരു ഉദാഹരണം, നമ്മുടെ നാട്ടിൽ ഇന്ന് കാട്ടിൽ കയറി ആളുകൾ വളരെ അപൂർവ്വമായേ മരം മുറിക്കുന്നുള്ളു. എന്താണ് കാരണം? ഗുരുതരമായ ശിക്ഷ അതിന് ലഭിക്കുന്നുണ്ട് എന്നുള്ളതാണ്. ഇവിടെ പുകവലി നിരോധന നിയമം വന്നു. വളരെയധികം ആളുകൾ പുകവലി ഉപേക്ഷിച്ചു. പുകവലി ഇന്ന് ചെറുപ്പക്കാരിൽ തീരെ ഇല്ലാതായി. മദ്യത്തിന്റെ ഉപയോഗം കൂടിയിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അപ്പോൾ നിയമം വഴി ശിക്ഷ ലഭിക്കുമെന്ന് ഉറപ്പാകുമ്പോൾ ആളുകൾ ഒരു പരിധി വരെ അത് ഒഴിവാക്കും. സിംഗപ്പൂരിൽ വഴിയോരങ്ങളിൽ എന്തെങ്കിലും മാലിന്യം നിക്ഷേപിച്ചാൽ 500 രൂപ (അവിടത്തെ രൂപയിൽ) ആണ് പിഴശിക്ഷയായി വിധിക്കുന്നത്. ഇവിടെ കേരളത്തിൽ ശരാശരി മലയാളി വ്യക്തി ജീവിതത്തിൽ വൃത്തിയുള്ളവനാണ്. ഓരോ വ്യക്തിയും ദിവസവും കുളിക്കും, പല്ലുതേയ്ക്കും, മുടിചീകും, എല്ലാ അർത്ഥത്തിലും നല്ല വസ്ത്രം

ധരിച്ച് വൃത്തിയായി പുറത്തേക്ക് പോകും. വീടിന് മുറ്റമടിക്കും അതു പോലെതന്നെ വീട് അവനവന്റെ സാമ്പത്തിക ശേഷിയനുസരിച്ച് ഭംഗിയായി സൂക്ഷിക്കും. അതേ മലയാളി തന്നെ സ്വന്തം വളപ്പിലെ മാലിന്യങ്ങൾ ആരും കാണാതെ ഒരു കീശയിലാക്കി അന്യന്റെ വളപ്പിലേക്ക് വലിച്ചെറിയുന്ന സ്വഭാവ വൈകൃതത്തിന്റെ ഉടമകളാണ് എന്നുള്ളത് നമ്മൾ വിസ്മരിക്കരുത്. അതുകൊണ്ട് മലയാളിയുടെ പല രംഗങ്ങളിലുമുള്ള ഉന്നതിയും മലയാളി യുടെ സാംസ്ക്കാരിക അവബോധവും ഇന്ന് നിലനിർത്താൻ മലയാളികൾ ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മത സംഘടനകളും സാമൂഹിക സംഘടനകളും വിചാരിച്ചാൽ ഒരുപാട് മാലിന്യങ്ങൾ ഒഴിവാക്കാൻ സാധിക്കും. വളരെ വർഷ ങ്ങൾക്ക് മുൻപ് പലചരക്ക് കടകളിൽ നിന്ന് ആളുകൾക്ക് സാധനം പൊതിഞ്ഞ് കൊടുത്തിരുന്നത് തേക്കിന്റെ ഇലയിലും കടലാസിന്റെ ഉറകളി ലുമായിരുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, മാലിന്യ നിർമ്മാർജ്ജന ത്തിന് വേണ്ടിയുള്ള പല മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ പോലും ജന ങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത അന്തരീക്ഷം ഉണ്ടാക്കിയിരിക്കുന്നു. എന്നാൽ വിദേശ രാഷ്ട്രങ്ങളിൽ പലയിടത്തും ഇത്തരം മാലിന്യ നിർമ്മാർജ്ജന കേന്ദ്ര ങ്ങൾ ഒരു വ്യവസായം പോലെ വളർത്തിക്കൊണ്ടുവരുന്ന അന്തരീക്ഷമുണ്ടാ യിട്ടുണ്ട്. ഉദാഹരണം, ബെയ്ജിംഗിൽ ബി.ഇ.എസ്.ഇ എന്നുപറയുന്ന വളരെ പ്രധാനപ്പെട്ട ഒരു മാലിന്യ നിർമ്മാർജ്ജന കേന്ദ്രം ഞങ്ങൾ കണ്ടു. ആ മാലിന്യ നിർമ്മാർജ്ജന കേന്ദ്രത്തിൽ 5,898 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. 1500 വാഹനങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

എന്നുമാത്രമല്ല 90 കോടി യുവാൻ കൊണ്ട് തുടങ്ങിയ ആ സ്ഥാപനം ഇപ്പോൾ 354,80,00,000 യുവാൻ ആസ്തിയുള്ള ഒരു വൻകിട കമ്പനിയായി മാറിയിരിക്കുന്നു. 27,70,000 ടൺ ഖരമാലിന്യമാണ് അവിടെ സംസ്ക്കരിക്കുന്നത്. എന്നുമാത്രമല്ല അതിന്റെ പരിസരത്ത് പോയാൽ ഒരു ദുർഗന്ധവും വമിക്കില്ല. അവിടേക്ക് കടന്നുചെന്നാൽ ഉണ്ടാകുന്നത് പ്രത്യേകമായ ഒരു അന്തരീക്ഷമാണ്. കാരണം അവിടെ അന്നന്ന് എത്തുന്ന മാലിന്യങ്ങൾ, ഒരു ഭാഗത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ ദ്രാവക രൂപത്തിലാക്കി റോഡ് പണിക്ക് ഉപയോഗിക്കുന്നു, അതുപോലെതന്നെ മറ്റൊരു ഭാഗം ഫൈബറാക്കി മാറ്റി ഗാർഡനിംഗിനായി ഉപയോഗിക്കുന്നു, മറ്റൊന്ന് കമ്പോസ്റ്റായി ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെ വളരെ കൃത്യമായി തന്നെ ലോകത്തിലെ ഒരു വൻ നഗരത്തിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നത് നാം നമ്മുടെ മുൻപിൽ കാണുകയാണ്. അത്തരം വലിയ രീതിയിലല്ലെങ്കിലും ഇതുപോലെതന്നെ കമ്പനികൾ രൂപീകരിച്ച് ലാഭം കിട്ടുന്ന രീതിയിൽ തന്നെ ഇത് നടപ്പിലാക്കാൻ സാധിക്കുന്നവിധം കേരളത്തിനും ആലോചിച്ചുകൂടേ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> തീർച്ചയായിട്ടും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് ശരിയാണ്. ചൈനയിലേക്ക് പോയിട്ടുള്ള എല്ലാവരും തിരിച്ചുവരുമ്പോൾ പറയുന്നത് അവിടത്തെ മനോഹരമായ കാഴ്ചകളെ കുറിച്ചാണ്. നാഴികയ്ക്ക് നാൽപ്പത് വട്ടം ചൈനയിലേക്ക് നോക്കു നോക്കു എന്നുപറയുന്നവർ മാത്രം ചൈനയെക്കുറിച്ചുള്ള ഈ കാര്യങ്ങളിൽ ബോധവാൻമാരല്ല എന്നുള്ളതാണ് എനിക്ക് തോന്നുന്നത്. ഞാൻ പറഞ്ഞു വന്നത്, പരമ്പരാഗതമായ രീതിയിൽ കടലാസ് കൊണ്ട് കവറുകളുണ്ടാക്കി,

തേക്കിന്റെ ഇല കൊണ്ട് പലചരക്ക് സാധനങ്ങൾ പൊതിഞ്ഞ് കച്ചവടക്കാർ കൊടുത്തിരുന്ന കാലം കഴിഞ്ഞുപോയി. ഇന്ന് പാള കൊണ്ടുള്ള പ്ലേറ്റ് കല്ല്യാണ സദ്യയ്ക്ക് ഉപയോഗിക്കുന്നുണ്ട്. കേരളത്തിൽ ധാരാളം കവുങ്ങ് കൃഷി നടക്കുന്നുണ്ട്. നമുക്ക് പ്ലാസ്റ്റിക് അല്ലാത്ത മാർഗ്ഗങ്ങളിലേക്ക് തിരിയാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? ഡോ.തോമസ് ഐസക് പറഞ്ഞതുപോലെ അതിന് പരമാവധി പ്രോത്സാഹനം കൊടുക്കാൻ നമുക്ക് സാധിക്കണം. അത്തരത്തിലുള്ള യൂണിറ്റുകൾക്ക് സബ്സിഡി കൊടുക്കാൻ സാധിക്കണം. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഒരു പഠനം അനുസരിച്ച് കേരളം മാലിന്യ നിർമ്മാർജ്ജനത്തിൽ ഇരുപത് ശതമാനം മാത്രമേ ലക്ഷ്യം കൈവരിച്ചിട്ടുള്ളു. അതേസമയം ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും ജാർഖണ്ഡ് പോലെയുള്ള പിന്നോക്ക സംസ്ഥാനങ്ങൾ പോലും 70 ശതമാനം ശേഷി കൈവരിച്ച സംസ്ഥാനങ്ങളാണ്. നഗരാസൂത്രണത്തിൽ മാലിന്യ പ്രശ്നത്തിന് അർഹിക്കുന്ന പരിഗണന നൽകാൻ മാറി മാറി വരുന്ന ഗവൺമെന്റുകൾക്ക് ഇന്നുവരെ സാധിച്ചിട്ടില്ലായിരുന്നു. ഇവിടെ ഒരു സ്ഥലത്തെ മാലിന്യം മറ്റൊരു സ്ഥലത്ത് കൊണ്ടുപോയി തള്ളുന്ന സ്വഭാവമാണ് മലയാളി വച്ചുപുലർത്തുന്നത്. ജലമലിനീകരണം, ആറുകൾ, കായലുകൾ, പൊതു ജലാശയങ്ങൾ, തിരുവനന്തപുരം നഗരത്തിന്റെ പരിസരത്തുള്ള ആക്കുളം കായൽ അടക്കം കോടിക്കണക്കിന് രൂപ ചെലവഴിച്ച് അഴിമതിയും കെടുകാര്യസ്ഥതയും നടത്തി ഇപ്പോഴും ആ കായലിലൂടെ ജലഗതാഗതത്തിന് പോലും സൗകര്യമില്ലാത്തവിധം മോശമായിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് നിയമസഭാ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് കൊടുത്തിട്ടും ആ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഇതുവരെ നടപടിയുണ്ടായിട്ടില്ല എന്നുള്ളത് ഖേദപൂർവ്വം ഇവിടെ പറയുകയാണ്. ഇതുസംബന്ധിച്ച് നിയമ

സഭാ കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടും ആ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഇതുവരെ നടപടിയുണ്ടായിട്ടില്ല എന്നുള്ള കാര്യം ഞാൻ ഖേദപൂർവ്വം ഇവിടെ പറയുകയാണ്. ഭാരതപ്പുഴ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ നദികളും മരിച്ചുകൊണ്ടിരിക്കുകയാണ്. കോളിഫോം ബാക്ടീരിയയുടെ അളവ് 90 ശതമാനം വരെയില്ലാത്ത ഒരു ജലാശയം പോലും കേരളത്തിലില്ല. കോഴിക്കോട് നഗരത്തിലെ കല്ലായിപ്പുഴ, ചാലിയാർ പുഴ, കോരപ്പുഴ തുടങ്ങിയ പുഴകളെക്കുറിച്ച് ഒരു പഠനം നടത്തിയപ്പോൾ അവയിലെല്ലാം 90 ശതമാനത്തിലധികം മാലിന്യം, ഖരമാലിന്യം പോലെതന്നെ ജലമാലിന്യവും നിറഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. കൂണുപോലെ, സൂകര പ്രസവം പോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്വകാര്യ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ, ഉപയോഗിച്ച സിറിഞ്ചുകൾപോലും കളക്ട് ചെയ്ത്, ശുദ്ധിചെയ്ത് വിൽക്കുന്ന സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ട്. ഈ ബയോമെഡിക്കൽ മാലിന്യങ്ങൾ നശിപ്പിച്ചുകളയാനുള്ള ഒരു സംവിധാനവും നമ്മുടെ രാജ്യത്തില്ല. ഹോസ്പിറ്റലുകൾക്ക് ഇൻസിനറേറ്ററുകൾ വേണമെന്നുള്ളത് നിർബന്ധമാക്കേണ്ടത് അത്യാവശ്യമാണ്. പരിസ്ഥിതി സംരക്ഷണ കാര്യക്ഷമത എൻവയോൺമെന്റൽ പെർഫോമൻസ് ഇൻഡക്സ് അനുസരിച്ചും വ്യവസായ മലിനീകരണ തോത് കോംപ്രിഹെൻസീവ് എൻവയോൺമെന്റ് പൊല്യൂഷൻ ഇൻഡക്സ് അനുസരിച്ചും പരിശോധിച്ചപ്പോൾ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മോശപ്പെട്ട അവസ്ഥയാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. വിളപ്പിൽശാല, ലാലൂർ, ചക്കുകണ്ടം, ഞെളിയൻപറമ്പ്, തലശ്ശേരി, പെട്ടിപ്പാലം എന്നിവയടക്കമുള്ള എല്ലാ മാലിന്യ സംസ്കരണ കേന്ദ്രങ്ങളും നമ്മെ ലജ്ജിപ്പിക്കുന്ന വിധത്തി

ലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1995-ൽ ആരംഭിച്ച വിളപ്പിൽശാല മാലിന്യസംസ്കരണ പ്ളാന്റിന്റെ കാര്യത്തിൽ കോർപ്പറേഷനും പഞ്ചായത്തും തമ്മിലുള്ള സമരത്തെ, സമരത്തിന്റെ വേദിയാക്കി മാറ്റാതെ വിളപ്പിൽശാലയിലെ നിരപരാധികളും പാവപ്പെട്ടവരുമായ ജനങ്ങളുടെ വികാരത്തെ ഉൾക്കൊള്ളാൻ, കോർപ്പറേഷനായാലും ഗവൺമെന്റായാലും ഒരു ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്. ജൈവമാലിന്യം വേർതിരിക്കുകയും പ്ലാന്റിലെ ചവർ സംസ്ക്കരിച്ച് വളമാക്കുകയും വളമുണ്ടാക്കുമ്പോൾ പുറംതള്ളുന്ന വസ്തുക്കൾ മണ്ണിട്ട് മൂടുകയും മലിനജലം സംസ്ക്കരിക്കപ്പെടുകയും ചെയ്യണം. ഇതിനായി ട്രീറ്റ്മെന്റ് പ്ലാന്റ് കൊണ്ടുവരണം. 300 ടൺ മാലിന്യം പ്രതിദിനം ഇവിടെ എത്തുന്നു എന്നാണ് ശ്രീ. ശിവൻകുട്ടി പറഞ്ഞത്. പക്ഷേ ഈ പ്ലാന്റിന്റെ സംഭരണ ശേഷി 157 ടണ്ണാണ്. അത് 300 ടൺ ആക്കി അവിടെ എത്തിച്ചുവെങ്കിൽ അതിന് പാവപ്പെട്ട വിളപ്പിൽശാലയിലെ ജനങ്ങളെ എന്തിനാണ് ഉത്തരവാദിയാക്കുന്നത് എന്നുള്ളതിന് മറുപടി പറയണം. മലിനീകരണത്തിന്റെ കാര്യത്തിൽ കേരളത്തിന് 17-ാം സ്ഥാനവും ജലമലിനീകരണത്തിൽ പൂജ്യം സ്ഥാനവും വായു മലിനീകരണത്തിൽ 14-ാം സ്ഥാനവും ആശുപത്രി മാലിന്യത്തിൽ 6-ാം സ്ഥാനവുമാണുള്ളത്. ഛണ്ഡിഗഡ്, മേഘാലയ, ഗുജറാത്ത്, ഝാർഖണ്ഡ്, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങൾപോലും കേരളത്തിന്റെ മുന്നിലാണ്. സംസ്ഥാനത്തെ ഏറ്റവും മാലിന്യം നിറഞ്ഞ നഗരം കൊച്ചിയാണെന്ന് സെന്റർ ഫോർ എർത്ത് സ്റ്റഡീസ് പറയുന്നു. കൊച്ചി കേരളത്തിലെ ഒരു മെട്രോ നഗരമായി വളർന്നുകൊണ്ടിരിക്കുകയാണ്. മെട്രോ റെയിൽ, സ്മാർട്ട് സിറ്റി എന്നിവയെല്ലാമുള്ള ഒരു ആധുനിക നഗരമായി വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയാണ് ഏറ്റവുമധികം മാലിന്യ

മുള്ള നഗരമെന്ന് പറയുന്നത് നമുക്ക് അപമാനകരമാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യമാണ് ഇ-വേസ്റ്റ് നിർമ്മാർജ്ജനം. കൊച്ചിയിലെ അമ്പലമേട്ടിൽ ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഉണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. ഇ-വേസ്റ്റ് സംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള ഒരു കേന്ദ്രം തുടങ്ങാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. കമ്പ്യൂട്ടർ, ടെലിവിഷൻ, മൊബൈൽ ഫോൺ, ഫ്രിഡ്ജ്, എയർ കണ്ടീഷൻ എന്നീ ഉപകരണങ്ങളിൽ നിന്നുള്ള ലെഡ്, നിക്കൽ, കാഡ്മിയം, മെർക്കുറി, ബ്രോമിയം തുടങ്ങിയ രാസവസ്തുക്കൾ മാരകമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നതാണെന്നുള്ള കാര്യം നാം ഒരിക്കലും ചിന്തിക്കുന്നില്ല. ഇ-വേസ്റ്റിന്റെ പകുതിയായി കിട്ടുന്നത് പ്ലാസ്റ്റിക്കാണ്. നമ്മുടെ തൊട്ടടുത്തുള്ള നഗരമായ മൈസൂറിൽ വളരെ മനോഹരമായി മാലിന്യ സംസ്ക്കരണ പ്ലാന്റ് ടൗണിനകത്ത് പ്രവർത്തിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ജോർജ് തോമസ് മാതൃഭൂമിയിൽ തുടർച്ചയായി ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ പറയുന്നത് വിദ്യാരണ്യപുരത്ത് 12 ഏക്കർ സ്ഥലത്ത് നഗരത്തിനടുത്തായി വിദേശ രാജ്യങ്ങൾക്കുപോലും അത്ഭുതമുളവാക്കുന്ന രീതിയിലുള്ള ഒരു പ്ലാന്റായി അത് പ്രവർത്തിക്കുന്നു എന്നാണ്. മലിനജലം ശുദ്ധമാക്കുകയും സംസ്ക്കരിച്ച മാലിന്യം വളമായി മാറ്റുകയും ചെയ്യുന്നുണ്ട്. മാലിന്യ വണ്ടികളിൽ ഗ്ലോബൽ പൊസിഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. നമ്മുടെ കോർപ്പറേഷനുകൾക്ക് ധാരാളം വണ്ടികളും ജീവനക്കാരുമുണ്ട്. ഈ വണ്ടികൾ എവിടെയാണെന്നോ ജീവനക്കാർ എവിടെയാണ് പ്രവർത്തിക്കുന്നതെന്നോ ആർക്കും അറിയാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഈ മാലിന്യ വണ്ടികളിൽ ഗ്ലോബൽ പൊസിഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കഴിഞ്ഞാൽ ഈ വണ്ടി

കൾ ഏത് റോഡിലാണ്, ഏത് വീടിന്റെ മുന്നിലാണ് എന്നുള്ളത് ഒരു കേന്ദ്രത്തിലിരുന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് അത്തരത്തിലുള്ള പ്ലാനിംഗോടുകൂടി പ്രവർത്തിച്ച് സീറോ വേസ്റ്റ് മാനേജുമെന്റ് തന്ത്രം ഉണ്ടാക്കിയാലല്ലാതെ കേരളം രക്ഷപ്പെടാൻ പോകുന്നില്ല. ഉപഭോഗ സംസ്ക്കാരത്തിന്റെ അനിവാര്യ ദുരന്തമാണ് മാലിന്യം. സുഖഭോഗങ്ങൾക്കുവേണ്ടിയുള്ള മനുഷ്യന്റെ പരക്കംപാച്ചിലിന്റെ ഫലമായി അനിയന്ത്രിതമായി ഉണ്ടാകുന്ന ഈ ഉപോൽപ്പന്നം നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും ഭരണകൂടങ്ങൾക്കും ഭീഷണിയായി മാറിയിരിക്കുകയാണ്. ഇവിടെ വിലക്കയറ്റംകൊണ്ട് മനുഷ്യൻ വീർപ്പുമുട്ടുന്നു എന്ന് ഒരു ഭാഗത്ത് പറയുമ്പോൾത്തന്നെ മലയാളിയുടെ ക്രയവിക്രയ ശക്തി ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മലയാളി ഫാസ്റ്റ് ഫുഡിന്റേയും കോളയുടെയും മിനറൽവാട്ടറിന്റേയുമെല്ലാം അടിമയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ഉപഭോഗ സംസ്ക്കാരം ഓരോ ദിവസവും മാലിന്യങ്ങളുടെ എണ്ണം പെരുപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. നിത്യഹരിതകേരളത്തിലെ നിർമ്മലമായ നീരൊഴുക്കും നീർത്തടങ്ങളും ഇന്ന് അറപ്പുളവാക്കുന്ന രീതിയിലായിട്ടുണ്ടെങ്കിൽ നമ്മൾ രാഷ്ട്രീയത്തിനതീതമായി ഇതിനൊരു ആത്മപരിശോധന നടത്തണം. ഫ്ളാറ്റുകൾക്കും വലിയ കെട്ടിടങ്ങൾക്കും ഇൻസിനറേറ്റർ നിർബന്ധമാക്കണം. ഇത് ലംഘിക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാ വ്യവസ്ഥകൾ ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണം.

"അവനവൻ ആത്മസുഖത്തിനാചരിക്കു-

ന്നവയപരന് സുഖത്തിനായ് വരേണം"

എന്നാണ്. ഇവിടെ അപരന് സുഖത്തിനായില്ലെങ്കിലും ദോഷത്തിനാകരുത്. മഹാനായ ഗുരുദേവൻ പറഞ്ഞതുപോലെ അങ്ങനെ ആകരുത് എന്നു ള്ളതിനെക്കുറിച്ച് എല്ലാവരും ആലോചിക്കണം. മൈസൂറിലെ ഓരോ പ്രഭാത ത്തിലും ഓരോ വീട്ടുടമയും കേൾക്കുന്ന മുദ്രാവാക്യം 'അമ്മാ കാസാ ഇതി യാ' എന്നാണ്. 'മാലിന്യമുണ്ടോ വീട്ടുകാരേ' എന്നുള്ളതാണ്. അതുകൊണ്ട് ഓരോ വീടുകളിൽനിന്നും മാലിന്യം ശേഖരിക്കാൻ റെസിഡന്റ്സ് അസോസി യേഷനുകളുടെ സഹായം സ്വീകരിക്കുവാൻ നാം തയ്യാറാകണം.

ഞാൻ മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. എന്നാൽ ഒരു കാര്യത്തിലുള്ള സന്തോഷം രേഖപ്പെടുത്തുകയാണ്. ഏത് അവസരം ലഭിച്ചാലും അപ്പുറത്തുള്ള ബഞ്ചിനെ വളരെ രൂക്ഷമായ ഭാഷയിൽ ഞാൻ വിമർശിക്കും എന്നാണ് എന്റെ പല സ്നേഹിതരും പറയാറുള്ളത്. പക്ഷേ ഈ അടുത്ത കാലത്ത് സി.പി.ഐ.(എം) നടത്തിയ ഒരു പരിപാടി എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. കേരളത്തിലെ രൂക്ഷമായ കൊതുകുശല്യം നിർമ്മാർജ്ജനം ചെയ്യാനായി ഉദ്ദേശിച്ചുകൊണ്ട് അഖില കേരള കൊതുക് നിർമ്മാർജ്ജന മഹായജ്ഞം -പൊങ്കാല എന്നുള്ള പേരിൽ അല്ലെങ്കിൽ അടു പ്പുകൂട്ടി സമരം എന്നുള്ള പേരിൽ നടത്തിയതിൽ നിങ്ങളെ അഭിനന്ദിക്കുക യാണ്. ഒരു കുന്തിരിക്കം കൂടി ആ അടുപ്പിൽ ഇടേണ്ടതായിരുന്നു എന്നുപറ ഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. പ്രതിപക്ഷ നേതാവായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ അതിൽ പങ്കെടുത്തതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 31-1-2013 വരെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ മാലിന്യപ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിൽ ഗൗരവമായ സമീപനം ഇല്ലാത്ത ഒരു ബില്ലാണിത്. കേരളത്തിന്റെ നഗര മാലിന്യ സംസ്ക്കരണ ശേഷി 20 ശതമാനവും മലിനജല സംസ്ക്കരണ ശേഷി പൂജ്യം ശതമാനവുമാണ്. മാലിന്യ പ്രശ്നത്തിൽ ഈ സർക്കാരിന്റെ സമീപനമെന്താണെന്ന് ഈ ബില്ലിൽ വ്യക്തമല്ല. ഈ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഗ്രാമവികസന വകുപ്പിനേയും മൂന്നായി തിരിച്ചിരിക്കുകയാണ്. നഗര മാലിന്യം, പഞ്ചായത്ത് മാലിന്യം ഗ്രാമവികസന മാലിന്യം എന്നിങ്ങനെ മാലിന്യത്തെയും മൂന്നായി തിരിച്ചിരിക്കുകയാണ്. ഗ്രാമവികസന മാലിന്യത്തിന് ആരാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്? ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിൽ കേരളത്തിലെ നഗരസഭകളെക്കുറിച്ചുള്ള പ്രൊപ്പോസലുകളാണ് വന്നിട്ടുള്ളത്. കേരളത്തിലെ നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും മാലിന്യങ്ങളെ വേർതിരിച്ച് കാണാൻ സാധിക്കുന്ന സ്ഥിതിയല്ല യഥാർത്ഥത്തിലുള്ളത്. അതുകൊണ്ട് മാലിന്യത്തെ എങ്ങനെയാണ് കോർപ്പറേഷൻ മാലിന്യം, നഗര മാലിന്യം, ഗ്രാമ മാലിന്യം എന്നിങ്ങനെ തിരിക്കുക എന്നുള്ളത് മനസ്സിലാകുന്നില്ല. ഇവിടെ മന്ത്രിമാരെ തിരിച്ചതുപോലെ മാലിന്യത്തേയും തിരിച്ചു. അതിനുപുറമേ മാലിന്യത്തിൽ രാഷ്ട്രീയം കലർത്തുന്ന സമീപനം സ്വീകരിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന് ഭരണപക്ഷ മാലിന്യവും പ്രതിപക്ഷ മാലിന്യവുമുണ്ട്. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ഡബിൾ

സ്റ്റാൻഡേർഡ് സ്വീകരിക്കുന്ന സമീപനത്തിന് ധാരാളം ഉദാഹരണം നമ്മുടെ മുന്നിലുണ്ട്. ഇതിനൊന്നും മാച്ച് ചെയ്യുന്ന ഒരു മന്ത്രിയല്ല ശ്രീ. മഞ്ഞളാം കുഴി അലി. അദ്ദേഹം ഒരു കുഴിയിൽ ചാടിയിരിക്കുകയാണ്. ഈ മാലിന്യ ത്തിന്റെ കുഴിയിൽ നിന്ന് രക്ഷപ്പെടാൻ കിട്ടുന്ന സൂത്രവിദ്യ മാത്രമായിട്ടാണ് അദ്ദേഹം ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഒരു സൂത്രവിദ്യ യ്ക്കപ്പുറം ഇതിൽ മറ്റൊന്നുമില്ല. ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിന്റെ മാലിന്യപ്രശ്നത്തിൽ ഈ ഗവൺമെന്റ് ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുക യുണ്ടായി. ഈ ഗവൺമെന്റിന്റെ മാലിന്യ സംസ്കരണ നയമെന്താണ്? ഇന്ത്യൻ മാലിന്യങ്ങൾ 90 ശതമാനവും ബയോ ഡീഗ്രേഡബിൾ ആണ്. കാലാ വസ്ഥ, മഴലഭ്യത എന്നിവയിൽ കമ്പോസ്റ്റിംഗ് രീതിയാണ് ഇന്ത്യയ്ക്ക് പൊതുവേ യോജിക്കുന്നത്. അതിൽ തന്നെ എയ്റോബിക് കമ്പോ സ്റ്റിംഗ്-വായു, അനറോബിക് കമ്പോസ്റ്റിംഗ്-സൂക്ഷ്മാണുക്കൾ, ഇതുവഴി ബയോഗ്യാസ് പ്ലാന്റുകൾ, മീഥേൻ ഗ്യാസ്, വൈദ്യുതി ഇവയൊക്കെ ഉൽപ്പാദി പ്പിക്കുന്ന സാഹചര്യങ്ങളുണ്ട്. വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയെക്കുറിച്ച് ഡോ. തോമസ് ഐസക് വളരെ വിശദമായി ഇവിടെ സൂചിപ്പിക്കുകയു ണ്ടായി. വിളപ്പിൽശാല അതിനൊരു ഉദാഹരണമായിരുന്നു. അതിനുപകരം താപസംസ്ക്കരണം ഫലപ്രദമെന്ന പദം ഉയർന്നുവരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതലാണ്. സർക്കാർ അതിനോടൊപ്പമായിരുന്നു. സർക്കാരിന്റെ ആ സമീപനം തിരുത്തിയോ? സർക്കാർ കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ച സപ്തധാരാ പദ്ധതികളുടെ പ്രഖ്യാപനമാണ് തകർന്നത്. സപ്ത ധാരാ പദ്ധതികളിൽ 367-ാമത്തെ പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ട, ഒരു വർഷം

നീണ്ടുനിൽക്കുന്ന ശുചിത്വകേരളം പരിപാടിയുടെ വിജയത്തിന് ശക്തമായ ഇടപെടൽ നടത്തുമെന്നും ഒരുവർഷം കൊണ്ട് കേരളത്തെ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഈ ഒരുവർഷം കൊണ്ട് ഇവിടെ എന്താണ് നടന്നത്? 2011 നവംബർ മാസം ഒന്നാം തീയതി ആരംഭിക്കാനിരുന്ന ഒരു പദ്ധതിയെക്കുറിച്ച് ഒരു പ്രസിദ്ധീകരണമിറക്കുകയുണ്ടായി. ആ പ്രസിദ്ധീകരണത്തിന്റെ 369(2)-ൽ തിരുവനന്തപുരം കോർപ്പറേഷനിൽ പുതിയ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനമുണ്ടാകും, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തും എന്നിങ്ങനെ ഒരുപാട് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഈ ഗവൺമെന്റിന് ഇതിലൂടെ എന്ത് റിസൾട്ടാണ് കിട്ടിയത്? മാലിന്യനിർമ്മാജ്ജനത്തെക്കുറിച്ച് ഈ ഗവൺമെന്റിന്റെ സമീപനമെന്താണ്?

നൂറ് ദിന കർമ്മപരിപാടിയിലൂടെ ഒരുപാട് വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും ഈ ഗവൺമെന്റ് നടത്തുകയുണ്ടായി. നൂറ് ദിന കർമ്മപരിപാടിയുടെ പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് സപ്തധാരാ പദ്ധതി പ്രഖ്യാപിച്ചത്. അതിനെത്തുടർന്ന് ഇവരുടെ നേതാവായ സാംപിട്രോഡ മുന്നോട്ടുവച്ച പത്ത് നിർദ്ദേശങ്ങളിലും മാലിന്യത്തെക്കുറിച്ച് ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. 60 ദിവസത്തിനകം വിളപ്പിൽശാലയിൽ ഒരു ബദൽ സംവിധാനമുണ്ടാകുമെന്ന് പ്രഖ്യാപിച്ചത് കേരളത്തിലെ ഗവൺമെന്റാണ്. എന്ത് ബദൽ സംവിധാനമാണ് ഉണ്ടായത്? ഇനി പയറോലിസിസാണ് നടപ്പാക്കാൻ പോകുന്നതെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ഗ്യാസിഫിക്കേഷൻ വഴി ആയിരത്തിലധികം ഡിഗ്രിയിൽ തിളപ്പിച്ച് അതിനെ ഗ്യാസാക്കി മാറ്റുന്ന സംവിധാനം വരാൻ പോവുകയാണ്. അതിന് കേന്ദ്രീകൃത പദ്ധതികൾ മാത്രമേ പ്രായോഗി

കമാവുകയുള്ളൂവെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. മാലിന്യം പ്ലാസ്റ്റിക് കൂട്ടിൽ കെട്ടിപ്പൊതിഞ്ഞ് സൂക്ഷിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഉറവിടമാലിന്യ സംസ്ക്കരണം അപ്രായോഗി കമാണെന്ന് ഒക്ടോബർ മാസത്തിൽ മാധ്യമം പത്രത്തിലൂടെ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇതൊക്കെയാണ് ഈ ഗവൺമെന്റിന്റെ നിലപാട്. ഇൻസിനറേറ്റർ 1174 എണ്ണം വാങ്ങിയിട്ടാണെങ്കിലും മാലിന്യപ്രശ്നം പരിഹരിക്കുമെന്നും അതിനായി ചെറിയ പ്ലാന്റുകൾ സ്ഥാപിക്കുമെന്നും സഞ്ച രിക്കുന്ന പ്ലാന്റുകൾ കേരളത്തിലാകെ കൊണ്ടുവരുമെന്നൊക്കെയാണ് ഈ ഗവൺമെന്റ് പറഞ്ഞത്. ഒടുവിൽ ഇതിന്റെയൊക്കെ ഭാഗമായി എന്ത് റിസൾട്ടാണ് കിട്ടിയതെന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് പറയേണ്ടതല്ലേ? മഹാവ്യാധികളുടെ മഹാനഗരമായി തിരുവനന്തപുരം നഗരത്തെ മാറ്റി ത്തീർത്തിരിക്കുകയാണ്. ഇതിലെല്ലാം രാഷ്ട്രീയം കലർത്തി വല്ലാത്തൊരു വൃത്തികെട്ട സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ പോയിരിക്കുകയാണ്. വിള പ്പിൽ ശാലയിൽ ജനങ്ങളെ വെടിവച്ച് കൊല്ലണോ എന്നൊരു ചോദ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. ആറുമാസം കൊണ്ട് രണ്ട് ലക്ഷം ടൺ മാലിന്യം നഗ രത്തിൽ കുന്നുകൂടിയപ്പോൾ ഈ ഗവൺമെന്റ് എടുത്ത സമീപനം എന്താണ്? വിളപ്പിൽശാലയിൽ യഥാർത്ഥത്തിലുള്ള പ്രശ്നമെന്താണ്? കേരളത്തിലെ ഒരൊറ്റപ്പെട്ട പ്രശ്നം മാത്രമാണോ ഇത്. കേരളത്തിലെ എല്ലാ മാലിന്യകൂമ്പാര ങ്ങളിലും ആർക്കും തൊടാൻ പറ്റാത്ത, മാലിന്യപ്രശ്നത്തെ ആർക്കും അഭി സംബോധന ചെയ്യാൻ പറ്റാത്ത ഒരു സ്ഥിതിവിശേഷം അതിന്റെ ഭാഗ മായുണ്ടാക്കി. Anmithrayel Pattel & Others Vs. Union Government of India എന്ന കേസ്സിലുള്ള ഒരു വിധിയുണ്ട്. ഒരു ലക്ഷത്തിലധികം നഗരങ്ങ

ളിൽ ഖരമാലിന്യ സംവിധാനം ഉണ്ടാകണമെന്നത് സുപ്രീംകോടതി നിർദ്ദേശമാണ്. സുപ്രീംകോടതിയുടെ ഈ നിർദ്ദേശം അനുസരിക്കാനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനുണ്ടോ? സുപ്രീംകോടതിയിൽ പരിസ്ഥിതിപ്രവർത്തകനായ അൻമിത്രയേൽപട്ടേലും മറ്റുള്ളവരും ചേർന്ന് കേന്ദ്രസർക്കാരിന് കൊടുത്ത കേസിൽ വന്നിട്ടുള്ള വിധിയെ അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം നഗരസഭ സ്വീകരിച്ച സമീപനങ്ങളോട് ഈ ഗവൺമെന്റ് എന്ത് സമീപനമാണ് സ്വീകരിച്ചത്. സവിശേഷമായ ഭൂഘടനയുള്ള വൃക്ഷങ്ങളും സസ്യങ്ങളും നിറഞ്ഞ ഈ പ്രദേശം ഇത്തരമൊരു പ്ലാന്റിന്റെ പ്രവർത്തനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയത് സുപ്രീംകോടതി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയാണ്. ഇവിടെ 8247 ചതുരശ്ര മീറ്റർ സ്ഥിതിചെയ്യുന്ന കമ്പോസ്റ്റ് പ്ലാന്റിന്റെ 60 ശതമാനം സ്ഥലം മാലിന്യത്തെ കമ്പോസ്റ്റാക്കുന്ന പ്രവൃത്തിക്കാണ് വിനിയോഗിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ പ്രകാരം പ്രതിദിനം 155 ടൺ മാലിന്യം സംസ്ക്കരിക്കുന്നതിന് ഈ സ്ഥലം പര്യാപ്തമാണ്. ഇതിനോടൊപ്പം 37 ടൺ മാലിന്യം സംസ്ക്കരിക്കുന്ന സംവിധാനം കൂടി നഗരസഭ സ്ഥാപിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രതിദിനം 192 ടൺ മാലിന്യം സംസ്ക്കരിക്കുന്നതിന് ഈ പ്ലാന്റിന് ഇപ്പോൾ ശേഷിയുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് എടുത്ത സമീപനമെന്താണ്? ഒരു പ്രക്ഷോഭത്തിന്റെ പേരിൽ വളരെ നിരുത്തരവാദപരമായി കേരളത്തിന്റെ മുഖ്യമന്ത്രി ഇറക്കിയ പ്രഖ്യാപനത്തിന്റെ തുടർച്ചയായി ക്രൈസിസ് മാനേജ്മെന്റിലുള്ള സമ്പൂർണ്ണമായ പരാജയത്തിന്റെ ഉദാഹരണമായി ഗവൺമെന്റിന്റെ പ്രവൃത്തികൾ മാറി. എൽ.ഡി.എഫ്. ഭരിക്കുന്ന കോർപ്പറേഷനെ ഒറ്റപ്പെടുത്താനുള്ള ഒരു രാഷ്ട്രീയ നീക്കമായി ഗവൺമെന്റ് മാലിന്യപ്രശ്നത്തെ കാണുകയും തുടർച്ച

യായി വളരെ നിരുത്തരവാദപരമായ സമീപനം ഈ പ്രശ്നത്തിൽ സ്വീകരിക്കുകയും ചെയ്തു. സുപ്രീംകോടതിയുടെ വിധിയെ മാനിച്ചില്ല. 144-ന്റെ പ്രഖ്യാപനം നടപ്പിലാക്കാൻപോലും സാധിച്ചില്ലെന്ന് മാത്രമല്ല, പ്രകോപനപരമായ പോലീസ് നടപടികളിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിച്ചു. ഫലത്തിൽ കേരളത്തിന്റെ മാലിന്യപ്രശ്നത്തെ ആർക്കും എവിടെയും അഡ്രസ്സ് ചെയ്യാൻ പറ്റാത്ത ഒരു സ്ഥിതിവിശേഷമുണ്ടാക്കി ക്രൈസിസ് മാനേജ്മെന്റിന്റെ ഒരു സമ്പൂർണ്ണ പരാജയമായി അത് മാറി. ഗവൺമെന്റ് കാണിക്കുന്ന നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ വിപരീതമായി ഒരുപാട് കാര്യങ്ങളാണ് ചെയതിട്ടുള്ളത്. എന്തൊക്കെയാണ് അതിന്റെ ഭാഗമായി ഇവിടെ സംഭവിച്ചിട്ടുള്ളത്. പൈപ്പ് കമ്പോസ്റ്റിംഗ് പദ്ധതി, ഉറവിട സംസ്ക്കരണം എന്നിവ ഈ ബില്ലിന്റെ ഭാഗമായിട്ടുള്ള പ്രൊപ്പോസൽ ആണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഉറവിട സംസ്ക്കരണമുൾപ്പെടെയുള്ള ഇത്തരം പദ്ധതികളോട് വിപരീത നിലപാട് സ്വീകരിച്ചിരുന്ന ഈ ഗവൺമെന്റ് എവിടെ നിന്നാണ് ഇപ്പോൾ ഈ മോഡൽ സ്വീകരിച്ചത്. തിരുവനന്തപുരം നഗരസഭ ഇക്കാര്യങ്ങളിൽ മുൻകൈയെടുത്തിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. പൈപ്പ് കമ്പോസ്റ്റിംഗ് പദ്ധതിക്ക് 2.86 കോടി രൂപ ചെലവഴിച്ചു. 46585 കമ്പോസ്റ്റുകൾ ഇവിടെ സ്ഥാപിച്ചു. 108 ഫ്ളാറ്റ് സമുച്ചയങ്ങളിൽ സംസ്ക്കരണ സംവിധാനം നിലവിൽവന്നു. ഈ മാതൃകയാണ് ഇപ്പോൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. എന്നാൽ ഇത് നഗരസഭകളുടെ ഒരു ബാദ്ധ്യതയാക്കി മാറ്റാൻ ശ്രമിക്കുകയാണ്. നഗരസഭകളുടെ തലയിൽ കെട്ടിവച്ചിട്ട് സർക്കാർ കൈയൊഴിയുന്ന ഒരുസ്ഥിതിവിശേഷം വരികയാണ്. ഇതുവരെ പറഞ്ഞതെല്ലാം വിഴുങ്ങു

കയും ഇനി നഗരസഭകൾ ഉറവിടങ്ങളിൽത്തന്നെ മാലിന്യങ്ങൾ സംസ്ക്കരിക്കട്ടെയെന്നും ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്തമില്ലെന്നുമുളള സമീപനം സ്വീകരിക്കുകയാണ്. എങ്ങനെയാണ് ഈ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിക്കാൻ പോകുന്നത്; ആരാണ് ഇതിന് സർവ്വീസ് പ്രൊവൈഡിംഗ് നടത്താൻ പോകുന്നത്. കേരളത്തിലെ എല്ലാ വീടുകളിലും ആവശ്യമായിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുവാൻ കേരളത്തിൽ ആരാണുള്ളത്? വെർമി കമ്പോസ്റ്റിന്റെ സാദ്ധ്യതയെന്താണ്? അതിന് എവിടെ നിന്നാണ് പണം കിട്ടുന്നത്; ആരാണ് ഗവൺമെന്റിന്റെ ഏജൻസി; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെയാണ് ഇത് നിർവ്വഹിക്കാൻ കഴിയുക; ഇത്തരം ഒരുപാട് പ്രശ്നങ്ങളോട് യാതൊരു ഉത്തരവാദിത്തവുമില്ലാതെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ശുചിത്വമിഷൻ ഇക്കാര്യത്തിലെടുത്തിട്ടുള്ള സമീപനങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. യഥാർത്ഥത്തിൽ കേന്ദ്രീകൃതമായൊരു മാസ് ഡ്രൈവായി, ഒരു പൊതു പ്രസ്ഥാനമായി കേരളത്തിലെ മാലിന്യപ്രശ്നം മാറേണ്ടതാണ്. അങ്ങനെയൊരു പൊതുപ്രസ്ഥാനമായി മാറുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യത നിർവ്വഹിക്കുവാനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉണ്ടാകണം. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ എങ്ങനെയാണ് ഫണ്ടിംഗ് നടത്താൻ പോകുന്നത്. ഇതൊരു സമഗ്ര സംവിധാനമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്താണ്; സംസ്ഥാനത്തിന്റെ വിഹിതം എത്ര; ഇതിൽ ഗവൺമെന്റ് എന്ത് ചെയ്യാൻ പോകുന്നു; എത്ര രൂപ സബ്സിഡി കൊടുക്കാൻ പോകുന്നു; വ്യക്തിഗത ഗുണഭോക്താക്കൾക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ പോകുന്നു; തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം ഗവൺമെന്റ് ഈ ബില്ലിൽ പ്രൊപ്പോസ് ചെയ്യണം. ഇതൊന്നും പറയാതെ ഏകപക്ഷീയമായി നഗരങ്ങ

ളിൽ മാത്രം ഉറവിട സംസ്ക്കരണം നടക്കട്ടേയെന്ന് പറയുമ്പോൾ നഗരസഭകളോട് തൊട്ടടുത്തുള്ള പഞ്ചായത്തുകളിലും പ്രദേശങ്ങളിലും എന്ത് നടക്കും? വീടുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്ന് നിലയ്ക്ക് മുകളിലുള്ള എത്ര വീടുകൾ കേരളത്തിലുണ്ടാകും? ഇതൊന്നും പരിഗണിക്കപ്പെടാത്ത, വളരെ ദുർബ്ബലമായിട്ടുള്ള ഒരു സൂത്രപ്പണി മാത്രമായിട്ടാണ് ഇവിടെ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ സൂത്രപ്പണികൊണ്ട് കേരളത്തിന്റെ മാലിന്യപ്രശ്നം പരിഹരിക്കാൻ പോകുന്നില്ല. കേരളത്തിന്റെ മാലിന്യപ്രശ്നം പരിഹരിക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. ഇവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണ പ്രക്രിയ തടസ്സപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ആലോചിച്ചത്. അധികാരവികേന്ദ്രീകരണ പ്രക്രിയ തടസ്സപ്പെടുത്തുന്നതിന്റെ ഭാഗമായി മന്ത്രിമാരെ മൂന്നായി തിരിച്ചുവെന്നല്ലാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിപോലും രൂപീകരിക്കാൻ സാധിച്ചിട്ടില്ല. ഇതുവരെ അങ്ങനെയൊന്ന് രൂപീകരിച്ചിട്ടില്ലെന്ന് മാത്രമല്ല, ഒരു പദ്ധതിപോലും ഇതുവരെ തുടങ്ങിയിട്ടുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13-ലെ പദ്ധതിവിഹിതം 3228 കോടി രൂപയായിരുന്നുവെങ്കിലും നവംബർ മാസം വരെ നൽകിയത് വെറും 1798 കോടി രൂപയും അതിൽ ചെലവഴിച്ചത് ആറ് മുതൽ പത്ത് ശതമാനം മാത്രവുമാണ്. എന്താണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത്? ആരാണ് ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യേണ്ടത്? ഒരു ലക്ഷത്തോളം വരുന്ന കേരളത്തിലെ തദ്ദേശസ്വയംഭ

രണ സ്ഥാപനങ്ങളിലെ പദ്ധതികൾ അനാഥമായി കിടക്കുകയാണ്. യഥാർത്ഥ ത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഒരു പദ്ധതിയിലൂടെയാണ് ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള പദ്ധതി കളൊക്കെ ക്രോഡീകരിച്ചിരുന്നത്. ഇപ്പോൾ അത് നടക്കുന്നുണ്ടോ? അത് നട ത്താൻ ആർക്കാണ് സാധിക്കുക? ശ്രീ. മഞ്ഞളാംകുഴി അലിക്കോ ഡോ. എം.കെ. മുനീറിനോ ശ്രീ. കെ. സി. ജോസഫിനോ അതിന് സാധിക്കില്ല. ഇവരെ മൂന്നുപേരേയും കോ-ഓർഡിനേറ്റ് ചെയ്യാൻ ബാദ്ധ്യതയുള്ള മുഖ്യമ ന്ത്രിക്ക് അതിന് സമയവുമില്ല. ഇതിന്റെ ഭാഗമായി കേരളത്തിന്റെ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ പരാജയത്തിലേയ്ക്ക് നീങ്ങി മുഴുവൻ പദ്ധതിയും തകർത്ത ഈ ഗവൺമെന്റ് എന്ത് ശുചിത്വപ്രശ്നമാണ്, എന്ത് മാലിന്യപ്രശ്നമാണ് ഇവിടെ അഡ്രസ്സ് ചെയ്യാൻ പോകുന്നത്. അതുകൊണ്ട് ഒരുപാട് പോരായ്മകൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ ഇതിനാ യുള്ള വിദഗ്ദ്ധസമിതികളെ ഒഴിവാക്കുകയുണ്ടായി. പണം കൊടുത്ത് കുറേ വിദഗ്ദ്ധന്മാരെ വച്ചിട്ടുള്ളതായിരുന്നില്ല വിദഗ്ദ്ധ സമിതികൾ. വിദഗ്ദ്ധസമിതി കൾ എന്നുപറയുന്നത്, നാടിന്റെ സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ള, ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാ കാൻ താൽപ്പര്യമുള്ള, സന്നദ്ധപ്രവർത്തകരുടെ വൈദഗ്ദ്ധ്യത്തെ ഉപയോഗി ക്കുക എന്നുള്ള രീതിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാലംമു തൽ നമ്മൾ ഉപയോഗിച്ചത്.

എന്നാൽ ആ വൈദഗ്ദ്ധ്യം ഇനി ഞങ്ങൾക്ക് ആവശ്യമില്ലെന്ന നിലപാട് സ്വീക രിക്കുകയും ഉദ്യോഗസ്ഥരുടെ കൈകളിലേയ്ക്ക് അത് തിരിച്ചുകൊടുക്കു കയും ചെയ്തു. അതിന്റെ ഭാഗമായി പദ്ധതികൾ അംഗീകരിക്കപ്പെടുന്ന

സ്ഥിതി ഇല്ലാതെയായി.  കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, അവർ ഏത് പാർട്ടിയിലാകട്ടെ, അവരെ ഒറ്റയ്ക്ക് വിളിച്ച് ഒരു ഹിയറിംഗ് നടത്തിയാൽ ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള ധിക്കാരവും അവഗണനയും ധാർഷ്ഠ്യവും ഒരിക്കലും .......

ശ്രീ. എ. കെ. ബാലൻ:  വാർഷിക പദ്ധതി വേണ്ടെന്നുവച്ച് ഇപ്പോൾ രണ്ട് വർഷ പദ്ധതിക്കാണ് രൂപം കൊടുക്കുന്നത്.  സാധാരണ നിലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് നീക്കിവയ്ക്കുന്ന എസ്. സി. പി., ടി. എസ്. പി. ഫണ്ട് ചെലവഴിക്കാതിരുന്നാൽ പരിഹാരത്തുക എന്നുള്ള രൂപത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് കട്ട് ചെയ്യുമായിരുന്നു.  പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് ചെലവഴിക്കണമെന്നുള്ളതുകൊണ്ടാണ് അതിന് നിർബന്ധിക്കപ്പെട്ടത്. എസ്. സി. പി., ടി. എസ്. പി. ഫണ്ട് ചെലവഴിക്കണമെന്ന് നിർബന്ധമില്ലെന്ന് ഇപ്പോൾ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.  ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ:  സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം വികേന്ദ്രീകരിച്ച് കൊടുത്തപ്പോൾ, സമ്പത്ത് താഴേയ്ക്ക് വിതരണം ചെയ്തപ്പോൾ ഒരു സങ്കല്പം കേരളം മുന്നോട്ടുവച്ചിട്ടുണ്ട്.  ആ സങ്കല്പത്തെ മാതൃകയാക്കിയാണ് ദിഗ് വിജയ് സിംഗ് ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ നേതാക്കളെല്ലാം പടിപടിയായി അതിലേയ്ക്ക് വരാൻവേണ്ടി പരിശ്രമിച്ചത്.  അതിന്റെ ഭാഗമായി ഉല്പാദന മേഖലയിൽ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാനുള്ള പരിശ്രമം നടന്നു.  തകർച്ചയിലേയ്ക്ക് പോയിട്ടുള്ള കേരളത്തിലെ കാർഷിക രംഗം പടിപടിയായി ഉയർന്നുവന്നു.  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മയിലൂടെ ഉണ്ടായിട്ടുള്ള

ഈ വികസനപ്രവർത്തനങ്ങളെല്ലാം തകർച്ചയിലേയ്ക്ക് പോയി. കേരളത്തിലെ 14 ലക്ഷം വീടുകളിൽ കക്കൂസുണ്ടായിരുന്നില്ല. ആ പദ്ധതിയുടെ ഭാഗമായാണ് അവയൊക്കെ വന്നത്. 30,000 കിലോമീറ്റർ ഗ്രാമീണ വീടുകൾ ടാർ ചെയ്യപ്പെട്ടത് 9-ാം പഞ്ചവത്സര പദ്ധതി കാലത്താണ്. ഏഴര ലക്ഷം കുടുംബങ്ങൾക്ക് വീടുണ്ടായത് അതിന്റെ ഭാഗമായാണ്. അതിന്റെ തുടർച്ചയായിട്ട് കേരളത്തിൽ വലിയ മാറ്റമാണ് ഗ്രാമപഞ്ചായത്ത് തലത്തിലും ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിലുമുണ്ടായത്. അത് കേരളത്തിന്റെ ഉൽപ്പാദന മേഖലയിൽ വലിയ മാറ്റമുണ്ടാക്കി. ഉൽപ്പാദന മേഖലയിൽ മാറ്റമുണ്ടായതിന്റെ ഭാഗമായി കാർഷിക രംഗം സജീവമായി. പക്ഷേ ഈ ഗവൺമെന്റ് ഇപ്പോൾ കൊടുത്ത പദ്ധതി നിർദ്ദേശത്തിൽ ഉൽപ്പാദന മേഖലയുടെ നിർദ്ദേശം പിൻവലിക്കപ്പെട്ടു. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ചുള്ള നിർബന്ധമായ കാര്യങ്ങൾ പിൻവലിക്കപ്പെട്ടു. പദ്ധതിക്ക് ആസൂത്രണം നടത്താനും അതിനെ സഹായിക്കുവാനുമുള്ള വിദഗ്ദ്ധ സമിതികൾ ഇല്ലാതെയായി. ഫലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ മന്ത്രി ഇല്ലാതെയായി. അങ്ങനെ മന്ത്രി ഇല്ലാത്ത, നാഥനില്ലാത്ത കളരിയായി മാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വച്ച് എങ്ങനെയാണ് ശ്രീ. മഞ്ഞളാംകുഴി അലിക്ക് ഈ പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്നുള്ളതാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്. തീർച്ചയായും മാലിന്യത്തെ ഇങ്ങനെ വീതം വയ്ക്കേണ്ട സംഗതിയല്ല. പ്ലാസ്റ്റിക് മാലിന്യമായിട്ടും ജൈവമാലിന്യമായിട്ടും വീതം വയ്ക്കുന്നത് മനസ്സിലാക്കാം. പക്ഷേ മാലിന്യത്തെ നഗരമാലിന്യവും പഞ്ചായത്ത് മാലിന്യവും ബ്ലോക്ക് മാലിന്യവുമാക്കാൻ പറ്റില്ല. മാലിന്യത്തെ വിഭജിച്ച് ഉത്തരവാദിത്വരഹിതമായി വരുന്നതോടുകൂടി കേരളത്തിന്റെ മാലിന്യ പ്രശ്നത്തെ അഡ്രസ്സ് ചെയ്യാൻ സാധിക്കാത്ത ഒരു സ്ഥിതി

വിശേഷമാണ് വരാൻ പോകുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള സമീപനം, ഓട്ടയടയ്ക്കുന്നതിനുവേണ്ടി നടത്തുന്ന സമീപനം ശരിയല്ല. 100 ദിന കർമ്മ പദ്ധതി ഇപ്പോൾ എവിടെയെത്തിയെന്ന് നമുക്കാർക്കും അറിയില്ല. ആദ്യ നിയമസഭാ സമ്മേളനം തൊട്ട് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ് - ഞങ്ങൾ സ്വപ്ന പദ്ധതികൾ നടപ്പിലാക്കുകയാണെന്ന്. എവിടെപ്പോയി ആ സ്വപ്ന പദ്ധതികളൊക്കെ; ആ സ്വപ്ന പദ്ധതികളെക്കുറിച്ച് ആരാണ് ഈ സഭയിൽ മറുപടി പറയേണ്ടത്? കൊച്ചി മെട്രോ ഇപ്പോൾ എവിടെയാണ് എത്തിയിരിക്കുന്നത്? എവിടെയാണ് വിഴിഞ്ഞം തുറമുഖം? സ്മാർട്ട് സിറ്റി നടപ്പിലാക്കാത്തതിനെക്കുറിച്ച് ആക്രോശിച്ചിരുന്ന ശ്രീ. ബെന്നി ബെഹനാന്റെ പ്രസംഗത്തിൽ ഒരു വരിപോലും സ്മാർട്ട് സിറ്റിയെക്കുറിച്ച് കേൾക്കുന്നില്ലല്ലോ? മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് നിങ്ങളുടെ ഒരു ദേശീയ നേതാവ് പറഞ്ഞത്, നിവേദനങ്ങൾ വാങ്ങൽ മാത്രമല്ല ഭരണമെന്നാണ്. ഈ ഗവൺമെന്റിനെ സംസ്ക്കരിക്കേണ്ട പണി ആ ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള ആളുകൾ തന്നെ നടത്തുകയാണ്. യഥാർത്ഥത്തിൽ കേരളത്തിൽ ഇപ്പോൾ സംസ്ക്കരിക്കപ്പെടേണ്ടത് മാലിന്യമല്ല, ഉത്തരവാദിത്വരഹിതമായിട്ടുള്ള ഈ ഗവൺമെന്റാണ് സംസ്ക്കരിക്കപ്പെടേണ്ടത്. ഈ ഗവൺമെന്റ് സംസ്ക്കരിക്കപ്പെടണം. സംസ്ക്കരിക്കപ്പെടേണ്ട ഗവൺമെന്റിന്റെ കേന്ദ്രീകൃത സംസ്ക്കരണം കേന്ദ്രത്തിൽ നിന്ന് ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ക്കരണത്തിന്റെ ഭാഗമായിട്ടാണ് ഇവിടെ ഒരു ചുക്കും നടക്കുന്നില്ലെന്ന് പ്രഖ്യാപിക്കപ്പെട്ടത്. ഇതെങ്ങനെ വിശ്വസിക്കും?

<u>ശ്രീ. സാജു പോൾ</u>: സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നും നടന്നില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. അവിടെ ഒരു പവലിയനുണ്ടാക്കിയി

ട്ടുണ്ട്. 'സ്മാർട്ടായില്ല ഇനിയും കൊച്ചി' എന്നുപറഞ്ഞ് മാതൃഭൂമി ഒരു ഫുൾ പേജ് വാർത്ത കൊടുത്തിരുന്നു. ഞങ്ങളുടെയൊക്കെ വീടുകളിൽ തണ്ടിക എന്നൊരു കെട്ടിടമുണ്ട്. വയ്ക്കോലും വിറകും തെങ്ങിന്റെ ഓലയും മടലു മൊക്കെ സൂക്ഷിക്കുന്ന ഒരു തണ്ടിക. ഒരു തണ്ടിക സ്മാർട്ട് സിറ്റിയുടെ ഭാഗ മായി അവിടെ പണിതിട്ടുണ്ട്. അത്തരം കാര്യം നടന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ആ സാഹചര്യത്തിൽ നമുക്ക് സ്മാർട്ട് സിറ്റിക്ക് 'തണ്ടിക സിറ്റി' എന്ന് പുനർനാമകരണം നടത്താം. ഒന്നേമുക്കാൽ വർഷം കഴിയുകയാണ്. സ്വയം സംരംഭകത്വ മിഷൻ കേരളത്തിലെ തൊഴിലി ല്ലായ്മയുടെ ഭാഗമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട ഒരു പദ്ധതിയാണ്. ആ സ്വയം സംരംഭകത്വ മിഷനിൽ എത്ര പേർക്കാണ് തൊഴിൽ കിട്ടിയത്: എന്താണ് ആ മിഷന്റെ ബാക്കിപത്രം? എന്താണ് ഗ്രീൻഹൗസ്? മാലിന്യ സംസ്ക്കരണത്തിനുവേണ്ടി പ്രസംഗിച്ച് വായു മലിനീകരിച്ചതല്ലാതെ ഇവിടെ എന്താണ് സംഭവിച്ചത്? ഗ്രീൻ എം.എൽ. എ.-മാർ എന്നുപറയുന്ന കുറച്ചു പേർ ഇങ്ങനെ അവിടെയും ഇവിടെയുമൊക്കെ നടക്കുന്നുണ്ട്. അവർ യു. ഡി. എഫ്.-ന്റെ ഭാഗമാണോ; എന്താണ് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്? അവർ യഥാർത്ഥത്തിൽ കേരളത്തിലെ മാലിന്യ പ്രശ്നമുൾപ്പെടെയുള്ള ഹരിത പ്രശ്നങ്ങളെല്ലാം അഡ്ജസ്റ്റ് ചെയ്യുന്നുണ്ട്. പാരിസ്ഥിതിക പ്രശ്ന ത്തിൽ ഒരു നിലപാട് സ്വീകരിക്കാൻ അവർ തയ്യാറാണെങ്കിൽ കേരളത്തിന്റെ പരിസ്ഥിതിയെ ബാധിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ ഇതേ നിലപാട് അവർക്ക് സ്വീകരിക്കാൻ കഴിയും. ജനുവരി മാസം 1-ാം തീയതി മുതൽ അന്യാധീനപ്പെട്ട കേരളത്തിലെ ഭൂമി പിടിച്ചെടുക്കുന്ന ഒരു

പ്രക്ഷോഭം നടക്കുന്നുണ്ട്. ആ പ്രക്ഷോഭത്തിൽ ഈ ഹരിത എം. എൽ. എ.-മാർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അതിൽ പങ്കാളികളാകാൻ ഞങ്ങൾ അവരെ ക്ഷണിക്കുകയാണ്. അവർ പങ്കാളികളാകട്ടെ. കേരളത്തിന് അന്യാധീനപ്പെട്ട ....

മി. സ്പീക്കർ: ബില്ലിന്റെ ഭാഗമാണോ ഇതെല്ലാം?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പരിസ്ഥിതിയാണ്. ഞാൻ അവസാനിപ്പിക്കുകാണ്, കേരളത്തിന്റെ മാലിന്യ പ്രശ്നമെന്നത് ഒറ്റപ്പെടുത്തി പരിഹരിക്കാവുന്ന ഒരു കേസ്സല്ല. നഗരത്തിൽ മാത്രം പരിശോധിച്ച് ഉറവിടങ്ങളിൽ സംസ്ക്കരിക്കണമെന്ന സൂത്രപ്പണിയിലൂടെ ഒപ്പിക്കാൻ പറ്റുന്ന ഒരു സംഗതിയല്ല കേരളത്തിലെ മാലിന്യ നിർമ്മാർജ്ജനം. അതുകൊണ്ട് മാലിന്യ നിർമ്മാർജ്ജനത്തെ ഒരു സമഗ്ര പദ്ധതിയായി, ഒരു മാസ് ഡ്രൈവായി കൊണ്ടുവരാനും സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യത ഇതിൽ പ്രഖ്യാപിക്കാനും കേരളത്തിലെ പൊതുസ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന് ഗവൺമെന്റ് എന്ത് സംവിധാനം സ്വീകരിക്കുമെന്നും അതെല്ലാം ഈ ബില്ലിൽ ഉൾപ്പെടുത്താനും തയ്യാറാകണം.

ശ്രീമതി കെ. കെ. ലതിക: സർ, വനിതകൾക്ക് 50% സംവരണം ഏർപ്പെടുത്തിയത് ഒരു അപകടമായി എന്നുള്ള രൂപത്തിലാണല്ലോ ബില്ലിന്റെ ഒന്നാമത്തെ പേജിൽത്തന്നെ വന്നിരിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ അപ്പുറത്ത് വനിതകളായി ആരും ഉണ്ടായിരുന്നില്ല. ഇപ്രാവശ്യം ഒരാളെങ്കിലും ഉണ്ടായിട്ടും അതിനോട് നീതിപൂർവ്വമായ ഒരു സമീപനം സ്വീകരിക്കാൻ കഴിഞ്ഞില്ല. 50% സ്ത്രീകളായതുകൊണ്ട് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും കുഴപ്പമുണ്ടായിട്ടുണ്ടോ? അതിന്റെ വികസന പ്രവർത്തനത്തിൽ, ഗ്രാമസഭ വിളിച്ചുചേർക്കുന്ന കാര്യത്തിൽ. എന്തോ ഒരു

അബദ്ധം വന്നുവെന്നുള്ള രൂപത്തിലല്ലേ ബില്ലിന്റെ ഒന്നാമത്തെ പേജിൽത്തന്നെ കാര്യങ്ങൾ കാണുന്നത്. സ്ത്രീകളെ മെമ്പർമാർ ആക്കിയതിൽ എന്തോ ഒരബദ്ധം വന്നുവെന്നുള്ള മട്ടിലല്ലേ ബില്ലിൽ കാര്യങ്ങൾ വന്നിരിക്കുന്നത്?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സീറ്റ് തർക്കത്തിന്റെയും അധികാര തർക്കത്തിന്റെയും ഭാഗമായി സ്ത്രീകൾക്ക് ഒരിക്കലും സീറ്റ് കൊടുക്കാൻ കഴിയാത്ത ഒരു പ്രസ്ഥാനമാണ് കോൺഗ്രസ്സിലും യൂത്ത് കോൺഗ്രസ്സിലും ഉൾപ്പെട്ടിട്ടുള്ള ആളുകൾ. അതിന്റെ ഭാഗമായിട്ട് എങ്ങനെയോ ഒരാൾ വിജയിച്ചു വന്നു. അവർ ഇല്ലായിരുന്നെങ്കിൽ മന്ത്രിയാക്കാൻ ചിലപ്പോൾ പ്രതിപക്ഷത്തുനിന്ന് ഒരാളെ എടുക്കേണ്ടിവരുമായിരുന്നു. കേരളത്തിൽ യു. ഡി. എഫ്.-ന് വോട്ട് ചെയ്ത സ്ത്രീ സമൂഹത്തിന് മുഴുവൻ നൽകിയ അപമാനമാണ് ഈ നിർദ്ദേശം. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീ ശക്തിയുടെ വലിയ പ്രഖ്യാപനമാണുണ്ടായിട്ടുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: 36 പേരിൽ 14 പേർ മാത്രമാണ് സ്ത്രീകളെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള അറിവ്. അത് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: മനസ്സിലായിട്ടുണ്ട്. കേരളത്തിലെ അധികാരവികേന്ദ്രീകൃത പ്രക്രിയ തടസ്സപ്പെടുത്തിയ, കേരളത്തിലെ ശുചിത്വ പ്രശ്നത്തെ രാഷ്ട്രീയവൽക്കരിച്ച, വിളപ്പിൽശാല പ്രശ്നത്തെ സ്വന്തം രാഷ്ട്രീയ നേട്ടത്തിനുപയോഗിച്ച, മാലിന്യത്തെ കഷണംകഷണമാക്കി വേർതിരിച്ച് രാഷ്ട്രീയവൽക്കരിക്കുന്നതിന് നേതൃത്വം കൊടുത്ത ഈ ഗവൺമെന്റ് മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. പൊതുസ്ഥാപനങ്ങളിലെ ഉത്തരവാദിത്വം ആർക്കാണെന്നു

ളളത് ഈ ബില്ലിൽ പറയണം. താലൂക്ക് ആശുപത്രികളിൽ ഇൻസിനറേറ്റർ കൊടുക്കാൻ വേണ്ടിയുള്ള പദ്ധതി ഉണ്ടാകുമോ; പൊതുസ്ഥാപനങ്ങളെ മുഴുവൻ സംരക്ഷിക്കാൻ, അവിടെയുള്ള മാലിന്യത്തെ നിർമ്മാർജ്ജനം ചെയ്യാനുള്ള ബാദ്ധ്യത ആര് ഏറ്റെടുക്കും; ഇതിനാവശ്യമുള്ള സർവ്വീസ് പ്രൊവൈഡേഴ്സിനെ ഉറപ്പുവരുത്താൻ ഗവൺമെന്റ് എന്ത് നിലപാട് സ്വീകരിക്കും; ഉറവിടങ്ങളിൽ മാലിന്യം സംസ്കരിക്കാൻ തയ്യാറുള്ള ആളുകൾക്ക് സബ്സിഡി കൊടുക്കാനും ബന്ധപ്പെട്ട അത്രയും എണ്ണം ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടാകുമെന്ന് ഉറപ്പുവരുത്താനും ഗവൺമെന്റ് എന്ത് നിലപാട് സ്വീകരിക്കും? ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം വ്യക്തതയില്ലാത്ത ഈ ബിൽ ഒരു കാരണവശാലും ഈ നിലയിൽ അംഗീകരിക്കാൻ കഴിയില്ലെന്നുപറഞ്ഞുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ ബില്ലിന്റെ ഉദ്ദേശ കാരണങ്ങൾ പറയാം. നമ്മുടെ നാട്ടിലുള്ള വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങി വേസ്റ്റ് ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലങ്ങളിൽ നിന്നുള്ള വേസ്റ്റ് അവർ അവരുടെ തൊട്ടടുത്തുള്ള ഏതെങ്കിലും ഒരൊഴിഞ്ഞ പറമ്പിലേയ്ക്ക് വലിച്ചെറിയുകയാണ് ഇതുവരെ ചെയ്തിരുന്നത്. അത് ശരിയല്ല, അവർ തന്നെ അവരുടെ വേസ്റ്റ് ഡിസ്പോസ് ചെയ്യണം, അതുതന്നെ ശരിക്ക് പ്രോസ്സസ് ചെയ്യണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയ ഒരു ബില്ലാണിത്. നിർബന്ധമായും അവരുടെ വേസ്റ്റ് പ്രോസ്സസ് ചെയ്യാൻ കഴിയണം, അവർക്ക് സ്ഥലപരിമിതിയുണ്ടെങ്കിൽ അതിനൊരു ഫീസ് ഈടാക്കാൻ മുനിസിപ്പാലിറ്റി തയ്യാറാകണം അല്ലെങ്കിൽ മറ്റുള്ള ആളുകൾ അതിന് തയ്യാറാകണമെന്നാണ് ഇതിന്റെ സത്ത. ഇവിടെ

ഡോ. ടി.എം. തോമസ് ഐസക് കുറേ കാര്യങ്ങൾ സംസാരിച്ചു. അതിനെ ഇടയ്ക്കിടയ്ക്ക് interfere ചെയ്തുകൊണ്ട് കുറേ കാര്യങ്ങൾ ഞാൻ ചോദിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു സംഗതി, വീടുകളെക്കുറിച്ച് ഒന്നും പറയുന്നില്ല എന്നതാണ്. അതായത്, ഉറവിടത്തിൽത്തന്നെ വേസ്റ്റുകൾ പ്രോസസ് ചെയ്യുന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ലെന്നുള്ളതാണ്. വീടുകളിലെ വേസ്റ്റ് ഡിസ്പോസ് ചെയ്യുക അല്ലെങ്കിൽ പ്രോസസ്സ് ചെയ്യുക എന്നുള്ളത് മുനിസിപ്പാലിറ്റികളുടെ ഉത്തരവാദിത്വമാണ്, അവരുടെ ചുമതലയാണ്. ഒരു നിയമമുണ്ടാക്കിക്കൊണ്ട് എല്ലാ വീടുകളിലും നിർബന്ധമായും നിങ്ങളുടെ വേസ്റ്റ് നിങ്ങൾ തന്നെ പ്രോസ്സസ് ചെയ്യണമെന്നു പറയാൻ നമുക്ക് കഴിയില്ല. കാരണം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അവർ ടാക്സ് കൊടുക്കുന്നത് ഈ ഒരു കാര്യത്തിനാണ്. പക്ഷേ .....

<u>ഡോ. തോമസ് ഐസക്</u>: സെഗ്രിഗേറ്റ് ചെയ്യണമെന്ന് പറഞ്ഞുകൂടേ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: അതാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. സെഗ്രിഗേറ്റ് ചെയ്യുന്നുണ്ട്. അത് എല്ലാ സ്ഥലങ്ങളിലും വളരെ കൃത്യമായിത്തന്നെ, ചില വീടുകളിലെ വേസ്റ്റ് അവർ തന്നെ ഡിസ്പോസ് ചെയ്യുന്നുണ്ട്. അല്ലെങ്കിൽ അത് മുനിസിപ്പാലിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കുന്നുണ്ട്. സെഗ്രിഗേറ്റ് ചെയ്തുകൊണ്ടുതന്നെയാണ് ഇപ്പോൾ പല ഭാഗങ്ങളിലും കൊടുക്കുന്നത്. അത് നിർബന്ധപൂർവ്വം അവിടത്തെ മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഒരു നിയമം നിർമ്മിച്ചുകൊണ്ട് നിങ്ങൾ നിർബന്ധമായും വീടുകളിൽ ഇങ്ങനെ ചെയ്യണമെന്ന് പറയാനുള്ള ഒരു താൽപ്പര്യം സർക്കാരിനില്ല. അത് ശരിയല്ലെന്നാണ് സർക്കാർ വിശ്വസിക്കുന്നത്. അങ്ങ് ഇവിടെ ബയോഗ്യാസ് പ്ലാന്റിനെക്കുറിച്ച്

പറഞ്ഞു. ബയോഗ്യാസ് പ്ലാന്റിനെ പ്രൊമോട്ട് ചെയ്യണം അതിനായി 5% ടാക്സ് ഈടാക്കുന്നുണ്ടെന്ന് പറഞ്ഞു. ആ സജഷൻ നിർബന്ധമായും മുഖ്യ മന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും സംസാരിച്ച് ആ ടാക്സ് എക്സംപ്ഷനിൽ ചെയ്യാൻ സാധിക്കുന്നതൊക്കെ ചെയ്യാം.

വിളപ്പിൽശാലയെപ്പറ്റി ധാരാളം ആൾക്കാർ സംസാരിച്ചു. പ്രിയപ്പെട്ട ശ്രീരാമകൃഷ്ണൻ വിൻഡ്രോ കമ്പോസ്റ്റിംഗിനെപ്പറ്റി വാചാലമായിട്ടാണ് പ്രസംഗിച്ചത്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, നാട്ടിൽ പോകു മ്പോൾ അതായത് ഈ ശനിയാഴ്ച നമുക്കൊരുമിച്ച് പെരിന്തൽമണ്ണ മണ്ഡല ത്തിൽ പോകണം. അവിടെ മുൻസിപ്പാലിറ്റി യൂഡിസ്മാറ്റിന്റെ ഏകദേശം ആറേഴ് കോടി രൂപ ചെലവഴിച്ചുകൊണ്ട് ഒരു വലിയ വിൻഡ്രോ കമ്പോസ്റ്റിംഗ് ഉണ്ടാക്കിയിട്ടുണ്ട്. അവിടെ അങ്ങ് പോകണം. അതിന്റെ തൊട്ടടുത്ത പ്രദേശ ത്തൊക്കെ വീടുകളുണ്ട്. പക്ഷേ അവിടെ കുടിക്കാൻ വെള്ളമില്ല. കാരണം ഇതിൽ നിന്നുള്ള ലീച്ചറ്റ് ഒന്നടങ്കം ഒഴുകുകയാണ്. ഇവിടെ നേരത്തെ സൂചി പ്പിച്ചതുപോലെ ഈച്ചയുടെ ശല്യമുണ്ട്. അവിടെയുള്ള പെൺകുട്ടികളെ കല്യാണം കഴിക്കാൻ ആരും വരാത്ത സ്ഥിതിയാണ്. അവരൊക്കെ വിവാഹ ബന്ധം വേണ്ടെന്ന് വച്ചിട്ടുള്ള ആൾക്കാരാണ്. കല്ല്യാണം കഴിച്ചുപോയവ രാരും ആ വീട്ടിലേക്ക് വരുന്നില്ല. അതാണ് അവിടത്തെ സ്ഥിതി. അത് അവിടത്തെ മാത്രമല്ല തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കോഴി ക്കോട് ജില്ലയിലെ ഞെളിയൻപറമ്പ് എന്നിവിടങ്ങളിലും എറണാകുളത്തുള്ള ചില സ്ഥലങ്ങളിലും ഇതാണ് സ്ഥിതി. നമുക്ക് ഇഷ്ടംപോലെ ഫണ്ട് കിട്ടി. എ. ഡി.ബി.-യിൽ നിന്നും ഫണ്ട് കിട്ടി, അതുപോലെ യൂഡിസ്മാറ്റിന്റെയും കേന്ദ്ര സർക്കാരിന്റെയുമൊക്കെ ഫണ്ട് കിട്ടിയപ്പോൾ മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി എന്തൊക്കെയോ പദ്ധതികൾ പ്ലാൻ ചെയ്ത് നടപ്പിലാക്കിയെന്നതാണ്

സത്യം. കൃത്യമായി പഠിക്കാതെ കോടിക്കണക്കിന് രൂപ വേസ്റ്റാക്കി എന്നുപറഞ്ഞാൽ അത് അതിശയോക്തിയല്ല. ഡോക്ടർ തോമസ് ഐസക്കിന് അതിനെപ്പറ്റി അറിയാം. അതുകൊണ്ടായിരിക്കണം അദ്ദേഹം വിൻഡ്രോ കമ്പോസ്റ്റിംഗിനെ പ്പറ്റി ഇത്രയധികം വാചാലമായി സംസാരിക്കുന്നത്. വീടുകളിൽത്തന്നെ/ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ അത് ഡിസ്പോസ് ചെയ്യുക അല്ലെങ്കിൽ പ്രോസസ് ചെയ്യുക എന്നതാണ് ഏറ്റവും നല്ല കാര്യം. അതാണ് അദ്ദേഹം ആലപ്പുഴയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ശുചിത്വമിഷനിൽ നിന്നും രണ്ട് കോടിയിൽപ്പരം രൂപ ആലപ്പുഴ ജില്ലയ്ക്ക് കൊടുക്കാനുള്ള ഓർഡർ ആയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന് ഏകദേശം ഏഴ് കോടി രൂപ കൊടുത്തു. അവരോട് സർക്കാർ ആവശ്യപ്പെട്ടിരുന്നത് ഒരു ലക്ഷം വീടുകളിൽ പൈപ്പ് കമ്പോസ്റ്റിംഗ് നിർമ്മിക്കണമെന്നാണ്. എന്നാൽ 36,000 മാത്രമാണ് അവർ കൊടുത്തത്. ഇക്കാര്യത്തിൽ പണം ഒരു പ്രശ്നമല്ല. അങ്ങയുടെ സർക്കാർ ഉണ്ടായിരുന്ന കാലത്ത് ശുചിത്വമിഷന് ആകെ കൊടുത്തിരുന്നത് നാല് കോടി രൂപയാണ്. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ 200 കോടി രൂപയാണ് അതിന് വകവച്ചിട്ടുള്ളത്. ആരൊക്കെ ആവശ്യപ്പെടുന്നോ അവർക്കെല്ലാം ഫണ്ട് കൊടുക്കുന്നുണ്ട്. ഇത് കേരളത്തിന്റെ വളരെ വലിയ ഒരു പ്രശ്നമാണ്, ഇതിൽ രാഷ്ട്രീയം കാണേണ്ടതില്ല. എല്ലാവരും സഹകരിച്ചെങ്കിൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളു. അങ്ങിവിടെ ലാപ്ടോപ്പ് നോക്കിയിട്ട് ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന ഒരു ലേഖനത്തെക്കുറിച്ച് പറഞ്ഞു. ഞാനും ടൈംസ് ഓഫ് ഇന്ത്യയിലെ ആ ന്യൂസ് കണ്ടിരുന്നു. ഞാൻ അതിന്റെ ലേഖകനോട് സംസാരിച്ചു. ഞാൻ മനസ്സിലാക്കുന്നത് അദ്ദേഹം എൻ.ജി.ഒ.-യുടെ ഏതോ ഒരു ലേഖനം കണ്ട് അതിൽ

നിന്നുമെടുത്ത് കോപ്പി ചെയ്തുവെന്നാണ്. അത് കൃത്യമായിട്ടുള്ള ഒന്നല്ല. അത് കറക്ട് ചെയ്തുതന്നെ ന്യൂസ് കൊടുക്കുമെന്നാണ് ഞങ്ങളോട് അന്ന് പറഞ്ഞിട്ടുണ്ടായിരുന്നത്. പുതിയ ടെക്നോളജിയാണ് നമ്മൾ യൂസ് ചെയ്യുന്നത്. അതിൽ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, ഇൻസിനറേഷൻ തുടങ്ങിയ കാര്യങ്ങളെല്ലാം വരും. വളരെ കൃത്യമായി പഠിച്ചുകൊണ്ടുള്ള, ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. അതു മാത്രമല്ല ഈ പുതിയ പദ്ധതികൾക്ക് ഒരു നയാപൈസ പോലും കൂടുതലായി ചെലവഴിക്കേണ്ടി വരുന്നില്ല. ഇത് പി.പി.പി. മോഡൽ ആണ്. ഇതിൽ വാടക ഈടാക്കാതെ സർക്കാർ സ്ഥലം കൊടുക്കുന്നു. അവിടെ കോടിക്കണക്കിന് രൂപ മുടക്കി അവർ ഫാക്ടറികൾ സ്ഥാപിച്ച് ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുന്നു. ഒരു നിശ്ചിത അളവ് വേസ്റ്റ് അവർക്ക് കൊടുക്കണമെന്ന ഒരു കണ്ടീഷൻ മാത്രമേയുള്ളൂ. തിരുവനന്തപുരത്ത് ആകെ 35 ടൺ ആണ് പറഞ്ഞിട്ടുള്ളത്. എറണാകുളത്ത് 300 ടൺ ആണ്. കോഴിക്കോട്ട് 150-ഓ 200-ഓ ടൺ ആണെന്നാണ് എനിക്ക് തോന്നുന്നത്. ഓരോ പ്രദേശത്തും തൊട്ടടുത്തുള്ള മുനിസിപ്പാലിറ്റികളിലും എത്രത്തോളം വേസ്റ്റ് ജനറേറ്റ് ചെയ്യുന്നുണ്ട് എന്ന് കൃത്യമായി പഠിച്ചുകൊണ്ടാണ് എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. അപ്പോൾ ഒരിക്കലും നമുക്ക് വേസ്റ്റിന്റെ പ്രശ്നം വരുന്നില്ല. അങ്ങ് പറഞ്ഞതുപോലെ, വലിയ പ്ലാന്റുകൾ വന്നപ്പോൾ പലപ്പോഴും അവർ എസ്റ്റിമേറ്റ് ചെയ്ത അത്രയും വേസ്റ്റ് കൃത്യമായി കിട്ടാത്തതിന്റെ പ്രശ്നം യൂറോപ്യൻ നാടുകളിലൊക്കെയുണ്ട്. പക്ഷേ അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ സർക്കാർ വളരെ ചെറിയൊരു പ്രെപ്പോസൽ കൊടുത്തിട്ടുള്ളത്. സ്വാഭാവികമായും ഇലക്ട്രിസിറ്റി ജനറേറ്റ് ചെയ്യുമ്പോൾ കുറച്ച് കൂടുതൽ നമ്മൾ

അവർക്ക് കൊടുക്കേണ്ടിവരും. വേറൊരു കാര്യമുള്ളത് നൂറോളം സർവ്വീസ് പ്രൊവൈഡേഴ്സിനെ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പല രീതിയിലുമുള്ള പദ്ധതികൾ അവരുടെ കൈയിലുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ സർവ്വീസ് പ്രൊവൈഡേഴ്സിന്റെ സർവ്വീസ് അവൈലബിൾ ആണ്. അത് കൃത്യമായി ഓരോ വർഷവും ഞങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. നല്ല പാർട്ടികളെ മാത്രമേ ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളു. നല്ല രീതിയിൽതന്നെയാണ് അത് മുന്നോട്ടുകൊണ്ടുപോകുന്നത്. എനിക്ക് കൂടുതലൊന്നും പറയാനില്ല. ഇവിടെ ചർച്ചയിൽ വന്ന കുറേയധികം കാര്യങ്ങളുണ്ട്. അക്കാര്യങ്ങളെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ കൊണ്ടുവരാൻ എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ : ഡോ. തോമസ് ഐസക്ക്, 2012-ലെ 43-ാം നമ്പർ ഓർഡിനൻസായ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അങ്ങ് പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. തോമസ് ഐസക്ക് : പ്രസ് ചെയ്യുന്നില്ല.

(ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു)

മി. സ്പീക്കർ : ശ്രീ. സി.പി. മുഹമ്മദ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ് : പ്രസ് ചെയ്യുന്നില്ല.

(ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു)

മി. സ്പീക്കർ : ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : പ്രസ് ചെയ്യുന്നില്ല.

(ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു)

മി. സ്പീക്കർ : 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ, ഓർഡർ.................സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ഡിസംബർ മാസം 12-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.37-ന് പിരിഞ്ഞു.)

*********